# കുറിപ്പ്

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ പ്രശ്നങ്ങൾ ഏതാ് സമഗ്രമായിത്തന്നെ ഈ പഠനത്തിൽ ഉൾക്കൊള്ളിച്ചിട്ടുന്നൊണ് പ്രത്യാശിക്കുന്നത്. വിദ്യാഭ്യാസം, ധനം, ആരോഗ്യം, സാമൂഹ്യനീതി, പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം, കൃഷി, തൊഴിൽ, വ്യവസായം തുടങ്ങിയ വകുപ്പുകൾ സംയുക്തമായി ഏറ്റെടുത്ത് നടപ്പാക്കേ ഉത്തരവാദിത്വങ്ങളാണ് ഈ പഠനത്തോടൊപ്പമുള്ള ശുപാർശകളിലുള്ളത്. ഇത് നടപ്പാക്കുന്നതിന് ബുദ്ധിപരമായ വെല്ലുവിളികൾ അഭിമുഖീകരിയ്ക്കുന്നവരുടെ അസാധാരണജീവിത സാഹചര്യം പരിഗണിച്ച് ബന്ധപ്പെട്ട വകുപ്പു മന്ത്രിമാരെ ഉൾപ്പെടുത്തി ഒരു മുഖ്യമന്ത്രിതല സമതി **(Chief Minister's Committee),** കേരളത്തിൽ വിവിധ വകുപ്പുകൾ, ശുപാർശകൾ നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും നിരീക്ഷണത്തിനുമായി രൂപീകരിയ്ക്കണമെന്ന ശുപാർശ പ്രത്യേകം സൂചിപ്പിയ്ക്കാനാഗ്രഹിക്കുന്നു.

മാനവ സംസ്കൃതിയുടെ നീതിബദ്ധമായ മഹത്വത്തെ കൂടുതൽ ജ്വലിപ്പിയ്ക്കുന്നതിന് ഈ പഠനം എന്തെങ്കിലും സഹായം നല്കുന്നുവെങ്കിൽ ഞങ്ങൾ ധന്യരായി.

തിരുവനന്തപുരം, **എം.കെ. ജയരാജ്**
27-02-2013. (ഏകാംഗ കമ്മീഷൻ)

**മേൽവിലാസം** - പ്രിൻസിപ്പാൾ,
സി. എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ്-
ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ്,
പാങ്ങപ്പാറ പി.ഒ., തിരുവനന്തപുരം.

# വിഷയവിവരം



| അദ്ധ്യായം | വിഷയം | പേജ് നമ്പർ |
|---|---|---|
| | സർക്കാർ ഉത്തരവ് | |
| | കുറിപ്പ് | |
| | ആമുഖം | |
| അദ്ധ്യായം 1 | ബുദ്ധിപരമായ വെല്ലുവിളികൾ-അടിസ്ഥാന വിവരങ്ങൾ **(Basic Information)** | 11 |
| അദ്ധ്യായം 2 | നേരത്തെ കണ്ടെത്തൽ **(Early Identification)** | 28 |
| അദ്ധ്യായം 3 | നേരത്തെയുള്ള ഇടപെടൽ **(Early Intervention)** | 34 |
| അദ്ധ്യായം 4 | വിദ്യാഭ്യാസം **(Education)** | 42 |
| അദ്ധ്യായം 5 | മനുഷ്യവിഭവശേഷി വികസനം **(Human Resource Development)** | 88 |
| അദ്ധ്യായം 6 | തൊഴിൽ പരിശീലനം **(Vocational Training)** | 95 |
| അദ്ധ്യായം 7 | തൊഴിൽ **(Employment)** | 100 |
| അദ്ധ്യായം 8 | ബുദ്ധിപരമായ വെല്ലുവിളികളുമായി ബന്ധപ്പെട്ട സംസ്ഥാനതല ഉന്നതകേന്ദ്രം **(State Level Apex Centre on Intellectual Challenges)** | 109 |
| അദ്ധ്യായം 9 | സാമൂഹ്യ സുരക്ഷ **(Social Security)** | 120 |
| അദ്ധ്യായം 10 | പുനരധിവാസ ഗ്രാമം **(Rehabilitation Village)** | 130 |
| അദ്ധ്യായം 11 | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് **(National Institute of Employment & Training)** | 143 |
| അദ്ധ്യായം 12 | എൻഡോസൾഫാൻ ബാധിതമേഖലയും, ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരും **(Endosulphan Affected Area and Intellectually Challenged)** | 147 |
| അദ്ധ്യായം 13 | ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസം-ആധുനിക ലോകാനുഭവങ്ങളും ഇന്ത്യൻ അവസ്ഥയും. **(Rehabilitation of Persons with Intellectual Challenges-Modern Global Experiences and Indian Context)** | 152 |
| അദ്ധ്യായം 14 | എം.കെ.ജയരാജ് ഏകാംഗകമ്മീഷൻ ശുപാർശകൾ **(M.K.Jayaraj Commissions Recommendations)** | 157 |
| | അനുബന്ധം | 179 |
| | ഫോട്ടോ, പത്രവാർത്തകൾ | |

## ആമുഖം.

കേരളത്തിലെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരെ സംബന്ധിച്ച് സമഗ്ര പഠനം നടത്തി ഒരു റിപ്പോർട്ട് സമർപ്പിക്കാൻ കേരള സർക്കാർ ഏൽപ്പിച്ചിരിക്കുന്ന ഏകാംഗ കമ്മീഷനെന്ന ഈ സുപ്രധാന നിയോഗം, അസുലഭമായ ഒരു ബഹുമതിയിലുപരി ഏറെ ഉത്തരവാദിത്വമുള്ള ദൗത്യമാണ്. ര് പതിറ്റാിലധികമായി ബുദ്ധിപരവും മാനസികവുമായ പരിമിതികൾ അനുഭവിക്കുന്നവരുടെ പുനരധിവാസ പ്രവർത്തനങ്ങളിൽ ഇടപെട്ട് പ്രവർത്തിക്കുവാൻകഴിഞ്ഞ ഒരു വ്യക്തി എന്ന നിലയിൽ ഈ അവസരം തീർച്ചയായും ചരിത്രപരമായ ഒരു നിയോഗമായി കരുതുന്നു. വളരെ വിപുലമായ പ്രശ്നങ്ങൾ നിലനിൽക്കുന്ന, പൊതുജനശ്രദ്ധ ഏറെയൊന്നും ലഭ്യമായിട്ടില്ലാത്ത വലിയൊരു മേഖല, സാമൂഹ്യമായി അധികമൊന്നും ഇടപെടലുകൾ ഉാകാത്ത ഒരു രംഗം, പിന്നോക്കം നില്ക്കുന്ന ജനവിഭാഗം എന്നിങ്ങനെ പറഞ്ഞാൽ പോലും, ഈ മേഖലയുമായി ബന്ധപ്പെട്ടവർ അനുഭവിക്കുന്ന ജീവിത അനിശ്ചിതത്ത്വവും തീക്ഷ്ണാനുഭവങ്ങളും ഒന്നും പ്രകടിപ്പിക്കാനാവാത്തത്ര ദുർഗ്രഹത..... സ്വാവബോധത്തോടെ ആവശ്യങ്ങൾ ഉന്നയിക്കാൻ കഴിയാത്ത നിസ്വരായ ഒരു ജനവിഭാഗത്തിന് സാമൂഹ്യമായി നിഷേധിക്കപ്പെട്ട നീതി ഉറപ്പുനൽകുവാനുള്ള ഉദ്യമം... ജാഗ്രതയും സൂക്ഷ്മതയും ഏറേ ആവശ്യമുള്ള, ആരോഗ്യ- വിദ്യാഭ്യാസ- സാമൂഹ്യ- സാമ്പത്തിക- സാംസ്കാരിക- രാഷ്ട്രീയ പ്രശ്നങ്ങൾ ഉള്ളടങ്ങിയ മാനവികതയുടെ വൈകാരിക സംഘർഷങ്ങൾ കെട്ടുപിണഞ്ഞുകിടക്കുന്ന മേഖല.... പഠനം നടത്തി റിപ്പോർട്ട് നല്കുവാൻ മുതിരുമ്പോൾ, വിഷയങ്ങളുടെ വൈപുല്യം, ഗൗരവം, മാനവികതയോട് പുലർത്തേ കരുതൽ, ഉത്തരവാദിത്വം, ആർജ്ജവം.... എല്ലാം പരിഗണിക്കുമ്പോൾ. ആരുമൊന്ന് സ്തബ്ധരാവും! കേരളത്തിൽ അങ്ങോളമിങ്ങോളം യാത്രചെയ്ത്, 14 ജില്ലകളിൽനിന്നായി മുപ്പതിനായിരത്തോളം പേരെ നേരിട്ടുക്, ഏഴായിരത്തോളം രേഖകൾ സ്വീകരിച്ച് സമൂഹ്യ - രാഷ്ട്രീയ - സാംസ്കാരിക നേതാക്കളുടെയും ജനപ്രതിനിധികളുടെയും ഈ മേഖയിൽ പ്രവർത്തിച്ചുവരുന്ന അനുഭവസ്ഥരുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആശംസകളും അനുഗ്രഹങ്ങളുമൊക്കെ സ്വീകിരിച്ച്, ഈ റിപ്പോർട്ട് തയ്യാറാക്കാനിരിക്കുമ്പോൾ, ആദ്യം അനുഭവപ്പെട്ട ആശ്ചര്യം ഭയപ്പെടുത്തുന്ന ഒരു ഞെട്ടലായി മാറുന്നു! കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള പ്രദേശങ്ങളിൽ വച്ച് നടത്തിയ ജനകീയ സിറ്റിംഗുകൾ ബോധ്യപ്പെടുത്തിയ വസ്തുത, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ ഉൾപ്പെടുന്ന കുടുംബങ്ങൾ പൊതു ജീവിതത്തിന്റെ മുഖ്യധാരയിൽ നിന്നും പൂർണ്ണമായും അന്യവൽക്കരി

ക്കപ്പെട്ട്, പിടിച്ചു നിൽക്കാനാവാത്ത വിധം നിസ്സഹായത അനുഭവിച്ചുവരുന്നു എന്നതാണ്. കേരളം പോലെ, ആധുനികവൽക്കരിക്കപ്പെട്ട ഒരു സമൂഹത്തിൽ, നിതാന്തമായ നിരാവലംബത അനുഭവിക്കുന്ന ഒരു ജനതയെ പരിഗണിക്കുന്നവിധം നമ്മുടെ സാമൂഹികാവബോധം ഇനിയും വികസ്വരമായിട്ടില്ലെന്നത് അത്ഭുതപ്പെടുത്തും. ഒരു ജനത, ഇത്രയേറെ പ്രശ്നസങ്കീർണ്ണമായ സാഹചര്യത്തിൽ സ്വന്തം ജീവിതത്തിന്റെ മുമ്പിൽ പകച്ചുനിൽക്കുമ്പോൾ ക്രൂരമായ ഒരു നിസ്സംഗതയോടെ, ഏറെ പരിഷ്കൃതമെന്നവകാശപ്പെടുന്ന ഒരു ജനതയായിട്ടും കേരളത്തിനെങ്ങനെ സ്വാസ്ഥ്യമനുഭവിക്കാൻ കഴിയുന്നു? കേരളത്തിന്റെ നവോത്ഥാന സംസ്കൃതി ലോകത്തിന്റെ സജീവ ശ്രദ്ധ പിടിച്ചുപറ്റാനുതകുന്ന ഒട്ടേറെ നേട്ടങ്ങൾ നമുക്ക് പകർന്നു തന്നുവെങ്കിലും, അതിനിടയിലെവിടെയോ, അന്ധകാര ജടിലമായ തമോതലങ്ങളിൽ, നമ്മുടെ സഹജീവികൾ കൈകാലിട്ടടിക്കുന്നത്, നാം കാണാതെപോയി. നിസ്വരായ ഒരു ജനതയുടെ ഹൃദയഭേദകമായ രോദനം കാണാതെയും കേൾക്കാതെയും എത്ര തന്നെ മുന്നോട്ട് പോയി എന്നവകാശപ്പെട്ടാലും, അതൊരു പുരോഗമനമല്ല. ആവശ്യാവകാശങ്ങൾ ചോദിച്ചുവാങ്ങാൻ കഴിവില്ലാത്ത, വലിയൊരു ജനവിഭാഗം, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ, നമ്മുടെ വികസന പ്രചണ്ഡപ്രഘോഷങ്ങളുടെ നിഴലുകൾക്കിടയിൽ, ഇരുട്ടിൽ എങ്ങനെ അകപ്പെട്ടു, എന്ന് നയരൂപീകരണകർത്താക്കൾ ഇനിയെങ്കിലും ഉണർന്ന് ചിന്തിക്കണം. അവഗണനയുടെ അലകടലിൽ, നിസ്വരായ ഒരു ജനതയെ, ഉപേക്ഷിച്ച് മുന്നോട്ട് എന്ന് പറയപ്പെടുന്ന ഓരോ കാൽവെയ്പ്പും അർത്ഥരഹിതമാണെന്ന്, അന്തസ്സാരശൂന്യമാണെന്ന്, ഇനിയെങ്കിലും കുറ്റബോധത്തോടെ, പശ്ചാത്താപത്തോടെ നമുക്ക് സമ്മതിക്കണം.

പവിത്രവും പാവനവുമായ ഒരു ധർമ്മമാണ് ഈ റിപ്പോർട്ട് കേരളചരിത്രത്തിൽ നിർവ്വഹിക്കുന്നത്. പ്രാർത്ഥനയോടെ നിർവ്വഹിക്കേ ഒരു യജ്ഞം. ഒരായിരം പ്രതീക്ഷകൾ ആരിലൊക്കെയോ ജ്വലിച്ചുനില്ക്കുന്നുവെന്നറിയുമ്പോൾ, അവരുടെ പ്രതീക്ഷകളോട് നീതി പുലർത്താനായില്ലെങ്കിലോ എന്ന ആശങ്ക, ഉത്കണ്ഠ, അശാന്തി..... ധൈര്യമായി മുന്നോട്ടുപോകൂ. .... എന്ന് എപ്പോഴും പ്രേരിപ്പിക്കുന്ന, പ്രചോദിപ്പിക്കുന്ന ഒരു വിസ്മയ സാന്നിധ്യമുു്. അലസാവസ്ഥകളെ ആവേശം പകർന്ന് മുന്നോട്ട് നയിക്കുന്ന സജീവ സാന്നിധ്യം.. ഈ ഏകാംഗ കമ്മീഷനെന്ന ആശയത്തെ, യാഥാർത്ഥ്യ വൽക്കരിച്ച, സഫലീകരിച്ച വ്യക്തിത്വം. സംശുദ്ധമായ പൊതുജീവിതത്തിന്റെ ഔന്നത്യത്തിന് അലങ്കാരമായി വർത്തിക്കുന്ന മാതൃകാനേതൃത്വം. ശ്രീ. വി. എം. സുധീരന്റെ പിന്തുണയും അദ്ദേഹം പ

ുലർത്തിയ വിഷയത്തോടുള്ള സത്യസന്ധമായ ആഭിമുഖ്യവും ലക്ഷ്യം പൂർത്തീകരിക്കുന്നതു വരെയുള്ള ജാഗ്രതയോടെയുള്ള അനുധാവനവും ഏറെ സഹായകരമായി. അദ്ദേഹത്തിന്റെ സജീവ ഇടപെടൽ ഇല്ലായിരുന്നുവെങ്കിൽ ഇങ്ങനെ ഒന്നും സംഭവിക്കില്ലായിരുന്നു. ഈ കമ്മീഷന്റെ ദൗത്യം സഫലമാകുമ്പോൾ, കേരള ജീവിതത്തിന്റെ ഓരങ്ങളിൽ, ജീവിതത്തെ ഒരു ദുരന്തമായി തള്ളിനീക്കുന്ന നിസ്വരായ ഒരു ജനത, കൃതജ്ഞതാനിർഭരമായ പ്രാർത്ഥനയോടെ ഓർക്കുന്ന ഒരു നാമധേയമാവും ശ്രീ. വി.എം. സുധീരൻ.

ശ്രീ. വി.എം. സുധീരൻ പങ്കെടുത്ത, സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിന്റെ ഒരു യോഗത്തിൽവെച്ച് ആവിഷ്കൃതമായ ഒരു തിരി വെളിച്ചമായിരുന്നു, ഏകാംഗ കമ്മീഷനെ നിയമിച്ച് ഈ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് താമസംവിനാ പരിഹാരമുാക്കണമെന്ന ആശയം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാിയുടെയും വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ. പി.കെ അബ്ദുറബ്ബിന്റെയും സജീവ ശ്രദ്ധയിൽ, വിഷയം അദ്ദേഹം ഒരു കത്തിലൂടെ എത്തിക്കുകയും, അതേ തുടർന്ന് ഏകാംഗ കമ്മീഷനെ സർക്കാർ ഒരു ഉത്തരവിലൂടെ നിയമിക്കുകയുമാണ് ഉായത്. ഇപ്രകാരം കമ്മീഷനെ നിയമിക്കാൻ തയ്യാറായ ബഹു. മുഖ്യമന്ത്രിയോടും ബഹു വിദ്യാഭ്യാസ മന്ത്രിയോടും അതിയായ നന്ദി രേഖപ്പെടുത്തുന്നു.

കേരളത്തിലെ 14 ജില്ലകളിലെയും പ്രശ്നമനുഭവിക്കുന്നവർക്ക് എത്തിച്ചേരാവുന്ന തരത്തിൽ 10 ജില്ലാ കേന്ദ്രങ്ങളിലായി, വിപുലമായ സംവിധാനത്തോടെയാണ്, കമ്മീഷൻ സിറ്റിംഗുകളോരോന്നും നടത്തിയത്. പഠനത്തിന്റെ പരിധിയിൻ വരുന്ന ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന വിഭാഗങ്ങളായ,. ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, ബഹുവൈകല്യം, ശൈശവ മനോരോഗം, പഠന വൈകല്യങ്ങൾ എന്നീ പ്രശ്നങ്ങളാണ് കമ്മീഷൻ പ്രധാനമായും പരിഗണിച്ചത്. ഈ വിഭാഗങ്ങൾ നേരിടുന്ന പ്രശ്നങ്ങളിൽ, നേരത്തെയുള്ള തിരിച്ചറിയൽ (Early Diagnosis), നേരത്തെയുള്ള ഇടപെടൽ (Early Intervention), സവിശേഷ വിദ്യാഭ്യാസം (Special Education), തൊഴിൽ പരിശീലനം (Vocational Training), തൊഴിൽ (Employment), സാമൂഹ്യ-കുടുംബ ജീവിതം എന്നിവ സവിശേഷമായി പരിശോധിച്ചാണ്, ശുപാർശകൾ തയ്യാറാക്കുന്നത്.

ജീവിതത്തിൽ എല്ലാ തുറയിലുംപെട്ടവർ സർവ്വാത്മനാ കമ്മീഷൻ പ്രവർത്തനങ്ങളിൽ ക്രിയാത്മകമായി സഹകരിച്ചു. മന്ത്രിമാർ, എം. പി. മാർ, എം. എൽ. എ. മാർ, കോർപറേഷൻ-മുൻസിപ്പൽ- ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർ, മെമ്പർമാർ, സാമൂഹിക-സാംസ്കാരിക-മത നായകർ തുടങ്ങി എല്ലാവരും ആവേശപൂർവ്വം പങ്കെടുത്തു.

കേരളത്തിലെ എട്ട് ലക്ഷത്തിലധികം വരുന്ന കുടുംബങ്ങളെ നീറ്റിക്കൊിരിക്കുന്ന, അടിയന്തിര പ്രാധാന്യം അർഹിക്കുന്ന ജീവിത പ്രശ്നം, കേരളത്തിലെ ജനസംഖ്യയിൽ അരകോടിയെ ങ്കിലും വരുന്ന ജനവിഭാഗത്തിന്റെ പ്രശ്നം, പരിഹാരങ്ങളൊന്നും നിർദ്ദേശിക്കാനില്ലാതെ അ ന്തിച്ചു നില്ക്കുകയാണ്, സമൂഹം. സാമൂഹ്യശ്രദ്ധ ലഭ്യമാകാതെ, രാഷ്ട്രീയ ഭരണകൂട വിഭാ ഗങ്ങളുടെ മുൻഗണനാവിഷയമല്ലാതിരുന്ന പ്രശ്നത്തെ ഏറ്റെടുക്കാൻ സന്നദ്ധമാണെന്ന ഒരു ഐക്യദാർഢ്യം, ഈ പ്രശ്നം അഭിമുഖീകരിക്കുന്നവരോട്, രക്ഷിതാക്കളോട്, ഈ മേഖല യിൽ പ്രവർത്തിക്കുന്ന ജീവനക്കാരോട്, പ്രഖ്യാപിക്കുന്നപോലെയായി കേരളത്തിലെ 10 കേന്ദ്രങ്ങളിൽ നടന്ന സിറ്റിംഗുകൾ. ആദ്യമായി, പൊതു സമൂഹത്തെ മുഴുവൻ തൊട്ടുതഴു കുന്നവിധം ഒരു ചലനാത്മകത സൃഷ്ടിക്കുവാൻ സിറ്റിംഗുകൾക്ക് കഴിഞ്ഞു എന്നാണ് എന്റെ വിശ്വാസം.

കേരളത്തിൽ, ബുദ്ധിമാന്ദ്യമെന്ന പ്രശ്നവുമായി ബന്ധപ്പെട്ട് മുമ്പ് വന്ന ര് പ്രധാന പ്പെട്ട രേഖകളാണ്, മുൻ എം.എൽ.എ. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ ചെയർപേ ഴ്സനായ നിയസഭാകമ്മറ്റി റിപ്പോർട്ടും മുൻ എ.ഡി.പി.ഐ. ശ്രീമതി ജെ. ബീന ചെയർപേ ഴ്സനായ വിദ്യാഭ്യാസ വകുപ്പിന്റെ കമ്മറ്റി റിപ്പോർട്ടും. ര് കമ്മറ്റികളും വിലപ്പെട്ട ശുപാർശ കളും നിർദ്ദേശങ്ങളും സർക്കാരിന് മുമ്പ് നൽകിയിരുന്നു.

സർക്കാരിന് സമർപ്പിക്കുന്ന ഈ റിപ്പോർട്ട് സമഗ്രതയോടും ദീർഘദൃഷ്ടിയോടും കൂടി തയ്യാറാക്കണമെന്ന് ഇതുമായി ബന്ധപ്പെട്ടവർക്കെല്ലാം ആഗ്രഹമുായിരുന്നു. അതിനാ യി, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇതുമായി ബന്ധപ്പെട്ട ഏതെങ്കിലും അനുകരണീയ മാതൃകകൾ ഉോ എന്ന് അന്വേഷിക്കുകയുായി. അതോടൊപ്പം രാജ്യത്ത്, മറ്റ് സംസ്ഥാനങ്ങ ളിലെ സ്ഥിതിയും പരിശോധിച്ചു. രാജ്യത്ത് ഈ മേഖലയുമായി ബന്ധപ്പെട്ട എല്ലാ വിദഗ്ദ്ധ രുമായും ബന്ധപ്പെട്ടു, പലരും ദയാപൂർവ്വം ക്രിയാത്മകമായി പ്രതികരിച്ചു. കേരളത്തിലെ പൊതു സമൂഹത്തെ, കമ്മീഷൻ പ്രവർത്തനവുമായി ബന്ധപ്പെടുത്തുന്നതിന്റെ ഭാഗമായി, എം. എൽ. എ. മാർ, എം. പി. മാർ, ഉദ്യോഗസ്ഥർ, സാമൂഹ്യ പ്രവർത്തകർ, മറ്റ് വിദഗ്ദ്ധർ തുടങ്ങി എല്ലാവരുടേയും നിർദ്ദേശങ്ങൾ ക്ഷണിച്ചു.

വൈദ്യശാസ്ത്ര സംബന്ധമായ ഇടപെടലുകൾ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന വരുടെ പുനരധിവാസ പ്രക്രിയയെ ഏതെല്ലാം സാധ്യതകളിലൂടെ ഉപയുക്തമാക്കാമെന്ന് മെഡിക്കൽ മേഖലയിലെ അതിവിദഗ്ദ്ധരുമായിട്ടുള്ള കൂടികാഴ്ചയിലൂടെ ഉരുത്തിരിഞ്ഞുവ ന്നു. ഇതിനായി ബാംഗ്ളൂർ നിംഹാൻസിലെ ഡോ. സതീഷ് ചന്ദ്ര ഗിരിമാജിയുടെ നേതൃത്വ

ത്തിൽ ശില്പശാല നടത്തി. ഡോ. കെ. എ. കുമാർ, ഡോ. എം.കെ.സി. നായർ, ഡോ. ഫിലിപ്പ് ജോൺ, ഡോ. അനിൽ പ്രഭാകർ, ഡോ. സുധീർകുമാർ, ഡോ. മേഴ്സി ജോയ് സെബാസ്റ്റ്യൻ, ഡോ. എലിസബത്ത് എന്നിവരെ പങ്കെടുപ്പിച്ച് ര് ശില്പശാലകൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വച്ച് നടത്തി. ബാംഗ്ളൂർ നിംഹാൻസ്, വെല്ലൂർ സി. എം. സി., ചൈൽഡ് ഡവലപ്മെന്റ് സെന്റർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ, വിവിധ യൂണിവേഴ്സിറ്റികൾ എന്നീ സ്രോതസ്സുകളിൽ നിന്നെല്ലാം വിലപ്പെട്ട നിർദ്ദേശങ്ങൾ ലഭ്യമായി. ആധികാരികമായ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന്, അതിവിദഗ്ദ്ധരായ പ്രമുഖരെ പങ്കെടുപ്പിച്ച് ര് ശില്പശാലകൾ സംഘടിപ്പിക്കുന്നതിനും, വിദഗ്ദ്ധമായ നിർദ്ദേശങ്ങൾ നൽകുന്നതിന് മുൻനിന്ന് ആത്മാർത്ഥമായി പ്രവർത്തിച്ചതിനും, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സൈക്കാട്രി ഡിപ്പാർട്ട്മെന്റ് പ്രൊഫസർ ഡോ. ടി.വി. അനിൽകുമാർ നിർവ്വഹിച്ച അതുല്യമായ സേവനത്തിന് ആദരവോടെ കൃജ്ഞത രേഖപ്പെടുത്തുന്നു.

പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെയാകെത്തന്നെ കൊടിയ ചൂഷണങ്ങൾക്ക് വിധേയമാക്കിക്കൊിരിക്കുന്ന സമകാലിക ജീവിത സാഹചര്യത്തിൽ, പ്രതികരിക്കുന്നതിനു പോലും സാധ്യതയില്ലാത്ത മസ്തിഷ്ക വെല്ലുവിളികൾ നേരിടുന്നവരുടെ അവകാശ -നീതി നിഷേധങ്ങളുടെ അനുഭവങ്ങൾ ഒരു തുടർ പരമ്പരയാണ്. ആനുകൂല്യങ്ങളും നിയമങ്ങളുമൊക്കെ, ഒട്ടേറെയു്. പക്ഷേ, അവകാശങ്ങളും നീതിയുമൊന്നും ഇവരുടെ ജീവിത പരിസരങ്ങളിലൊന്നും ദൃശ്യമല്ല. നിഷേധിക്കപ്പെടുന്ന നീതിയും അവകാശങ്ങളുമൊക്കെ വെല്ലുവിളികൾ നേരിടുന്നവർക്കും അവരെ പരിരക്ഷിക്കുന്നവർക്കുമെല്ലാം അനുഭവവേദ്യമാക്കാൻ എന്തൊക്കെ സമീപനങ്ങൾ, മുൻകരുതലുകൾ സ്വീകരിക്കണമെന്ന ചിന്തയിൽനിന്നാണ്, നിയമജ്ഞരേയും നിയമ വിദഗ്ദ്ധരേയും എല്ലാം ഉൾപ്പെടുത്തി എറണാകുളം വൈ. എം. സി. എ. യിൽ വെച്ച് ഒരു കൂടിക്കാഴ്ച നടത്തിയത്. സമാദരണീയനായ ജസ്റ്റ്സ് വി. ആർ. കൃഷ്ണയ്യരുടെ അനുഗ്രഹാശംസകളോടെ ശ്രീ. വി. എം. സുധീരന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പ്രസ്തുത പരിപാടിയിൽ നിന്നും വിലപ്പെട്ട നിർദ്ദേശങ്ങൾ കമ്മീഷന് ലഭ്യമായി. ജസ്റ്റിസ് കെ. സുകുമാരൻ, ജസ്റ്റിസ് ഷംസുദ്ദീൻ, ജസ്റ്റിസ് രാമചന്ദ്രൻ തുടങ്ങിയ നിയമജ്ഞരും കേരളത്തിലെ സമുന്നതരായ അഭിഭാഷകരായ അഡ്വ. ശിവൻ മഠത്തിൽ, അഡ്വ.ഡിറ്റോ, അഡ്വ. റോയി ചാക്കോ തുടങ്ങിയവർ എന്നിവർ ചർച്ചയിൽ പങ്കാളികളായി. നിയമപരവും അവകാശ സംബന്ധവുമായ വിഷയങ്ങളിലൂന്നി ഏറെ ഗൗരവത്തോടെ ഇനിയും ഈ ചർച്ച കേരളത്തിൽ മുന്നോട്ടു കൊുപോകേതു്. ഇത്തരമൊരു പരിപാടി എറണാകുളം കേന്ദ്രികരിച്ച്

സംഘടിപ്പിക്കാൻ സമർപ്പണ മനസ്സോടെ സന്നദ്ധമായ കേരളത്തിലെ പരിണതപ്രജ്ഞയായ സ്പെഷ്യൽ എഡ്യുക്കേറ്റർ ശ്രീമതി സുശീലാകുര്യച്ചനോടുള്ള കടപ്പാട് ആദരവോടെ രേഖപ്പെടുത്തുന്നു.

കാസർകോട് ജില്ലയിലെ എൻഡോസൾഫാൻ ബാധിത മേഖലയിലും മൊഗ്രാൽ പുത്തൂർ പഞ്ചായത്തിലും വെച്ച് നടത്തിയ സിറ്റിങ്ങുകൾ അനിതര സാധാരണവും അവിസ്മരണീയവുമായ അനുഭവങ്ങളാണ് പകർന്നു തന്നത്. ബഹുമാനപ്പെട്ട കാസർകോട് എം.പി., ശ്രീ. പി. കരുണാകരൻ ഉദ്ഘാടനം ചെയ്ത പരിപാടിയിൽ കാസർഗോഡ് എം.എൽ.എ. ശ്രീ. എൻ.എ. നെല്ലിക്കുന്ന് അധ്യക്ഷനായിരുന്നു. സർവ്വശ്രീ വി. എം. സുധീരൻ, ശ്രീ. ഇ. ചന്ദ്രശേഖരൻ എം.എൽ.എ., നഗരസഭാ ചെയർമാൻ ശ്രീ. ടി. ഇ. അബ്ദുള്ള, ചേർക്കുളം അബ്ദുള്ള, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി പി.പി. ശ്യാമളാദേവി എന്നിവർ പങ്കെടുത്തു.

കാസർകോട്ടെ സിറ്റിംഗ് നല്ലരീതിയിൽ സംഘടിപ്പിക്കുന്നതിന് മുന്നിട്ട് നിന്ന് പ്രവർത്തിച്ച ശ്രീ. പി. എം. കെ. സിറാജ്, ശ്രീ. കെ. ബി. മുഹമ്മദ് കുഞ്ഞി, ഡപ്യൂട്ടികളക്ടർ ശ്രീ സുധീർബാബു ഐ.എ.എസ്സ്, ജില്ലാകളക്ടർ ശ്രീ മുഹമ്മദ് സഗീർ ഐ.എ. എസ്സ്, പ്രൊ. എം.എ. റഹ്മാൻ തുടങ്ങിയവരോടുള്ള കടപ്പാട് രേഖപ്പെടുത്തുന്നു. മൊഗ്രാൽപുത്തൂർ പഞ്ചായത്തിൽ വെച്ച് നടത്തിയ സവിശേഷ സിറ്റിങ്ങ് വലിയ പാഠങ്ങളാണ് കമ്മീഷന് പകർന്നു നൽകിയത്. ഈ പരിപാടിയുടെ സംഘാടകർ, റിസോഴ്സ് അധ്യാപകൻ കൂടിയായ ശ്രീ. രാമകൃഷ്ണനും ശ്രീ. മാഹിൻ കുന്നത്തും സഹപ്രവർത്തകരുമാണ്. അവരോടും സഹപ്രവർത്തകരോടും കൃതജ്ഞത അറിയിക്കുന്നു.

കമ്മീഷന്റെ പ്രവർത്തനങ്ങളെ സർവ്വാത്മനാ ഹൃദയത്തിൽ ഏറ്റെടുത്ത് പ്രവർത്തിച്ച ത്യാഗ മനസ്കരായ ഒട്ടേറെ വ്യക്തികളും സ്ഥാപനങ്ങളും സംഘടനകളുമുദ്. അവരെയൊക്കെ ആദരപൂർവ്വം അനുസ്മരിക്കുന്നതോടൊപ്പം, കണ്ണൂർ സിറ്റിംഗിൽ നേതൃത്വം കൊടുത്ത ശ്രീമതി ശ്രീജ കെ, ശ്രീമതി ഗീത വൽസരാജ്, അഡ്വ. ജമീൽ അഹമ്മദ്, ശ്രീ. കരുണാകരൻ എന്നിവർക്കും സിറ്റിംഗിൽ പങ്കെടുത്ത ബഹു. ഗ്രാമവികസന വകുപ്പുമന്ത്രി ശ്രീ. കെ.സി. ജോസഫ്, ശ്രീ. സണ്ണിജോസഫ് എം.എൽ.എ., മുനിസിപ്പൽ ചെയർ പേഴ്സൺ ശ്രീമതി ശ്രീജ എം. കെ., ശ്രീമതി ശൈലജ. ശ്രീ. കെ. രവീന്ദ്രൻ, ശ്രീ. പി.ഡി. മഹമൂദ്, ശ്രീമതി സി. സീനത്ത് എന്നിവർക്കും തൃശ്ശൂർ പാലക്കാട് ജില്ലകളെ ഉൾപെടുത്തിയുള്ള തൃശ്ശൂർ സിറ്റിംഗിന് നേതൃത്വം കൊടുത്ത ശ്രീമതി രാജലക്ഷ്മിക്കും, ശ്രീമതി ശാന്താമേനോനും സിറ്റിംഗിൽ പങ്കെടുത്ത ശ്രീ. എം.പി. പോൾ (മുനിസിപ്പൽ ചെയർമാൻ), അഡ്വ. തേറമ്പിൽ രാമകൃ

ഷ്ണൻ എം.എൽ.എ., ശ്രീ അബ്ബാസ്, ശ്രീ സിറാജ് കൊടുവയൂർ, ശ്രീ. ഖാദർ മൊയ്തീൻ, ശ്രീ. കെ. രാധാകൃഷ്ണൻ എന്നിവർക്കും കോഴിക്കോട് സിറ്റിംഗിന് നേതൃത്വം കൊടുത്ത ശ്രീ. സിറാജ്, ശ്രീ മൻസൂർ, ശ്രീ പ്രഭാകരൻ എന്നിവർക്കും സിറ്റിംഗിൽ പങ്കെടുത്ത ഡോ. കുഞ്ഞഹമ്മദ് കുട്ടി, ശ്രീ. സി. മോയിൻകുട്ടി എം.എൽ.എ., ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ എം.എൽ.എ., ഫാ. ജോർജ്ജ് ഏഴ്ാനിക്കാട്, ശ്രീ സി.കെ. അബ്ദുസലാം, ശ്രീ. കെ. എം. ഉമ്മർ കേരള ഫെഡറേഷൻ ഫോർ ദി ബ്ളൈന്റ് സംസ്ഥാന പ്രസിഡന്റ് ശ്രീ. സി.കെ. അബൂബക്കർ എന്നിവർക്കും എറണാകുളം സിറ്റിംഗിന് നേതൃത്വം കൊടുത്ത ശ്രീമതി സുശീലാ കുര്യച്ചനും സിറ്റിംഗിൽ പങ്കെടുത്ത ശ്രീ. ജെ. ഉമ്മൻ, കൊച്ചി കോർപറേഷൻ മേയർ, ശ്രീ. ടോണി ചമ്മിണി, പ്രൊ. എം.കെ. സാനു, ശ്രീ എസ്. ശർമ എം. എൽ എ., ശ്രീ ബെന്നി ബഹന്നാൻ എം. എൽ. എ., ശ്രീമതി മേരി അനിത, ശ്രീ മുഹമ്മദ് അലി, അഡ്വ. സന്ധ്യ, ശ്രീ. കെ.എം. റോയി എന്നിവർക്കും കോട്ടയം സിറ്റിംഗിന് നേതൃത്വം നൽകിയ ഫാ. റോയി കണ്ണൻചിറ, ബ്ര. അഗസ്റ്റിൻ പോളയിൽ എന്നിവർക്കും സിറ്റിംഗിൽ പങ്കെടുത്ത ശ്രീ മോൻസ് ജോസഫ് എം. എൽ.എ., ഡോ. എൻ. ജയരാജ് എം. എൽ. എ, ഡോ. പി.എസ്സ്. സുകുമാരൻ, റവ. ഡോ. മാണി പുതിയിടം, ശ്രീമതി അന്നമ്മ ജേക്കബ്, ഡോ. കുര്യാക്കോസ് കോർ എപ്പിസ്കോപ്പ മൂലയിൽ, സി. റാണി ജോ, സി. സെലീന ജോയി, ശ്രീ. ജെയ്മോൻ എന്നിവർക്കും ആലപ്പുഴ സിറ്റിംഗിന് നേതൃത്വം നൽകിയ ശ്രീമതി ജമീല പി. എസ്, സി. ലിസ്സാ ജോർജ്ജ്, റവ, സജി ബേബി എന്നിവർക്കും സിറ്റിംഗിൽ പങ്കെടുത്ത ശ്രീമതി മേഴ്സി ഡയാന, ശ്രീ. ജി. സുധാകരൻ എം.എൽ. എ., റൈറ്റ് റവ. ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ, ശ്രീ എ.എ. ഷുക്കൂർ, ശ്രീ. ശ്രീകുമാർ എന്നിവർക്കും ഇടുക്കിയിലെ സിറ്റിംഗിന് നേതൃത്വം നൽകിയ സിസ്റ്റർ എൽസാ ടോമിനും സിറ്റിംഗിൽ പങ്കെടുത്ത ശ്രീ. കെ.കെ. ജയച്ചന്ദ്രൻ എം.എൽ.എ., ശ്രീമതി സുനിത കുഞ്ഞച്ചൻ, ഫാ. ജോയി നെരപ്പേൽ, ശ്രീ. മോനിച്ചൻ, ശ്രീ. ഗീരീഷ് മാലിയിൽ, ശ്രീ. ബേബിച്ചൻ തോമസ്, സോണിയമോൾ, ശ്രീ. സുഗു, സി. ജാൻസി എന്നിവർക്കും കൊല്ലം സിറ്റിംഗിന് നേതൃത്വം നൽകിയ ശ്രീ. എൻ. തുളസീധരൻ പിള്ള, ശ്രീ. വർഗ്ഗീസ് എബ്രഹാം എന്നിവർക്കും സിറ്റിംഗിൽ പങ്കെടുത്ത ബഹു തൊഴിൽ പുനരധിവാസ മന്ത്രി ശ്രീ. ഷിബു ബേബി ജോണിനും ശ്രീ. പി. കെ. ഗുരുദാസൻ എം.എൽ.എ. യ്ക്കും ശ്രീ. ഡി. ജേക്കബ്ബ്, ശ്രീ സാം എബ്രഹാം, ശ്രീ. സി.കെ. രാജൻ, ശ്രീ. ജെ. ഗോപിനാഥപിള്ള, റവ. ജേക്കബ്ബ് വർഗ്ഗീസ് തുടങ്ങിയവർക്കും തിരുവനന്തപുരംസിറ്റിംഗിന് നേതൃത്വം നൽകിയ ശ്രീമതി ബീന ആർ, ശ്രീ. ശിവകൈലാസ് എന്നിവർക്കും സിറ്റിംഗിൽ പങ്കെടുത്ത ബഹു. ആരോഗ്യമന്ത്രി ശ്രീ. വി.

എസ്. ശിവകുമാറിനും ബഹു. മേയർ അഡ്വ. കെ. ചന്ദ്രികയ്ക്കും ബഹു ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രമണി പി. നായർക്കും ശ്രീ. വി.എം. സുധീരൻ, ബിഷപ്പ് ഗബ്രിയൽ മാർ ഗ്രിഗോറിയസിനും പാളയം ഇമാം ജമാലുദ്ദീൻ മങ്കടയ്ക്കും സ്വാമി അശ്വതി തിരുനാൾ അവർകൾക്കും ഡിസേബിലിറ്റി കമ്മീഷണർ ഡോ. എൻ. അഹമ്മദ്പിള്ളയ്ക്കും ഡോ. രാജം പി. ആർ. എസ്. പിള്ളയ്ക്കും ഡോ. മീനയ്ക്കും ശ്രീ. ജി.വി. ഹരി, ഫാ. തോമസ് ഫെലിക്സ്, ശ്രീമതി ടി. തങ്കമണി, ശ്രീ. എൻ. പത്മകുമാർ, എന്നിവർക്കും കൃതഞ്ജത രേഖപ്പെടുത്തുന്നു.

കേരളത്തിലെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ പ്രശ്നങ്ങളും കമ്മീഷന്റെ പ്രവർത്തനങ്ങളുമൊക്കെ അതിനിടെ, നിയമസഭയിൽ ശ്രദ്ധക്ഷണിക്കൽ പ്രമേയമായി അതിശക്തമായി മുഴക്കുകയും അതിനായി പ്രയത്നിക്കുകയും ചെയ്ത ബഹുമാന്യരായ എം. എൽ. എ. മാർ, സർവ്വശ്രീ ഡോ. എൻ. ജയരാജ്, ശ്രീ. പി.കെ. ഗുരുദാസൻ, ശ്രീ. ഷംസുദ്ദീൻ എം., ശ്രീ. എളമരം കരിം, ശ്രീ. സി. മോയിൻകുട്ടി, ശ്രീ. ബി. സത്യൻ, ശ്രീ. ടി.എൻ. പ്രതാപൻ തുടങ്ങിയവരോടുള്ള കടപ്പാട് ആദരപൂർവ്വം ഇവിടെ രേഖപ്പെടുത്തുന്നു.

കേരളത്തിലെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ പ്രശ്നങ്ങൾ പഠിക്കാൻ ഒരു കമ്മീഷനെ നിയമിക്കുകയെന്ന ചരിത്രപരമായ ദൗത്യം ഏറ്റെടുക്കുകയെന്നത്, അസാധാരണമായ ഒരു ഭരണ നടപടിയാണ്. കേരളത്തിലെ മുൻ വിദ്യാഭ്യാസ വകുപ്പു മന്ത്രി ബഹുമാന്യനായ ശ്രീ ഇ.ടി. മുഹമ്മദ് ബഷീർ എം. പി. ഈ ഭരണ നടപടിയെ വിശേഷിപ്പിച്ചത്, ചരിത്രപരം എന്നാണ്. അതിലുപരി ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ. പി.കെ. അബ്ദുറബ്ബ് കൂടി പങ്കെടുത്ത ഒരു പൊതു വേദിയിൽ ശ്രീ ഇ.ടി. മുഹമ്മദ് ബഷീർ പറഞ്ഞത്, കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാനുള്ള അവസരം സിദ്ധിച്ചതിലൂടെ വിദ്യാഭ്യാസ മന്ത്രി എന്ന നിലയിൽ ശ്രീ. പി. കെ. അബ്ദുറബ്ബ് കേരളത്തിലെ വിദ്യാഭ്യാസ ചരിത്രത്തിൽ സവിശേഷ സ്ഥാനം നേടിയെടുക്കാൻ പോവുകയാണ് എന്നാണ്. ഈ ഏകാംഗ കമ്മീഷനെ ഇത്തരമൊരു ഉത്തരവാദിത്വം ഏൽപ്പിക്കാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രി പ്രകടിപ്പിച്ച വിശ്വാസത്തിന് മുന്നിൽ ആദരപൂർവ്വം ശിരസ്സ് നമിക്കുന്നു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ശ്രീ. വി. പി. അബ്ദുൾ റസാക്ക് സാറിനോടുള്ള എന്റെ വ്യക്തിപരമായ കടപ്പാട് രേഖപ്പെടുത്തുന്നു. അതോടൊപ്പം, വിദ്യാഭ്യാസ മന്ത്രിയുടെ ഓഫീസിലെ ശ്രീ. സിപി. ചെറിയ മുഹമ്മദ്, ശ്രീ. സൈനുലാബ്ദീൻ, ശ്രീ. അലിക്കുട്ടി തുടങ്ങി

യവരോടും വിദ്യാഭ്യാസ അർ സെക്രട്ടറി ശ്രീ. ബി. മധുസൂദനൻനായരോടുമൊക്കെയുമുള്ള കടപ്പാട് നന്ദിപൂർവ്വം സ്മരിക്കുന്നു.

തിരുവനന്തപുരം സി. എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡിലെ പ്രിൻസിപ്പാൾ എന്ന നിലയ്ക്കുള്ള അധിക ചുമതലയാണ് ഏകാംഗ കമ്മീഷൻ എന്ന ഈ നിയോഗം. കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വപരമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കി, ഈ ദൗത്യത്തിന്റെ പവിത്രത ബോധ്യപ്പെട്ട് എല്ലാ സഹായ സഹ കരണങ്ങളും നൽകിയ എസ്. ഐ. എം. സി. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീ. എം. മുഹ മ്മദിനോടുള്ള വ്യക്തിപരമായ കൃതജ്ഞത അറിയിക്കുന്നു. അതോടൊപ്പം എസ്. ഐ. എം. സി. യിലെ എന്റെ സഹപ്രവർത്തകരായ ഓരോരുത്തരോടും പ്രത്യേകിച്ച് സ്പെഷ്യൽ എഡ്യൂക്കേഷൻ ലക്ച്ചറർ ശ്രീമതി രാധിക, സൈക്കോളജി ലക്ചറർ ശ്രീമതി അസീന അധ്യാപികമാരായ സിമ്ന, പ്രവിത എന്നിവരോടും ശ്രീ. എബ്രഹാം ശ്രീ. രതീഷ് ആർ നായർ എന്നിവരോടും നന്ദി രേഖപ്പെടുത്തുന്നു.

ഈ കമ്മീഷന്റെ പ്രവർത്തനങ്ങളുടെ ആസൂത്രണത്തിനും നടത്തിപ്പിലുമൊക്കെ, അസാമാന്യമായ സമർപ്പണമനസ്സോടെ പൂർണ്ണമായും ഇഴുകിച്ചേർന്ന് പ്രവർത്തിച്ച ര് വ്യക്തി കളോടുള്ള എന്റെ കടപ്പാടും ആദരവും വാക്കുകളിൽ പ്രകടമാക്കാനാവാത്തതാണ്. 10 ജില്ലാ ആസ്ഥാനങ്ങളിലായി, മുപ്പതിനായിരത്തിലധികം, പ്രശ്നങ്ങൾനേരിടുന്ന വ്യക്തികൾ പ ങ്കെടുത്ത സിറ്റിംഗുകൾ, ഏഴായിരത്തിലധികം രേഖകൾ ഇതെല്ലാം, സംഘടിപ്പിക്കുന്നതിന് അന്യാദൃശമായ പാടവത്തോടെ സുസംഘടിതമായി രേഖപ്പെടുത്തുകയും ഓരോ രേഖകളും വായിക്കുകയുമൊക്കെ ചെയ്യുക എന്ന വെല്ലുവിളി ഏറ്റെടുക്കാനുള്ള മനസ്സുാവുകയെന്നത് അസാധാരണമായ, അദ്ഭുതകരമായ കാര്യമാണ്. സൂക്ഷ്മാവബോധത്തോടെ എല്ലാറ്റിനും നേതൃത്വം നല്കിയ ശ്രീമതി മോത്തി കെ. ഹബിബ്, ശ്രീ. ബി. സുധീഷ് എന്നീ കമ്മീഷൻ സ്റ്റാഫംഗങ്ങളുടെ പിന്തുണയും പങ്കാളിത്വവുമൊക്കെ സ്നേഹത്തോടെ അതിലേറെ ആദര വോടെ, രേഖപ്പെടുത്തുന്നു.

കേവലം ആകസ്മികമെന്ന് കരുതാനാവാത്തവിധം അസാധാരണമായ സമർപ്പണ ബോധത്തോടെ, കമ്മീഷന് ലഭിച്ച രേഖകൾ ശാസ്ത്രീയമായി, പരിശോധിച്ച്, കമ്മീഷൻ പ്രവർത്തനത്തിന് മാത്രമായി ഒരു സോഫ്റ്റ്വെയർ രൂപപ്പെടുത്തി, അതിൽ ഓരോ ഡാറ്റയും രേഖപ്പെടുത്തി, വിവിധ തരത്തിലും തലത്തിലും ഗവേഷണ സാമർത്ഥ്യത്തോടെ നിർദ്ധാരണം ചെയ്യാൻ അവസരമൊരുക്കിയത്, എന്റെ ബഹുമാന്യ സുഹൃത്തും ഐ.ക്യൂ.

സോഫ്റ്റ് വെയർ കമ്പനി ഉടമയുമായ ശ്രീ സുധീർ ശക്തനാണ്. ശ്രീ. സുധീർ ശക്തനും, അദ്ദേഹത്തിന്റെ സഹപ്രവർത്തകരും പ്രകടിപ്പിച്ച സേവനോദാരത, അന്യാദൃശമാണ്. അവരോടുള്ള സ്നേഹവും കടപ്പാടും ആദരപൂർവ്വം രേഖപ്പെടുത്താൻ കമ്മീഷൻ ബാധ്യസ്ഥ മാണ്.

മുൻനിരയിലൊന്നും കാണാത്ത, എന്നാൽ പിൻനിരയിൽ ജാഗ്രതയോടെ, നിരീക്ഷണ ത്തോടെ കമ്മീഷനൊപ്പം നിലനിന്ന ചില അസാധാരണ സാന്നിധ്യങ്ങളുണ്ട്. അവരാണ് പ്രൊ. പി. ജയചന്ദ്രൻ (ചെന്നൈ), ശ്രീ. സി.കെ അബൂബക്കർ, ശ്രീ. അബ്ദുൾ കരീം, ശ്രീ. മുഹമ്മദ് ഫിറോസ്, ശ്രി സിറാജ്, ശ്രീ പ്രഭാകരൻ, ശ്രീ. മൻസൂർ, ശ്രീ റഫീഖ്, ---- തുടങ്ങിയ വർ. ഇവർക്ക് ഹൃദയത്തിന്റെ അടിത്തട്ടിൽനിന്നുള്ള സ്നേഹം രേഖപ്പെടുത്തുന്നു.

എന്റെ നിരന്തരമായ അസാന്നിദ്ധ്യങ്ങളെ മനസ്താപമില്ലാതെ സഹിച്ചു, എന്നിട്ടും എന്നെ പ്രോൽസാഹിപ്പിച്ച എന്റെ ഭാര്യ ഡെയ്സിയോടും മകൾ തപസ്യയോടും ഞാൻ കട പ്പെട്ടിരിക്കുന്നു.

**എം.കെ. ജയരാജ്**

**(ഏകാംഗ കമ്മീഷൻ)**

## അദ്ധ്യായം-1

# ബുദ്ധിപരമായ വെല്ലുവിളികൾ - അടിസ്ഥാന വിവരങ്ങൾ (Basic Information)

ഏകാംഗ കമ്മീഷന്റെ പഠന പരിധിയിൽ വരുന്നത് കേരള സമൂഹത്തിൽ ഇതു വരെയും ഏറെയൊന്നും പൊതുജന ശ്രദ്ധയിൽ വരാത്ത വിഭാഗങ്ങളാണ്. ശാരീരികവും മാനസികവുമായ വ്യത്യസ്ഥതരം വൈകല്യങ്ങൾ അഭിമുഖീകരിക്കുന്ന വലിയൊരു വിഭാഗം ജനങ്ങൾ നമുക്ക് ചുറ്റുമു്. ആകെ വികലാംഗരുടെ സാന്നിദ്ധ്യം സമൂഹത്തിൽ 7 ശതമാന ത്തിനും 10 ശതമാനത്തിനും ഇടയിലാണ്. മസ്തിഷ്ക സംബന്ധമായ പ്രശ്നങ്ങൾ നേരിടു ന്നവർ ഇവരിൽ 3 ശതമാനത്തിലധികം വരും. അന്ധർ, ബധിരർ, അസ്ഥി-ചലന വൈകല്യ ങ്ങൾ തുടങ്ങി ശാരീരിക വൈകല്യം നേരിടുന്നവർ, സാമൂഹ്യമായി പൊതുവേ ദൃശ്യരാണ്. സമൂഹത്തിൽ പൊതുവേ പ്രകടമായ സാന്നിധ്യമാണ് ഈ വിഭാഗങ്ങളെല്ലാം എന്നതുകൊ്, അനുഭാവവും പരിഗണനയും പൊതുവെ സമൂഹത്തിൽ ഇവർക്ക് ലഭ്യവുമാണ്. സർക്കാ രിന്റെ നേരിട്ടുള്ള നേതൃത്വത്തിലും നിയന്ത്രണത്തിലും സർക്കാർ സഹായത്താലുള്ള എയ്ഡഡ് സംവിധാനവും, തൊഴിൽ സംവരണവും സാമൂഹ്യ സുരക്ഷിതത്വ മാർഗ്ഗവു മൊക്കെ ലഭ്യമാകുന്നു്. അതിലുപരി, ഇവരുടെ ശാരീരിക പരിമിതി, മസ്തിഷ്ക്കത്തിനല്ലാത്ത തുകൊ്, സ്വന്തമായി ആവശ്യങ്ങളും അവകാശങ്ങളും ഉന്നയിക്കാനും സംഘടിച്ച് സമൂഹ്യ സമ്മർദ്ദമുാക്കി, അവശ്യ അവകാശങ്ങൾ നേടിയെടുക്കാനുമൊക്കെ കേരളത്തിൽ കഴിയുന്നു. കേരളത്തിന്റെ സാമൂഹ്യ മനസ്സാക്ഷി വളരെ ഔദാര്യ പൂർവ്വമായ അനുഭാവം ഇത്തരത്തി ലുള്ള ജന വിഭാഗങ്ങളോട് കാണിച്ചതുകൊു കൂടിയാണ്, ഇന്ത്യയിൽതന്നെ, മറ്റെല്ലാ സംസ്ഥാനങ്ങളെക്കാൾ കൂടുതൽ തൃപ്തികരമായ ഒരു ജീവിതം ഇവർക്ക് നല്കാൻ കേരള ത്തിനായത്. പക്ഷെ, പൊതുബോധത്തിന് മനസ്സിലാവാത്ത, സൂക്ഷ്മ സ്പർശിയായ ഒട്ടേറെ ഗൗരവ പ്രശ്നങ്ങൾ, ദൃശ്യമായ അംഗന്യൂനത ഉള്ളവർക്കും ഉന്നെതാണ്, യാഥാർത്ഥ്യം.

മസ്തിഷ്ക ക്ഷതമോ, മസ്തിഷ്ക കോശങ്ങളുടെ അസാധാരണത്വമോ കൊ് സംഭ വിക്കുന്ന വെല്ലുവിളികൾ നേരിടുന്നവരുടെ പ്രശ്നങ്ങളെ സംബന്ധിച്ചുള്ള അവബോധം പൊതുസമൂഹത്തെ സംബന്ധിച്ച് വളരെ തുച്ഛമാണ്. അത്തരത്തിലുള്ള പ്രയാസങ്ങൾ നേരിടുന്ന വ്യക്തികളെക്കുറിച്ചും കുടുബത്തെ സംബന്ധിച്ചും ഗൗരവമായ ഒരു ചിന്ത

യൊന്നും രൂപപ്പെട്ടിട്ടില്ല. ഭയപ്പെടുത്തുന്ന തരത്തിലുള്ള നിർമമത്വമോ, നിസ്സഹകരണ മോ, നിരാകരണമോ ഈ വിഭാഗത്തോട് പ്രകടിപ്പിച്ചുവരുന്നു. സാമൂഹ്യമായി തീർത്തും ആദൃശ്യരാണ് ബുദ്ധിപരമായി വെല്ലുവിളികൾ നേരിടുന്നവർ. ഈ മേഖല പൊതുവെ അഭി മുഖീകരിക്കുന്ന അദൃശ്യതയ്ക്ക് ഒരു പ്രധാന കാരണം, ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ സംബന്ധിച്ച അബദ്ധധാരണകളും അജ്ഞതയുമാണ്. സമൂഹത്തിലെ അജ്ഞതയും അബ ദ്ധധാരണകളുമൊക്കെ, നിസ്സഹായരായ ഒരു ജനവിഭാഗത്തെ നിരന്തരമായ ഇരുട്ടിൽതന്നെ നിലനിർത്തുന്നുവെന്നത്, ദയനീയമായ ഒരവസ്ഥയാണ്. കേരളത്തിലെ മസ്തിഷ്ക സംബ ന്ധമായ പ്രശ്നങ്ങൾ നേരിടുന്നവരുടെ വിഷയം, വ്യതിരിക്തമായ ഒരു വീക്ഷണത്തോടെ സമീപിക്കേതു്. അവരുടെ ജീവിതം പൊതുധാരയിൽനിന്നും വിഭിന്നമായി ഗണ്യമായ തര ത്തിൽ, അരക്ഷിതവും അനിശ്ചിതത്വം നിറഞ്ഞതുമാണ്. ഈ അരക്ഷിതത്വവും അനിശ്ചിത ത്വവും ഈ വിഭാഗങ്ങളിൽ മാനസികമായി ഒരു സങ്കീർണ്ണാവസ്ഥ സൃഷ്ടിക്കുന്നതിന് ഇടയാ ക്കിയിട്ടു്. ഈ മാനസികാവസ്ഥയുടെ ഉപോൽപ്പന്നമായി, വൈകാരിക സാമൂഹ്യ, സാമ്പ ത്തിക, സാംസ്കാരിക പ്രതിസന്ധികൾ അഭിമുഖീകരിക്കുന്ന ഒരു സവിശേഷ വിഭാഗമായി കേരളത്തിൽ ഇവർ മാറിയിട്ടു്. ഇത്തരത്തിലുള്ള വ്യക്തികളും കുടുംബങ്ങളുമടങ്ങുന്ന ജന വിഭാഗം സാമൂഹ്യമായ വല്ലാത്തൊരൊറ്റപ്പെടൽ അനുഭവിക്കുന്നു. ഇവരനുഭവിക്കുന്ന പ്രശ്നങ്ങൾ ഇഴപിരിച്ച്, പരിഹാരം തേടാതെ, സമൂഹത്തിന്റെ മുഖ്യധാരയിലേക്ക്, വലി യൊരു അംഗസംഖ്യവരുന്ന ഈ ജനവിഭാഗത്തെ കൈപിടിച്ചുയർത്താൻ കഴിയില്ല. ഈ മേഖലയുടെ സവിശേഷ പ്രശ്നങ്ങൾ തിരിച്ചറിയാൻ കേരള പൊതുസമൂഹം പരാജയപ്പെട്ട തിന്റെ പരിണിതിയാണ്, മസ്തിഷ്ക ആഘാതമേറ്റവർ ഉൾപ്പെടുന്ന കുടുംബങ്ങൾ ഉൾക്കൊ ള്ളുന്ന ഒരു ജനത ഈ കൊച്ചുകേരളത്തിൽ വിശദീകരിക്കാനാവാത്ത പ്രശ്നസങ്കലിത സാഹചര്യത്തിൽ ഇന്നും ജീവിക്കുന്നത്. ഈ ഒരു സാഹചര്യത്തിലാണ്, സവിശേഷമായി നിർണ്ണായകമായ തോതിൽ സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന മസ്തിഷ്ക വെല്ലുവിളി നേരിടുന്നവരെ പരിഗണിച്ചുകൊ് കേരള പശ്ചാത്തലത്തിൽ ഒരു പഠനം അനിവാര്യമാകുന്ന ത്.

ഒരു കുഞ്ഞ് പിറക്കുന്നത്, മാതാപിതാക്കളെ സംബന്ധിച്ച് മനസ്സിൽ ഉൽസവത്തിന്റെ വർണ്ണരാജികൾ സമ്മാനിക്കുന്ന അനുഭവമാണ്. എത്രയോ സ്വപ്നങ്ങൾ, സങ്കൽപങ്ങൾ... രക്ഷിതാക്കളുടെ ജീവിതം, പ്രയാസങ്ങളും ദു:ഖങ്ങളും സമ്മാനിക്കുന്ന ജീവിത സാഹചര്യ ത്തിലാണെങ്കിൽപോലും തന്റെ കുഞ്ഞിനെ സംബന്ധിച്ചുള്ള സ്വപ്നങ്ങളും സങ്കൽപങ്ങളു

മൊക്കെ, ഭാവിയെ സംബന്ധിച്ചുള്ള അവരുടെ ശുഭകരമായ ഉറപ്പാണ്. കുഞ്ഞിന്റെ ദൈനം ദിന വളർച്ചയെ കൺനിറയെ കാണാനുള്ള കൊതിയാണ്, അവരുടെ ജീവിതത്തിന് കാവ്യാത്മകത്വം സമ്മാനിക്കുന്നത്. ഇത്തിരിയുള്ളൊരു ഈ കൊച്ചു ജീവിതത്തിന്റെ വരമ്പ ത്തുനിന്ന്, മറ്റെന്താണ് നമുക്ക് പ്രതീക്ഷിക്കാനുള്ളത്? പ്രത്യാശിക്കാനുള്ളത്?. സ്വപ്ന സമാനമായ ഒരു സ്വർഗ്ഗ ജീവിതത്തിന്റെ സങ്കൽപങ്ങൾക്ക്, ആഘാതമേൽപ്പിച്ചാണ്, ഒരു നാൾ ഈ അച്ഛനും അമ്മയും തിരിച്ചറിയുന്നത്, എന്റെ മകൾ അഥവാ മകൻ, ജീവിതാന്ത്യം വരെ , നിസ്സഹായമാകുന്ന വലിയൊരു ദുരന്തത്തിന്റെ ഇരയാണ് എന്ന്. കെട്ടിപ്പൊക്കിയ സ്വപ്ന സൗധങ്ങളുടെ തകർച്ചയെന്നതിലുപരി, കനിവില്ലാത്ത കാലത്തിന്റെ കയ്പ്പേറിയ അനുഭവങ്ങളിലൂടെയുള്ള ദുരിതയാത്രമാത്രം ജീവിതത്തിന്റെ നീക്കിയിരിപ്പാകുന്ന ആസു രത! ഹൃദയം വലിച്ചുകീറുന്ന, ദുരന്തങ്ങളുടെ നിലക്കാത്ത അനുഭവങ്ങൾ.. എന്തു ചെയ്യണ മെന്നറിയാതെ, ആരെ സമീപിക്കണമെന്നറിയാതെ, തന്റെ ജീവിത സ്വപ്നങ്ങളുടെ സത്ത യായ ഈ കുഞ്ഞ്. കുഞ്ഞിന്റെ ദൈന്യതമുറ്റുന്ന നിസ്സഹായ മുഖത്തേയ്ക്ക് ഉറ്റുനോക്കി നിഷ്ഫലമായ തന്റെ ജന്മത്തെ ശപിച്ച് ജീവിക്കുന്നവരുടെ അംഗസംഖ്യ ഈ കേരളത്തിൽ ഒട്ടേറെയാണ്. അവരുടെകുഞ്ഞുങ്ങളാണ്, മസ്തിഷ്കത്തിന്റെ ക്ഷതം കാരണമോ, അസാ ധാരണത്വം കാരണമോ, ആജീവനാന്തം ജീവിതത്തിന്റെ പുമുഖത്ത്, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, ബഹുവൈകല്യം, ശൈശവ മനോരോഗം, പഠന വൈകല്യം എന്നീ പ്രശ്നങ്ങളാൽ, ഇരകളായി കഴിയുന്നവർ - അവരുടെ പഠനമാണ് ഏകാംഗ കമ്മീഷന്റെ വിശകലന പരിധിയിൽ വരുന്നത്.

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ, ഇന്ന് കേരള സമൂഹത്തിൽ അനുഭവി ക്കുന്ന പിന്നോക്കാവസ്ഥയ്ക്ക് വിവിധ കാരണങ്ങളുട്. പൊതു സമൂഹത്തിന്, ഈ വിഭാ ഗത്തെക്കുറിച്ചുള്ള തികഞ്ഞ അജ്ഞതയും മുൻവിധികളുമാണ് അതിൽ പ്രധാനം. രക്ഷിതാ ക്കളും വൈദ്യസമൂഹവുമുൾപ്പെടെയുള്ളവർ പുലർത്തുന്ന അജ്ഞതയുടെ ഫലമായി, വ്യാപ കമായ ചൂഷണങ്ങൾക്കാണ് ഇവർ വിധേയമായിക്കൊിരിക്കുന്നത്. ഈ അടുത്തകാലത്ത് രൂപപ്പെട്ട ചെറിയ അവബോധം, ഗുണപരമായ മാറ്റങ്ങൾക്ക് സഹായകമാവുന്നുകെിലും ചൂഷണ സാഹചര്യം പൂർണ്ണമായും സമൂഹത്തിൽ ഇല്ലാതായിട്ടില്ല. ആചാരങ്ങളുടേയും അനുഷ്ഠാനങ്ങളുടേയും വിശ്വാസങ്ങളുടേയുമൊക്കെ പേരിലുള്ള പരിഹാരക്രിയകൾ കേര ളത്തിലെ ചില പിന്നോക്ക മേഖലകളിൽ ശക്തമാണെങ്കിലും, പൊതുവെ, ശാസ്ത്രീയമായ

ഒരു സമീപനം, ഇവരുടെ പുനരധിവാസ പ്രക്രിയയിൽ ആവശ്യമുന്നെ ധാരണ വളർന്നുവന്നിട്ടു്.

ബുദ്ധിപരമായ വെല്ലുവിളികൾക്ക് കാരണമാവുന്നത്, പ്രധാനമായും മസ്തിഷ്ക കോശങ്ങളായ ന്യൂറോണുകളുടെ ക്ഷതമോ അസാധാരണവും അസ്വാഭാവികവുമായ അവസ്ഥകളോ ആണ്. ന്യൂറോണുകളെ സംബന്ധിച്ച്, ഇന്ന് ലഭ്യമായ ചികിൽസാവിധി മസ്തിഷ്കത്തിനേറ്റ ക്ഷതമോ അസ്വാഭാവികതയോ പരിഹരിക്കാൻ പര്യാപ്തമല്ല. മസ്തിഷ്കത്തിന്റെ ഈ പ്രശ്നങ്ങളുടെ പരിഹാരം അടിസ്ഥാനപരമായി മരുന്നുകൾക്ക് വഴങ്ങുന്നതാണെന്ന് ഒരു ശാസ്ത്രീയ അന്വേഷണവും തെളിയിച്ചിട്ടുമില്ല. എന്നിട്ടും ചികിൽസാവിധികളെ സംബന്ധിച്ചും ചികിൽസയിലൂടെ രോഗശാന്തി നേടിയത് സംബന്ധിച്ചും അവകാശ വാദങ്ങളുടെ ഒട്ടേറെ പ്രചണ്ഡകോലാഹലങ്ങളിൽ, നിസ്സഹായരായ രക്ഷിതാക്കൾ അകപ്പെട്ടുപോകുന്ന അവസ്ഥയാണ് കേരളത്തിലുള്ളത്. അജ്ഞതയിൽനിന്നും രൂപപ്പെട്ട ഈ ചൂഷണ സാഹചര്യത്തോട് ക്രിയാത്മകമായി പ്രതികരിക്കാനും രക്ഷിതാക്കൾക്ക് നേർവഴി കാണിച്ചുകൊടുക്കാനും ബാധ്യതപ്പെട്ട ആരോഗ്യവകുപ്പ് ഗൗരവമായി വിഷയം ഏറ്റെടുക്കണം.

എറണാകുളം കേന്ദ്രീകരിച്ചും തിരുവനന്തപുരം കേന്ദീകരിച്ചും പത്ര-ദൃശ്യ-സൈബർ മാധ്യമങ്ങളുടെ സഹകരണത്തോടെ, ബൃഹത്തായ രീതിയിലാണ്, തെറ്റായ പ്രചരണങ്ങൾ നടത്തിവരുന്നത്. പ്രലോഭനീയങ്ങളായ ഈ പ്രശ്നപരിഹാര അവകാശവാദങ്ങളിൽ വശംവദരായി, സാമ്പത്തികമായും മാനസികമായും പാപ്പരായി എന്ന് രക്ഷിതാക്കൾ കമ്മീഷന് നൽകിയ രേഖകൾ വെളിവാക്കുന്നു. നിസ്സഹായതയുടെയും നിരാവലംബതയുടെയും കരകാണാക്കടലിൽ, പ്രതീക്ഷയുടെ കൊച്ചുതുരുത്താണ് ഈ വ്യാജ അവകാശ വാദങ്ങളെന്ന് രക്ഷിതാക്കൾ ധരിച്ചുവശാകുന്നത് സ്വാഭാവികം.

മസ്തിഷ്ക ക്ഷതത്തോടൊപ്പം ചിലപ്പോൾ കുവരുന്ന കൃത്യമായ രോഗങ്ങൾ, ഉദാഹരണം-അപസ്മാരം, മാനസിക രോഗാവസ്ഥ, മറ്റ് ശാരീരിക രോഗങ്ങൾ ഇവയ്ക്കൊക്കെ ചികിൽസയും മരുന്നുകളും, മസ്തിഷ്ക ക്ഷതമുള്ള കുട്ടികൾക്കും ആവശ്യമാണ്. പക്ഷേ മസ്തിഷ്ക കോശങ്ങളുടെ ക്ഷതാവസ്ഥയും അസ്വാഭാവികമായ അവസ്ഥയുമൊക്കെ നിലവിൽ ഒരു ചികിൽസാ വിധികൾക്കും വഴങ്ങുന്നവയാണെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല. അതുകൊുതന്നെ, അതിനുവേി പണവും സമയവും നഷ്ടപ്പെടുത്തുന്നത്, രക്ഷിതാക്കൾ സാമ്പത്തികമായി കൂടുതൽ പ്രയാസപ്പെടാൻ ഇടയാക്കുമെന്ന് മാത്രമല്ല,

യഥാസമയം ലഭ്യമാവേ പരിശീലനത്തിന് രക്ഷിതാക്കൾ മുതിരാതിരിക്കുന്ന സാഹചര്യവും ഉാക്കും. കുട്ടികളുടെ ജീവിതത്തിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതിന് ഇത് ഇടയാക്കും. ഈ രംഗത്ത്, ലോകത്ത് നടന്നിരിക്കുന്ന എല്ലാ ഗവേഷണങ്ങളും സൂചിപ്പിക്കുന്നത്, മസ്തിഷ്ക സംബന്ധമായ പ്രശ്നങ്ങൾ നേരിടുന്നവർക്ക് എത്രയും നേരത്തേ യഥാവിധി പരിശീലന പരിപാടികൾ ശാസ്ത്രീയമായി ആസൂത്രണംചെയ്ത്, വൈദഗ്ദ്ധ്യത്തോടെ പകർന്നു നൽകുന്നുവെങ്കിൽ, ഭാവിയിൽ സംഭവിക്കാനിരിക്കുന്ന വൈകല്യത്തിന്റെ വലിയൊരു ശതമാനത്തോളം സങ്കീർണ്ണത കുറയ്ക്കാനോ, ഇല്ലാതാക്കാനോ കഴിയും എന്നാണ്. വൈദ്യന്മാരുടേയും മരുന്നുകച്ചവടക്കാരുടെയുമൊക്കെ വ്യാജ അവകാശവാദങ്ങൾക്കിടയിൽ പൊലിഞ്ഞുപോകുന്നത്, കുട്ടികളെ സംബന്ധിച്ച് വലിയ അവസരങ്ങളും സാധ്യതയുമാണ്.

കമ്മീഷന്റെ പഠന പരിധിയിൽ വരുന്ന വിഷയങ്ങളായ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, ബഹുവൈകല്യം, ശൈശവ മാനസികരോഗം, പഠന വൈകല്യങ്ങൾ എന്നിവയെ സംബന്ധിച്ച് സാമാന്യമായ ഒരു ധാരണ, ഇത്തരം വിഭാഗങ്ങളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് മുമ്പ് അനിവാര്യമായ ഒരു മുന്നുപാധിയാണ്.

### (1) ബുദ്ധിമാന്ദ്യം (Mental Retardation)

സാമൂഹ്യ സാഹചര്യങ്ങളിൽ സാധാരണപോലെ അർത്ഥവത്തായി പ്രതികരിക്കാൻ കഴിയാത്ത രീതിയിൽ ബുദ്ധിമാനം (Intelligent Quotient) ഗണ്യമായി കുറഞ്ഞിരിക്കുന്ന അവസ്ഥയാണ് ബുദ്ധിമാന്ദ്യം. സാധാരണ ബുദ്ധിമാനം 100 ആയാണ് പരിഗണിക്കുന്നതെങ്കിൽ, ബുദ്ധിമാന്ദ്യമുള്ളവരിൽ അത് 70 ൽ താഴെയാണ്. ഈയൊരവസ്ഥ, 18 വയസ്സിന് മുമ്പ് സംഭവിച്ചെങ്കിൽ മാത്രമേ നിർവ്വചനപ്രകാരം, ബുദ്ധിമാന്ദ്യമെന്ന അവസ്ഥയായി പരിഗണിക്കൂ.

ഒരു സമൂഹത്തിൽ ബുദ്ധിമാന്ദ്യമുള്ളവരുടെ അംഗസംഖ്യ, 2. 5 മുതൽ 3 ശതമാനം വരെയെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഗ്രാമ-നഗര വ്യത്യാസമോ, രാജ്യങ്ങളുടെ സാമ്പത്തിക അവസ്ഥകൾ തമ്മിലുള്ള വ്യതിയാനമോ ഒന്നും, ഏറ്റക്കുറച്ചിലുകൾക്ക് ബാധകമാവുന്നില്ലെന്നാണ്, ഏറ്റവും ഒടുവിൽ എത്തപ്പെട്ട നിഗമനം. ബുദ്ധിമാന്ദ്യത്തിനുള്ള കാരണങ്ങൾ സാഹചര്യാടിസ്ഥാനത്തിൽ പ്രധാനമായും ഗർഭാവസ്ഥയ്ക്ക് മുമ്പുള്ള കാരണങ്ങൾ, ഗർഭാവസ്ഥയിൽ സംഭവിക്കുന്ന കാരണങ്ങൾ, പ്രസവ സമയത്ത് സംഭവിക്കുന്ന കാരണങ്ങൾ, പ്രസവാനന്തരമുള്ള കാരണങ്ങൾ എന്നിങ്ങനെ വിഭജിക്കാവുന്നതാണ്.

ബുദ്ധിമാന്ദ്യമെന്ന അവസ്ഥയ്ക്കുള്ള കാരണങ്ങൾ ഇനിയും പൂർണ്ണമായി ലഭ്യമായി എന്ന് പറയാൻ കഴിയില്ല. ബുദ്ധിമാന്ദ്യത്തിന് ഇടയാക്കുന്ന 35 ശതമാനത്തോളം കാരണങ്ങളും ഇന്നും ആധുനിക ശാസ്ത്രത്തെ സംബന്ധിച്ച് അജ്ഞാതമാണ്. 100 ട്രില്യൻ വരുന്ന ന്യൂറോണുകൾ അടങ്ങിയ മനുഷ്യ മസ്തിഷ്കത്തെ സംബന്ധിച്ച് ഇനിയും വെളിവാകേ ദുരൂഹതകൾ, സങ്കീർണ്ണതകൾ എന്നിവയെല്ലാമാണ്, മറ്റ് സമാന പ്രശ്നങ്ങളെപ്പോലെ/ വെല്ലുവിളികളെപ്പോലെ പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിച്ച് ബുദ്ധിമാന്ദ്യത്തിന്റെ നിരക്ക് കുറയ്ക്കുന്നതിള്ള സാധ്യതയെ കുറയ്ക്കുന്നത്. ബുദ്ധിമാന്ദ്യത്തിന്റെ ചില കാരണങ്ങൾ, സ്വാഭാവികമായും പ്രതിരോധിക്കാൻ സാധ്യവുമല്ല.

<u>ബുദ്ധിമാന്ദ്യം സംഭവിക്കുന്നതിനുള്ള കാരണങ്ങൾ</u>

1. ക്രോമസോം, ജനിതക വൈകല്യങ്ങൾ.
2. ഗർഭകാലത്ത് അമ്മയ്ക്കുാകുന്ന പ്രമേഹം, ഉയർന്ന രക്തസമ്മർദ്ദം, തൈറോയ്ഡ് ഗ്രന്ഥികളുടെ അസ്വാഭാവികത.
3. പോഷകാഹാരക്കുറവ്. അമ്മയ്ക്ക്, ഗർഭകാലത്തിന്റെ ആദ്യ മൂന്ന് മാസങ്ങളിൽ ഉാകുന്ന, രോഗങ്ങളായ ജർമ്മൻ മീസിൽസ്, ഹെർപിസ്, സിഫിലിസ്, ട്രോക്സോപ്ളാസ്മോസിസ് എന്നിവ.
4. രക്തത്തിലെ ആർ. എച്ച്. ഘടകത്തിലെ പൊരുത്തക്കേട്.
5. മയക്കുമരുന്ന്, മദ്യം, പുകയില, ചില മരുന്നുകൾ, എക്സറേ തുടങ്ങിയവ.
6. പ്രസവ സമയത്ത് നവജാത ശിശുവിന്റെ മസ്തിഷ്കത്തിനേൽക്കുന്ന ആഘാതം, സുദീർഘമായ പ്രസവ പ്രക്രിയ, പൊക്കിൾകൊടിയുടെ കുരുങ്ങൽ, ശിശുവിനുാകുന്ന മഞ്ഞപ്പിത്തം, പോഷകാഹാരക്കുറവ്...
7. കുഞ്ഞിനുാകുന്ന മെനിഞ്ചൈറ്റിസ്, തലച്ചോർ പഴുപ്പ്, മറ്റ് പരുക്കുകൾ...

<u>സ്വഭാവ വിശേഷങ്ങൾ</u>

വളർച്ചാഘട്ടത്തിലുാകുന്ന കാലതാമസം, ഭാഷാവികാസത്തിലെ വിവിധ പ്രശ്നങ്ങൾ, കായിക ക്ഷമതയുടെ പരിമിതി, സാമൂഹ്യ ഇടപെടലിന്റെ കുറവ്, ചിന്താശേഷിയുടെയും ധാരണാശേഷിയുടെയും പ്രശ്നങ്ങൾ, തീരുമാനങ്ങളിൽ എത്തിച്ചേരാനുള്ള പ്രയാസം, ഓർമ്മ, പഠനം എന്നിവയ്ക്കുള്ള ശേഷിക്കുറവ് എന്നിവയാണ് പൊതു സവിശേഷതകൾ.

ബുദ്ധിമാനത്തിന്റെ (IQ) അടിസ്ഥാനത്തിൽ ബുദ്ധിമാന്ദ്യത്തെ പ്രധാനമായും നാലായി തരംതിരിച്ചിരുന്നു. മൃദു (Mild), മിത (Moderate), തീവ്ര (Severe) തീഷ്ണ (Profound)

എന്നിങ്ങനെയാണത്. മൃദു-മിത-തീവ്ര-തീഷ്ണ- ബുദ്ധിമാന്ദ്യത്തിന്റെ ബുദ്ധിമാന നിരക്ക് യഥാക്രമം 50-70-, 35-50, 20-35, 20 നു താഴെ എന്നിങ്ങനെയാണ്.

ബുദ്ധിമാന്ദ്യമെന്നത്, ചികിൽസയ്ക്ക് വിധേയമാവുന്ന ഒരു രോഗമല്ലാത്തതുകൊുതന്നെ, ഇതിനെ ഒരു അവസ്ഥയായാണ് പരിഗണിക്കുന്നത്. ഇത്തരം കുട്ടികളുടെ ബുദ്ധിപരമായ പിന്നോക്കാവസ്ഥ ഒരു പരിധിവരെ പരിഹരിച്ച്, സമൂഹത്തിന്റെ മുഖ്യധാരയിൽ സ്വാശ്രയത്വത്തോടെ ജീവിക്കാൻ പ്രാപ്തമാക്കുന്നതിന്, ശാസ്ത്രീയവും ആസൂത്രിതവുമായ പഠന-പരിശീലന പ്രക്രിയകൾ വിഭാവനം ചെയ്യേതു്.

പുനരധിവാസ പ്രക്രിയയിലൂടെ നിലവിൽ ബുദ്ധിമാന്ദ്യമുള്ളവരിൽ 80 ശതമാനത്തെയും തൊഴിൽപരമായി പുനരധിവസിപ്പിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തുവാൻ കഴിയുമെന്ന്, ഒട്ടേറേ പഠനങ്ങൾ തെളിയിക്കുന്നു. ഇന്ന് കേരളത്തിൽ ബുദ്ധിമാന്ദ്യമുള്ളവരുടെ ക്രിയാത്മക പുനരധിവാസ പ്രക്രിയയെ സഹായിക്കുന്ന തരത്തിലുള്ള ശാസ്ത്രീയ സംവിധാനങ്ങളൊന്നും, ശരിയായ അർത്ഥത്തിൽ ലഭ്യമല്ലെന്നതാണ്, യാഥാർത്ഥ്യം. സർക്കാർ തലത്തിൽ, ഇതിനുള്ള ശ്രമങ്ങൾ, ഇനിയും ആരംഭിക്കേതായിട്ടാണ് ഇരിക്കുന്നത്. സ്വകാര്യ-സന്നദ്ധ സംവിധാനങ്ങൾ നൽകുന്ന ചില വിലപ്പെട്ട സേവനങ്ങളാണ്, ഇന്ന് കേരളത്തിൽ, ഈ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുതകുന്ന ഏതാനും ഒറ്റപ്പെട്ട സംരംഭങ്ങൾ.

## 2 ഓട്ടിസം (Autism)

ഓട്ടിസം (Autism) എന്ന പ്രശ്നം, പൊതുവേ ഇന്ന് ലോകമാകെ, ശാസ്ത്ര- വിദ്യാഭ്യാസ വൃത്തങ്ങളിൽ വലിയ ചർച്ചകൾക്ക് വിധേയമാവുന്ന വിഷയമാണ്. കുട്ടിയുടെ ജീവിതത്തിൽ 3 വയസ്സിന് മുമ്പ് സംഭവിക്കുന്ന സങ്കീർണ്ണമായ ഒരവസ്ഥയാണ് ഓട്ടിസം. ഈ അവസ്ഥയുടെ ഫലമായി, കുട്ടിക്ക് ആശയവിനിമയത്തിനും സമൂഹത്തിൽ ഇടപെടുന്നതിനും ബുദ്ധിമുട്ട് ഉാകുന്നു. അസ്വാഭാവികവും ആവർത്തിച്ചുള്ളതുമായ ശാരീരിക ചലനങ്ങൾ ഇത്തരം കുട്ടികളുടെ സവിശേഷതയാണ്. 1943 ൽ ലിയോകെന്നർ എന്ന ശിശുമനോരോഗ ഭിഷഗ്വരൻ ഈ പ്രശ്നം തിരിച്ചറിയുന്നതുവരെ ഇത്തരം കുട്ടികളെ, മനോരോഗികളായോ മനോ ദുർബലരായോ ആണ് പൊതുവെ പരിഗണിച്ചു വന്നിരുന്നത്.

വൈദ്യപരിശോധനയിലൂടെ ഓട്ടിസം കത്തൊൻ എളുപ്പമല്ല. 1980 മുതൽ ഓട്ടിസത്തെ പൊതുവെ വിസ്തൃത വളർച്ചാക്രമഭംഗം (Pervasive Developmental Disorder)

എന്നാണ് വ്യവച്ഛേദിച്ചുവരുന്നത്. സ്കിസോഫ്രീനിയ പോലെ ഒരു മാനസിക പ്രശ്നമല്ല ഓട്ടിസമെന്നും കുട്ടികളിൽ കാണുന്ന വളർച്ചാ സംബന്ധമായ കാര്യമാണെന്നും കണ്ടെത്തി. ഇതേ ഗണത്തിൽ പെടുന്ന പ്രശ്നങ്ങളാണ്, റെറ്റ്സ് സിൻഡ്രോം, അസ്പെർജേർസ് സിൻഡ്രോം, ശിശു ശിഥിലീകരണ ക്രമഭംഗം (Childhood Disintegrative Disorder) മറ്റൊരുവിധത്തിലും പരാമർശിക്കാത്ത, വിസ്തൃത വളർച്ചാ ക്രമഭംഗം (Pervasive Developmental Disorder Not Otherwise Specified- PDD NOS)

<u>റെറ്റ്സ് സിൻഡ്രോം (Rett's Syndrome)</u>

ഈ അവസ്ഥ 5 മാസത്തിനും 48 മാസത്തിനും ഇടയിലാണ് കണ്ടെത്തപ്പെടുന്നത്. സാധാരണയായി പെൺകുട്ടികളിലാണ് റെറ്റ്സ് സിൻഡ്രോം ഉണ്ടാകുന്നത്. ആയിരം ആളുകളിൽ ഒരാൾ എന്നതാണ് ഈ പ്രശ്നം സംഭവിക്കാനുള്ള സാധ്യത. ഈ കുട്ടികൾ സമൂഹവുമായി ഇടപെടാനുള്ള കഴിവ് വളരെ താമസിച്ച് മാത്രമാണ് ആർജ്ജിക്കുന്നത്. ആവർത്തിച്ചുള്ള ദ്രുതഗതിയിലുള്ള അംഗചലനങ്ങളും കൈകഴുകുന്ന സ്വഭാവവും ഈ കുട്ടികളിൽ കാണാം. ബുദ്ധിപരമായ പിന്നോക്കാവസ്ഥ നല്ലതോതിൽ ഇവരിൽ പ്രകടമാണ്. അപസ്മാര സാധ്യത ഇത്തരം കുട്ടികളിൽ കൂടുതലാണ്. ദൈനംദിന ജീവിത കാര്യങ്ങളിലും കളികളിലും പിന്നോക്കാവസ്ഥ പ്രകടിപ്പിക്കും.

<u>ശൈശവ ശിഥിലീകരണ ക്രമഭംഗം (Child hood Disintegrative Disorder)- Heller Syndrom)</u>

രണ്ടു വയസ്സിനുശേഷവും 10 വയസ്സിന് മുമ്പുമാണ് ഈ പ്രശ്നം പ്രകടമാകുന്നതിനുള്ള സാധ്യത. സാധാരണയായി ആൺകുട്ടികളിൽ കൂടുതലായി കാണുന്ന ഈ പ്രശ്നം, പക്ഷേ പൊതുവെ അപൂർവ്വമാണ്. ആവർത്തിച്ചുള്ള ശാരീരിക ചലനങ്ങൾ കാണിക്കുന്ന ഇത്തരം കുട്ടികൾക്ക് സാമൂഹ്യമായി ഇടപെടുന്നതിനും ആശയവിനിമയത്തിനും ബുദ്ധിമുട്ടുണ്ട്. അപസ്മാര സാധ്യത ഇത്തരം കുട്ടികളിൽ കൂടുതലായി പ്രകടമാവാറുണ്ട്.

<u>അസ്പെർജേർസ് സിൻഡ്രോം (Asperger's Syndrome)</u>

ഓസ്ട്രിയക്കാരനായ ശിശുരോഗ വിദഗ്ദ്ധൻ ഹാൻസ് ആസ്പേർജേർസിന്റെ ഗവേഷണാനന്തരമാണ് ഈയൊരവസ്ഥയെക്കുറിച്ച് ലോകമറിയുന്നത്. അപൂർവ്വമാണെങ്കിലും ആൺകുട്ടികളിലാണ്, അസ്പേർജേർസ് സിൻഡ്രോം കൂടുതലായി കണ്ടുവരുന്നത്. ആവർത്തിച്ചുള്ള ശാരീരിക ചലനങ്ങളോടൊപ്പം ബുദ്ധിമാന്ദ്യവും ഇവരിൽ കണ്ടുവരുന്നു. അപസ്മാരം ഇവരിൽ കാണുന്നില്ല, പക്ഷേ ദൈനംദിന ജീവിത വൃത്തികളിൽ പിന്നോക്കാവസ്ഥ

പ്രകടമാണ്. ഭാഷാപ്രാവീണ്യം ഉപരിപ്ളവമായ സംസാരത്തിൽ മാത്രം പരിമിതപ്പെട്ടാണ് കാണുന്നത്.

<u>മറ്റൊരുവിധത്തിലും പരാമർശിക്കാത്ത വിസ്തൃത വളർച്ചാ ക്രമഭംഗം (Pervasive Developmental Disorder – Not Otherwise Specified)</u>

പേരുപോലെതന്നെ കൃത്യമായ എന്തെങ്കിലും ധാരണ, വിപുലമായ വർണ്ണരാജി പോലെ പരസ്പര സകലിതമായി കിടക്കുന്ന ഈ അവസ്ഥയെ സംബന്ധിച്ച് ശാസ്ത്രലോകം ആർജ്ജിച്ചെടുത്തിട്ടില്ല. സാമൂഹ്യമായി ഇടപെടുന്നതിനും ആശയ വിനിമയത്തിനും പ്രശ്ന മുള്ളവരാണിവർ.

<u>ഓട്ടിസത്തിന്റെ കാരണങ്ങൾ</u>

1. ക്രോമസോം ജനിതക ഘടകങ്ങൾ.
2. ഗർഭസമയത്തെ പ്രശ്നങ്ങൾ.
3. മസ്തിഷ്ക ഘടനയിലെ അസാധാരണത്വം
4. പാരിസ്ഥിതിക കാരണങ്ങൾ.

<u>സ്വഭാവ സവിശേഷതകൾ</u>

1. മറ്റുള്ളവരുമായി ഇടപെടുന്നതിനുള്ള ബുദ്ധിമുട്ട്.
2. മാറ്റങ്ങളോട് പൊരുത്തപ്പെടാനാവാതിരിക്കുക.
3. നിയതമായ ആവർത്തന സ്വഭാവങ്ങൾ.
4. പ്രതിശബ്ദ പ്രതികരണം. (Ecolalia)
5. സചേതന വസ്തുതക്കളെക്കാളും അചേതന വസ്തുക്കോളോടുള്ള ആഭിമുഖ്യം.
6. ആവർത്തന പ്രവൃത്തിയിൽ അഭിരമിക്കൽ.
7. വൈകാരിക പ്രകടനത്തിനുള്ള പ്രാപ്തിക്കുറവ്.
8. ഭാഷയ്ക്കും ആശയ വിനിമയത്തിനുമുള്ള പ്രശ്നങ്ങൾ.

## <u>3. സെറിബ്രൽ പാൾസി.</u>

മസ്തിഷ്ക കോശങ്ങളിലെ ക്ഷതം കാരണം, പേശി ചലനത്തെയും, ശരീരത്തിന്റെ സ്വാഭാ വിക പ്രക്രിയയേയും ബാധിക്കുന്ന, ചികിൽസയ്ക്ക് വിധേയമല്ലാത്ത, എന്നാൽ കൂടുതൽ മൂർച്ഛിക്കാത്ത ഒരവസ്ഥയാണ്, സെറിബ്രൽ പാൾസി. ചെറുതും വലുതുമായ ശരീര പേശി കളിലാണ്, പ്രശ്നം പ്രതിഫലിക്കുന്നത് എന്നതുകൊണ്ടുതന്നെ, ആഹാര- ശ്വസന-വിസർജ്ജന വ്യവസ്ഥകളുടെ സ്വാഭാവിക പ്രവർത്തനങ്ങളെ ഇത് സാരമായി ബാധിക്കാനിടയുു. സെറി

ബ്രൽ പാൾസി നേരിടുന്ന വ്യക്തികളിൽ 60 ശതമാനത്തിനെങ്കിലും ബുദ്ധിപരമായ പിന്നോക്കാവസ്ഥയും കുവരുന്നു. മറ്റ് അനുബന്ധ പ്രശ്നങ്ങൾ-

1. അപസ്മാരം
2. പഠന വൈകല്യം
3. കേൾവിക്കുറവ്
4. കാഴ്ചക്കുറവ്.

മസ്തിഷ്ക്കത്തിന് ഏൽക്കുന്ന ക്ഷതം, ജനിതക കാരണങ്ങൾ, മറ്റ് ആഘാതങ്ങൾ എന്നിവ സെറിബ്രൽ പാൾസിക്ക് കാരണമാകാം. നവജാത ശിശുവിന്റെ ഭാരക്കുറവ്, സെറിബ്രൽ പാൾസിയിലേക്ക് നയിച്ചേക്കാം.

<u>സെറിബ്രൽപാൾസി - കാരണങ്ങൾ</u>

1. ഓരേ പ്രസവത്തിൽ ഒന്നിൽ കൂടുതൽ കുഞ്ഞുങ്ങൾ.
2. ഭ്രൂണാവസ്ഥയിൽ ഏൽക്കുന്ന ക്ഷതം.
3. പോഷകാഹാരക്കുറവ്.
4. ഉയർന്ന രക്തസമ്മർദ്ദം, ഹൈപ്പർ തൈറോഡിസം, പ്രമേഹം.
5. ജൈവ-രാസ-ജനിതക പ്രശ്നങ്ങൾ.
6. മാസം തികയാതെയുള്ള പ്രസവം.
7. മസ്തിഷ്കത്തിനേൽക്കുന്ന അണുബാധ, വീഴ്ചമൂലമുള്ള ക്ഷതം, ...

<u>ലക്ഷണങ്ങൾ</u>

കുഞ്ഞുങ്ങളിൽ കാണുന്ന അസാധാരണമായ ക്ഷീണാവസ്ഥ, ശ്രദ്ധക്കുറവ് അസാധാരണമായ ഉച്ചത്തിലുള്ള കരച്ചിൽ

കുഞ്ഞുങ്ങളിൽ പാൽകുടിക്കുന്നതിനും, ഭക്ഷണം വിഴുങ്ങുന്നതിനുമുള്ള പ്രയാസം.

അയഞ്ഞ പേശികൾ, അസാധാരണ ശാരീരിക പ്രതികരണങ്ങൾ...

<u>വിഭജനം</u>

ചലനത്തിന്റെ സ്വഭാവം അടിസ്ഥാനമാക്കിയും അവയവ ബാധയെ അടിസ്ഥാനമാക്കിയും ആണ് സെറിബ്രൽ പാൾസിയുടെ വിഭജനം.

1. രു കൈകൾക്കും രു കാലുകൾക്കും ആകെ ബാധിക്കുന്ന ക്വഡ്രിപ്ളീജിയ.
2. രു കാലുകളിലോ അഥവാ രു കൈകളിലോ ബാധിക്കുന്ന ഡൈപ്ലീജിയ.

3. ശരീരത്തിലെ ഇടതുഭാഗത്തെ കൈകാലുകളേയോ അല്ലെങ്കിൽ വലതു ഭാഗത്തെ കൈകാലുകളെയോ മാത്രം ബാധിക്കുന്ന ഹെമിപ്ളിജിയ.

## 4- ബഹുവൈകല്യം

ഒരേ വ്യക്തിക്ക് ഒന്നിലധികം വ്യത്യസ്ത വെല്ലുവിളികൾ ഒരേ സമയം സംഭവിക്കുന്ന സാഹചര്യത്തെയാണ് ബഹുവൈകല്യാവസ്ഥയെന്ന് പരാമർശിക്കുന്നത്. ഉദാഹരണം- ചലനവൈകല്യത്തോടൊപ്പം കേൾവിയില്ലായ്മ. ഒന്നിലധികം വ്യത്യസ്ത വൈകല്യങ്ങൾ ഓരേസമയം അഭിമുഖീകരിക്കുന്ന വ്യക്തികൾ, സാധാരണ വെല്ലുവിളികൾ നേരിടുന്നവ രിൽനിന്നും വ്യത്യസ്തമായ വലിയതോതിലുള്ള സങ്കീർണ്ണ സാഹചര്യങ്ങളെ അഭിമൂഖീകരി ക്കുന്നവരാണ്. സാധാരണ പുനരധിവാസ പ്രക്രിയയിൽനിന്നും വ്യത്യസ്തമായി വളരെ സവിശേഷമായ പരിഗണനയും ഇടപെടലും, ഇവരുടെ സമൂഹ്യവൽക്കരണത്തിന് അത്യന്താ പേക്ഷിതമാണ്. തീവ്ര-തീഷ്ണ ബുദ്ധിമാന്ദ്യമുള്ളവരിൽ പലപ്പോഴും ബഹുവൈകല്യം കൂടു തലായി കുവരുന്നു.

## 5- ശൈശവ മാനസിക രോഗം

പൊതു സമൂഹത്തിന്റെ ശ്രദ്ധ ഒട്ടും പതിയാത്ത ഒരു വെല്ലുവിളിയാണ്, ശൈശവ മാനസികരോഗം. ഇതൊരു രോഗത്തിന്റെ ഗണത്തിലാണ്, ഉൾപ്പെടുന്നതെങ്കിലും, രോഗാവ സ്ഥയുടെ ഒരനന്തരഫലം ബുദ്ധിമാന്ദ്യ അവസ്ഥായാണ്. പ്രത്യേക പരിഗണനയും പരിശീ ലനവും ഈ കുട്ടികൾക്ക് അത്യന്താപേക്ഷിതമാണ്.

### സ്കിസോഫ്രീനിയ

കുട്ടികളിൽ കാണുന്ന സ്കിസോഫ്രീനിയയാണ്, ശൈശവ മാനസിക രോഗ ത്തിൽ പ്രധാനപ്പെട്ടത്. വ്യക്തി യാഥാർത്ഥ്യത്തെ അംഗീകരിക്കുകയും യാഥാർത്ഥ്യബോധമി ല്ലാതെ പെരുമാറുകയും ചെയ്യുന്ന ഒരവസ്ഥയാണിത്. കുട്ടികളിൽ വളരെ ചെറുപ്രായ ത്തിൽതന്നെ ഈ രോഗം ഉാവുന്നു. ചിലപ്പോൾ യൗവ്വനാരംഭത്തിന് മുമ്പ് തന്നെ സ്കിസോഫ്രീനിയ പ്രത്യക്ഷപ്പെട്ടേക്കാം. ഈ രോഗം കുട്ടികളുടെ സ്വഭാവത്തെ വളരെയേറെ ബാധിക്കുന്നു. ഈ പ്രശ്നം ചെറുപ്രായത്തിൽ കാണപ്പെടുന്നതിനാൽ, വിദ്യാ ഭ്യാസപരമായ വളർച്ചയ്ക്കും സാമൂഹ്യ-വൈകാരിക വികാസത്തിനും വലിയ വെല്ലുവി

ളികളായി മാറുന്നു. നേരത്തെ കണ്ടെത്തി ചികിൽസിക്കുകയാണെങ്കിൽ പ്രശ്നങ്ങളെ കുറയ്ക്കാൻ കഴിയും.

<u>ആകാംഷാക്രമഭംഗം</u>

കുട്ടികളിൽ കാണുന്ന മറ്റൊരു മാനസിക പ്രശ്നമാണ്, ആകാംഷാക്രമഭംഗം (Anxiety Disorder). ഈ പ്രശ്നമുള്ള കുട്ടികൾക്ക് ഏറ്റവും പ്രധാനമായി രക്ഷിതാക്കളിൽനിന്നും പിരിഞ്ഞിരിക്കാനുള്ള പേടിയും സ്കൂളിൽ പോകാൻ താല്പര്യമില്ലായ്മയുമാണ് കുവരുന്നത്.

<u>ലക്ഷണങ്ങൾ</u>

1. രക്ഷാകർത്താക്കളിൽ നിന്ന് മാറി നില്ക്കുമ്പോൾ അസ്വാഭാവിക പെരുമാറ്റം കാണിക്കുക.
2. സ്കൂളിൽ പോകാൻ പേടി, അകാരണ ഭയം, നിയന്ത്രിക്കാനാവാത്ത സങ്കടം, അടങ്ങിയിരിക്കാത്ത സ്വഭാവം, മറ്റുള്ളവരെ ശല്യംചെയ്യൽ.
3. അസാധാരണമായ തലവേദന, വയറുവേദന,...... ഉറക്കമില്ലായ്മ, ദുസ്സ്വപ്നം.
4. ശ്രദ്ധക്കുറവ്, പഠിത്തത്തിലുള്ള പ്രശ്നങ്ങൾ, ഒറ്റപ്പെടാനുള്ള ആഗ്രഹം, വൃത്തിഹീനത, നാണം.

<u>വിഷാദ രോഗം</u>

വിഷാദ രോഗമാണ് കുട്ടികളിൽ കുവരുന്ന മറ്റൊരു മാനസിക രോഗം. ഈ രോഗബാധ, മാനസിക വെല്ലുവിളിയായി പരിണമിക്കുകയും വിദ്യാഭ്യാസത്തേയും, തൊഴിലിനെയും സാമൂഹ്യ ജീവിതത്തെയുമൊക്കെ തെറ്റായി സ്വാധീനിക്കുകയും ചെയ്യുന്നു.

<u>ലക്ഷണങ്ങൾ</u>

1. കളിയിലും കൂട്ടുകാരിലും താല്പര്യമില്ലായ്മ.
2. ശ്രദ്ധയും ഊർജ്ജവുമില്ലാത്ത അവസ്ഥ.
3. വിശപ്പില്ലായ്മ, ഭാരക്കുറവ്, ഉറക്കമില്ലായ്മ, നിരാശാബോധം, ആത്മഹത്യാ പ്രവണത.
4. സ്വഭാവ വൈകല്യങ്ങൾ, വൈകൃതങ്ങൾ, ലഹരിയോടുള്ള അഭിവാഞ്ഛ.

<u>ശ്രദ്ധാലോപ അത്രിക്രിയാ ക്രമഭംഗം (Attention Deficit Hyperactive Disorder)</u>

അമേരിക്കൻ സൈക്കാട്രിക് അസ്സോസിയേഷൻ, ഈ അവസ്ഥയെ ശ്രദ്ധാലോപ ക്രമഭംഗം - Attention Deficit Hyperactive Disorder (ADHD) എന്നാണ് വിളിക്കുന്നത്.

<u>ലക്ഷണങ്ങൾ</u>

- - വളരുമ്പോൾ കുട്ടിയുടെ ശ്രദ്ധശോഷിച്ച് പ്രശ്നങ്ങൾ ഉാകുക. ഉദാഹരണത്തിന്, ഒരുകാര്യവും പൂർത്തികരിക്കാനാവാതിരിക്കുക.
- - അമിതാവേശ പ്രവണത, അതായത്, ഊഴത്തിനനുസരിച്ച് ക്ഷമയോടെ കാര്യങ്ങൾ ചെയ്യാനാവാത്ത അവസ്ഥ.
- - അതിക്രിയത അഥാവാ സ്വസ്ഥമായിരിക്കാൻ കഴിയാതിരിക്കുക.

## 6. പഠനപരമായ ക്രമഭംഗം (Learning Disorders)

പഠനവൈകല്യം (Learning Disorder) എന്ന പദം പൊതുവെ ഇന്ന് ഉപയോഗിച്ചുകാണുന്നില്ല, പകരം പഠനപരമായ ക്രമഭംഗം (Learning Disorders) എന്നതാണ്, ഈ മേഖലയിലുള്ള വിദഗ്ദ്ധരുടെ അഭിപ്രായത്തിൽ കൂടുതൽ അഭികാമ്യമായി അവതരിപ്പിച്ചു കാണുന്നത്. വായന, സംസാരം, എഴുത്ത്, കേൾവി, ഗണിതം, സമൂഹത്തിലുള്ള ഇടപെടൽ എന്നീ കാര്യങ്ങളിൽ അസാധാരണത്വം പൊതുവായി ഇവരിൽ കന്നുവരാം. പ്രധാനമായും കേന്ദ്രനാഡീവ്യൂഹത്തിന്റെ (Central Nervous System) പ്രവർത്തനത്തിലുള്ള അസാധാരണത്വമാണ് പഠനപരമായ ക്രമഭംഗത്തിന് പ്രധാനഹേതു. മറ്റെല്ലാ മസ്തിഷ്കവെല്ലുവിളികളുടേയും കാരണങ്ങൾ തന്നെയാണ്, പൊതുവേ പഠനപരമായ ക്രമഭംഗത്തിനും കാരണമായി പരിഗണിക്കുന്നത്.

പഠനങ്ങൾ തെളിയിക്കുന്നത്, പഠനപരമായ ക്രമഭംഗം, തീഷ്ണമായ അവസ്ഥയിൽ തുടർച്ചയായി നിലനില്ക്കുകയാണെങ്കിൽ, ഇത് ബുദ്ധിപരമായ സങ്കിർണ്ണ പ്രശ്നങ്ങൾക്ക് ഭാവിയിൽ ഇടയാക്കിയേക്കാം എന്നാണ്. എത്രയും നേരത്തേ പ്രശ്നം തിരിച്ചറിഞ്ഞ്, വിദഗ്ദ്ധ ഇടപെടലുകൾ ഉറപ്പുവരുത്തുകയാണെങ്കിൽ, വലിയതോതിലുള്ള ഗുണപരമായ മാറ്റങ്ങൾ വ്യക്തികളിൽ സൃഷ്ടിക്കുന്നതിനും, സമ്പൂർണ്ണമായിത്തന്നെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഇവരെ ഉൾപ്പെടുത്താനുമാവും. പലപ്പോഴും അസാധാരണ ശേഷിയുള്ള മിടുക്കന്മാരാവാനുള്ള വൈഭവം ഇവരിലുന്നെതാണ്, യാഥാർത്ഥ്യം.

<u>ലക്ഷണങ്ങൾ</u>

- ശ്രദ്ധിക്കുന്നതിനും ശ്രദ്ധകേന്ദ്രീകരിക്കുന്നതിനും പ്രയാസം

-സാമൂഹ്യ ഇടപെടലിലുള്ള പ്രശ്നങ്ങൾ

- ക്ഷമയില്ലായ്മ
- ധാരണാശേഷിയിലെ പ്രശ്നങ്ങൾ
- ഭാഷാ സംസാരമേഖലയിലെ ബുദ്ധിമുട്ടുകൾ
- സ്വസ്ഥതയില്ലായ്മ
- വായന, അക്ഷരങ്ങളുടെ ശരിയായ ഉപയോഗം, കണക്കുചെയ്യുക എന്നിവയിലുള്ള പ്രശ്നങ്ങൾ കൊ് പഠനപരമായ പിന്നോക്കാവസ്ഥ.
- ശാരീരിക പ്രവർത്തനങ്ങളിലുള്ള നിയന്ത്രണമില്ലായ്മ എന്നിവ കക്കോം.

ഇവിടെ പരാമർശിച്ചിരിക്കുന്ന പഠന വിഭാഗങ്ങളായ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, ബഹുവൈകല്യം, ശൈശവ മനോരോഗം, പഠന വൈകല്യം എന്നിവയെ കേരളിയ സാഹചര്യത്തിൽ പരിഗണിക്കുമ്പോൾ സമൂഹത്തിലിവരുടെ അംഗസംഖ്യ എത്രയെന്ന് കൃത്യമായി പറയാൻ കഴിയില്ല. ചില പഠനങ്ങളൊക്കെ സൂചിപ്പിക്കുന്നത്, വിദ്യാർത്ഥികളുടെ ഇടയിൽ പഠനപരമായ ക്രമഭംഗം (Learning Disorders) അഭിമുഖീകരിക്കുന്നവരുടെ കണക്ക് തന്നെ ഞെട്ടിപ്പിക്കുന്നതാണെന്നാണ്. ചെറിയ തോതിലുള്ള പഠനപരമായ ക്രമഭംഗം തുടങ്ങി തിഷ്ണമായ പഠനവൈകല്യമെന്ന അവസ്ഥയിലുള്ളവരെകൂടി ഉൾപ്പെടുത്തിയാൽ ഏറ്റവും ചുരുങ്ങിയത് സ്കൂൾ വിദ്യാർത്ഥികളിൽ അവർമാത്രം പത്ത് ശതമാനമുന്നൊണ് കണക്ക്. അതേപോലെയാണ്, ശൈശവ മനോരോഗത്തിന്റെ അവസ്ഥ, കൃത്യമായ കണക്കുകൾ ഒന്നും ലഭ്യമല്ലെങ്കിലും, അസാധാരണമായ തോതിൽ കുട്ടികളിൽ മനോരോഗ ലക്ഷണങ്ങൾ പ്രകടമാവുന്നുവെന്ന്, ശിശുമനോരോഗ വിദഗ്ദ്ധർ വിലയിരുത്തുന്നു. ഏതായാലും മസ്തിഷ്ക സംബന്ധമായ വെല്ലുവിളികൾ നേരിടുന്നവരുടെ നിരക്ക്, ജനസംഖ്യയിൽ, ഏറ്റവും ചുരുങ്ങിയത്, മൂന്ന് ശതമാനമെന്ന് കണക്കാക്കിയാൽ പോലും കേരളത്തിൽ ഇവരുടെ അംഗസംഖ്യ, ഭയാനകമാണ്. എട്ട് ലക്ഷത്തിനും ഒൻപതു ലക്ഷത്തിനുമുടയിൽ വ്യക്തികൾ, ഈ പ്രശ്നം നേരിട്ടനുഭവിക്കുന്നുവെന്ന് തീർച്ചയായും കരുതേയിരിക്കുന്നു. കേരളം പോലുള്ള സംസ്ഥാനത്തെ സംബന്ധിച്ച് ഇതൊരു വലിയ അംഗസംഖ്യയാണ്. കേരളീയ ജീവിത സാഹചര്യത്തെ ഭാവിൽ ഭയാനകമായ അവസ്ഥയിലേക്ക് തള്ളിവിടാൻ തക്കവണ്ണം ഗുരുതരമായ ഈ അവസ്ഥകളെ അടിയന്തിര പ്രാധാന്യത്തോടെ പരിഗണിക്കുക എന്നത്, മറ്റെന്തിനേക്കാളും പ്രധാനപ്പെട്ട സാമൂഹ്യ ഉത്തരവാദിത്വമാണ്.

**കേസ് സ്റ്റഡി**

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുഞ്ഞുങ്ങൾ കുടുംബത്തിലുാകുമ്പോൾ കുടുംബാംഗങ്ങൾ അനുഭവിക്കുന്ന തീവ്രവേദനയെക്കുറിച്ച്, പൊതു സമൂഹത്തിന് ഇനിയും അത്രമാത്രം ബോദ്ധ്യം വന്നിട്ടില്ല. ഇത്തരം കുടുംബങ്ങളെ പൊതുസമൂഹ ത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊുവരികയെന്നത്, ഉദ്ദേശിക്കുന്നപോലെ അത്ര ലളിതവുമല്ല. മസ്തിഷ്ക സംബന്ധമായ പ്രശ്നമുള്ള കുഞ്ഞിന് മറ്റ് ശാരീരിക വെല്ലുവിളി കളായ അന്ധത, ബധിരത, ചലന പരമിതികൾ എന്നിവ അനുഭവിക്കുന്നവരെപ്പോലെ, സാമൂഹ്യമായ അംഗീകാരം പെട്ടെന്ന് ലഭ്യമാകാത്തതിന്റെ കാരണം അത്രയധികം മുൻവിധികൾ, തെറ്റായ വിശ്വാസങ്ങൾ, ഇവരുടെ ജീവിതത്തെ വല്ലാതെ പരിമിതപ്പെടു ത്തുന്നതുകൊാണ്.

ഒന്നിലധികം ബുദ്ധിപരമായ വെല്ലുവിളികൾ ഉള്ള കുട്ടികൾ ഒരു കുടുംബത്തിൽത ന്നെ, എന്നത്, നമുക്ക് സങ്കല്പിക്കാനാവുന്നതിന്റെ അപ്പുറത്തുള്ള ദുരന്തമാണ്. ഈ ദുര ന്തവും, സാമൂഹ്യമായ പരിഗണന ലഭിക്കാതിരിക്കലും ഒന്നിച്ചാവുമ്പോൾ, ആ കുടുംബ ത്തിന്റെ ശൈഥില്യം പൂർണ്ണമാവും. അത്തരമൊരു അനുഭവമാണ്, കോഴിക്കോട്ടെ രവീ ന്ദ്രൻ മാഷിന്റേത്. രവീന്ദ്രൻ മാഷിന്റെയും ഭാര്യ ശാന്തകുമാരിയുടെയും മൂന്ന് കുട്ടികളും ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരാണ്. മൂന്നുപേരും തീവ്ര-തീഷ്ണ ബുദ്ധി മാന്ദ്യ വിഭാഗത്തിൽ പെട്ടവരും. അധ്യാപകനായ മാഷിന്റെ ജീവിതം, മെച്ചപ്പെട്ട നിലയിൽ മുന്നോട്ട് പോകുമ്പോഴാണ്, ആദ്യകുട്ടിയുടെ ജനനം. ആദ്യ കുഞ്ഞ്, മസ്തിഷ്ക സംബ ന്ധമായ പ്രശ്നമുള്ളതാണെന്ന് തിരിച്ചറിയാൻ വളരെയേറെ വൈകി. കുഞ്ഞിന്റെ പരിച രണം, പ്രയാസകരമാണെന്ന് തിരിച്ചറിഞ്ഞപ്പോൾ, ശാന്തകാമാരി തന്റെ ജോലി വേ ന്നുവെച്ചു. കാരണം, കുഞ്ഞിന്റെ പരിചരണവും ജോലിയും ഒന്നിച്ചുകൊുപോകാൻ സാധ്യമായിരുന്നില്ല.

ശിഷ്യന്മാരുടെ ഇടയിൽ ഏറെ പ്രിയപ്പെട്ടവനായിരുന്ന രവീന്ദ്രൻമാഷ്, താൻ തുടർന്നുവന്ന പൊതുപ്രവർത്തനവും സാമൂഹ്യ ഇടപെടലുമൊക്കെ, ഈ കുഞ്ഞുകാ രണം അവസാനിപ്പിക്കാൻ നിർബ്ബന്ധിതനായി. കാരണം, ഒരു നിമിഷംപോലും അടങ്ങിനി ല്ക്കാത്ത പ്രകൃതം, വികൃതി, രോഗപീഢ... ജീവിതം അസ്വസ്ഥതയുടെ അഗ്നി എരി യുന്ന നെരിപ്പോടായി. ആദ്യ ആൺകുഞ്ഞിനുശേഷം ര് പെൺകുട്ടികൾ. ഏറെ കഴി ഞ്ഞതിനു ശേഷമാണ്, ഞെട്ടിപ്പിക്കുന്ന യാഥാർത്ഥ്യം രവിന്ദ്രൻ മാഷിന്റെ കുടുംബം തിരിച്ച റിയുന്നത്, ആ കുട്ടികളും ബുദ്ധിമാന്ദ്യം ഉള്ളവരാണെന്ന്. ഒരു സാധാരണ കുടുംബ ത്തിനും ഉൾക്കൊള്ളാനാവാത്ത ഭീകരമായ യാഥാർത്ഥ്യം! സ്വബോധത്തോടെ, പിടിച്ചുനി ല്ക്കാനാവാതെ, കുഞ്ഞുങ്ങളുടെ അമ്മ, മനോവിഭ്രാന്തിൽ ഒരു ആശ്വാസമെന്നപോലെ അഭയം തേടി. രവീന്ദ്രൻ മാഷിന്റെ കുടുംബജീവിതം ആകെ തകിടം മറിഞ്ഞു. എന്നിട്ടും മാഷ് അത്ഭുതാവഹമായ തരത്തിൽ പിടിച്ചുനിന്നു. യാഥാർത്ഥ്യങ്ങളുമായി സമരസപ്പെട്ട്, കുട്ടികളുടെ ചികിൽസ, പരിശീലനം, ഭാര്യയുടെ ചികിൽസ എല്ലാം നല്ലരീതിയിൽ നടത്തി. അതിനിടെ സാമ്പത്തികമായി പൂർണ്ണമായി തകർന്നു. വിടും സ്ഥലവുമൊക്കെ വിറ്റാണ് ഭീമമായ ചികിൽസയ്ക്ക് വഴി തേടിയത്.

രവീന്ദ്രൻ മാഷിന്റേയും കുടുംബത്തിന്റെയും ആകെ വരുമാനം, അധ്യാപകജോലി യിൽ നിന്നും ലഭ്യമായ ശമ്പളം മാത്രം. നല്ല നിലയിൽ ജിവിച്ചിരുന്ന കുടുംബം, വാടക

വീട്ടിലേക്ക് താമസം മാറ്റാൻ നിർബ്ബന്ധിതരായി. അങ്ങനെ ജീവിതം അടിച്ചേൽപ്പിച്ച കൊടിയ

ദുരന്തങ്ങളുടെ ആടിഉലയലിലും അസാമാന്യമായ മന:സ്സാന്നിധ്യത്തോടെ രവീന്ദ്രൻമാഷ് അധ്യാപക ജോലിയും കുടുംബജീവിതവുമായി മുന്നോട്ടുപോയി. മാഷ് ജോലിയിൽനിന്നും പരിഞ്ഞു. ജോലിയിൽനിന്നും വിരമിക്കുമ്പോൾകിട്ടിയ പണമൊന്നും, ഭീമമായ കടം വീട്ടാൻ പര്യാപ്തമായില്ല. മന;സ്താപങ്ങളുടെ സങ്കടക്കടലിൽ, എന്നിട്ടും മാഷ് പിടിച്ചുനില്ക്കുകയായിരുന്നു. മക്കളെ ആവുംവിധത്തിൽ പരിചരിച്ചു. സ്പെഷ്യൽ സ്കൂളുകളിൽ പഠിപ്പിച്ചു. ഭാര്യയെ ചികിൽസിച്ചു. അതിനിടെയാണ് ഒരു റോഡപകടത്തിൽപെട്ട് രവീന്ദ്രൻമാഷ് ശയ്യാവലംബിയാകുന്നത്. ജീവിതത്തെ ദുരന്തം പിടിവിടാതെ പിന്തുടരുമ്പോഴും തളരാതെ പിടിച്ചുനിന്ന മാഷ്, പിന്നീടൊരിക്കലും ബോധത്തിലേക്ക് തിരിച്ചുവന്നതേയില്ല. അതിനിടെ ഭാര്യ ശാന്തകുമാരിയും മനോരോഗം മൂർച്ഛിച്ച് ലോകത്തോട് വിടപറഞ്ഞു. മൂന്നുമക്കൾ, ഒന്നും തിരിച്ചറിയാനാകാതെ, അനാഥത്വത്തിന്റെ വേദനയും പിടച്ചിലുമറിയാതെ, ഏതൊക്കെയോ അനാഥ മന്ദിരങ്ങളിൽ വസിക്കുന്നു. ബുദ്ധിമാന്ദ്യമുള്ള കുട്ടികൾ ഒരു ജീവിതത്തെ, കുടുംബത്തെ, എങ്ങിനെ വേരോടെ പുഴുതെറിയുന്നുവെന്നതിന്റെ വിവരണമാണ്, രവീന്ദ്രൻ മാഷിന്റെ ജീവിതം. ഈ കുടുംബത്തിന് സാമൂഹ്യമായി ഒരു പരിഗണനയും ലഭ്യമായില്ല. ഒരുപക്ഷെ, സ്നേഹത്തിന്റെ ഒരു ഹസ്തദാനം, കാരുണ്യത്തിന്റെ ഒരു കരുതൽ, ഒരു സമാശ്വാസം, വലിയ തോതിൽ ഇത്തരം കുടുംബങ്ങളെ സഹായിക്കും. *

## അദ്ധ്യായം-2

# നേരത്തെകണ്ടെത്തൽ
# (Early Identification / Early Detection)

ഏത് പുനരധിവാസ പ്രക്രിയയുടേയും പ്രഥമവും പ്രധാനവുമായ ഭാഗമാണ് പ്രശ്നം നേരത്തെ കണ്ടെത്തുക എന്നത്. ശരിയായ രീതിയിൽ മസ്തിഷ്ക സംബന്ധമായ പ്രശ്നങ്ങൾ കണ്ടെത്തുന്നതിന്, ശാസ്ത്രീയവും സാങ്കേതികവുമായ ഒട്ടേറെ മുന്നൊരുക്കങ്ങൾ അനിവാര്യ മാണ്. മസ്തിഷ്ക പ്രശ്നങ്ങൾ പ്രതിരോധിക്കുന്നതിനും നേരത്തെ കണ്ടെത്തുന്നതിനുമെല്ലാം വികസിത രാജ്യങ്ങൾ അനുവർത്തിച്ചുവരുന്ന സമീപനം, വളരെ മാതൃകാപരമാണ്. ജനിതക കൗൺസിലിംഗ്, യുവതീയുവാക്കൾക്ക് സ്കൂൾ തലത്തിൽ നൽകുന്ന ബോധവൽക്കരണം, അച്ചടി-ദൃശ്യ-സൈബർ മാധ്യമങ്ങളിലൂടെ നടത്തുന്ന വ്യാപക പ്രചാരണങ്ങൾ എന്നിവ യെല്ലാം വളരെ ഗൗരവമായി നടത്തിവരുന്നു. മസ്തിഷ്ക പ്രശ്നങ്ങൾ ഉാവുന്നതിനുള്ള വിവിധ കാരണങ്ങൾ, നേരത്തേ തിരിച്ചറിഞ്ഞ് പരിഹരിക്കുന്നതിന് വളരെ വ്യാപകമായ ബോധവൽക്കരണമാണ് അവിടെ നടത്തുന്നത്. ജനിതകമായ പ്രശ്നങ്ങൾക്ക് സാധ്യത യുള്ള കുടുബങ്ങളിൽ ജനറ്റിക് കൗൺസിലിംഗ്, മസ്തിഷ്ക രോഗങ്ങളുടെ സാധ്യതകൾ ഇല്ലാതാക്കാനുള്ള പ്രതിരോധ മാർഗ്ഗങ്ങൾ, എന്നിവയെല്ലാം കൂടുതൽ ജാഗ്രതയോടെ നടപ്പാ ക്കേതു്.

വൈദ്യശാസ്ത്ര രംഗത്ത്, സാങ്കേതിക വികാസം അത്യത്ഭുതകരമായാണ് നടന്നുവ രുന്നത്, ജനിതകശാസ്ത്രം (Genetics), ജൈവസാങ്കേതികത (Bio Technology), നാനോസാ ങ്കേതികത (Nano Technology), വിത്തുകോശ സാങ്കേതികത (Stem Cell Technology) തുടങ്ങിയവ വലിയ തുറസ്സുകളാണ് രോഗത്തിന്റെയും വൈകല്യത്തിന്റെയുമൊക്കെ പരിഹാ രമാർഗ്ഗങ്ങൾക്ക് അനുവദിച്ചു നല്കുന്നത്. ഭാവി, വലിയ പ്രത്യാശകളും പ്രതീക്ഷകളും നല്കുന്നു. നേരത്തേ, പ്രശ്നം കണ്ടെത്തുന്നതിന്, ശാസ്ത്ര-സാങ്കേതിക വികാസത്തിന്റെ അവസരങ്ങൾ ഗുണപരമായി ഉപയോഗിക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമൊന്നുമി ല്ല. വൈകല്യമേതുമില്ലാത്ത, മനുഷ്യജനനത്തെക്കുറിച്ചുള്ള വൈദ്യശാസ്ത്ര സങ്കല്പങ്ങൾ കേവലം ഭാവനകളല്ല, യാഥാർത്ഥ്യമാവുന്നത് തന്നെയാണ്.

വൈദ്യശാസ്ത്രരംഗത്ത്, കേരളത്തിലെ ബുദ്ധിപരമായ വെല്ലുവിളിനേരിടുന്ന മേഖല യിൽ ഉാക്കിയെടുക്കേ, മുൻകരുതലുകൾ എന്തെല്ലാമാണ്? പ്രതിരോധ മാർഗ്ഗങ്ങളിലൂടെയും ശരിയായചികിൽസാ പദ്ധതിയിലൂടെയുമെല്ലാം, ബുദ്ധിപരമായ വെല്ലുവിളികളുള്ളവർ ഉാ വുന്ന സാഹചര്യം എങ്ങനെ ഒഴിവാക്കാം? ഇന്ന് നമ്മുടെ ആശുപത്രകിളിൽ, പ്രതി രോധ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിലും നേരത്തെ തിരച്ചറിയുന്ന കാര്യത്തിലുമെല്ലാം ഒട്ടേറേ പരിമിതികൾ നിലനില്ക്കുന്നു. ഏറ്റവും പരമപ്രധാനമായി വിദഗ്ദ്ധർ ചൂിക്കാട്ടിയത്, വൈദ്യ ശാസ്ത്രപഠന പദ്ധതിയിൽ, വികലാംഗപഠനത്തെ (Disability Studies) കൂടുതൽ ആഴത്തിൽ മനസ്സിലാക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കണം എന്നാണ്. ഓട്ടിസം, സ്റ്റർജ്ജ് വെബർ സിൻഡ്രോം തുടങ്ങിയവപോലുള്ള അതിഗുരുതരമായ മസ്തിഷ്ക പ്രശ്നങ്ങളെ സംബ ന്ധിച്ച് നമ്മുടെ വൈദ്യമേഖലയിൽ പ്രവർത്തിക്കുന്നവർക്കുള്ള അറിവുപോലും തുലോം പരി മിതമാണെന്ന് ഡോക്ടർമാർതന്നെ സമ്മതിക്കുന്നു. അതിനായി വൈദ്യശാസ്ത്ര പാഠ്യപദ്ധ തിയിലും നേഴ്സിംഗ് പഠനപദ്ധതിയിലും, പാരാമെഡിക്കൽ പാഠ്യപദ്ധതിയിലുമൊക്കെ, വിക ലാംഗ പഠനം (Disability Studies) ഒരു പ്രധാന പേപ്പറായി പരിഗണിച്ച് പരിശീലിപ്പിക്കണം. ഈ വിഷയത്തിൽ ആധുനിക അവബോധം നമ്മുടെ വൈദ്യശാസ്ത്രസമൂഹത്തിന് ഉാക്കി യെടുക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കേതു്.

അംഗൻവാടി - പ്രിപ്രൈമറി അധ്യാപക പരിശീലനത്തിൽ, മസ്തിഷ്ക സംബന്ധമായ വെല്ലുവിളികളെ സംബന്ധിച്ച് പ്രത്യേകിച്ച് പാഠങ്ങളും അവ നേരത്തെ തിരിച്ചറിയാനുള്ള പ്രായോഗിക മാർഗ്ഗങ്ങളും ഉൾപ്പെടുത്തേത് അത്യാവശ്യമാണ്. അതിനുള്ള നടപടികൾ സത്വ രമായി സ്വീകരിക്കേതു്. മസ്തിഷ്ക പ്രശ്നങ്ങൾ മൂലമുള്ള മാനസികവും ശാരീരികവു മായ പരിമിതികൾ നേരത്തെ തിരിച്ചറിയുന്നതിനും ശരിയായ രീതിയിൽ തുടർ സേവന ങ്ങൾ, പ്രശ്നമനുഭവിക്കുന്നവർക്ക് ഉറപ്പുവരുത്തുന്നതിനും, ബഹുവൈദഗ്ദ്ധ്യ സമീപനം (Multi Disciplinary Approach) സ്വീകരിക്കുകയെന്നത്, പരമപ്രധാനമാണ്.

വൈദ്യശാസ്ത്ര വിദഗ്ദ്ധരായ, ന്യൂറോളജിസ്റ്റ്, ശിശു മനോരോഗവിദഗ്ദ്ധൻ, ശിശുരോഗവിദഗ്ദ്ധൻ, ഫിസിയാട്രിസ്റ്റ്, സൈക്കോളജിസ്റ്റ് മുതലായ വിദഗ്ദ്ധരെ ഏറ്റവും കുറഞ്ഞത്, താലൂക്ക് ആശുപത്രി തലം മുതലെങ്കിലും നിയോഗിക്കേത്, അത്യാവശ്യമാ ണ്. പലപ്പോഴും ഏതെങ്കിലും ഒരു വിദഗ്ദ്ധന്റെ നിരീക്ഷണത്തിലും ചികിൽസയിലും മാത്രം, പരിചരിക്കപ്പെടുന്ന കുഞ്ഞിന്റെ വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കപ്പെടാതെ പോവുകയോ, അതുകൊ് തന്നെ കുഞ്ഞിനാവശ്യമായ പ്രശ്ന പരിഹാര മാർഗ്ഗങ്ങൾ നടപ്പിലാവാതെയോ

വരുന്നു. **എത്രയും നേരത്തെ, പ്രശ്നം കണ്ടെത്തുക എന്നതിനർത്ഥം, ഭാവിയിൽ നിഷ്ഫലമായ അല്ലെങ്കിൽ ബാധ്യതയായി മാറുന്ന ഒരു ജനനത്തെ, ക്രിയാത്മകമായി സംഭാവന നല്കാവുന്ന പൗരത്വത്തിലേക്ക് ഉയർത്തുക എന്നതാണ്.**

ബുദ്ധിമാന്ദ്യം, ഓട്ടിസം മുതലായ പ്രശ്നങ്ങൾ പലപ്പോഴും നേരത്തെ കണ്ടെത്താതെ പോവുന്ന സാഹചര്യമാണ് നിലവിലുള്ളത്. വിദഗ്ദ്ധരുടെ അഭാവമാണ്, ഏറ്റവും പ്രധാന പ്രശ്നം. കേരളത്തിലെ ഗ്രാമപ്രദേശങ്ങളിലെ സാധാരണക്കാരായ ജനങ്ങളെ സംബന്ധിച്ച്, അവർ അവലംബിക്കുന്നത് പൊതുജനാരോഗ്യ കേന്ദ്രങ്ങളെയാണ്. എന്തൊക്കെ പരിമിതികൾ ആക്ഷേപിച്ചാലും സർക്കാർ നിയന്ത്രണത്തിലുള്ള ആരോഗ്യ കേന്ദ്രങ്ങളിലുള്ള ജനവിശ്വാസം ഇന്നും നിലനില്ക്കുന്നു്. സൗജന്യ ചികിൽസയും മരുന്നുമൊക്കെ, കേരളത്തിലെ ആരോഗ്യമേഖലയുടെ പ്രസക്തി ലോക ശ്രദ്ധയിലേക്ക് കൊവരാൻ സഹായിച്ചു. സ്വകാര്യ ആശുപത്രികളും നമ്മുടെ പൊതുജനാരോഗ്യ മേഖലയിൽ സവിശേഷ പങ്കാളിത്തം വഹിക്കുന്നു്. വിദഗ്ദ്ധരുടെ അപര്യാപ്തത, ബുദ്ധിമാന്ദ്യം, ഓട്ടിസം തുടങ്ങിയ പ്രശ്നങ്ങൾ നേരത്തെ തിരിച്ചറിയുന്നതിന് തടസ്സമായി കേരളത്തിൽ നിലനില്ക്കുന്നു്.

മസ്തിഷ്ക സംബന്ധമായ പ്രശ്നങ്ങൾ മൂലമുള്ള വൈകല്യങ്ങളൊഴിച്ച് മറ്റുവൈകല്യങ്ങളായ അന്ധത, ബധിരത, ശാരീരിക വൈകല്യങ്ങൾ എന്നിവയുടെയെല്ലാം നിരക്കുകൾ ഗണ്യമായ തോതിൽ കുറയ്ക്കാൻ ആരോഗ്യ മേഖലയുടെ വിദഗ്ദ്ധമായ സാമൂഹ്യ ഇടപെടലിലൂടെ കേരളത്തിന് കഴിഞ്ഞു. അതോടൊപ്പം വ്യാപക പ്രതിരോധ കുത്തിവെപ്പും മറ്റ് പദ്ധതികളും നല്ലതോതിൽ ഇത്തരം വൈകല്യങ്ങളുടെ സാധ്യതയെ കുറയ്ക്കുന്നതിന് സഹായിച്ചു. പക്ഷെ, അത്ഭുതകരമായ യാഥാർത്ഥ്യം ആധുനിക ശാസ്ത്രസാങ്കേതിക വികാസത്തിനിടയിലും മസ്തിഷ്ക സംബന്ധമായ പ്രശ്നങ്ങൾ വർദ്ധിച്ചുവരുന്നു എന്നതാണ്. മസ്തിഷ്ക സംബന്ധമായ പ്രശ്നങ്ങളും വൈകല്യങ്ങളും വർദ്ധിച്ചുവരുന്നതിന്റെ കാരണമായി വിദഗ്ദ്ധർ പറയുന്നത്, നല്ലൊരു ശതമാനം (ഏതാ് 35 ശതമാനം) കാരണങ്ങളും ഇന്നും അജ്ഞാതമാണെന്നാണ്. ചില കാരണങ്ങൾക്ക് പ്രതിരോധ മാർഗ്ഗങ്ങൾ ഫലപ്രദമാവാതെയും വരുന്നു. പൊതുവെ സമൂഹത്തിൽ കൂടുതൽ ചർച്ചചെയ്യപ്പെടുന്ന ഒരു പ്രശ്നമാണ്, ഓട്ടിസം. പത്തു വർഷം മുമ്പ്, പതിനായിരം കുട്ടികൾ ജനിക്കുമ്പോൾ അതിലൊരാൾക്ക് ഓട്ടിസം സ്പെക്ട്രം ഡിസോർഡർ (ASD) ഉാവുന്നു എന്നായിരുന്നു കണക്ക്, പക്ഷേ ഇപ്പോൾ ലോകാരോഗ്യ സംഘടന പറയുന്നത്, ഓരോ 88 ജനനത്തിൽ ഒരു ഓട്ടിസം ഉാകുന്നു എന്നാണ്. കത്തെുന്ന നിരക്ക് കൂടിയതാണ് ഈ വർദ്ധനവിന് ഒരു കാരണമായി

വിദഗ്ദ്ധർ ചൂിക്കാട്ടുമ്പോൾതന്നെ, ക്രമാതീതമായ ഈ വർദ്ധനവിനുകാരണം, പാരിസ്ഥിതിക, സാമൂഹ്യ-മാനസിക പ്രശ്നങ്ങളാണെന്ന് ചില വിദഗ്ദ്ധർ വിലയിരുത്തുന്നു. ഏതായാലും ഈ വിഷയത്തിൽ, നിരക്ക് വർദ്ധിക്കുന്നുവെന്ന ഭയാനക യാഥാർത്ഥ്യം ഭാവിയിൽ ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിനിടയാക്കുമെന്ന് തന്നെയാണ് കരുതേത്.

കേരളംപോലെ, ആരോഗ്യമേഖലയിൽ, ചരിത്രപരമായ വലിയ സംഭാവനകൾ നൽകിയ സമൂഹം ഈ അപകടമുനമ്പിന് മുന്നിൽ പകച്ചുനിൽക്കുന്നതിന് പകരം, കൃത്യമായ ശാസ്ത്രീയ അന്വേഷണങ്ങൾക്ക് തുടക്കം കുറിക്കണം. ഇതുമായി ബന്ധപ്പെട്ട ഗവേഷണ സ്ഥാപനങ്ങൾ എത്രയും വേഗം ആരംഭിക്കുക എന്നതാണ് പ്രധാനപ്പെട്ട ചുമതല.

കേരളത്തിൽ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, ബഹുവൈകല്യം, ശൈശവ മനോരോഗം, പഠന വൈകല്യം എന്നീ മേഖലകളിലെ, പുനരധിവാസവുമായി ബന്ധപ്പെട്ട് ഗവേഷണാധിഷ്ഠിതമായ ഒരു സ്ഥാപനം, തുടങ്ങുകയെന്നത്, ഏറ്റവും അനിവാര്യമാണെന്ന്, അടിവരയിടുന്ന അനുഭവങ്ങളാണ്, പൊതുവിൽ കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള സിറ്റിംഗുകളിൽനിന്നും പ്രത്യേകിച്ച്, ഈ രംഗത്തെ ഗവേഷകരെയും, മെഡിക്കൽ വിദഗ്ദ്ധരെയുമൊക്കെ പങ്കെടുപ്പിച്ച് നടത്തിയ ശില്പശാലകളിൽനിന്നും ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളിൽനിന്ന് ബോധ്യമായത് ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങുന്നത് മൂലം അന്തർദേശീയ തലത്തിലുള്ള പഠനങ്ങളെ സംബന്ധിച്ചുള്ള അറിവ് എറ്റവുംവേഗം, സമൂഹത്തിലെത്തിക്കാൻ കഴിയും. ഈ റിപ്പോർട്ടിൽ നിർദ്ദേശിച്ച സംസ്ഥാനതല ഉന്നതകേന്ദ്രത്തെ ഈ മേഖലയിലെ ആധികാരിക ഗവേഷണകേന്ദ്രമായി വികസിപ്പിക്കുന്നതാണ് ഗുണകരമാകുക.

മസ്തിഷ്ക പ്രശ്നങ്ങൾ നേരിടുന്നവരുടെ പുനരധിവാസത്തിൽ സമയത്തിനാണ്, നിർണ്ണായക പ്രസക്തി. എത്രയും നേരത്തെ, ഒട്ടും വൈകാതെ, വിദഗ്ദ്ധസേവനം ഉറപ്പാക്കുമ്പോൾ, കൂടുതൽ, കഴിവുള്ള, ക്രിയാശേഷിയുള്ള വ്യക്തികളായി അവരെ വളർത്താനും, അവരുടെ ഭാവി ജീവിതം, പ്രയോജനകരമാക്കാനും കഴിയും. അതുകൊുതന്നെ ഇക്കാര്യത്തിൽ ഇപ്പോൾ നിലനിൽക്കുന്ന ഉപേക്ഷ, കാലവിളംബം, ചരിത്രപരമായ തെറ്റായി ചരിത്രം വ്യാഖ്യനിക്കാനിടയു്. മസ്തിഷ്ക സംബന്ധമായ പ്രശ്നങ്ങൾ നേരിടുന്നവർ ഒറ്റനോട്ടത്തിൽ ദൃശ്യരല്ലാത്തതുകൊും പല പ്രശ്നങ്ങളും സാമാന്യമായി തിരിച്ചറിയാൻ കഴിയാത്ത വിഷയമായതുകൊും പൊതുവെ നേരത്തേ തിരിച്ചറിഞ്ഞ്, വിദഗ്ദ്ധമായ പരിശീലനം ലഭ്യമാകുന്നതിനുള്ള സാഹചര്യം ഉാകുന്നില്ല.

പലപ്പോഴും തിരിച്ചറിഞ്ഞാൽ തന്നെയും, വ്യാജ ചികിൽസകർ, വിശ്വാസ ചികിൽസകർ തുടങ്ങി പലരുടെയും നിയന്ത്രണങ്ങൾക്ക് വിധേയമാവുകയും കൊടിയ ചൂഷണത്തിന് ഇരയാവുന്ന സാഹചര്യവും ഉ്. ഇത് അവസാനിപ്പിക്കാൻ, നിലവിലുള്ള നിയമത്തിന്റെ വകുപ്പുകൾ ഉപയോഗിച്ച് ശക്തമായ നടപടികൾ സ്വീകരിക്കുകയോ, നിയമത്തിന്റെ വകുപ്പുകൾക്ക്, ഇത്തരം ചൂഷകരെ നിയന്ത്രിക്കുന്നതിനും ശിക്ഷിക്കുന്നതിനും പ്രാപ്തിയില്ലെങ്കിൽ പുതിയ നിയമം തന്നെ ഉാക്കുകയോ ചെയ്യാൻ സർക്കാർ മുൻകൈ എടുക്കണം. അശാസ്ത്രീയമായ ഒരു ഇടപെടലിനും ഊഹാപോഹങ്ങളുടെയും അവകാശ വാദങ്ങളുടേയുമെല്ലാം പേരിൽ നടത്തുന്ന ചികിൽസയ്ക്കുമൊന്നും, കുട്ടികളുടെ ജീവിതത്തിൽ ഇടം നല്കാനുള്ള സാഹചര്യം ഉാകരുത്.

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ വൈകല്യത്തിന്റെ തോത് നിർണ്ണയിക്കുകയെന്നത് വളരെ സങ്കീർണ്ണമായ പ്രക്രിയയായതുകൊ് മാതാപിതാക്കളെ സംബന്ധിച്ച് പല ബുദ്ധിമുട്ടുകളും നേരിടേിവരുന്നു. മറ്റു വെല്ലുവിളികളുമായി താരതമ്യപ്പെടുത്തുമ്പോൾ, ബുദ്ധിപരമായ വെല്ലുവിളികളുടെ വൈകല്യാവസ്ഥ കുറയുന്നതോ (Regressive) കൂടുന്നതോ (Progressive) അല്ല, ഈ സ്ഥിതിവിശേഷം പരിഗണിച്ച് ബുദ്ധിപരമായ വെല്ലുവിളികൾ നിർണ്ണയിക്കുന്നതിന്റെ രീതികൾ ലഘൂകരിക്കുന്നതായിരിക്കും അഭികാമ്യം. ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, ബഹുവൈകല്യം, ശൈശവ മനോരോഗം, പഠന വൈകല്യം എന്നിങ്ങനെ പ്രശ്നനിർണ്ണയത്തിന് (Assessment) പ്രാമാണിക (Standardised) പരിശോധനാ മാർഗ്ഗങ്ങൾ നിലവിലുള്ളവയ്ക്ക്, ഉദാഹരണമായി, ബുദ്ധിമാന്ദ്യവുമായി ബന്ധപ്പെട്ട് ADPMR (Assessement of Disability in Persons with Mental Retardation), ശൈശവ മനോരോഗത്തിനെ സംബന്ധിച്ച് IDEAS (Indian Disability Evaluation and Assessment) അതേപോലെ ഓട്ടിസവുമായി ബന്ധപ്പെട്ട് ISSA (Indian Scale for Assessment of Autism) എന്നിവകൂടി ഉപയോഗിച്ച്, പ്രശ്നനിർണ്ണയം നടത്തുന്ന പ്രക്രിയകൾ എങ്ങനെ ലഘൂകരിക്കാമെന്ന് ആരോഗ്യവകുപ്പിലെ വിഷയവിദഗ്ദ്ധർ പുനരാലോചിക്കണം.

അതോടൊപ്പം ബുദ്ധിപരമായ വെല്ലുവിളികളിൽ തന്നെ, സ്ഥിരമായി നിലനില്ക്കുന്ന അവസ്ഥകളായ ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, ബഹുവൈകല്യം എന്നീ പ്രശ്നാവസ്ഥകൾ കുറയുന്നതോ (Regressive) കൂടുന്നതോ (Progressive) അല്ലെന്ന് ശാസ്ത്രിയമായി വിലയിരുത്തുന്നതുകൊ്, ഈ വിഭാഗത്തെ സംബന്ധിച്ച്, വികലാംഗ സർട്ടി

ഫിക്കറ്റ്, ആജീവനാന്തകാലത്തേക്ക് സ്ഥിരമായി നല്കുന്നതാണ് യുക്തിസഹം. രക്ഷിതാക്കളെ സംബന്ധിച്ച്, അവരുടെ കുട്ടികളെയുമായി വിവിധ ഓഫീസുകളിൽ വികലാംഗ സർട്ടിഫിക്കറ്റിനായി കയറി ഇറങ്ങുന്ന അവസ്ഥ ഒഴിവാക്കപ്പെടേതാണ്.

ശൈശവ മനോരോഗവും പഠന വൈകല്യവുമാണ്, തിരിച്ചറിയുന്നതിലും വിദഗ്ദ്ധ ഇടപെടൽ ഉറപ്പുനല്കുന്നതിലും മസ്തിഷ്ക പ്രശ്നങ്ങളിൽതന്നെ പിന്നോക്കം നില്ക്കുന്ന പ്രശ്നങ്ങൾ. ആദ്യമേ, വിഷയം ശാസ്ത്രീയമായി പരിഗണിച്ച് ആവശ്യമായ വിദഗ്ദ്ധ ഇടപെടൽ ഉറപ്പ് വരുത്തുകയാണെങ്കിൽ, കൂടുതൽ സങ്കീർണ്ണമായ സാഹചര്യത്തിലേക്ക് വഴുതിപ്പോകാതെ, സ്വാഭാവിക ജീവിതത്തിലേക്ക് ഇവരെ നയിക്കാനാകും.

ശൈശവഘട്ടത്തിൽ തന്നെ, ചികിൽസ നൽകേ ഒരു രോഗമാണ് ശൈശവ മനോരോഗം. ഇത് നേരത്തെ തിരിച്ചറിയുന്നതിലൂടെ ഭാവിയിൽ ബുദ്ധിവൈകല്യത്തിലേയ്ക്കും മനോരോഗത്തിലേക്കും നയിക്കുന്നത് തടയാനാകും. പഠനവൈകല്യത്തിന് പരിഹാര മാർഗ്ഗങ്ങൾ അവലംബിച്ച് ഭാവിയിൽ ഉാകാനിടയുള്ള ബുദ്ധിമാന്ദ്യമെന്ന അവസ്ഥയിൽ നിന്നും കുഞ്ഞുങ്ങളെ രക്ഷപ്പെടുത്താനും ആവും. അതുകൊുതന്നെ, പ്രശ്നങ്ങൾ നേരിടുന്നുവെന്ന്, പഞ്ചായത്ത് പ്രാദേശിക തലത്തിൽ ബോധ്യപ്പെടുന്ന കേസുകൾ റഫർ ചെയ്യുമ്പോൾ, ഓരോ താലൂക്ക് ആശുപത്രിതലത്തിലെങ്കിലും സൗകര്യങ്ങൾ സജ്ജമായിരിക്കണം. ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, പഠനവൈകല്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് പരിഹാര-പരിശീലന മാർഗ്ഗങ്ങൾക്ക് വിവിധ സ്ഥാപനങ്ങളിലേക്ക് നിർദ്ദേശിക്കാമെങ്കിലും, നിലവിൽ ശൈശവ മനോരോഗത്തിന് പരിഹാരം നിർദ്ദേശിക്കുന്ന സ്ഥാപനങ്ങളൊന്നും ലഭ്യമല്ല. അതുകൊുതന്നെ, താലൂക്ക് ആശുപത്രികളിൽ നിർബന്ധമായും, സൈക്കാട്രി വാർഡിനോടനുബന്ധിച്ച് ശിശുമനോരോഗ ക്ളിനിക്കുകൾ സ്ഥാപിക്കുകയും ആവശ്യമായ സേവനം കുട്ടികൾക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം.

## <u>നേരത്തേ കത്തെൽ - ശുപാർശകൾ</u>

- **ബുദ്ധിപരമായ വെല്ലുവിളിയെന്ന ഗുരുതരമായ മസ്തിഷ്കപ്രശ്നമുള്ള കുട്ടികളുടെ ജനനം തടയുന്നതിന് പ്രാഥമിക, ദ്വിതീയ, തൃതീയ പ്രതിരോധ മാർഗ്ഗങ്ങൾ (Primary, Secondary and Tertiary Preventive Measures) ശക്തമായും കാര്യക്ഷമമായും നടപ്പാക്കണം.**

- ഗർഭിണികളായവർക്ക് ആദ്യഘട്ടം മുതൽ കൃത്യമായി രോഗപ്രതിരോധ കുത്തിവെയ്പ്പുകൾ നൽകുന്നു എന്ന് ഉറപ്പുവരുത്താൻ ആശാവർക്കേഴ്സ്, ജ്യോതിസ്, പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ മിഡ്വൈഫുമാർ എന്നിവരുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കണം.
- ജന്മനായുള്ള വൈകല്യങ്ങൾ തിരിച്ചറിഞ്ഞ് വിദഗ്ദ്ധ ഇടപെടലുകൾക്ക് പ്രത്യേകസംവിധാനം ഏർപ്പെടുത്തണം. ഇവർക്കായി പ്രത്യേക ക്ലിനിക്കുകൾ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ മുതൽ തുടങ്ങേതാണ്.
- ഗർഭധാരണത്തിനുമുമ്പായി അമ്മമാർക്ക് ജനിതക കൗൺസിലിംഗ് നൽകുന്നതിന് പ്രാഥമിക ആരോഗ്യകേന്ദ്രം മുതൽ തന്നെ സംവിധാനം ഉായിരിക്കണം.
- കൗമാരപ്രായത്തിലുള്ള ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും വൈകല്യമുള്ളകുഞ്ഞുങ്ങളുാവാനുള്ള സാധ്യതകളെ പ്രതിരോധിക്കുന്നതിനുള്ള വിവാഹപൂർവ്വ കൗൺസിലിംഗ്, സ്കൂൾ, കോളേജ് തലത്തിൽ തന്നെ നൽകുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ നിലവിലുള്ള ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തണം.
- ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, ബഹുവൈകല്യം, ശൈശവ മനോരോഗം, പഠന വൈകല്യങ്ങൾ എന്നീ മസ്തിഷ്ക്ക പ്രശ്നങ്ങൾ ക്രമാതീതമായി വർദ്ധിച്ചുവരുന്ന കേരളീയ സാഹചര്യം ശാസ്ത്രീയമായി പരിശോധിക്കുന്നതിന് സഹായകരമായ ഗവേഷണകേന്ദ്രം കേരളത്തിൽ സ്ഥാപിക്കണം.

- ബുദ്ധിപരമായ വെല്ലുവിളിയുടെ സാന്ദ്രത നിർണ്ണയിക്കുമ്പോൾ നിലവിലുള്ള പ്രാമാണിക പരിശോധനാ മാർഗ്ഗങ്ങൾ ( ടമേിറമൃറശലെറ അലൈൊലിേ ഒലവേീറ) കൂടി കണക്കിലെടുത്ത് നിർണ്ണയരീതി എങ്ങനെ ലഘൂകരിക്കാമെന്ന് മേഖലയിലെ വിഷയവുമായി ബന്ധപ്പെട്ട വിദഗ്ദ്ധരുമായി അലോചിച്ച്, ശാസ്ത്രീയവും എന്നാൽ സങ്കീർണ്ണത കുറഞ്ഞതുമായ മാർഗ്ഗത്തിലൂടെ എത്രയും വേഗം വെല്ലുവിളികൾ നേരിടുന്ന എല്ലാവർക്കും വികലാംഗ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതിനുള്ള അവസരം അടിയന്തിരമായി ഉാക്കണം.

- ബുദ്ധിമാന്ദ്യം, സെറിബ്രൽ പാൾസി, ഓട്ടിസം, ബഹുവൈകല്യം എന്നീ അവസ്ഥകൾ പൂർണ്ണമായും പരിഹരിക്കുന്നതായി ശാസ്ത്രീയമായി തെളിയിച്ചിട്ടില്ലാ

ത്തതിനാൽ, ഈ വിഭാഗത്തിന് പ്രശ്നം നിർണ്ണയിച്ച് ആജീവനാന്ത വികലാംഗ സർട്ടിഫിക്കറ്റ് നൽകണം.

* * *

**കേസ് സ്റ്റഡി**

ഓട്ടിസം ബാധിച്ച കുട്ടികളെ സംബന്ധിച്ചുള്ള പൊതുധാരണ വിദഗ്ദ്ധരിൽ പോലും വളരെ പരിമിതമാണ്. വൈദഗ്ദ്ധ്യമുള്ളവരുടെ അബദ്ധധാരണകൾ കൊ്, പ്രയാസങ്ങൾ അഭിമുഖീകരിക്കുന്ന രക്ഷിതാക്കളുടെ അനുഭവങ്ങൾ കമ്മീഷന് മുന്നിൽ വിശദീകരിക്കപ്പെട്ടു. ഗുൽഷന് ഓട്ടിസത്തിന്റെ ലക്ഷണങ്ങൾ പ്രകടമാക്കപ്പെട്ട ദിനം മുതൽ, ഡോക്ടർമാരിൽനിന്നും ഡോക്ടർമാരിലേക്ക് നിരന്തര അന്വേഷണത്തിലായിരുന്നു രക്ഷിതാക്കൾ. അസാധാരണമായ രീതിയിലുള്ള ഹൈപ്പർ ആക്ടിവിറ്റിയും അസ്വസ്ഥതയും പ്രകടിപ്പിക്കുന്ന കുഞ്ഞ്. ഒട്ടും അതിശയോക്തിയില്ലാതെ പറഞ്ഞാൽ ഈ സവിശേഷത പ്രകടമായ മൂന്നു വയസ്സുമുതൽ, ഇന്ന് 15 വയസ്സിലെത്തിനില്ക്കുന്ന സുദീർഘമായ ഈ കാലയളവിനിടയിൽ ഒരിക്കൽപോലും സ്വസ്ഥതയോടെ കഴിയാൻ, രക്ഷിതാക്കളെ അനുവദിച്ചിട്ടില്ല.

വിവിധ ഡോക്ടർമാരെ സമീപിച്ചു. അലോപ്പതി ഡോക്ടർമാർ, ആയുർവ്വേദ ഡോക്ടർമാർ, ഹോമിയോ ഡോക്ടർമാർ, നാടൻ ചികിൽസ തുടങ്ങി പലതും. നിംഹാൻസ് മുതൽ തെക്കേഇന്ത്യയിലെ മുഴുവൻ വിദഗ്ദ്ധ കേന്ദ്രങ്ങളിലും കുഞ്ഞുമായി ആഴ്ചകളോളവും മാസങ്ങളോളവും പലയിടത്തും താമസിച്ചു. ഗുൽഷന്റെ അച്ഛനും അമ്മയും സർക്കാർ സർവ്വീസിൽ ഉന്നത ഉദ്യോഗം വഹിക്കുന്നവരായതുകൊ്, സാമ്പത്തികമായി പിടിച്ചുനിൽക്കാൻ കഴിയുന്നു എന്നുമാത്രം. വിദഗ്ദ്ധരെ തേടിയുള്ള ഈ നിരന്തര യാത്രകളും ചികിൽസകളും കുട്ടിയിൽ എന്തെങ്കിലും വിധത്തിലുള്ള ഗുണഫലങ്ങൾ ഉാക്കിയെടുക്കാൻ സഹായിച്ചിട്ടില്ല. അമ്മയും അച്ഛനും ആകെ തളർന്നു. ഗുൽഷന്റെ ചേച്ചിയുടെ ഒരു കാര്യത്തിലും രക്ഷിതാക്കൾക്ക് ശ്രദ്ധിക്കാനെ കഴിഞ്ഞിട്ടില്ല.

കുട്ടിയിലെ ആക്രമികത (Aggressiveness) ഏറെ അസഹയനീയമാണ്. വീടാകെ ഇളക്കിമറിച്ചിട്ടിരിക്കുകയാണ്. വീട്ടുപകരണങ്ങളോക്കെ തകർത്തരിക്കുന്നു. കുട്ടിയെ വസ്ത്രം ധരിപ്പിക്കാൻ പോലും കഴിയുന്നില്ല. കഴിഞ്ഞ കുറേവർഷങ്ങളായി, സർക്കാർ ജോലിചെയ്യുന്ന ദമ്പതികൾ ഊഴംവെച്ചാണ് ഉറങ്ങുന്നത്. ഉറക്കമില്ലായ്മ ഈ ദമ്പതികളുടെ ആരോഗ്യത്തെ വല്ലാതെ ബാധിച്ചിരിക്കുന്നു. രക്ത സമ്മർദ്ദവും പ്രമേഹവും രുപേരെയും അത്യധികം അലട്ടുന്നു. ഇപ്പോൾ കുറച്ചുകാലമായി സ്പെഷ്യൽ സ്കൂളിൽ കൊുപോകുന്ന സമയം മാത്രമാണ് ആശ്വാസം. രുപേരും ജോലിക്ക് പോകുമ്പോൾ, ആ സമയം സ്പെഷ്യൽ സ്കൂളിൽ കൊുചെന്നാക്കും. അവരുടെ കാരുണ്യമാണ് ഇന്ന് ഏക ആശ്വാസം.

ഓട്ടിസമെന്ന പ്രശ്നത്തെ സംബന്ധിച്ച് ഇന്ന് സജീവമായ ചർച്ച നടക്കുമ്പോഴും ഗുൽഷനെപ്പോലുള്ള ഓട്ടിസം ബാധിതരെപ്പറ്റി ഏറെയൊന്നും പറഞ്ഞുകേൾക്കുന്നില്ല. ചുരുങ്ങിയ കാല ചികിൽസയിലൂടെയും അതല്ലെങ്കിൽ പരിശീലനത്തിലൂടെയും അത്യൽഭുതങ്ങൾ കലാപരമായും മറ്റും പ്രകടിപ്പിക്കുന്നവർ മാത്രമേ പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽ വരാറുള്ളു. അത്തരം മികച്ച പ്രവർത്തനക്ഷമതയുള്ളവരെ (High Functioning Autism) ആഘോഷപൂർവ്വം പരിഗണിക്കുമ്പോഴും ഭൂരിപക്ഷം വരുന്ന ഗുൽഷൻമാരുടെ പ്രശ്നങ്ങൾക്ക് പരിഗണന ലഭ്യമാവാതെ അവരുടെ രക്ഷിതാക്കൾ നേരിടുന്ന സമാനതകളില്ലാത്ത ദുരന്തങ്ങൾ ആരും അറിയുന്നില്ല. ഇത്തരം നിത്യ പ്രശ്നകാരികളായ കുട്ടികളുടെ കൂടപ്പിറപ്പുകളായ സഹോദരീ സഹോദരന്മാരും മറ്റ് കുടുംബാംഗങ്ങളും അനുഭവിക്കുന്ന പ്രയാസങ്ങൾ ആരും തിരിച്ചറിയപ്പെടാതെ പോകുന്നു.

ഓട്ടിസമെന്ന പ്രശ്നത്തെ സംബന്ധിച്ച് ഇന്നും അന്വേഷണങ്ങൾ പൂർത്തീകരിക്കപ്പെട്ടിട്ടില്ല. കാരണമെന്തെന്നോ, പരിഹാരമെന്തെന്നോ ഒന്നും കൃത്യമായി പറയാൻ ആധുനിക ശാസ്ത്രത്തിന് കഴിഞ്ഞിട്ടില്ല. വിപുലമായ തോതിലുള്ള അന്വേഷണങ്ങളും ഗവേഷണങ്ങളും ലോകമാകെ ത്വരിതഗതിയിൽ നടന്നുവരുന്നുവെന്നതാണ് ആശ്വാസം.

⇨

⇨

ഓരോ ഓട്ടിസബാധിതനും അതുല്യനായ വ്യക്തിയാണ്. അതിനർത്ഥം, മറ്റൊരു ഓട്ടിസമുള്ള കുട്ടിയുമായി വേറൊരാൾക്കും ഒരു വിധത്തിലും സമാനതകളില്ല. ഏതെങ്കിലും പഠന സമ്പ്രദായങ്ങൾ

എല്ലാ ഓട്ടിസ ബാധിതർക്കും ഒരുപോലെ ഫലപ്രദമായി കിട്ടില്ല. അറിഞ്ഞ അനുഭവങ്ങളും പഠിച്ച പാഠങ്ങളുമൊന്നും, ഓട്ടിസബാധിതരെ, പരിശീലിപ്പിക്കുന്നതിനും പഠിപ്പിക്കുന്നതിനും ഉപയുക്തമാകണമെന്നേയില്ല. ഇത് വല്ലാത്തൊരു വെല്ലുവിളിയാണ്. ഡോക്ടർമാരെ സംബന്ധിച്ച് അവർ ഒരു ഓട്ടിസ ബാധിതനു നൽകുന്ന മരുന്ന് മറ്റൊരാൾക്ക് ഗുണകരമായി ഭവിക്കണമെന്നില്ല. അതുകൊണ്ടുതന്നെ, ചികിൽസ, പരിശീലനം എല്ലാംതന്നെ ഓട്ടിസബാധിതരെ സംബന്ധിച്ച് അത്ര ലളിതമായി കൈകാര്യം ചെയ്യാവുന്ന വിഷയങ്ങളല്ല. ചിലപ്പോൾ ഏറെ ദിവസങ്ങളുടെ ശ്രമഫലമായി മാത്രമേ, ചെറിയ ഒരു കാര്യം പോലും പഠിപ്പിച്ചെടുക്കുവാൻ കഴിഞ്ഞു എന്നുവരികയുള്ളൂ. മറ്റുചിലപ്പോൾ പ്രായോഗികമായി ഒരു കുട്ടിയെ സംബന്ധിച്ച് ഫലപ്രദമെന്ന് കരുതിയ മാർഗ്ഗങ്ങൾ മറ്റൊരു കുട്ടിക്ക് ഗുണകരമാകണമെന്നില്ലെന്ന് മാത്രമല്ല, ദോഷകരമായും സംഭവിച്ചേക്കാം. പക്ഷെ, വലിയ മാറ്റങ്ങൾ പലരിലും കാണാനും സാധ്യതകൾ നിലനില്ക്കുന്നു. അതുകൊണ്ടുതന്നെ, സൂക്ഷ്മതയോടെയുള്ള അവധാനതയോടെയുള്ള ഗൗരവപൂർണ്ണമായ സമീപനം ഇവരുടെ പുനരധിവാസ കാര്യത്തിൽ അത്യാന്താപേക്ഷിതമാണ്. സൂഷ്മബുദ്ധിയും അതോടൊപ്പം സമർപ്പണ മനസ്സുമുള്ള പരിശീലകരെ ഈ മേഖലയിൽ അത്യാവശ്യമായും നിയോഗിച്ചാലെ, എന്തെങ്കിലും ഫലപ്രദമായ മാറ്റം പരിശീലനത്തിലൂടെ കുട്ടിക്ക് ആർജ്ജിക്കാനാവൂ.

സുദീർഘവും ക്ഷമാപൂർണ്ണവുമായ പരിചരണത്തിലൂടെ, അത്ഭുതകരമായ മാറ്റം ഓട്ടിസം കുട്ടിയിൽ ഉാക്കിയെടുത്ത അനുഭവമാണ് ഹൈദരാബാദ് സ്വദേശിയായ ജലജ നാരായണന് പങ്കുവെയ്ക്കുവാനുള്ളത്. കൃഷ്ണനാരായൺ എന്ന കുഞ്ഞ്, ഓട്ടിസമെന്ന മസ്തിഷ്ക പ്രശ്നം നേരിടുന്നവനാണെന്ന് തിരിച്ചറിഞ്ഞ മുതൽ പ്രാർത്ഥനാ നിർഭരമായ പരിശ്രമത്തിലൂടെ, മകനെ വളർത്തിയെടുക്കാനുള്ള ശ്രമമായിരുന്നു. എല്ലാവിധ ചികിൽസകളും പരീക്ഷിച്ചെങ്കിലും, അമ്മയുടെ ഉത്തരവാദിത്വത്തോടെയും സ്നേഹത്തോടെയുമുള്ള സമർപ്പിത ജീവിതത്തിന്റെ വിജയഗാഥ കൂടിയാണ്, കൃഷ്ണനാരായൺ എന്ന കുട്ടിയുടെ ജീവിതം.

സൂദീർഘമായ 24 വയസ്സിനു ശേഷമാണ്, കൃഷ്ണനാരായൺ ആദ്യ വാക്കുച്ചരിക്കുന്നതും പൂർണ്ണമായ സംസാര ശേഷി ആർജ്ജിക്കുന്നതും. മുൻവിധികളൊന്നുമില്ലാതെ, മസ്തിഷ്കമെന്ന അത്യൽഭുതകരവും ദുരൂഹവും സങ്കീർണവുമായ അവയവത്തിന്റെ വിസ്മയകരമായ സാധ്യതകൾ ഒരുനാൾ കുഞ്ഞിന് ഓട്ടിസമെന്ന അവസ്ഥ സൃഷ്ടിച്ച തടവറയിൽനിന്നും രക്ഷനേടാൻ സഹാകരമാകുമെന്ന്, ആ അമ്മയ്ക്ക് പൂർണ്ണബോധ്യമുായിരുന്നു. അതുകൊണ്ടുതന്നെ മുൻവിധികളൊന്നുമില്ലാതെ പ്രത്യാശാപൂർണ്ണമായ പരിചരണത്തിൽ, കുഞ്ഞിനെ വളർച്ചയുടെ ഓരോ പടവിലേക്കുമായി കൈപിടിച്ചു നടത്തി. മാതൃത്വത്തിന്റെ ഉജ്ജ്വലവും മഹനീയവുമായ മാതൃക, ജലജനാരായൺ എന്ന കൃഷ്ണനാരായണന്റെ അമ്മയിൽ തുടിച്ചുനിന്നു.

കൃഷ്ണനാരായണൻ എന്ന ഓട്ടിസം ബാധിതനായ വ്യക്തി ഇന്ന് പുസ്തകങ്ങൾ രചിക്കുന്നു. ഓട്ടിസമെന്ന പ്രശ്നം സൃഷ്ടിക്കുന്ന പ്രയാസങ്ങൾ അനുഭവസ്ഥൻ തന്നെ വിവരിക്കുന്ന ആത്മകഥാംശമുള്ള പുസ്തകമാണ് 'പാഴായ പ്രതിഭകൾ' (Wasted Talents) എന്നത്. രാമത്തെയോ മൂന്നാമത്തെയോ പുസ്തക രചനയിലാണ് ഇന്ന് കൃഷ്ണനാരായണൻ. 1994 ൽ സാഹിത്യത്തിനുള്ള നോബൽസമ്മാനം വാങ്ങിയ കെൻ സാബുറോ ഓയ് എന്ന ജപ്പാൻ നോവലിസ്റ്റിന്റെ കഥകളും നോവലുകളുമൊക്കെ വിശദീകരിക്കുന്നത്, പ്രധാനമായും ഹികാരി ഓയ് എന്ന തന്റെ മകനുവേി അദ്ദേഹം നല്കിയ സേവനങ്ങളുടെ ത്യാഗപൂർണ്ണമായ അനുഭവങ്ങളാണ്. ഹിക്കാരി ഓയ് ഇന്ന് ജപ്പാനിൽ മാത്രമല്ല ലോകമാകെ അറിയപ്പെടുന്ന സംഗീത പ്രതിഭയാണ്. ✱

## അദ്ധ്യായം-3

# നേരത്തെയുള്ള ഇടപെടൽ (Early Intervention)

നേരത്തെയുള്ള ഇടപെടൽ (Early Intervention) എന്നത് പുനരധിവാസ പ്രക്രിയയിൽ മറ്റൊരു സുപ്രധാന ഘട്ടമാണ്. ശരിയായ രീതിയിൽ കുട്ടികളിലെ പ്രശ്നങ്ങൾ കത്തെി തിരിച്ചറിഞ്ഞ് കഴിഞ്ഞാൽ, അടുത്തത്, ഏതൊക്കെ, വിദഗ്ദ്ധ ഇടപെടലുകളാണ്, കുട്ടിയുടെ സർവ്വതോന്മുഖമായ വികാസത്തിന് അനിവാര്യമെന്ന് മനസ്സിലാക്കി നടപ്പാക്കുകയാണ്. ഇവിടെ പഠനവിഷയമായ ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, ബഹുവൈകല്യം, ശൈശവ മനോരോഗം, പഠനവൈകല്യം എന്നിവയ്ക്കെല്ലാം പൊതുവായി വേ ഇടപെടൽ സംവിധാനവും സംഘാടനവും അതോടൊപ്പം സവിശേഷമായ ഇടപെടൽ ആവശ്യമുള്ള പ്രശ്നങ്ങളും പരിഗണിക്കപ്പെടേതു്. പൊതുവെ, ഈ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഉാവാനിടയുള്ള അനുബന്ധ പരിമിതികൾ

1. ശാരീരിക ചലനങ്ങൾക്കുള്ള പ്രയാസം
2. സംസാര-ഭാഷാ പ്രശ്നങ്ങൾ
3. ദൈനംദിന ജീവിത നൈപുണികളുടെ പരിമിതി
4. പെരുമാറ്റ പ്രശ്നങ്ങൾ
5. ആരോഗ്യ പ്രശ്നങ്ങൾ എന്നിവയാണ്.

പൂജ്യം മുതൽ അഞ്ചുവയസ്സുവരെയുള്ള ഒരു കാലഘട്ടത്തിലാണ്, മുകളിൽ സൂചിപ്പിച്ച വിദഗ്ദ്ധ ഇടപെടലുകൾ ഉറപ്പുവരുത്തേത്. ഈയൊരു പ്രായത്തിൽ, മസ്തിഷ്കത്തിന്റെ പഠനശേഷി കൂടുതൽ സജീവമായിരിക്കുന്ന കാലഘട്ടമാണ്. അറിവുകളും, കഴിവുകളും പെട്ടെന്ന് പടിച്ചെടുക്കാവുന്ന പ്രായം. പ്രത്യേകിച്ച് മൂന്നുവയസ്സുവരെയുള്ള കാലഘട്ടം മസ്തിഷ്ക സംബന്ധമായ പ്രയാസങ്ങൾ നേരിടുന്നവരെ സംബന്ധിച്ച് ഏറെ അനർഘമായ ഘട്ടമാണ്. ഇതുസംബന്ധിച്ച് നിലവിലുള്ള പഠനങ്ങൾ തെളിയിക്കുന്നത്, മൂന്നുവയസ്സിന് മുമ്പ് പ്രശ്ന പരിഹാരാർത്ഥം വിദഗ്ദ്ധ ഇടപെടൽ ഉറപ്പുവരുത്തുകയാണെങ്കിൽ വൈകല്യത്തിന്റെ സങ്കീർണ്ണത ഭാവിയിൽ 80 ശതമാനം വരെ കുറയ്ക്കാനാകുമെന്നാണ്.

ഇന്ന്, നമ്മുടെ മുന്നിലുള്ള ശയ്യാവലംബികളായ, തീവ്ര-തീക്ഷ്ണ വൈകല്യങ്ങൾ നേരിടുന്നവരെ, അത്തരമൊരവസ്ഥയിൽനിന്നു വിമുക്തമാക്കാവുന്ന സാഹചര്യങ്ങൾ ഉായിരുന്നു. പക്ഷേ, വിദഗ്ദ്ധരുടേയോ, പശ്ചാത്തലസൗകര്യങ്ങളുടേയോ അഭാവം കാരണം, അവരെ സംബന്ധിച്ച് ജീവിതം, യാതനാപൂർവ്വം തള്ളിനീക്കേ ബാധ്യതയായി മാറിയിരിക്കുന്നു. ആധുനിക ഘട്ടത്തിൽ, ഏർളി ഇന്റർവെൻഷൻ മേഖലയിൽ, സാങ്കേതികവിദ്യയുടെ വലിയ സാധ്യതകൾ നിലനില്ക്കുന്നു്. ഓരോ വിദഗ്ദ്ധ മേഖലയും ശാസ്ത്രീയമായി വികാസം പ്രാപിച്ചുകൊിരിക്കുന്നു.

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ പൊതുവെ അഭിമുഖീകരിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ അപസ്മാരം (Epilepsy), സർജറി ആവശ്യമുള്ള വൈദ്യശാസ്ത്ര ഇടപെടൽ, മാനസിക രോഗ പ്രശ്നങ്ങൾ, മറ്റ് ആരോഗ്യ. പ്രശ്നങ്ങൾ എന്നിവയാണ്. അപസ്മാരമെന്ന പ്രശ്നത്തെ നല്ലോരളവിൽ പരിഹരിക്കാനോ നിയന്ത്രിക്കാനോ ഇന്ന് കഴിയുന്നു്. ചില കുട്ടികളെ സംബന്ധിച്ച് നിരന്തരം മരുന്നു കഴിക്കേ സാഹചര്യമുാകും. അപസ്മാരം ശരിയായി ഭേദപ്പെടുത്തുകയോ അല്ലെങ്കിൽ പൂർണ്ണമായും നിയന്ത്രിച്ചു നിർത്തുകയോ ചെയ്തെങ്കിൽ മാത്രമേ, കുട്ടിക്ക് മറ്റ് വളർച്ചാ മേഖലകളിലെല്ലാം അർത്ഥപൂർണ്ണമായ വികാസം നേടിയെടുക്കാൻ കഴിയൂ. അതുകൊുതന്നെ വൈദ്യശാസ്ത്ര സംബന്ധമായ (ന്യൂറോളജിസ്റ്റ്) ഇടപെടൽ എത്രയും നേരത്തെ ഉറപ്പുവരുത്തേതാണ്. വലിയ ചെലവ് വരുന്ന ഗുളികകളല്ലെങ്കിലും, ഇത്തരം മരുന്നുകളുടെ നിയന്ത്രിത വില്പന നിലനിൽക്കുന്നതുകൊ് പലപ്പോഴും പാവപ്പെട്ട കുട്ടികൾക്ക് ഈ മരുന്നുകൾ ലഭ്യമാകുന്നില്ല. സൗജന്യമായി ഇത്തരം മരുന്നുകൾ ഹെൽത്തുസെന്ററുകളിലും, ഇ. എസ്. ഐ. ആശുപത്രികൾ, പ്രാദേശിക ആശുപത്രികൾ എന്നിവയിൽ സൗജന്യമായി ലഭ്യമാകുന്ന സാഹചര്യം ഉാക്കാൻ സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കണം. മസ്തിഷ്ക സംബന്ധമായ വെല്ലുവിളികൾ നേരിടുന്നവരിൽ ഏതാ് 40-50 ശതമാനവും അപസ്മാര ബാധയുടെ പ്രശ്നം നേരിടുന്നവരാണ്.

മസ്തിഷ്ക സംബന്ധമായ പ്രശ്നങ്ങൾ നേരിടുന്നവരിൽ വളരെ വ്യാപകമല്ലെങ്കിലും കു വരുന്ന ഒരു പ്രശ്നമാണ്, മറ്റ് വെല്ലുവിളികളോടൊപ്പമുള്ള മാനസിക രോഗാവസ്ഥ. അതിക്രിയത (Hyper Activity), ശ്രദ്ധക്കുറവുള്ള അതിക്രിയത (Attention Deficit Hyper Activity) തുടങ്ങിയവ. പലപ്പോഴും മരുന്നുകൾ ലഭ്യമാക്കേന്ന അവസ്ഥകളാണിത്. വളരെക്കുറച്ച് പേർക്കേ, ഇത്തരമൊരു സാഹചര്യമുള്ളുവെങ്കിലും മരുന്നുകൾ ഇവർക്ക് ലഭ്യമാവുന്നു എന്ന്

ഉറപ്പു വരുത്തിയില്ലെങ്കിൽ, പിന്നീടുള്ള അവരുടെ എല്ലാ ഘട്ടങ്ങളിലുമുള്ള വളർച്ചകളെ ബാധിക്കും.

മസ്തിഷ്കത്തിനാണ്, പ്രശ്നമെന്നുള്ളതുകൊുതന്നെ, ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർ മറ്റ് ശാരീരിക അസുഖങ്ങൾക്ക് എളുപ്പം കീഴ്പ്പെടുന്നവരാണ്. അവരുടെ ചികിൽസ എന്നത്, ദുരന്തത്തിന്റെ ആഘാതം പേറുന്ന രക്ഷിതാക്കളെ സംബന്ധിച്ച് എളുപ്പമല്ല. സാധാരണ, ആശുപത്രികളിൽ മറ്റ് കുട്ടികളെ ചികിൽസയ്ക്ക് കൊുപോകുന്ന പോലെ ഇവരെ കൊുപോകാനാകില്ല. അതിക്രിയത, ശ്രദ്ധക്കുറവ് മൂലമുള്ള അതിക്രിയത, പെരുമാറ്റ പ്രശ്നം, അപകടകരമായ പെരുമാറ്റ പ്രശ്നങ്ങൾ (Violence, Aggresiveness, Self Injurious in Behaviour) എന്നിവകൊ് ഒരു സെക്കന്റുപോലും ചിലപ്പോൾ ഈ കുട്ടികളെ നിയന്ത്രിക്കാനാവാത്ത അവസ്ഥ രക്ഷിതാക്കൾ നേരിടുന്നു. പൊതു സ്ഥലത്തും അപരിചിത സ്ഥലങ്ങളിലുമൊക്കെ, ഈ കുട്ടികളെയും കൊ് ചികിൽസയ്ക്കായും മറ്റാവശ്യങ്ങൾക്കായും കാത്തിരിക്കുന്ന അവസ്ഥ, രക്ഷിതാക്കളെ സംബന്ധിച്ച് നരകതുല്യമാണ്. നീ ക്യൂവിന് പിറകുവശത്ത് ഇത്തരം കുട്ടികളുടെ സവിശേഷ അവസ്ഥകാരണം, പിടിച്ചുനില്ക്കുക എന്നത്, മനുഷ്യസാധ്യമായ സാഹചര്യമല്ല. മസ്തിഷ്ക സംബന്ധമായ പ്രശ്നങ്ങൾ മൂലമുള്ള ചില സവിശേഷ അവസ്ഥകൾ, കുട്ടികളുടെ സ്വഭാവത്തിൽ വിചിത്രമെന്ന് തോന്നുന്ന പ്രതികരണങ്ങൾ ഉാക്കാം. ശബ്ദമാനമായ സാമൂഹികാവസ്ഥ, ജനനിബിഡമായ സാഹചര്യങ്ങൾ, അപരിചിതമായ ചുറ്റുപാട് ഇവയെല്ലാം കുട്ടികളിൽ അസാധാരണമായ പെരുമാറ്റ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ചില ഭ്രമാവസ്ഥകൾ (Syndromes) ഉാക്കാറു്. ഇത്തരം കുട്ടികളെ സാധാരണനിലയിൽ നിയന്ത്രിക്കാൻ പോലും കഴിയാതെ, രക്ഷിതാക്കൾ പൊതു സ്ഥലങ്ങളിൽ വലയുകയും, അപഹാസ്യരാകുകയും, മറ്റുള്ളവരിൽനിന്ന് പഴികേൾക്കുകപോലും ചെയ്യാറു്. അതുകൊുതന്നെ, ആശുപത്രികളിൽ ഇവരെ വരിനിർത്താതെ തന്നെ, മുൻഗണനയും പരിഗണനയും നൽകി, എത്രയും പെട്ടന്ന് ചികിൽസാ സൗകര്യം ഉറപ്പുവരുത്താൻ സർക്കാർ പ്രത്യേക ഉത്തരവിലൂടെ നിർദ്ദേശം നല്കേതാണ്.

മസ്തിഷ്ക സംബന്ധമായ കുഞ്ഞുങ്ങളുടെ എല്ലാ ചികിൽസയും (ഓപ്പറേഷനുൾപ്പെടെ) വരുമാന പരിധി നോക്കാതെ പൂർണ്ണമായും സൗജന്യമായി നല്കുക എന്നത്, എത്രയും പെട്ടെന്ന് നടപ്പാക്കേ ഒരു ഭരണ തീരുമാനമാണ്.

ഫിസിയോതെറാപ്പി എന്നത്, മസ്തിഷ്ക സംബന്ധമായ പ്രശ്നമുള്ളവരെ സംബന്ധിച്ച് സ്വാഭാവിക ശാരീരിക വളർച്ച നേടിയെടുക്കാൻ അനിവാര്യമായും വേ ഒരു പരിശീലന പദ്ധ

തിയാണ്. ആവശ്യത്തിന്, ഫിസിയോതെറാപ്പി സെന്ററുകൾ ഇന്ന് സംസ്ഥാനത്ത് ലഭ്യമല്ല. സ്വകാര്യ സ്ഥാപനങ്ങൾ നടത്തുന്ന ഫിസിയോതെറാപ്പി സെന്ററുകൾ സാധാരണക്കാർക്ക് അപ്രാപ്യമാണ്. നേരത്തേതന്നെ ഫിസിയോ തെറാപ്പി നല്കാനുള്ള സൗകര്യം ഓരോ ഹെൽത്തുസെന്ററുകളിലും ഏറ്റവും ചുരുങ്ങിയത് താലൂക്ക് ആശുപത്രി തലംവരെയെങ്കിലും ഉാകേതു്. വലിയൊരു സാമ്പത്തിക ബാധ്യത വരാത്ത, ഇത്തരം സെന്ററുകളിലൂടെ, വലി യൊരു വിഭാഗം കുട്ടികൾക്ക് പരിശീലനം നേടാനുള്ള അവസരം ഉാകും. ത്രിതല പഞ്ചായ ത്തുകളുടെ സാമ്പത്തിക സഹായത്തോടെ, വളരെ എളുപ്പത്തിൽ വലിയ സാമ്പത്തിക ബാധ്യത ഇല്ലാതെ, ഏറ്റവും അത്യാവശ്യ ഉപകരണങ്ങൾ സംഘടിപ്പിച്ച് പഞ്ചായത്തുകൾ തോറും ഓരോ ഫിസിയോതെറാപ്പി സെന്ററുകൾ സ്ഥാപിക്കുകയെന്നത് ഒട്ടും പണച്ചെലവേ റിയ കാര്യമല്ല.

ഇപ്പോൾ കേരളത്തിൽ സ്വകാര്യ മേഖലയിൽ ഒട്ടേറേ ഫിസിയോതെറാപ്പികോഴ്സുക ളുടെ പരിശീലന കേന്ദ്രങ്ങളു്. പക്ഷേ സർക്കാർ മേഖലയിൽ, മെഡിക്കൽ കോളേജുകൾ കേന്ദ്രീകരിച്ച് ഇത്തരം കോഴ്സുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാ ണ്.

ഒക്കുപ്പേഷണൽ തെറാപ്പി എന്നത്, വികലാംഗ പുനരധിവാസ പ്രക്രിയയിൽ അനുവാര്യ മായും വേ വിദഗ്ദ്ധ സേവനമാണ്. ആ സേവനം പക്ഷേ, കേരളത്തിൽ അത്യപൂർവ്വമായ ഒരു വിദഗ്ദ്ധമേഖലയാണ്. സർക്കാർ മേഖലയിലുള്ള ആശുപത്രികളോടനുബന്ധി ച്ചുപോലും ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റുകളെ നിയമിക്കാൻ കഴിയുന്നില്ല. ഓട്ടിസം പോലുള്ള പ്രശ്നങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, ഓട്ടിസമുള്ളവരെ പുനരധിവസി പ്പിക്കുന്നതിൽ, അത്യാവശ്യം വേ, വിദഗ്ദ്ധവിഭാഗമെന്ന നിലയ്ക്ക് ഒക്കുപേഷണൽ തെറാപ്പി സ്റ്റുകളെ ആവശ്യത്തിന് ലഭ്യമാവുന്ന സാഹചര്യം ഉാകണം. സർക്കാർ മെഡിക്കൽ കോളേജു കളോടനുബന്ധിച്ച് ഒക്കുപ്പേഷണൽ തെറാപ്പി കോഴ്സുകൾ അടിയന്തിരമായി സർക്കാർ തുടങ്ങേതു്.

സംസാരഭാഷാ പ്രാവീണ്യം ആർജ്ജിക്കാനുള്ള പരിശീലനം നല്കുന്നതിനുള്ള വിദഗ്ദ്ധ സേവനദാതാക്കളുടെ അഭാവം, വളരെയേറെയാണ് കേരളത്തിൽ. സ്വകാര്യ മേഖലയിലും തിരുവനന്തപുരം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന 'നിഷി'ലും ഇവരെ വാർത്തെടുക്കുന്ന കോഴ്സുകളുങ്കെിലും അതൊന്നും നിലവിലുള്ള ആവശ്യങ്ങൾ പരിഹരിക്കുന്നതിന് പ ര്യാപ്തമല്ല. ഭാഷാ-സംസാര മേഖലയിലെ ബിരുദ- ബിരുദാനന്തര കോഴ്സുകൾ പാസ്സായ

ശേഷം മറ്റു രാജ്യങ്ങളിലും മറ്റ് സംസ്ഥാനങ്ങളിലുമാണ് കൂടുതൽ പേരും എത്തിച്ചേരുന്നത്. കേരളത്തിൽ അവരെ സംബന്ധിച്ച് സേവന-വേതന വ്യവസ്ഥകളൊന്നും ഒട്ടും ആകർഷകമല്ല. ഇത്തരം വിദഗ്ദ്ധരുടെ സേവനം ഇനിയുമേറെ നമ്മുടെ സംസ്ഥാനത്തിലെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കാവശ്യമു്. അതുകൊുതന്നെ, ഇത്തരം വിദഗ്ദ്ധരെ ഇവിടെത്തന്നെ നിലനിർത്താൻ സേവന-വേതന വ്യവസ്ഥകൾ അവസരോചിതമായി പരിഷ്കരിക്കുകയും, കൂടുതൽ സർക്കാർ ആശുപത്രികളോടനുബന്ധിച്ച് ഇത്തരം പ്രൊഫഷണൽ കോഴ്സുകൾ തുടങ്ങി കൂടുതൽ പേരെ ഈ രംഗത്ത് പ്രവർത്തിക്കാനുള്ള അവസരമൊരുക്കാൻ സർക്കാർ സന്നദ്ധമാകണം.

നിലവിൽ, സ്വകാര്യ മേഖല നടത്തുന്ന സംസാര-ശ്രവണ-ഭാഷാ പരിശീലന കേന്ദ്രങ്ങൾ, സാധാരണക്കാർക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും അപ്രാപ്യമാണ്. ഒരു മണിക്കൂർ സേവനത്തിന് തന്നെ വലിയ ഫീസ് കൊടുക്കേിവരുന്നുവെന്ന് പല രക്ഷിതാക്കളും ആക്ഷേപമറിയിച്ചു. ഇത്തരത്തിലുള്ള ആരോഗ്യസേവന മേഖലയെ പൂർണ്ണമായും സ്വകാര്യമേഖലയ്ക്ക് മാത്രമുള്ള പ്രവർത്തന കേന്ദ്രമായി മാറ്റിനിർത്തുന്നത്, നിസ്സഹായരും ദരിദ്രരുമായ രക്ഷിതാക്കളെ ചൂഷണം ചെയ്യാനുള്ള അവസരമൊരുക്കുന്നു. സ്വകാര്യ മേഖലയെ ഈ രംഗത്ത്. പരമാവധി പ്രോൽസാഹിപ്പിക്കുമ്പോൾ തന്നെ അവർ ചുമത്തുന്ന ഫീസിനും മറ്റും കൃത്യമായ മാർഗ്ഗരേഖകൾ പുറപ്പെടുവിക്കാൻ സർക്കാർ സന്നദ്ധമാവകണം. അതോടൊപ്പം തന്നെ, പൊതുമേഖലയിൽ, പരമാവധി സ്ഥാപനങ്ങൾ തുറക്കുന്നതിന് സർക്കാർ സന്നദ്ധമാകുകയും വേണം. ഇത്തരത്തിലുള്ള സംവിധാനങ്ങളൊക്കെ, പണംമുടക്കി നേടിയെടുക്കുകയെന്നത്, ബുദ്ധിപരമായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികളുള്ള കുടുംബങ്ങളെ സംബന്ധിച്ച് സാധ്യമല്ല. ഇത്തരത്തിലുള്ള ഒരു കുട്ടിക്ക് ആരോഗ്യ പരിരക്ഷയ്ക്കായി പലപ്പോഴും സാധാരണ കുട്ടികളിൽനിന്നു വ്യത്യസ്തമായി 14-15 ഇരട്ടി ചെലവുകൾ, മരുന്നിനും മറ്റുമായി ആവശ്യമായി വരുന്നു എന്നതാണ് ഒരു ഏകദേശ കണക്ക്.

കുട്ടികളുടെ സാന്നിദ്ധ്യം കൊുാകുന്ന മാനസ്സിക സംഘർഷത്തോടൊപ്പം സാമ്പത്തിക പ്പരത്തവും ഇത്തരം കുടുംബങ്ങൾ അനുഭവിക്കുന്നതിനൊരു പ്രധാന കാരണം, അത്യാവശ്യം വേ അടിസ്ഥാന സേവനങ്ങളൊന്നും സൗജന്യമായി ലഭ്യമാകുന്ന ഒരു സാഹചര്യം ഇല്ലാത്തതുകൊാണ്. പലപ്പോഴും ഇത്തരം സേവനങ്ങൾ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരെ സംബന്ധിച്ച്, ലഭ്യമല്ലാതെ വരുന്നതുകൊ്, കുട്ടികളുടെ പുനരധിവാസത്തിനും സ്വാഭാവിക വളർച്ചയ്ക്കുമൊക്കെ വലിയ തോതിലുള്ള തടസ്സങ്ങൾ ഉാകുന്നു. നിരാ

ലംബരായ വലിയൊരു ജനതയെ കൂടുതൽ പ്രയാസത്തിലേക്ക് തള്ളിവിടാതെ, പരമാവധി പരിരക്ഷ ഉറപ്പുവരുത്താനുള്ള ബാധ്യത, ഭരണകൂടം ഏറ്റെടുത്തേ മതിയാകൂ.

പെരുമാറ്റ പ്രശ്നങ്ങളാണ്, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ പ്രകടിപ്പിക്കുന്നമറ്റൊരു പ്രധാന പ്രശ്നം. ഗുരുതരമായ ഒട്ടേറെ പെരുമാറ്റ പ്രശ്നങ്ങളിൽ ഇത്തരം കുട്ടികളിൽ കൂടുതലായി കുവരുന്നു. അവ പരിഹരിക്കുന്നതിന്, ആധുനിക മനശ്ശാസ്ത്ര സങ്കേതങ്ങൾ ഇന്ന് ലഭ്യമാണ്. അസ്വാഭാവിക മാനസികാവസ്ഥ നേരത്തേ കത്തെുന്നതിനും, അവയ്ക്ക് അനുയോജ്യമായ പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനും, മനശ്ശാസ്ത്ര വിദഗ്ദ്ധരുടെ സേവനം, എത്രയും പെട്ടെന്നുതന്നെ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുവാൻ, ആവശ്യത്തിന് വിദഗ്ദ്ധരുടെ നിയമനവും താലൂക്ക് തലത്തിലുള്ള ആശുപത്രികളിലെങ്കിലും ഉായിരിക്കണം.

## നേരത്തെയുള്ള ഇടപെടൽ- ശുപാർശകൾ

- ഈ പഠന റിപ്പോർട്ടിൽ ശുപാർശചെയ്തിരിക്കുന്ന ബുദ്ധിപരമായ വെല്ലുവിളികളുമായി ബന്ധപ്പെട്ട സംസ്ഥാനതല ഉന്നത കേന്ദ്രത്തിന്റെ മാർഗ്ഗനിർദ്ദേശത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഏർളി ഇന്റെർവെൻഷൻ സെന്ററുകൾ തുടങ്ങേതാണ്.
- ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ പെരുമാറ്റ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താലൂക്ക് തലത്തിൽ റീഹാബിലിറ്റേഷൻ/ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം ഉറപ്പാക്കണം.
- ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ ദൈനംദിന കഴിവുകൾക്കും പ്രാഥമിക കൃത്യങ്ങൾക്കുമുള്ള പരിശീലനം എത്രയും നേരത്തെ ആരംഭിക്കണം. വീടുകളിൽവെച്ച് പരിശീലനം നടത്തുന്നതിനുള്ള പരിശീലന പാക്കേജുകൾ ഡിജിറ്റൽ സാങ്കേതികത, ഇന്റെർനെറ്റ്, എന്നിവയിലൂടെ വീടുകളിലെ കംപ്യൂട്ടർ, ടി.വി വഴി ലഭ്യമാക്കണം. ഇതിനുള്ള സംവിധാനം സംസ്ഥാന ഉന്നതതല കേന്ദ്രം പ്രധാനകേന്ദ്രമാക്കി സി.ഡിറ്റ്, സിഡാക്ക് ഐ.ടി. മിഷൻ ഇവയുടെ സഹായത്തോടെ നടപ്പാക്കേതാണ്.

- ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് രോഗപ്രതിരോധ, മാനസികാരോഗ്യ മരുന്നുകൾ സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
- ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് ഫിസിയോതെറാപ്പി, ഓക്കുപേഷണൽ തെറാപ്പി, സ്പീച്ച് തെറാപ്പി എന്നിവയ്ക്കുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.
- ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് നേരത്തെയുള്ള വിദഗ്ദ്ധ ഇടപെടലിനോടൊപ്പം ആവശ്യമായ സഹായ ഉപകരണങ്ങളും ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഉായിരിക്കണം.
- ഏർളി ഇന്റർവെൻഷൻ യൂണിറ്റുകളിൽ ഓട്ടിസം നിർണ്ണയിക്കുന്നതിനുള്ള സംവി ധാനം ഉായിരിക്കണം.

***

**<u>കേസ് സ്റ്റഡി</u>**

ഇപ്പോൾ പത്തുവയസ്സുള്ള സമർത്ഥനായ അഷ്കർ മുജീബിന്റെ ജീവിതത്തെ മാറ്റിമറിച്ചത്, സെറിബ്രൽ പാൾസി അനുഭവിച്ചുകൊിരുന്ന ആ കുട്ടിയുടെ ജീവിതത്തിൽ വിദഗ്ദ്ധസേവനം നേരത്തെ ഉറപ്പുവരുത്തിയതുകൊുമാത്രമാണ്. ഏറണാകുളത്തു താമസിക്കുന്ന അഷ്കർ ഇന്ന് അറിയപ്പെടുന്ന അഭിനേതാവാണ്. 'മായാമാധവം' എന്ന ഭക്തി വീഡിയൊ ആൽബത്തിൽ, 'എന്ത് പറയും ഞാൻ...' എന്ന ഗാനരംഗങ്ങളിലെ അഷ്കറിന്റെ അഭിനയ മികവ് അസാധാരണമെന്ന് ആരും സമ്മതിക്കും. സെറിബ്രൽ പാൾസിയെന്ന മസ്തിഷ്ക സംബന്ധമായ വിഷയത്തെ അവിദഗ്ദ്ധമായി കൈകാര്യം ചെയ്യുകയോ അതല്ലെങ്കിൽ ഈ പ്രശ്നത്തോട് അലസമായ സമീപനം സ്വീകരിക്കുകയോ ചെയ്തിരുന്നെങ്കിൽ, ആ കുട്ടിയിൽ ഒളിഞ്ഞിരുന്ന കലാവൈഭവത്തെ ആരാലും തിരിച്ചറിയപ്പെടാതെ പോയേനേ! പ്രശസ്ത സംവിധായകൻ ശ്രീ. വിനയൻ സംവിധാനം ചെയ്ത 'രഘുവിന്റെ സ്വന്തം റസിയ' എന്ന സിനിമയിലെ അഭിനയത്തിലൂടെ, അഷ്കർ വ്യത്യസ്ത കഴിവുകളുള്ള വ്യക്തിയെന്ന പദാവലിയെ അന്വർത്ഥമാക്കിയിരിക്കുന്നു.

നേരത്തെ തന്നെ അതായത്, ഒന്നരവയസ്സിൽ തന്നെ, അഷ്കറിന്റെ സെറിബ്രൽ പാൾസിയെന്ന പ്രശ്നത്തെ അഭിസംബോധന ചെയ്യാൻ, വിദഗ്ദ്ധ ഇടപെടലുകൾ ഉറപ്പുവരുത്താൻ കഴിഞ്ഞുവെന്നതാണ്, ജീവിത വിജയത്തിന് നിദാനമായത്. അഷ്കറിന്റെ ബുദ്ധിനിലവാരത്തിന് യാതൊരു കുറവുമുായിരുന്നില്ല. പക്ഷെ, 4 വയസ്സിൽ തന്നെ, ബഹുതല അസ്ഥിസംബന്ധ ശസ്ത്രക്രിയകൾക്ക് അഷ്കറിനെ വിധേയനാക്കേിവന്നു. നിരന്തരമായ ഫിസിയോതെറാപ്പിയുടേയും പരിശീലനത്തിന്റെയും സഹായത്താൽ, ഇന്ന് സാധാരണ സ്കൂളിൽ പഠിക്കുന്ന അഷ്കർ പഠനകാര്യത്തിലും പാഠ്യേതര വിഷയത്തിലുമെല്ലാം മുൻപന്തിയിലാണ്.

നേരത്തെതന്നെ തിരിച്ചറിഞ്ഞ്, വിദഗ്ദ്ധ സേവനം ഉറപ്പുവരുത്തി ജീവിതത്തിൽ വൻനേട്ടങ്ങൾ കൊയ്തെടുത്ത വെല്ലുവിലികൾ നേരിടുന്ന ഒട്ടേറെ അത്യപൂർവ്വ വ്യക്തിത്വങ്ങൾ നമുക്കുചുറ്റുമു്. അന്ധത, ബധിരത എന്നീ രു വെല്ലുവിളികളെ അതിജീവിച്ച് ലോകത്തിന്റെ നെറുകയിൽ അസാമാന്യ

⇨

⇨

പ്രതിഭയായി ജീവിച്ച ഹെലൻ കെല്ലറുടേയും ഹെലൻ കെല്ലറെ വളർത്തിയെടുത്ത അധ്യാപികയായ ആൻ സള്ളിവൻ എന്ന പ്രതിഭയുമൊക്കെ ഇന്നെല്ലാവർക്കും സുപരിചിതരാണ്. ആ ജീവിതം നമുക്ക് നല്കുന്ന സന്ദേശം, ഓരോ ജീവിതത്തിനും, അത് എത്ര പരിമിതികൾ ഉള്ളതാണെങ്കിലും അനന്തമായ വിസ്മയകരമായ സാധ്യതകൾ ഒളിഞ്ഞിരിക്കുന്നതാണെന്നാണ്.

ആൻ എന്ന, ഇംഗ്ളിൽ ഇന്നും ജീവിക്കുന്ന എഴുത്തുകാരിയുടെ ജീവിതവും നമ്മോടുപറയുന്നത് മറ്റൊന്നുമല്ല. ജനിച്ചപ്പോൾ, ആഴ്ചകളുടെ ആയുസ് ഔദാര്യപൂർവ്വം അനുവദിച്ചു നല്കിയ ഭിഷഗ്വര ന്മാരെ അതിശയിപ്പിച്ചുകൊ് ഇന്നും മഹാപ്രതിഭയായി ജീവിക്കുന്നു. ആനിഎന 'പച്ചക്കറി' യെന്ന അവ സ്ഥയെന്ന് അവജ്ഞയോടെ അവഗണിച്ചവർക്ക്, തന്റെ മസ്തിഷ്കത്തിന്റെ വിസ്മയാവഹമായ പ്രവർത്തനത്തിലൂടെ അതിജീവനത്തിന്റെ പുതിയ മാതൃക കാണിച്ചുകൊടുത്തു ആൻ. ഇന്നും കൈകാ ലുകൾ പ്രവർത്തനക്ഷമമല്ലെങ്കിലും, നാല്പതിലേറേ ശസ്ത്രക്രിയകളിലൂടെ- അതും 14 വയസ്സിനു മുമ്പുത ന്നെ- അനുഭവിച്ച പീഡകളെ ഇച്ഛാശക്തികൊ് അതിജീവിച്ച് തലയിലൊരു കമ്പ് കെട്ടി ടൈപ്പുറൈറ്ററിൽ

അക്ഷരങ്ങളും വാക്കുകളും സൃഷ്ടിച്ച്, അവയിൽ കവിത നിറച്ച് ആൻ ഇന്നും ലോകത്തോട് സജീവമായി സംവദിക്കുന്നു. എല്ലാറ്റിനും സാക്ഷിയായി, നിദാന്തമായ പ്രാർത്ഥനാരൂപമായി, അമ്മയെന്ന വാക്കിന്റെ പൊരുളും ചൈതന്യവും സ്വാംശീകരിച്ച ആനിന്റെ മാതാവ്, പ്രതീക്ഷകളെ അസ്തമിക്കാനനുവദിക്കാതെ, ശുഭകരമായത് സംഭവിക്കുമെന്ന നിറഞ്ഞ പ്രത്യാശയോടെ മകൾക്ക് അർത്ഥപൂർണ്ണമായ ഒരു ജീവിതം പ കർന്നുനൽകി. അടിമുടി കവിത നിറഞ്ഞ ജീവിതം. തീഷ്ണമായ വൈകല്യത്തിന്റെ തടവിൽ നമുക്കിട യിൽ ആരുടെയെല്ലാമോ ജീവിതം പൊലിഞ്ഞുപോയോ? എത്രയോ ആൻമാരെന്ന സാധ്യത ഇവരിലുമി ല്ലായിരുന്നോ? ✱

## അദ്ധ്യായം-4

# വിദ്യാഭ്യാസം (Education)

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസ രംഗം വളരെ സങ്കീർണ്ണമായ ഒരു മേഖലയാണ്. ഒട്ടേറെ സൈദ്ധാന്തിക വിദ്യാഭ്യാസ പ്രശ്നങ്ങളും പ്രായോഗിക യാഥാർത്ഥ്യങ്ങളുമൊക്കെ കെട്ടുപിണഞ്ഞു കിടക്കുന്ന, വിവാദപരമെന്ന് ആശങ്കപ്പെടാവുന്ന ഒട്ടേറെ വിഷയങ്ങൾ ഉൾക്കൊള്ളുന്ന സവിശേഷ മേഖലയാണിത്. ഏറ്റവും ലളിതമായി പറഞ്ഞാൽ, ഇത്തരത്തിലുള്ള കുട്ടികളുടെ വിദ്യാഭ്യാസപരമായ കേരളീയ സങ്കൽപ്പം ഇനിയും ആരംഭിക്കാനിരിക്കുന്നതേയുള്ളൂ.

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കുൾപ്പടേ എല്ലാവർക്കും ഒന്നാണ്, നാളെയുടെ സർഗ്ഗാത്മക പൗരത്വത്തിലേക്ക് വ്യക്തിയെ വികസിപ്പിക്കുക. ഈ കാര്യത്തിൽ, നിലവിൽ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസ പദ്ധതികളും പരിപാടികളും ഏതെങ്കിലും വിധത്തിലുള്ള സംഭാവനകൾ ചെയ്തുവരുന്നു എന്ന് ആരും അവകാശപ്പെടാനിടയില്ല. ഇന്ന് സവിശേഷതയുള്ള കുട്ടികൾക്ക് വേിയുള്ള വിദ്യാഭ്യാസ മേഖലയുടെ അവസ്ഥ, അശാസ്ത്രീയവും, അരാജകവും അസ്വസ്ഥജനകവുമാണ്,

നിലവിൽ കേരളത്തിൽ, ഈ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ (സ്പെഷ്യൽ സ്കൂളുകൾ) എല്ലാംതന്നെ നടത്തുന്നത്, സ്വകാര്യ-സന്നദ്ധ സംഘടനകളാണ്. വിദ്യാഭ്യാസ ലക്ഷ്യത്തോടെ, സർക്കാർ നേരിട്ട് നടത്തുന്ന ഏക സ്ഥാപനം, തിരുവനന്തപുരം പാങ്ങപ്പാറയിലുള്ള, 'സി. എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ്' (SIMC) ആണ്. കേരളത്തിലാകെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്ക് വേിയുള്ള സർക്കാർ അംഗീകാരമുള്ള സ്പെഷ്യൽ സ്കൂളുകളുടെ എണ്ണം 275 ആണ്. ഈ സ്പെഷ്യൽ സ്കൂളുകളിൽ എല്ലാംകൂടി 20,000 കുട്ടികളാണ് പഠിച്ചുവരുന്നത്.

എട്ട് ലക്ഷത്തിലധികം വരുന്ന ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരിൽ നാലുലക്ഷത്തിനും അഞ്ച് ലക്ഷത്തിനും ഇടയിലുള്ളവർ വിദ്യാഭ്യാസ പ്രായത്തിലുള്ളവരാണെന്ന് കരുതേിയിരിക്കുന്നു. അവരിൽ സ്പെഷ്യൽ സ്കൂളിലും ജനറൽ സ്കൂളിലുമായി പഠിക്കുന്നവരുടെ എണ്ണം ചെറിയൊരു ശതമാനം മാത്രമാണ്. പൊതു വിദ്യാഭ്യാസ വകുപ്പിനുകീ

ഴിൽ സർവ്വ ശിക്ഷാ അഭിയാൻ പ്രോജക്ടിന്റെ സഹായത്തോടെ, സാധാരണ സ്കൂളുകളിൽ 1-ാം ക്ളാസ്സ് മുതൽ 12-ാം ക്ളാസ്സുവരെ പഠിക്കുന്ന ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ ആകെ എണ്ണം ഏതാ് ഒന്നേകാൽ ലക്ഷം വരും.

കേരളത്തിലെ എല്ലാ ജില്ലകൾക്കും വേി 10 ജില്ലാകേന്ദ്രങ്ങളിൽ വെച്ച് നടത്തിയ സിറ്റിംഗുകളിൽനിന്നും ലഭ്യമായ പരാതികൾ സൂചിപ്പിക്കുന്നത്, നിലവിലുള്ള വിദ്യാഭ്യാസ സാഹചര്യം ഒന്നുംതന്നെ ഒരുവിധത്തിലും തൃപ്തികരമല്ലെന്നാണ്. കമ്മീഷന് ലഭ്യമായ 7000 ത്തിലധികം രേഖകളിൽ ഉന്നയിക്കപ്പെടുന്നത് 400 പ്രശ്നങ്ങളാണ്. ഈ 400 പ്രശ്നങ്ങളിൽ പകുതി പ്രശ്നങ്ങളും വിദ്യാഭ്യാസ മേഖലയെ മാത്രം ഊന്നിയുള്ളതായിരുന്നു. കേരളം പോലുള്ള പ്രദേശത്ത്, വിദ്യാഭ്യസമെന്ന വിഷയം, അത് സാധാരണ വിദ്യാഭ്യാസമായാലും സവിശേഷ വിദ്യാഭ്യാസമായാലും, രക്ഷിതാക്കൾ എത്രമാത്രം ഗൗരവത്തോടെയാണ് സമീപിക്കുന്നത് എന്നതിന്റെ സൂചനയാണിത്.

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്പെഷ്യൽ സ്കൂളുകളിൽ ബഹുഭൂരിപക്ഷവും ബുദ്ധിമാന്ദ്യമുള്ളവർക്ക് വേിയുള്ളതാണ്. ഓട്ടിസം, സെറിബ്രൽ പാൾസി, ബഹുവൈകല്യം, (ബധിരാന്ധത) എന്നീ വിഭാഗങ്ങൾക്ക്, പ്രത്യക കേന്ദ്രങ്ങൾ നടക്കുന്നു്. ശൈശവ മനോരോഗം, പഠന വൈകല്യം എന്നിവർക്കുള്ള പ്രത്യേക വിദ്യാഭ്യാസ കേന്ദ്രങ്ങൾ നിലവിലുള്ളതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല.

നിലവിൽ കേരളത്തിൽ, സ്പെഷ്യൽ സ്കൂളുകൾ, പ്രത്യേകിച്ച് ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കായി, നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു്. എങ്കിലും, സമൂഹത്തിന്റെയും പ്രത്യേകിച്ച് സർക്കാരിന്റെയും സഹായവും നിയന്ത്രണവും ഇവയ്ക്കില്ല. അതുകൊുതന്നെ, ഒറ്റപ്പെട്ട പക്ഷെ വിലപ്പെട്ട, സ്പെഷ്യൽ സ്കൂൾ സേവനങ്ങളിലൂടെ, ആത്യന്തിക ഫലം സമൂഹത്തിന് ലഭ്യമാകാത്ത സാഹചര്യമാണ് നിലവിലുള്ളത്.

## <u>കാഴ്ച, കേൾവി, ചലന വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസം</u>

ബുദ്ധിപരമായി വെല്ലുവിളികൾ നേരിടുന്നവരല്ലാതെ, മറ്റ് ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യർത്ഥികളുടെ വിദ്യാഭ്യാസ മേഖല കേരളത്തിൽ പ്രായേണ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് മികച്ച നിലയിൽത്തന്നെ പ്രവർത്തിക്കുന്നുന്നെുവേണം വിലയിരുത്താൻ. കൃത്യമായ നിയമ-മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വ്യവസ്ഥിതമായാണ്," അന്ധർ,

ബധിരർ, മറ്റ് ശാരീരിക ചലന വൈകല്യമുള്ളവർ തുടങ്ങിയവർക്കുള്ള വിശേഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിൽ പ്രവർത്തിച്ചുവരുന്നത്.

മറ്റ് വികലാംഗ വിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നുകിൽ സർക്കാർ നേരിട്ട് നടത്തുന്നതോ അല്ലെങ്കിൽ എയ്ഡഡ് പദവിയിൽ നടത്തുന്നതോ ആണ്. സർക്കാർ നിയന്ത്രണത്തിലായാലും എയ്ഡഡ് മേഖലയിലായാലും ഈ സ്ഥാപനങ്ങളിലെ വികലാംഗ വിദ്യാർത്ഥികൾക്ക്, സൗജന്യ വിദ്യാഭ്യാസം ലഭ്യമാവുന്നുവെന്ന് ഉറപ്പുവരുത്താൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. ഈ വിദ്യാർത്ഥികൾക്ക്, സൗജന്യ വിദ്യാഭ്യാസ സൗകര്യം മാത്രമല്ല നൽകുന്നത്, ഹോസ്റ്റൽ, സ്കോളർഷിപ്പ്, വസ്ത്രം, മെഡിസിൻ തുടങ്ങി എല്ലാ ചെലവുകളും സർക്കാരാണ് വഹിക്കുന്നത്. ഇത്തരം സവിശേഷ വിദ്യാലയങ്ങളിലെ അദ്ധ്യാപകർ ഉൾപ്പടെയുള്ള ജീവനക്കാർക്ക്, മറ്റ് സാധാരണ വിദ്യാലയങ്ങളിലെ ജീവനക്കാർക്ക് കിട്ടുന്നതിനേക്കാൾ അധികവേതനവും ലഭ്യമാവുന്നുണ്ട്. കാഴ്ച-കേൾവി-ചലന വെല്ലുവിളികൾ നേരിടുന്നവർക്ക് കേരളത്തിലെ വിദ്യാഭ്യാസ അവസ്ഥ സമ്പൂർണ്ണമായി തൃപ്തികരമാണെന്നും ഇനിയൊന്നും അധികമായി ചെയ്യാനില്ലെന്നുമുള്ള ധ്വനി മേൽ പ്രസ്തവനകളിലില്ല. കാലികമായ ഒട്ടേറെ മാറ്റങ്ങൾ ആവശ്യപ്പെടുന്ന, പരിഹരിക്കപ്പെടേണ്ട വിവിധ വിഷയങ്ങൾ ആ വിദ്യാഭ്യാസ മേഖലയിലും നിലനില്ക്കുന്നുണ്ടെങ്കിലും കേരളത്തിലെ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ വിദ്യാഭ്യാസ സാഹചര്യം പരിഗണിക്കുമ്പോൾ, കാഴ്ച-കേൾവി-ചലന വെല്ലുവിളികൾ നേരിടുന്നവരുടെ അവസ്ഥ പതിന്മടങ്ങ് തൃപ്തികരമാണെന്ന് പറയാതെ വയ്യ.

<u>ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസം.</u>

വിദ്യാഭ്യാസപരമായ സൗജന്യങ്ങളും സവിശേഷ പരിഗണനകളും നൽകേണ്ട ജനവിഭാഗം, സാമൂഹ്യ പൊതുജീവിതത്തിൽ ചരിത്ര-സാമൂഹ്യ-സാംസ്കാരിക-ആരോഗ്യ കാരണങ്ങളാൽ പിന്നോക്കം നില്ക്കുകയാണ്. നിലവിലുള്ള പരിരക്ഷകളുടെ ആനുകൂല്യങ്ങളൊന്നും പങ്ക് പറ്റാനാവാതെ, വീണ്ടും പിന്നോക്കാവസ്ഥയിൽ നിലനില്ക്കുന്ന ചില ജനവിഭാഗങ്ങൾ സമൂഹത്തിലുണ്ട്. പിന്നോക്കം നിൽക്കുന്നവരെ, മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള വ്യവസ്ഥാപിത ശ്രമങ്ങളുടെ ഗുണഫലങ്ങളൊന്നും ലഭ്യമാകാതെ വീണ്ടും സാമൂഹ്യമായി പിന്നണിയിൽ തന്നെ നിലനിൽക്കുന്ന വിഭാഗമാണ്, നമ്മുടെ സമൂഹത്തിലെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ. നമ്മുടെ നിലവിലുള്ള വ്യവസ്ഥാപിത ക്ഷേമ സമീപനങ്ങളിലൂടെയൊന്നും ഉദ്ധരിക്കാൻ കഴിയാതിരുന്ന ഇത്തരത്തിലുള്ള ജനവിഭാഗങ്ങളെ സവിശേഷമായി സ്വാധീനിക്കുന്ന ഘടകങ്ങൾ എന്തെന്നുകൂടി പരിഗണിക്കാതെ, സമൂഹത്തിന്റെ മുഖ്യധാരയിലേക്ക്

ഇത്തരം ജനവിഭാഗങ്ങളെ കൈപിടിച്ചുയർത്താനാവില്ല. അത്തരമൊരു ഗൗരവമായ പരിഗണനയും സമീപനവും എന്തുകൊും ആവശ്യമുള്ള ജനവിഭാഗമാണ്, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരും അവരുടെ ജീവിതവുമായി ബന്ധപ്പെട്ട്, ജീവിതത്തിന്റെ സമസ്ത സാധ്യതകളും ഇരുളടഞ്ഞുപോയ അവരുടെ രക്ഷിതാക്കളടങ്ങുന്ന കുടുംബാംഗങ്ങളും.

മറ്റ് ക്ഷേമ പ്രവർത്തനങ്ങളോ പരിഗണനയോ അർഹിക്കുന്നവരിൽനിന്നും, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ വ്യതിരിക്തരായിരിക്കുന്നതിന് പല കാരണങ്ങളു്. ഈ ജനവിഭാഗത്തിന്റെ പ്രശ്നം മസ്തിഷ്കമെന്ന അവയവത്തിനാണ് ബാധിച്ചിരിക്കുന്നത് എന്നതാണ് ഒന്നാമത്തെ കാരണം. മസ്തിഷ്ക അവയവത്തിന് നേരിട്ട ഘടനാപരമായ ന്യൂനത, മറ്റ് വികലാംഗരിൽനിന്നും വിഭിന്നമായി, ഇവരുടെ ജീവിതത്തിന്റെ സമസ്ത പ്രതലങ്ങളിലും പ്രതികൂലമായി ബാധിക്കുന്നു. ജനനത്തിനും മരണത്തിനും ഇടയിലുള്ള എല്ലാ തലത്തിലും, നിത്യ പരിമിതി, നേരിടുകയെന്ന പകച്ചുപോകുന്ന ഭയാനകമായ യാഥാർത്ഥ്യത്തിന്റെ മുന്നിലാണ്, ഇവരുടെ കുടുംബം. ഒരുവിധ ആശ്വാസവാക്കുകളും, അവരുടെ ജീവിതത്തിന്റെ മുന്നോട്ടുള്ള ഗതിയെ സഹായിക്കുന്നതല്ല. ചിട്ടപ്പടിയുള്ള ഒരു സേവന മാർഗ്ഗവും അവരെ സഹായിക്കുന്നതുമല്ല. ഈ ജനവിഭാഗം, പൊതു സമൂഹത്തിന്റെ എല്ലാ ധാരകളിൽനിന്നും പൂർണ്ണമായി വിച്ഛേദിക്കപ്പെട്ട് ജീവിതം തള്ളി നീക്കുന്നവരാണ്. അതുകൊു തന്നെ ഇവരുടെ പ്രശ്നങ്ങൾക്ക് സമഗ്രമായ ഒരു പരിഹാരം കത്തെുകയെന്നത്, കേവലമായി ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന ചില ക്ഷേമപദ്ധതികൾകൊ് സാധ്യവുമല്ല. തികച്ചും ആസൂത്രിതമായി, സൂഷ്മമായ ശ്രദ്ധയോടെ, അർജ്ജവത്തോടെ, നാം ഏറ്റെടുക്കേ സാമൂഹ്യ ബാധ്യതയാണ്, ഇവരുടെ ജീവിതം നമ്മോട് ആവശ്യപ്പെടുന്നത്.

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരിൽ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നിവ ബാധിച്ചവരിൽ നല്ലൊരു വിഭാഗത്തിൽ, ബഹുവൈകല്യം തുടങ്ങിയവ ബാധിച്ചവർക്കും പ്രായോഗിക വിദ്യാഭ്യാസത്തിന് (Functional Education) ആണ് പ്രാധാന്യവും മുൻഗണനയും നല്കേത്. ശൈശവ മനോരോഗം, പഠനവൈകല്യം എന്നിവ നേരിടുന്നവരെ, സാധാരണ വിദ്യാഭ്യാസ പ്രക്രിയയുടെ ഭാഗമാക്കുന്നതോടൊപ്പംതന്നെ, വ്യക്ത്യാധിഷ്ഠിത വിദ്യാഭ്യാസ പദ്ധതിയും അതോടൊപ്പം ആസൂത്രണം ചെയ്യേതു്. പൊതുവേ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസ കേന്ദ്രത്തിലായാലും വ്യക്ത്യാധിഷ്ഠിതമാവേത്, അനിവാര്യമാണ്. അഥവാ, എല്ലാ വിദ്യാഭ്യാസത്തിന്റെയും ആത്യന്തിക ലക്ഷ്യം സാമൂഹ്യമായ സ്വഭാവ രൂപവൽക്കരണവും ജീവിതായോധനത്തിനുള്ള

നൈപുണി ആർജ്ജിക്കലുമാണ്. ആ ലക്ഷ്യനിർവ്വഹണത്തിന്, എത്രയും ഉചിതമായത്, വ്യക്തിയെ സംബന്ധിച്ച് ഏതാണെന്ന് നിശ്ചയിക്കുന്നത്, എത്രമാത്രം ഫലപ്രദമായി ആ ലക്ഷ്യം നേടുന്നതിന് സഹായിക്കുന്ന സാഹചര്യമാണ്. അതുകൊുതന്നെ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെ സംബന്ധിച്ച് ഇൻക്ലൂസീവ് വിദ്യാഭ്യാസമാണ് നല്ലത്, അതല്ല സ്പെഷ്യൽ സ്കൂൾ വിദ്യാഭ്യാസമാണ് നല്ലത് എന്നൊക്കെയുള്ള വാദങ്ങൾ ആശയപരമായി നടത്താവുന്ന കേവല വാദപ്രതിവാദങ്ങൾ മാത്രമാണ്. പ്രായോഗിക തലത്തിലുള്ള ലക്ഷ്യം, സവിശേഷതയുള്ള വ്യക്തിക്കും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് മറ്റാരെയും പോലെ ആത്മാഭിമാനത്തോടെ സംതൃപ്തിയോടെ സർഗ്ഗാത്മകമായി ജീവിക്കുന്ന സാഹചര്യം ഉാക്കുക എന്നതാണ്.

നിലവിൽ, കേരളത്തിലെ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ വിദ്യാഭ്യാസ രംഗത്തിന്റെ അവസ്ഥ പൊതുവേ ആശ്വാസകരമല്ല എന്നുതന്നെ പറയേതു്. ഏത് വിദ്യാഭ്യാസ പ്രക്രിയയ്ക്കും അടിസ്ഥാനപരമായി അനിവാര്യമായ, ശാസ്ത്രീയമായ ഒരു പാഠ്യക്രമമോ, പാഠ്യപദ്ധതിയോ കേരള സാഹചര്യത്തിൽ, ആസൂത്രണംചെയ്ത് നടപ്പാക്കാനായിട്ടില്ല. സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേഷണൽ റിസേർച്ച് ആന്റ് ട്രെയിനിംഗ് (SCERT) കരിക്കുലം രൂപപ്പെടുത്തുന്ന വിഷയത്തിൽ പ്രാഥമിക നടപടികൾ തുടങ്ങിക്കഴിഞ്ഞെന്നത് അഭിനന്ദനീയമാണ്. ഇത് എത്രയും പെട്ടെന്ന് നടപ്പാക്കുകയെന്നത്, പ്രധാനപ്പെട്ട കാര്യവുമാണ്.

ബുദ്ധിപരമായി വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസം 2005 മുതൽ കേരളത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയിലാണ്. തീർച്ചയായും മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്ഥമായി ഇത്തരം വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസം, അടിസ്ഥാനപരമായ അവകാശമായി കു എന്നതാണ് കേരളത്തിന്റെ ഈ നടപടിയിലെ പുരോഗമനവശം. ഇന്ത്യയിൽ മറ്റ് മിക്കയിടത്തും മാനസിക വെല്ലുവിളി നേരിടുന്നവരുടെ വിദ്യാഭ്യാസം സാമൂഹ്യക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിൽതന്നെ നിലനില്ക്കുമ്പോഴാണ് നമ്മുടെ ഈ പുരോഗമനപരമായ ചുവടുവെയ്പ്. സർക്കാരിന്റെ ഈ നടപടിക്ക് വിദ്യാഭ്യാസ കാര്യത്തിൽ ഒരു തുടർച്ചയുായില്ലെന്നതാണ്, ഈ മേഖല ഇപ്പോഴും നേരിടുന്ന പിന്നോക്കാവസ്ഥയുടെ പ്രധാനപ്പെട്ട കാരണം.

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കുവേി ഇപ്പോൾ കേരളത്തിൽ നിലനില്ക്കുന്ന ബഡ്സ് സ്കൂൾ സംവിധാനത്തിന്റെ ഉടമസ്ഥാവകാശം അതതു ഗ്രാമപഞ്ചായത്തുകൾക്കും ആസൂത്രണവും ഏകോപനവും സാമൂഹ്യനീതി മന്ത്രാലയത്തിനും കുടുംബശ്രീ മി

ഷനുമാണ്. പക്ഷേ, കേരളത്തിൽ പൊതുവായ ഒരു സമീപനം സ്വീകരിക്കുമ്പോൾ, തീർച്ച യായും ഇത്തരം സ്കൂളുകൾ ഉൾപ്പെടെയുള്ള സ്പെഷ്യൽ സ്കൂളുകളുടെ അക്കാദമിക പ്രവർത്തനങ്ങളുടെ സമ്പൂർണ്ണനിയന്ത്രണം പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ മാത്രമുള്ള തായിരിക്കണം. അതോടൊപ്പംതന്നെ 18 വയസ്സിന് മുകളിലുള്ള ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കുള്ള പരിശീലനവും, മറ്റ് തൊഴിൽ സംബന്ധമായ വിഷയങ്ങളുമെല്ലാം, സാമൂ ഹ്യക്ഷേമ വകുപ്പിന്റെയും തൊഴിൽ വകുപ്പിന്റയും നിയന്ത്രണത്തിലോ മറ്റ് ബന്ധപ്പെട്ട വകു പ്പുകളുടെ നിയന്ത്രണത്തിലോ കൊുവരുന്നതാകും ഉചിതം. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ വിവിധ ജീവിത ഘട്ടങ്ങളിൽ, അവർക്ക് സേവനങ്ങൾ ലഭ്യമാക്കേുന്ന വകു പ്പുകൾ-

| | | | |
|---|---|---|---|
| 1 | 0-5 വയസ്സുവരെ | നേരത്തെ കത്തെൽ നേരത്തെ ഇടപെടൽ | ആരോഗ്യവകുപ്പ് |
| 2 | 6-18 വയസ്സുവരെ | -വിദ്യാഭ്യാസം<br>-സ്കൂളിൽനിന്നു തൊഴിലിലേക്കുള്ള സംക്രമണം. | വിദ്യാഭ്യാസ വകുപ്പ് |
| 3 | 18 വയസ്സുമുതൽ | ആജീവനാന്ത ക്ഷേമ പ്രവർത്തനങ്ങൾ.<br>----------------------<br>തൊഴിൽ പരിശീലനം. തൊഴിൽ | സാമൂഹ്യക്ഷേമ വകുപ്പ്.<br>-------------------<br>തൊഴിൽ വകുപ്പ്. |

ഏതൊരു പൗരന്റെയും (ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുൾപ്പടെയുള്ള) വിദ്യാഭ്യാസമെന്നത്, ഭരണഘടനാപരമായ അടിസ്ഥാന അവകാശമായി കരുതുന്ന രാജ്യത്ത്, കേരളത്തിലെ വലിയൊരു ജനതയായി നിലനില്ക്കുന്ന ഇവരുടെ വിദ്യാഭ്യാസ ആവശ്യ ങ്ങൾക്കുള്ള പശ്ചാത്തല സൗകര്യം സർക്കാർ ഒരുക്കാതിരുന്നിട്ടും, സാമൂഹ്യ പ്രതിബദ്ധത ഏറ്റെടുത്ത് ഇവർക്കായി വിദ്യാഭ്യാസ സൗകര്യം, ഒരുക്കാനുള്ള ഉദ്യമം, എത്ര പരിമിതികൾ ഉ ക്കിൽതന്നെയും ആദരവ് അർഹിക്കുന്നു. കേരള സർക്കാരിൽനിന്നും കാര്യമായ സഹായ മൊന്നും, നിലവിൽ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്ഥാപനങ്ങൾക്ക്, ലഭിക്കുന്നില്ല. വർഷംതോറും ബഡ്ജറ്റിൽനിന്നു ലഭ്യമാവുന്ന 10 കോടി രൂപയാണ്, വിദ്യാ ഭ്യാസ വകുപ്പിന്റെ അംഗീകാരമുള്ള 275 ഓളം സ്കൂളുകൾക്കായി വീതിച്ചു നൽകുന്നത്, ഇത് വളരെ നാമമാത്രമായ ഒരു സഹായമാണ്. സ്കൂൾ കെട്ടിടമൊരുക്കൽ, മറ്റ് പശ്ചാ

ത്തല സൗകര്യങ്ങൾ ഒരുക്കുക, ജീവനക്കാരുടെ വേതനം, വാഹനസൗകര്യം ഏർപ്പെടുത്തുക, വൈദ്യുതി, വെള്ളം, തുടങ്ങി വിവിധ ആവശ്യങ്ങൾക്ക് വരുന്ന ചെലവിന്റെ ചെറിയ ശതമാനം പോലും സഹായധനമായി സർക്കാരിൽനിന്ന് ഇന്ന് ലഭ്യമല്ല. കേരളത്തിലെ മുഴുവൻ സ്പെഷ്യൽസ്കൂളുകളിലുമായി ഇരുപതിനായിരത്തിൽ താഴെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്ക് മാത്രമേ, ഇപ്പോൾ അടിസ്ഥാന വദ്യാഭ്യാസ സൗകര്യമുള്ളൂ. നാല് ലക്ഷത്തിനും അഞ്ച് ലക്ഷത്തിനുമിടയ്ക്ക് വരുന്ന ബുദ്ധിന്യൂനതയുള്ളവരിൽ ഇതൊരു ചെറിയ ശതമാനം മാത്രമാണ്. അതുകൊുതന്നെ, ഇത്തരം സ്പെഷ്യൽ സ്കൂളുകളിൽ പ്രവേശന വിഷയത്തിൽ, വലിയ പ്രയാസം നേരിടുന്നു്. സ്വാഭാവികമായും, സ്വാധീനവും പണവുമുള്ളവർക്കുമാത്രം പ്രവേശനം പരിമിതപ്പെടുന്ന സാഹചര്യം ഉാവും. പാവപ്പെട്ടവരും സാമൂഹ്യമായി പിന്നോക്കം നില്ക്കുന്നവരുമായ ബുദ്ധിന്യൂനതയുള്ളവർക്ക് അവസരം നൽകണമെന്ന് സ്വകാര്യ സന്നദ്ധ സംഘടനകൾ നടത്തുന്ന സ്ഥാപനങ്ങളോട് പറയാൻ, ആവശ്യമായ സഹായ സഹകരണങ്ങളൊന്നും അനുവദിക്കാതെ, സർക്കാരിന് ധാർമ്മികമായി അവകാശമില്ല. ദാരിദ്ര്യവും സാമൂഹ്യപിന്നോക്കാവസ്ഥയും അതോടൊപ്പം, ഒരു വെല്ലുവിളി നേരിടുന്ന കുട്ടി കുടുംബത്തിലുാകുന്ന സങ്കീർണ്ണ സാഹചര്യവുമൊക്കെ ഒന്നിച്ചനുഭവിക്കുന്ന അവസ്ഥ അത്യധികം അസഹനീയമാണ്.

കേരളത്തിലെ മറ്റ് സ്പെഷ്യൽ സ്കൂളുകൾക്ക് (അന്ധർക്കും ബധിരർക്കും) സർക്കാർ തലത്തിൽ വളരെയധികം ആനുകൂല്യങ്ങൾ നൽകിവരുന്നു്. അത് താഴെച്ചേർക്കുന്നു-

1. ബോർഡിംഗ് ഗ്രാന്റ് 750 രൂപ/ മാസം (ഒരു കുട്ടിക്ക്).
2. വസ്ത്ര അലവൻസ് 750 രൂപ/ വർഷം (ഒരു കുട്ടിക്ക്).
3. സ്കൂൾ റിക്വസിറ്റ് അലവൻസ്:

| | | |
|---|---|---|
| എൽ. പി | - | ഒരുകുട്ടിക്ക് ഒരുവർഷം 50 രൂപ |
| യൂ. പി. | - | ഒരുകുട്ടിക്ക് ഒരുവർഷം 90 രൂപ |
| എച്ച്. എസ് | - | ഒരുകുട്ടിക്ക് ഒരുവർഷം 125 രൂപ |

വർഷത്തിൽ മൂന്ന് തവണ സ്കൂളിൽ നിന്ന് വീട്ടിലേക്കും തിരിച്ചുമുള്ള യാത്രാചെലവ്.

ഇവർക്ക് നൽകിവരുന്ന എല്ലാവിധ ആനുകൂല്യങ്ങളും പിന്തുണയും ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ പഠിക്കുന്ന സ്കൂളുകളുകൾക്കും അവകാശപ്പെട്ടതാണ്. മറ്റെല്ലാ വികലാംഗ വിഭാഗങ്ങളേക്കാൾ, ദുരന്തപൂർണ്ണമായ സാഹചര്യമാണ് ബുദ്ധിന്യൂനതയുള്ളവരും അവരുടെ കുടുംബവും നേരിടുന്നത്. ഇതൊരു ദേശീയ ദുരന്തമായി ഔദ്യോഗികമായി പ്രഖ്യാപിക്കേുന്ന സാഹചര്യമാണ് ഇവരെ സംബന്ധിച്ച് കേരള സമൂഹത്തിൽ നിലനി

ല്ക്കുന്നത്. കേരളത്തിൽ, ബുദ്ധിപരമായി പിന്നോക്കം നില്ക്കുന്ന എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസ സാഹചര്യം ലഭ്യമാക്കണമെന്ന ഭരണഘടനാപരമായ ബാധ്യത എത്രയും പെട്ടെന്ന് സർക്കാർ ഏറ്റെടുക്കേതു്. നിലവിലുള്ള വിവേചനപരമായ സമീപനം അവസാനി ഷിക്കുന്നതിലുപരി കാര്യക്ഷമമായ തരത്തിൽ, വിദ്യാഭ്യാസ അവസരം എല്ലാ കുട്ടികൾക്കും ലഭ്യമാകുന്ന തരത്തിൽ, സത്വരമായ നടപടികൾ സ്വീകരിക്കാൻ സർക്കാർ സന്നദ്ധമാവണം.

കേരള സമൂഹം ആദരപൂർവ്വം, പരിഗണിക്കേ സമൂഹത്തിലെ ഒരു വിഭാഗമാണ് സ്പെഷ്യൽ സ്കൂളിൽ പ്രവർത്തിച്ചുവരുന്ന അധ്യാപകരും ജീവനക്കാരും. അസാധാരണ മായ തരത്തിലുള്ള കാരുണ്യ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന ഈ ജീവനക്കാരുടെ സേവനത്തിന്റെ സ്വഭാവത്തെ സംബന്ധിച്ച് സമൂഹത്തിന്റെ വലിയൊരു വിഭാഗത്തിനും ധാര ണയില്ല. ഏറെ സാഹസിക സ്വഭാവമുള്ളതാണ് അവരുടെ ജീവിതം. സുപ്രീംകോടതി, പ്രീപ്രൈമറി അധ്യാപകരുടെ ശോചനീയാവസ്ഥയെപ്പറ്റി പരാമർശിച്ചത്, ഇന്ത്യയിൽ അവ രുടെ അവസ്ഥ വീട്ടുജോലിക്കാരേക്കാൾ ദുരിതപൂർണ്ണമാണ് എന്നാണ്. ഒരുപക്ഷേ, സ്പെഷ്യൽ സ്കൂൾ ജീവനക്കാരുടെ അവസ്ഥയെക്കുറിച്ചാണെങ്കിൽ അതിലും രൂക്ഷമാ യേനേ സുപ്രീംകോടതി പരാമർശം! ഏതായാലും സ്പെഷ്യൽ സ്കൂൾ ജീവനക്കാരുടെ സംഘടനകളിൽനിന്നും ലഭ്യമായ രേഖകൾ അവർ നേരിടുന്ന സങ്കീർണ്ണ പ്രശ്നത്തിന്റെ രൂക്ഷത വെളിവാക്കിത്തരുന്നതാണ്.

സ്പെഷ്യൽ സ്കൂൾ പരിശീലനമാണ്, നിലവിൽ കുട്ടികളുടെ ജീവിതത്തിൽ ഗുണകര മായ മാറ്റങ്ങൾ ഉാക്കുന്നതിന് സഹായകരമാകുന്നതെന്ന്, ലഭ്യമായ രേഖകൾ തെളിയിക്കു ന്നു. ജനറൽ സ്കൂളുകളിൽ ഇൻക്ളൂസീവ് തലത്തിൽ, സ്ക്രൈബിനെ വെച്ച് പരീക്ഷയെ ഴുതി പലവിഷയത്തിലും A+ ഗ്രേഡും A ഗ്രേഡും B ഗ്രേഡും വാങ്ങിച്ച ബുദ്ധിപരമായി വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക്, ഏറ്റവും താഴ്ന്ന ക്ളാസ്സുകളിലെ കുട്ടികൾക്ക് ആവ ശ്യമുള്ള അക്ഷരജ്ഞാനമോ ഭാഷാജ്ഞാനമോ ഭാഷാ നൈപുണിയോ ഇല്ല എന്ന് മാത്രമല്ല, ഇത്തരത്തിൽ ബിരുദ രേഖകളുള്ള നിരക്ഷരരെ, നിർബാധം പുറത്തുവിടുന്ന വിദ്യാഭ്യാസ സംവിധാനത്തിൽ അടങ്ങിയിരിക്കുന്ന അശാസ്ത്രീയതയെക്കുറിച്ച് സർക്കാർ ഗൗരവമായി പ രിശോധിക്കണം എന്നുകൂടി നിർദ്ദേശങ്ങൾ ലഭ്യമായിരിക്കുന്നു. ഏതെങ്കിലും തരത്തിലുള്ള അവകാശവാദം നിരത്തിവെയ്ക്കാനുള്ള കണക്കുരേഖയിലെ കള്ളികളിൽ നിശ്ചേതനമായി ഒടുങ്ങാനുള്ളതല്ല, ഈ കുട്ടികളുടെ ജീവിതമെന്ന് ബന്ധപ്പെട്ടവർ മനസ്സിലാക്കണം. ബുദ്ധിപ രമായ വെല്ലുവിളി നേരിടുന്നവരെ സംബന്ധിച്ച് എത്രമാത്രം പ്രായോഗികമാണ് പൊതുവി

ദ്യാഭ്യാസ മേഖലയിൽ ഇന്ന് നിലനില്ക്കുന്ന സൗകര്യങ്ങളെന്നും അവയെല്ലാം കുട്ടികളുടെ സമഗ്രവികാസത്തിനും അവരുടെ സർഗ്ഗാത്മക പൗരത്വത്തിനും എത്രമാത്രം സഹായകരമാകുന്നതാണെന്ന് പരിശോധിച്ച് ആവശ്യമായ പുനപ്പരിശോധനകളുടെ അടിസ്ഥാനത്തിൽ എത്രയും പെട്ടെന്ന് അടിയന്തിര നടപടികൾ വിദ്യാഭ്യാസ വകുപ്പും സർക്കാരും സ്വീകരിക്കേതാണ്. ഏതായാലും പത്താംതരം പാസായ സർട്ടിഫിക്കറ്റുകളുമായി ദൈനംദിന കൃത്യങ്ങൾക്കുള്ള പരിശീലനം, സ്പെഷ്യൽസ്കൂളുകളിൽനിന്നും നേടിയെടുക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നു എന്ന് രക്ഷിതാക്കൾ കമ്മീഷന് നല്കിയ രേഖകൾ സൂചിപ്പിക്കുന്നു.

സ്പെഷ്യൽ സ്കൂളുകളിൽനിന്നും, മാറി, എസ്. എസ്. എ. യിലും, ഐ.ഇ.ഡി., എസ്. എസ്., സ്കീമിലുമൊക്കെ ജോലിചെയ്യുന്ന റിസോർസ് അധ്യാപകർക്ക് ഇപ്പോൾ സാമാന്യം ഭേദപ്പെട്ട വേതനം നല്കിവരുന്നു്. എന്നാൽ അവരുടെ ജോലി സുരക്ഷിതത്ത്വത്തിലും മറ്റുസേവന വ്യവസ്ഥകളിലുമൊന്നും, ഒട്ടും ആശ്വാസകരമായ അവസ്ഥയല്ല നിലവിലുള്ളത്. ജോലിചെയ്യുന്നതിലുള്ള തൊഴിൽ സംതൃപ്തി എന്ന ഏറ്റവും പ്രധാനപ്പെട്ട ഘടകംപോലും റിസോഴ്സ് അധ്യാപകർക്ക് ജീവിതത്തിൽ അനുഭവിക്കാൻ കഴിയുന്ന അന്തരീക്ഷം ജോലിസ്ഥലത്ത് ഇല്ലെന്നും, രേഖപ്പെടുത്തുന്നു. തീർച്ചയായും റിസോഴ്സ് അധ്യാപകർ നേരിടുന്ന ഒട്ടേറെ പ്രശ്നങ്ങൾ അവർ കമ്മീഷന് നൽകിയ നിവേദനങ്ങളിൽ സൂചിപ്പിക്കുന്നു്. എത്രയോ വർഷമായി സാങ്കേതികമായി ജോലിയിൽ തുടർച്ചയില്ലാതെ, പിരിച്ചുവിടുന്നെന്ന ഭീഷണി ജീവിതം അസ്വസ്ഥമാക്കുന്ന എത്രയോ റിസോഴ്സ് അധ്യാപകർ വർഷങ്ങളുടെ സേവനങ്ങൾക്ക് ശേഷവും അനാഥത്വത്തോടെ ജീവിക്കുന്ന അവസ്ഥ ഒരു പരിഷ്കൃത സമൂഹത്തിനും ഭൂഷണമല്ല. ഏതായാലും, ഒരന്വേഷണത്തിലൂടെ ഈ മേഖലയിൽ നിലനില്ക്കുന്ന പ്രശ്നങ്ങൾ പരിശോധിച്ച് റിസോഴ്സ് അധ്യാപകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കേതുതന്നെയാണ്. അതോടൊപ്പംതന്നെ, സ്പെഷ്യൽ എഡ്യൂക്കേറ്റർ എന്ന നിലയിൽ അവരുടെ കഴിവുകൾ, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വികാസത്തിന് കൂടുതൽ സഹായകരമാകുന്ന രീതിയിൽ, സമർത്ഥമായി വിനിയോഗിക്കേത് എങ്ങനെയെന്ന് ഒരു പുനപ്പരിശോധനയ്ക്കും സർക്കാർ സന്നദ്ധമാകണം.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എസ്.എസ്.എ., ഐ.ഇ.ഡി. പ്രോജക്ടുകൾ വഴി സവിശേഷ വിദ്യാഭ്യാസം ആവശ്യമുള്ള കുട്ടികൾക്ക് വേി ഒട്ടേറെ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു്. കേരളത്തിൽ സ്പെഷ്യൽ സ്കൂളുകൾ കത്തെിയ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളെക്കാൾ കൂടുതൽ, വിദ്യാഭ്യാസ

വകുപ്പു വഴി നടക്കുന്ന ഈ പ്രോജക്ടുകളിലൂടെ കത്തെി പരിശീലനം നടത്തുന്നുവെന്നാണ് രേഖകൾ സൂചിപ്പിക്കുന്നത്. സമഗ്രമായ ഒരു പുനരധിവാസ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിൽ, നിലവിലുള്ള നമ്മുടെ സംവിധാനങ്ങളിലെ പരിമിതികൾ തന്നെയാണ്, പോതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന ഈ പ്രോജക്ട് മുഖാന്തിരം പരിശീലനം നേടുന്ന സ്പെഷ്യൽ വിദ്യാർത്ഥികളും അഭിമുഖീകരിക്കുന്നത്.

വീടുകളിൽ ശയ്യാവലംബികളായി കഴിയുന്ന വിവിധ വെല്ലുവിളികൾ നേരിടുന്ന വ്യക്തികളെ നേരിട്ടുപോയി പരിശീലിപ്പിക്കുന്ന സംവിധാനം എസ്. എസ്. എ. ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. ഏറെ അഭിനന്ദനീയമാണിത്. തീർച്ചയായും, റിസോഴ്സ് അധ്യാപകരെ, ഇത്തരത്തിൽ, കുട്ടികളുടെ വളർച്ചാഘട്ടത്തിൽ സുപ്രധാന കാലയളവിൽ വീടുകളിൽ അന്വേഷിച്ചുചെന്ന് പരിശീലനം നടത്തുന്നതിനു നിയോഗിച്ച നടപടിയെ ശ്ളാഘിക്കാതെവയ്യ.

മൃദുബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, പഠനപരമായ അസ്വാഭാവികതകളോ ക്രമഭംഗമോ ബാധിച്ചവർ, ശൈശവ മനോരോഗമുള്ളവർ എന്നീ വിഭാഗങ്ങളിലധികം പേരെയും പൊതുവിദ്യാഭ്യാസത്തിന്റെ പരിധിയിൽ തന്നെ പരിശീലനം നൽകുന്നത്, അവരുടെ സാമൂഹ്യമായ ഇടപെടലും സാമൂഹ്യ നൈപുണിയും വികസിക്കുക എന്ന ലക്ഷ്യത്തിന് ഏറെ സഹായകരമായാണ് കുവരുന്നത്. പക്ഷേ, അതോടൊപ്പംതന്നെ, നമ്മുടെ പൊതുവിദ്യാഭ്യാസ സംവിധാനത്തിൽ നിലവിലുള്ള പുനരധിവാസ സേവനങ്ങൾക്കാവശ്യമായ പശ്ചാത്തല സൗകര്യങ്ങളുടെയും പരമിതികൾ ഇത്തരം കുട്ടികളുടെ സ്വാഭാവിക വികാസത്തെ തടസ്സപ്പെടുത്താതിരിക്കാനും ശ്രദ്ധിക്കേതു. വിദ്യാഭ്യാസമെന്നത്, അടിസ്ഥാനപരമായി ഒരു സാമൂഹ്യ പ്രക്രിയയാണെന്ന വസ്തുതയെ, ആർക്കും നിഷേധിക്കാനാവില്ല. അതുകൊുതന്നെ, വൈയക്തിക നൈപുണിയും ദൈനംദിന ജീവിതാവശ്യങ്ങൾക്കുള്ള ശേഷിയും വികസിപ്പിക്കുന്നതിനുള്ള അവസരം സൃഷ്ടിക്കുന്നതോടൊപ്പംതന്നെ, സാമൂഹ്യവൽക്കരണമെന്ന സുപ്രധാന ഘടകത്തിനും വിദ്യാഭ്യാസ പ്രവർത്തനത്തിൽ പ്രാമുഖ്യം നൽകണം.

ബുദ്ധിപരമായ വെല്ലുവിളികൾ മിതമായതോതിൽ അഭിമുഖീകരിക്കുന്ന കുട്ടികൾക്കും വൈയക്തിക നൈപുണിയും ദൈനംദിനാവശ്യങ്ങൾക്കുള്ള ശേഷിയും വികസിപ്പിക്കുന്നതിന് സഹായകരമാവുന്ന, പരിശീലനങ്ങൾ (ഉദാഹരത്തിന്- ഫിസിയോതേറാപ്പി, സ്പീച്ച് തെറാപ്പി, ഒക്കുപ്പേഷണൽ തെറാപ്പി, ബിഹേവിയർ തെറാപ്പി, ഏർളി ഇന്റർവെൻഷൻ എന്നിവയെല്ലാം) നല്കുന്നതിന് പൊതുവിദ്യാഭ്യാസ മേഖല നേരിടുന്ന പരിമിതികൾ അതിജീ

വിക്കാൻ, പ്രാദേശികമായി പ്രവർത്തിച്ചുവരുന്ന സ്പെഷ്യൽ സ്കൂളുകളെ റിസോഴ്സു സെന്ററുകളായി പരിഗണിച്ച്, പരസ്പര ധാരണയോടും സഹായത്തോടും പ്രവർത്തിച്ച് കുട്ടികൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ കാര്യക്ഷമമാക്കാവുന്നതാണ്.

ഏതായാലും ആധുനിക വിദ്യാഭ്യാസ കാഴ്ചപ്പാട് വെച്ചുപുലർത്തുന്ന സമൂഹങ്ങളി ലൊന്നുംതന്നെ, ഏതെങ്കിലും സാമ്പ്രദായിക സംവിധാനത്തിന്റെ ശാഠ്യങ്ങളും നിർബ്ബന്ധ ങ്ങളും തീവ്രമായി അടിച്ചേൽപ്പിക്കുന്നതായി കാണാനാവുന്നില്ല. ഏത് സംവിധാനമാണ് കാര്യക്ഷമമെന്നും ഫലപ്രദമെന്നും നിശ്ചയിക്കാനുള്ള അധികാരവും അവകാശവും പ്രയോണ, വിദ്യാഭ്യാസ നിലവാരത്തിൽ മുൻനിരയിൽ നിൽക്കുന്ന, കേരളത്തിലെ രക്ഷിതാക്കൾക്ക് വിട്ടു കൊടുക്കുന്നതാവും ഉചിതം. അതോടൊപ്പംതന്നെ, സമൂഹത്തിന്റെ മുഖ്യധാരയിൽ, ഏറ്റവും ഫലപ്രദമായി ബുദ്ധിപരമായി വെല്ലുവിളികൾനേരിടുന്ന എല്ലാ വ്യക്തികളേയും കണ്ണിചേർക്കുന്നതിന് സഹായിക്കുന്ന ഏതൊക്കെ അഴിച്ചുപണികൾ നടത്തുന്നതും, അതിനു സഹായകരമാകുന്ന അരോഗ്യപരമായ സംവാദം തുടരുന്നതും, പൊതുവിദ്യാ ഭ്യാസ പ്രവർത്തനങ്ങൾക്കും സവിശേഷ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും ഒരുപോലെ ഗുണ കരമാവും എന്നകാര്യത്തിൽ സംശയമില്ല.

റിസോഴ്സ് അധ്യാപകരെപ്പോലെതന്നെ വിദ്യാഭ്യാസവും അനുഭവവും ഉള്ളവരാണ് സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകരും. ഒരേ വിഭാഗം വിദ്യാർത്ഥികളെത്തന്നെയാണ് രു കൂട്ടരും പരിശീലിപ്പിക്കുന്നത്. പക്ഷേ റിസോഴ്സ് അധ്യാപകർക്ക് ലഭിച്ചുകൊിരിക്കുന്ന ശമ്പ ളത്തിന്റെ നാലിലൊന്നുപോലും സ്പെഷ്യൽ സ്കൂൾ അധ്യാപകർക്ക് ലഭിക്കുന്നില്ല! കേരളം പോലുള്ള ഒരു സംസ്ഥാനത്ത്, ഇതേപോലുള്ള ഒരു വിരോധാഭാസം, യുക്തിരാഹിത്യം, വിദ്യാഭ്യാസ വകുപ്പുപോലുള്ള ഒരു മേഖലയിൽ സംഭവിച്ചുകൂടാത്തതാണ്. ഈ വലിയ വിവേചനം നിലനിന്നിട്ടും സ്പെഷ്യൽ സ്കൂളുകളിൽത്തന്നെ സാമ്പത്തിക ലക്ഷ്യമൊന്നും പ രിഗണിക്കാതെ ഏറ്റവും തീവ്രവും തീഷ്ണവുമായ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളെ സാഹസിക മനസ്സോടെ പരിചരിക്കുന്ന അധ്യാപകർക്ക് അർഹതപ്പെട്ട ആനു കൂല്യം അനുവദിച്ചുനൽകേതാണ്. അന്ധർ, ബധിരർ തുടങ്ങിയ പ്രത്യേക പരിഗണന ആവ ശ്യമുള്ള വിദ്യാർത്ഥികൾക്കുള്ള സ്പെഷ്യൽ സ്കൂളുകൾ കേരളത്തിൽ ഏതാല്ലൊം തന്നെ ഒന്നുകിൽ സർക്കാർ നേരിട്ട് നടത്തുന്നതോ, അതല്ലെങ്കിൽ എയ്ഡഡ് പദവി അനുവദിച്ചുന ല്കിയവയോ ആണ്. ഏറ്റവും തീവ്രമായ വൈകല്യാവസ്ഥയുടെ ദുരന്തം അഭിമുഖീകരിക്കു ന്നവർക്കാണ്, ആദ്യം ആനുകൂല്യം ലഭിക്കുന്നത് എന്ന് സമൂഹം ഉറപ്പുവരുത്തണമെന്ന് പറ

ഞ്ഞ, മുൻ രാഷ്ട്രപതി ശ്രീ. കെ. ആർ. നാരായണന്റെ വാക്കുകൾക്ക് പരിഗണന നല്കുകയാണെങ്കിൽ സമൂഹമെന്ന നിലയിൽ കേരളത്തിൽ ഏറ്റവും ആദ്യം പരിഗണിക്കേിവരുന്നത്, ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെയാണ്. കാരണം, ഏതെങ്കിലും ഒരവയവത്തിന്റെ പരിമിതികൾകൊുള്ള വെല്ലുവിളികളേക്കാൾ എത്രയോ ഇരട്ടി സങ്കീർണ്ണവും തീവ്രവുമാണ്, മസ്തിഷ്കത്തിനുള്ള ക്ഷതംകൊ് സംഭവിക്കുന്ന പരിമിതികളോ വെല്ലുവിളികളോ.

കേരളത്തിലെ സ്വകാര്യ സംഘടനകളുടെ നേതൃത്വത്തിൽ നടന്നുവരുന്ന സ്പെഷ്യൽ സ്കൂളുകളിൽ ഭൂരിപക്ഷത്തിന്റെയും നിലനിൽപ്പ് ഭീഷണിക്കുമുന്നിലാണ്. സ്പെഷ്യൽ ടീച്ചർമാർ നിർബാധം കൊഴിഞ്ഞുപോകുന്നു. വർഷങ്ങളുടെ അനുഭവ പരിചയമുള്ള പലരും, മേഖലയിലെ തുടർന്നുവരുന്ന ദയനീയ സാഹചര്യത്തിൽ മനം മടുത്ത് പലപ്പോഴും ജോലി മതിയാക്കുകയോ, അതല്ലെങ്കിൽ റിസോഴ്സ് അധ്യാപകരുടെ തസ്തികയിലേക്ക് പോകുകയോ ചെയ്യുന്നു. സ്പെഷ്യൽ സ്കൂൾ മാനേജ്മെന്റുകൾക്ക്, സർക്കാർ സാമ്പത്തിക സഹായം ലഭിക്കുന്നില്ല എന്നതും, തുച്ഛമായി ലഭിക്കുന്ന ഗ്രാന്റുകൾ സമയബന്ധിതമായി ലഭിക്കുന്നില്ല എന്നതുമൊക്കെ അവരെ സംബന്ധിച്ച് സ്കൂൾ നടത്തിപ്പിന്റെ കാര്യത്തിൽ വലിയ അനിശ്ചിതത്വങ്ങൾക്ക് വഴിതെളിക്കുന്നു.

കേന്ദ്ര സാമൂഹ്യനീതി മന്ത്രാലയത്തിന്റെ ഗ്രാന്റ് ലഭിക്കുന്ന ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കുള്ള സ്പെഷ്യൽ സ്കൂളുകളുടെ എണ്ണം കേരളത്തിൽ 54 ആണ്. സർക്കാർ അംഗീകാരം ലഭിച്ച 275 സ്കൂളുകളിൽ, കേന്ദ്ര ഗ്രാന്റ് ലഭിക്കുന്ന സ്പെഷ്യൽ സ്കൂളുകൾ ഒഴിച്ച് ബാക്കിവരുന്ന സ്പെഷ്യൽ സ്കൂളുകൾക്കുള്ള 10 കോടി ഗ്രാന്റ് തുകയിൽനിന്നും സഹായം നൽകുന്നത് സംസ്ഥാന സർക്കാരാണ്. നാമമാത്രമായി ലഭ്യമാകുന്ന ഗ്രാന്റ് തന്നെ ചെലവഴിക്കുന്ന കാര്യത്തിൽ അശാസ്ത്രീയമായ ഒട്ടേറെ നിഷ്കർഷകൾ നിലനില്ക്കുന്നു്. ഈ ഗ്രാന്റിൽ, ഒരു അധ്യാപകന് നല്കേ മാസവേതനം 3800 രൂപ ആയാണ് നിശ്ചയിച്ചിരിക്കുന്നത്. ഈ ഓണറേറിയത്തിന്റെ 40 ശതമാനം മാത്രമേ സർക്കാർ നല്കുന്ന ഗ്രാന്റിൽനിന്നും ഉപയോഗിക്കാൻ അവകാശമുള്ളൂ.

സ്പെഷ്യൽ സ്കൂളുകൾ പലതും കേരളത്തിൽ തുടങ്ങിയത്, ഉദാത്തമായ സാമൂഹ്യ പ്രതിബദ്ധതയുടെ പശ്ചാത്തലത്തിലാണ്. ഇതൊരു ലാഭകരമായി നടത്താവുന്ന സംരഭമേ അല്ല. പക്ഷേ, ഇത്തരം സ്കൂളുകളെ മുൻനിറുത്തി ചെറിയ ശതമാനം സ്ഥാപനങ്ങൾ വിദേശപണം സ്വീകരിക്കുന്നുവെന്ന ആക്ഷേപം കമ്മീഷന് ലഭിച്ചുവെങ്കിലും, അത് തെളിയിക്കുന്ന ഒരു രേഖയും ഹാജരാക്കാൻ പരാതിക്കാർക്ക് കഴിഞ്ഞിട്ടില്ല. പൊതുബോധത്തിലുറച്ചു

പോയ ഒരന്ധവിശ്വാസംപോലെ ആരോപണം ഉന്നയിക്കുന്നതിലപ്പുറം എന്തെങ്കിലും പ്രാധാന്യം ഇതിന് ഉണ്ടെന്ന് തോന്നുന്നില്ല. അഥവാ എന്തെങ്കിലും കഴമ്പുണ്ടെങ്കിൽതന്നെ, നല്ലനിലയിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂൾ മാനേജ്മെന്റിന്റെ ആത്മവിശ്വാസം തകരുന്ന രീതിയിൽ അത്തരം ആരോപണങ്ങളെ സാമാന്യവൽക്കരിച്ച് മുഖവിലക്കെടുക്കേണ്ടതില്ല. മാത്രമല്ല, വിദേശ വിനിമയ നിയമങ്ങളുടെ വകുപ്പുകൾ ഉപയോഗിച്ച് നടപടി എടുക്കാനുള്ള സാഹചര്യം ഈ ജനാധിപത്യ രാജ്യത്ത് നിലനില്ക്കുന്നുമുണ്ട്.

വിദ്യഭ്യാസ വകുപ്പ്, അംഗീകാരം നല്കിയ പല സ്പെഷ്യൽ സ്കൂളുകളെ സംബന്ധിച്ചും ആക്ഷേപം നിലനില്ക്കുന്നുണ്ട്. പശ്ചാത്തല സൗകര്യങ്ങൾ ഒട്ടുമില്ലാത്ത പല സ്പെഷ്യൽ സ്കൂളുകൾക്കും, അംഗീകാരം നൽകുമ്പോൾ, നല്ലനിലയിൽ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി അപേക്ഷിക്കുന്ന സ്പെഷ്യൽ സ്കൂളുകളുടെ രജിസ്ട്രേഷന്, അടിസ്ഥാനമില്ലാത്ത വാദങ്ങൾ പറഞ്ഞ്. മനപ്പൂർവ്വം അംഗീകാരം നിഷേധിക്കുന്നുവെന്ന ആക്ഷേപവും കമ്മീഷന് ലഭ്യമായിട്ടുണ്ട്. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ അസാധാരണമായ പ്രശ്നങ്ങളും സവിശേഷതകളും അവർക്ക് വേണ്ടി വിദ്യാഭ്യാസ സൗകര്യമൊരുക്കുന്ന, മാനേജ്മെന്റിന്റെയും അധ്യാപകരുടെയുമൊക്കെ ത്യാഗമനസ്ഥിതിയെ മാനിക്കാൻ കഴിയുന്ന, ഉദ്യോഗസ്ഥരെ ഇത്തരം ഓഫീസുകളിൽ അവരോധിക്കണമെന്നും ഒട്ടേറെ നിർദ്ദേശങ്ങൾ ലഭ്യമായിട്ടുണ്ട്.

സ്പെഷ്യൽ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനും രജിസ്ട്രേഷൻ നല്കുന്നതിനും ഇന്ന്, സ്വീകരിച്ചുവരുന്ന സമീപനം തീർത്തും അശാസ്ത്രീയമാണ്. സ്കൂളുകളുടെ അക്കാദമിക പ്രവർത്തനങ്ങൾ വിലയിരുത്താൻ ശേഷിയുള്ളവരല്ല ഇപ്പോൾ സ്കൂൾ നിരീക്ഷണത്തിനും പരിശോധനയ്ക്കും വരുന്നത്. എന്ന്മാത്രമല്ല, പലപ്പോഴും, ബുദ്ധിന്യൂനത എന്ന അവസ്ഥയെക്കുറിച്ച് പ്രാഥമിക ധാരണപോലുമുള്ളവരല്ല. സ്കൂൾ അംഗീകാരത്തിനും രജിസ്ട്രേഷനും ശാസ്ത്രീയവും വിഷയാധിഷ്ഠിതവുമായ ഒരു സമീപനത്തിനുള്ള ഒരു സംസ്ഥാനതല സമഗ്ര സംവിധാനം കമ്മീഷൻ ഈ രേഖയ്ക്കൊപ്പം സമർപ്പിക്കാൻ ഉദ്ദേശിക്കുന്നു.

ബുദ്ധിപരമായി വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസത്തിനായുള്ള സ്പെഷ്യൽ സ്കൂളുകൾ മാത്രമാണ് കേരളത്തിൽ എയ്ഡഡ് പദവിയിലേക്ക് ഇതുവരെയും പരിഗണിക്കാത്തത്. ഏതു മാനദണ്ഡം വച്ചുപരിശോധിച്ചാലും ഈ ഒരു വിഭാഗത്തിനോടുള്ള വിവേചനപരമായ സമീപനമാണിതെന്നകാര്യത്തിൽ യാതൊരു സംശയവുമില്ല.

കേരളംപോലെ നവോത്ഥാന പ്രക്രിയകൾ സംസ്കരിച്ചെടുത്ത ഒരു മനസ്സിന് സാമൂഹ്യബോധത്തിൽ അസാധാരണമായ സ്വാധീനമുായിരുന്നിട്ടുപോലും, ഏറ്റവും പാർശ്വവൽകൃതമായ ഈയൊരു സമൂഹത്തിനോട് വിവേചനപരമായ സമീപനം സ്വീകരിച്ച ഒരു സാഹചര്യത്തെ, ഇനിയെങ്കിലും പശ്ചാത്താപ ബോധത്തോടെ തിരുത്തേതു്. സാമ്പത്തിക പരാധീനതയുടെയോ മറ്റുപരിമിതികളുടെയോ ഒഴിവ് കഴിവ് കൊ് ഈ സാമൂഹ്യ ഉത്തരവാദിത്വത്തിൽനിന്നും പിന്നോട്ടുപോകാനാവില്ല. ഭരണഘടനയും എല്ലാ അവകാശ നിയമങ്ങളും ഉറപ്പുനൽകുന്ന സൗജന്യവും നിർബ്ബന്ധിതവുമായ വിദ്യാഭ്യാസത്തിന്, കേരളത്തിലെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അവസരം നൽകാൻ, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് മറ്റ് വികലാംഗർക്കുള്ളതുപോലെ (ഇപ്പോൾ അന്ധ- ബധിര വിദ്യാലയങ്ങൾക്കുള്ളതുപോലെ) എയ്ഡഡ് പദവി നൽകുകയേ പോംവഴികാണുന്നുള്ളൂ. എത്രയും അടിയന്തിരമായി സർക്കാർ പരിശോധനയ്ക്ക് വിഷയമാക്കേ വിഷയമാണിത്. ദുരുപയാഗപ്പെടുത്താനുള്ള പഴുതകളടച്ച് കുറ്റമറ്റ രീതിയിൽ ശരിയായ മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഇക്കാര്യത്തിൽ പരിഹാരം കാണാവുന്നതേയുള്ളൂ.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്പെഷ്യൽസ്കൂളുകൾ ഒന്നും തന്നെ ഇപ്പോൾ കേരള വിദ്യാഭ്യാസ ചട്ടത്തിന്റെ പരിധിയിൽ വരുന്നവയല്ല. അന്ധ-ബധിര വിദ്യാഭ്യാസ സ്ഥാപനങ്ങളെപ്പോലും GO(P)-412 എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് എയ്ഡഡ് പദവിയിലേക്ക് കൊുവന്നത്. വിദ്യാഭ്യാസ ചട്ട പരിഷ്കരണത്തിൽ, വികലാംഗരുടെ വിദ്യാഭ്യാസത്തിന് മാത്രമായി ഒരധ്യായം മാറ്റിവെച്ചിട്ടു്. പക്ഷേ, ഇവിടെയൊന്നും, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, ബഹുവൈകല്യം, ശൈശവ മനോരോഗം, പഠനവൈകല്യം എന്നിവയെ സംബന്ധിച്ചുള്ള പരാമർശങ്ങളൊന്നും വന്നിട്ടില്ല. നിലവിൽ, ഏറ്റവും ചുരുങ്ങിയത്, വികലാംഗ വിദ്യാഭ്യാസത്തിനുവേി പുറപ്പെടുവിച്ച GO(P)-412 എന്ന ഉത്തരവിൽ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ വിദ്യാഭ്യാസവും ഒരു പ്രധാന ഭാഗമാക്കി, ഈ ഉത്തരവ് ഏറ്റവും പെട്ടന്ന് കാലോചിതമായി പുറത്തിറക്കേതു്. അതിനാവശ്യമായ നടപടികൾ താമസംവിനാ ഏറ്റെടുക്കാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് സന്നദ്ധമാവേതാണ്.

യോഗ്യതയും അനുഭവവും സേവന മനസ്കതയും അർപ്പണ ബോധവുമൊക്കെ തുല്യ പ്രാധാന്യത്തോടെ പരിഗണിക്കേ ഒരു അസാധാരണ വിദ്യാഭ്യാസ മേഖലയെന്ന പദവി, ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ സവിശേഷ വിദ്യാഭ്യാസത്തിനു്.

ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂൾ അധ്യാപകരുടെ പ്രവർത്തനങ്ങൾ ത്യാഗനിർഭരമാണ്. പരിമിതമായ ആനുകൂല്യങ്ങളിൽ നിന്നുകൊ് അവർചെയ്യുന്ന മഹത്തായ സേവനത്തിന് അർഹമായ പരിഗണന നല്കാനുള്ള ബാദ്ധ്യത സമൂഹത്തിനു്, സർക്കാരിനുമു്. അതുകൊുതന്നെ സ്പെഷ്യൽ സ്കൂൾ അധ്യാപകരുടെ സേവന-വേതന വ്യവസ്ഥകളും ശാസ്ത്രീയമായി പുനർനിർണ്ണയിക്കേതു്. സ്പെഷ്യൽ സ്കൂൾ അധ്യാപകർക്കും ജീവനക്കാർക്കും അവശ്യം വേ യോഗ്യതകൾ ഇതോടൊപ്പം നിർദ്ദേശമായി സമർപ്പിക്കുന്നു. അതോടൊപ്പം ഓരോ സ്പെഷ്യൽ സ്കൂൾ സംവിധാനത്തിലും അത്യാവശ്യം വേ തസ്തികകളും സൂചിപ്പിക്കുന്നു്.

## സ്പെഷ്യൽ സ്കൂൾ (ബുദ്ധിപരമായ വെല്ലുവിളികൾ) ജീവനക്കാരുടെ ഘടനയും യോഗ്യതയും

**അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:8**

| | (തസ്തിക) | വിദ്യാഭ്യാസയോഗ്യത | |
|---|---|---|---|
| | | പൊതുവായ യോഗ്യത | തൊഴിൽപരമായ യോഗ്യത |
| 1 | ഹെഡ്മിസ്ട്രസ്സ്/ | ബിരുദാനന്തരബിരുദം | ബി. എഡ് സ്പെഷ്യൽ (റെഗുലർ)/ ഡിപ്ളോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ |
| 2 | സ്പെഷ്യൽ റ്റീച്ചർ | +2 ഉം അഥവാ തത്തുല്യം | ഡിപ്ളോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ( എം. ആർ)/ ബി. എഡ് സ്പെഷ്യൽ (റെഗുലർ) |
| 3 | സൈക്കോളജിസ്റ്റ് | സൈക്കോളജിയിൽ ബിരുദാനന്തരബിരുദം | |
| 4 | സ്പീച്ച് തെറാപ്പിസ്റ്റ് | സ്പീച്ച് ആന്റ് ലാംഗ്വേജ് പത്തോളജിയിൽ ബിരുദം | |
| 5 | ഫിസ്സിയോ തെറാപ്പിസ്റ്റ് | ഫിസ്സിയോ തെറാപ്പിയിൽ ബിരുദം | |
| 6 | ഒക്യൂപ്പേഷ്ണൽ തെറാപ്പിസ്റ്റ് | ഒക്യൂപ്പേഷ്ണൽ തെറാപ്പിയിൽ ബിരുദം | |
| 7 | വൊക്കേഷണൽ ഇൻസ്ട്രക്റ്റർ | +2 അഥവാ തത്തുല്യം | ഡിപ്ലോമ ഇൻ വൊക്കേഷണൽ ട്രയിനിംഗ് ആന്റ് എംപ്ലോയിമെന്റ്/തൊഴിൽ പരിചയം |
| 8 | യോഗ | +2 | സർട്ടിഫിക്കറ്റ് / ഡിപ്ലോമ ഇൻ യോഗ |
| 9 | കായികം | +2 | ബാച്ചിലർ ഇൻ ഫിസിക്കൽ എഡ്യൂക്കേഷൻ |
| 10 | മ്യൂസിക്ക് | +2, ബിരുദം | മ്യൂസിക്കിൽ ഡിപ്ലോമ / ബിരുദം |
| 11 | വാദ്യോപകരണം പാർട്ട് ടൈം | +2 | സർട്ടിഫിക്കറ്റ് / ഡിപ്ലോമ കോഴ്സ് |

| | | | |
|---|---|---|---|
| 12 | ഡാൻസ് | +2 | സർട്ടിഫിക്കറ്റ് / ഡിപ്ലോമ കോഴ്സ് |
| 13 | സാമൂഹ്യ പ്രവർത്തക (social worker) | എം. എസ്സ്. ഡബ്യ്യൂ, ബിരുദം | |
| 14 | കൈ തൊഴിൽ (craft) (പാർട്ട് ടൈം) | +2 ൽ | കൈ തൊഴിലിൽ–അംഗീ കൃത സർട്ടിഫിക്കറ്റ് |
| 15 | ചിത്രമെഴുത്ത് (drawing) പാർട്ട് ടൈം | +2 | സർട്ടിഫിക്കറ്റ് / ഡിപ്ലോമ/ ബിരുദം |
| 16 | അക്കൗണ്ട് | ബി. കോം ബിരുദം | |
| 17 | ടൈപ്പിസ്റ്റ് / ക്ലർക്ക് | കംമ്പ്യൂട്ടർ അറിവും ബിരുദവും | |
| 18 | ഓഫീസ് അസിസ്റ്റന്റ് | പത്താം ക്ലാസ്സ് | |
| 19 | സ്വീപ്പർ | എട്ടാം ക്ലാസ്സ് | |
| 20 | വാർഡൺ / മേട്രൺ | ബിരുദം | care givers training / DSE (MR) |
| 21 | ആയ | പത്താം ക്ലാസ്സ് | |
| 22 | പാചകം (cook) | പാചകത്തിൽ പ്രവർത്തി പ രിചയം | |
| 23 | കാവൽക്കാരൻ (watch man) | പത്താം ക്ലാസ്സ് | |
| 24 | നേഴ്സ് | +2 | ജനറൽ നഴ്സിംഗ് ഡിപ്ലോമ |
| 25 | ഡോക്ടർ (പാർട്ട് ടൈം) | | എം.ബി.ബി.എസ്. |
| 26 | ഡ്രൈവർ | പത്താം ക്ലാസ്സും പത്തുവർഷത്തെ പ്രവൃത്തിപരിചയവും | |

## സ്പെഷ്യൽ സ്കൂൾ – സെറിബ്രൽ പാൾസി
## ജീവനക്കാരുടെ ഘടനയും യോഗ്യതയും
### അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:5

| നം. | തസ്തിക | വിദ്യാഭ്യാസ യോഗ്യത | |
|---|---|---|---|
| | | പൊതുവായ യോഗ്യത | തൊഴിൽപരമായ യോഗ്യത |
| 1. | ഹെഡ്മിസ്ട്രസ് | ബിരുദാനന്തര ബിരുദം | ബി.എഡ്.സ്പെഷ്യൽ (റെഗുലർ) അല്ലെങ്കിൽ ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ (സെറിബ്രൽ പാൾസി) |
| 2. | സ്പെഷ്യൽ ടീച്ചർ | +2 | ബി.എഡ്.സ്പെഷ്യൽ (റെഗുലർ) അല്ലെങ്കിൽ ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ (സെറിബ്രൽ പാൾസി) |
| 3. | തെറാപ്പിസ്റ്റ്<br>1. സ്പീച്ച്<br>2. ഫിസിയോ<br>3. ഓക്യുപേ | | ബന്ധപ്പെട്ട വിഷയത്തിൽ ബിരുദം |

| | | | |
|---|---|---|---|
| | ഷണൽ | | |
| 4. | സൈക്കോളജിസ്റ്റ് | സൈക്കോളജയിൽ ബിരുദാനന്തരബിരുദം | |
| 5. | ഡോക്ടർ | | എം.ബി.ബി.എസ്. |
| 6. | നേഴ്സ് | +2 | ജനറൽ നേഴ്സിംഗ് |
| 7. | അക്കൗണ്ടന്റ് | ബികോം ബിരുദം | |
| 8. | ആയ | പത്താം ക്ലാസ്സ് | കെയർ ടേക്കർ ട്രെയിനിംഗ് |
| 9. | ഡ്രൈവർ | പത്താം ക്ലാസ്സ് | പ്രവൃത്തി പരിചയം |
| 10. | സ്വീപ്പർ | എട്ടാം ക്ലാസ്സ് | |

## സ്പെഷ്യൽ സ്കൂൾ – ഓട്ടിസം
## ജീവനക്കാരുടെ ഘടനയും യോഗ്യതയും

**അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:5**

| നം. | തസ്തിക | വിദ്യാഭ്യാസ യോഗ്യത | |
|---|---|---|---|
| | | പൊതുവായ യോഗ്യത | തൊഴിൽപരമായ യോഗ്യത |
| 1. | ഹെഡ്മിസ്ട്രസ് | ബിരുദാനന്തര ബിരുദം | ബി.എഡ്.സ്പെഷ്യൽ (റെഗുലർ) അല്ലെങ്കിൽ ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ (ASD) |
| 2. | സ്പെഷ്യൽ ടീച്ചർ | +2 | ബി.എഡ്.സ്പെഷ്യൽ (റെഗുലർ) അല്ലെങ്കിൽ ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ (ASD) |
| 3. | തെറാപ്പിസ്റ്റ്<br>1. സ്പീച്ച്<br>2. ഫിസിയോ<br>3. ഓക്യുപേഷണൽ | | ബന്ധപ്പെട്ട വിഷയത്തിൽ ബിരുദം |
| 4. | സൈക്കോളജിസ്റ്റ് | സൈക്കോളജയിൽ ബിരുദാനന്തരബിരുദം | |
| 5. | ഡോക്ടർ | | എം.ബി.ബി.എസ്. |
| 6. | നേഴ്സ് | +2 | ജനറൽ നേഴ്സിംഗ് |
| 7. | അക്കൗണ്ടന്റ് | ബികോം ബിരുദം | |
| 8. | ആയ | പത്താം ക്ലാസ്സ് | കെയർ ടേക്കർ ട്രെയിനിംഗ് |
| 9. | ഡ്രൈവർ | പത്താം ക്ലാസ്സ് | പ്രവൃത്തി പരിചയം |
| 10. | സ്വീപ്പർ | എട്ടാം ക്ലാസ്സ് | |

## സ്പെഷ്യൽ സ്കൂൾ – ബഹുവൈകല്യം
## ജീവനക്കാരുടെ ഘടനയും യോഗ്യതയും

**അദ്ധ്യാപക വിദ്യാർത്ഥി അനുപാതം : 1: 2**

| നം. | തസ്തിക | വിദ്യാഭ്യാസ യോഗ്യത |
|---|---|---|

| | | പൊതുവായ യോഗ്യത | തൊഴിൽപരമായ യോഗ്യത |
|---|---|---|---|
| 1. | ഹെഡ്മിസ്ട്രസ് | ബിരുദാനന്തര ബിരുദം | ബി.എഡ്.സ്പെഷ്യൽ (റെഗുലർ) അല്ലെങ്കിൽ ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ (മൾട്ടിപ്പിൾ ഡിസബിലിറ്റി) |
| 2. | സ്പെഷ്യൽ ടീച്ചർ | +2 | ബി.എഡ്.സ്പെഷ്യൽ (റെഗുലർ) അല്ലെങ്കിൽ ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ (മൾട്ടിപ്പിൾ ഡിസബിലിറ്റി) |
| 3. | തെറാപ്പിസ്റ്റ്<br>1. സ്പീച്ച്<br>2. ഫിസിയോ<br>3. ഓക്യുപേഷണൽ | | ബന്ധപ്പെട്ട വിഷയത്തിൽ ബിരുദം |
| 4. | സൈക്കോളജിസ്റ്റ് | സൈക്കോളജയിൽ ബിരുദാനന്തരബിരുദം | |
| 5. | ഡോക്ടർ | | എം.ബി.ബി.എസ്. |
| 6. | നേഴ്സ് | +2 | ജനറൽ നേഴ്സിംഗ് |
| 7. | അക്കൗന്റ് | ബികോം ബിരുദം | |
| 8. | ആയ | പത്താം ക്ലാസ്സ് | കെയർ ടേക്കർ ട്രെയിനിംഗ് |
| 9. | ഡ്രൈവർ | പത്താം ക്ലാസ്സ് | പ്രവൃത്തി പരിചയം |
| 10. | സ്വീപ്പർ | എട്ടാം ക്ലാസ്സ് | |

## സംരക്ഷിത തൊഴിലിടം (Sheltered Workshop)
## ജീവനക്കാരുടെ ഘടനയും യോഗ്യതയും

**അനുപാതം 1:15**

| നം. | തസ്തിക | വിദ്യാഭ്യാസ യോഗ്യത | |
|---|---|---|---|
| | | പൊതുവായ യോഗ്യത | തൊഴിൽപരമായ യോഗ്യത |
| 1. | കോ–ഓർഡിനേറ്റർ | ബിരുദാനന്തരബിരുദം | ഡിപ്ലോമ ഇൻ വൊക്കേഷണൽ ട്രെയിനിംഗ് (DVTE (MR)<br>ഡിപ്ലോമ ഇൻ വൊക്കേഷണൽ റിഹാബിലിറ്റേഷൻ<br>അഥവാ<br>തത്തുല്യയോഗ്യത |
| 2. | വൊക്കേഷണൽ കൗൺസിലർ | ബിരുദം | കൗൺസിലിംഗിൽ ഡിപ്ലോമ<br>അഥവാ<br>തത്തുല്യയോഗ്യത |
| 3. | വൊക്കേഷണൽ ഇൻസ്ട്രക്ടർ | +2 | ഡിപ്ലോമ ഇൻ വൊക്കേഷണൽ ട്രെയിനിംഗ് (DVTE (MR) |
| 4. | ഓഫീസ് അസിസ്റ്റന്റ് | ബിരുദം | |
| 5. | ഡ്രൈവർ | പത്താം ക്ലാസ്സ് | പ്രവൃത്തി പരിചയം |
| 6. | സ്റ്റോർ കീപ്പർ | +2 | |
| 7. | ഓഫീസ് അറ്റന്റന്റ് | പത്താം ക്ലാസ്സ് | |

| | | | |
|---|---|---|---|
| 8. | സ്വീപ്പർ | എട്ടാം ക്ലാസ്സ് | |

## തൊഴിലധിഷ്ഠിത വിദ്യാഭ്യാസം (Vocational Training) ജീവനക്കാരുടെ ഘടനയും യോഗ്യതയും

## അനുപാതം: 1: 10

| നം. | തസ്തിക | വിദ്യാഭ്യാസ യോഗ്യത | |
|---|---|---|---|
| | | പൊതുവായ യോഗ്യത | തൊഴിൽപരമായ യോഗ്യത |
| 1. | കോ-ഓർഡിനേറ്റർ | ബിരുദാനന്തരബിരുദം | ഡിപ്ലോമ ഇൻ വൊക്കേഷണൽ ട്രെയിനിംഗ് (DVTE (MR)<br>ഡിപ്ലോമ ഇൻ വൊക്കേഷണൽ റിഹാബിലിറ്റേഷൻ<br>അഥവാ<br>തത്തുല്യയോഗ്യത |
| 2. | വൊക്കേഷണൽ കൗൺസിലർ | ബിരുദം | കൗൺസിലിംഗിൽ ഡിപ്ലോമ<br>അഥവാ<br>തത്തുല്യയോഗ്യത |
| 3. | വൊക്കേഷണൽ ഇൻസ്ട്രക്ടർ | +2 | ഡിപ്ലോമ ഇൻ വൊക്കേഷണൽ ട്രെയിനിംഗ് (DVTE (MR) |
| 4. | ഓഫീസ് അസിസ്റ്റന്റ് | ബിരുദം | |
| 5. | ഡ്രൈവർ | പത്താം ക്ലാസ്സ് | പ്രവൃത്തി പരിചയം |
| 6. | സ്റ്റോർ കീപ്പർ | +2 | |
| 7. | ഓഫീസ് അറ്റന്റന്റ് | പത്താം ക്ലാസ്സ് | |
| 8. | സ്വീപ്പർ | എട്ടാം ക്ലാസ്സ് | |

## നേരത്തെയുള്ള തിരിച്ചറിയൽ സെന്റർ (Early Intervention Centre) ജീവനക്കാരുടെ ഘടനയും യോഗ്യതയും

| നം. | തസ്തിക | വിദ്യാഭ്യാസ യോഗ്യത | |
|---|---|---|---|
| | | പൊതുവായ യോഗ്യത | തൊഴിൽപരമായ യോഗ്യത |
| 1. | കോ-ഓർഡിനേറ്റർ | ബിരുദാനന്തരബിരുദം | ബി.എഡ്.സ്പെഷ്യൽ (റഗുലർ) ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യുക്കേഷൻ (ബന്ധപ്പെട്ട വിഷയ ത്തിൽ)/ഡിപ്ലോമ ഇൻ ഏർളി ഇന്റർവെൻഷൻ തെറാപ്പി |
| 2. | സ്പെഷ്യൽ ടീച്ചർ | +2 | ബി.എഡ്.സ്പെഷ്യൽ (റഗുലർ) ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യുക്കേഷൻ (ബന്ധപ്പെട്ട വിഷയത്തിൽ) |
| 3. | അറ്റന്റർ / ആയ | പത്താം ക്ലാസ്സ് | കെയർ ടേക്കർ ട്രയിനിംഗ് |
| 4. | ഡോക്ടർ | | |
| 5. | തെറാപ്പിസ്റ്റ്<br>1. സ്പീച്ച്<br>2. ഫിസിയോ<br>3. ഓക്യുപേഷ | +2 | ബന്ധപ്പെട്ട വിഷയത്തിൽ ബിരുദം |

| | | | |
|---|---|---|---|
| | ണൽ<br>4. സൈക്കോള ജിസ്റ്റ് | | |
| 6. | നേഴ്സ് | +2 | ജനറൽ നേഴ്സിംഗ് |
| 7. | അക്കൗണ്ട് | ബികോം ബിരുദം | |
| 8. | ഡ്രൈവർ | പത്താം ക്ലാസ്സ് | പ്രവൃത്തി പരിചയം |

റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ, ഇന്ത്യയുടെ പൊതു പശ്ചാത്തലം പരിഗണിച്ച് ഏത് വിധേനയും കുറെയേറെ വിദഗ്ദ്ധരെ ഗ്രാമഗ്രാമാന്തരങ്ങളിൽ സേവനത്തിന് ലഭ്യമാവട്ടെയെന്ന സദുദ്ദേശത്തോടെ, സ്പെഷ്യൽ എഡ്യൂക്കേഷനിലെ ബിരുദ യോഗ്യത (BEd. Spl. Edn) വിദൂര വിദ്യാഭ്യാസത്തിലൂടെ നൽകിവരുന്നു. വിദൂര വിദ്യാഭ്യായ സത്തിലൂടെ എളുപ്പം നേടിയെടുക്കാവുന്ന ഒരു കഴിവല്ല, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരെ പരിശീലിപ്പിക്കാനുള്ള അസാധാരണ നൈപുണി. ഇത്തരത്തിൽ വിദൂര വിദ്യാഭ്യാസ യോഗ്യതമാത്രം കൈമുതലുള്ള സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിന്റെ സേവനങ്ങളെ സംബന്ധിച്ച് മേഖലയിലുള്ളവർക്ക് പ്രത്യേകിച്ച് രക്ഷിതാക്കൾക്ക് മതിപ്പ് കുറവാണ്. വിദൂര വിദ്യാഭ്യാസത്തിലൂടെ യോഗ്യത നേടിയ അദ്ധ്യാപകർക്ക് പരിശീലിപ്പിച്ചെടുക്കാവുന്ന ഒരു വിഭാഗമേ അല്ല ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർ. അതുകൊുതന്നെ, വിദൂര വിദ്യാഭ്യസത്തിലൂടെ സിദ്ധിച്ച അദ്ധ്യാപക യോഗ്യത ഒരടിസ്ഥാന യോഗ്യതയായി പരിഗണിക്കാതെ, അധിക യോഗ്യതയായി മാത്രമേ പരിഗണിക്കാവൂ എന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. അതോടൊപ്പംതന്നെ വർഷങ്ങളായി, സ്കൂളുകളിൽ വിദൂരവിദ്യാഭ്യാസ യോഗ്യത മാത്രമായി ജോലിചെയ്യുന്ന അദ്ധ്യാപകരുങ്കിൽ, നിശ്ചിത സമയപരിധി അനുവദിച്ച് റഗുലർ അദ്ധ്യാപക യോഗ്യത നേടിയെടുക്കാനുള്ള അവസരം ഉാക്കിക്കൊടുക്കണം. അതുമല്ലെങ്കിൽ, ഈ റിഷോർട്ടിൽ നിർദ്ദേശിക്കുന്ന സംസ്ഥാന തല ഉന്നതകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നിലവിൽ വിദൂര വിദ്യാഭ്യാസ യോഗ്യതയുമായി പ്രവർത്തിച്ചുവരുന്ന അദ്ധ്യാപകർക്ക് ആറുമാസത്തെ തീവ്രപരിശീലന കോഴ്സിൽ പങ്കെടുപ്പിച്ച് യോഗ്യതയുള്ളവരാക്കാവുന്നതാണ്.

കേവലം സാങ്കേതിക വാദമുഖങ്ങളുടെ അടിസ്ഥാനത്തിൽ, വിദൂര വിദ്യാഭ്യാസവും റഗുലർ വിദ്യാഭ്യാസവും തുല്യമാണെന്ന നിലയിൽ പരിഗണിക്കുമ്പോൾ, പത്തോ പതിനഞ്ചോ ദിവസത്തെ മുഖാമുഖ ക്ളാസ്സുകൾ മാത്രം ലഭ്യമായി വിദൂരത്തിലിരുന്ന് ബിരുദം നേടിയ

അധ്യാപകരുടെ അവിദഗ്ദ്ധമായ അധ്യാപനത്തിന്റെ ഇരകളാവാൻ, ഒരുവിധത്തിലും ബുദ്ധിപരമായി പരിമിതികൾ അനുഭവിക്കുന്നവരെ അനുവദിക്കാതിരിക്കാൻ സർക്കാർ സവി ശേഷ ജാഗ്രത പുലർത്തേതു്.

റീഹാബലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ എന്ന നിയമപരമായ അധികാരമുള്ള സംവിധാനം ഇന്ത്യയിൽ ഉാവുന്നതിന് മുമ്പുതന്നെ, ഈ മേഖലയിലെ സ്പെഷ്യൽ സ്കൂളു കൾ പ്രവർത്തിച്ചുതുടങ്ങി. ഇപ്പോൾ 30 ഉം 35 ഉം വർഷത്തെ സേവന പാരമ്പര്യമുള്ള സമർപ്പിത ജീവിതം നയിച്ച അധ്യാപകരും മററുജീവനക്കാരുമു്. പക്ഷേ അവർക്ക്, റീഹാബി ലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശിക്കുന്ന യോഗ്യത നിലവിലില്ല. സുദീർഘകാ ലത്തെ അവരുടെ സേവനത്തെ പരിഗണിച്ച്, ജോലിചെയ്തുവരുന്ന ഈ ജീവനക്കാരെ ഒരു മാനദണ്ഡത്തന്റെ അടിസ്ഥാനത്തിൽ, ജോലിയിൽ തുടരാൻ സർക്കാർ അനുവദിക്ക ണം. ഇവരിൽ പലരും 10-ാം തരം പാസ്സായവരും അതോടൊപ്പം ഒരുവർഷത്തെ ഡിപ്ളോമ യോഗ്യതയോ ബ്രിഡ്ജ് കോഴ്സ് യോഗ്യതയോ ഉളളവരാണ്. 1992 ൽ നിലവിൽവന്ന റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിർദ്ദേശപ്രകാരം അധ്യാപകർക്കുള്ള അടി സ്ഥാന യോഗ്യത 12-ാം ക്ളാസ്സും ഡിപ്ളോമ കോഴ്സുമാണ്. വർഷങ്ങളായി ജോലിചെ യ്തുവരുന്ന പത്താംക്ളാസ്സും ഡിപ്ളോമയോ അതല്ലെങ്കിൽ ബ്രിഡ്ജുകോഴ്സോ ഉള്ള അധ്യാപകരെ, അധ്യാപകരായി നിലനിർത്താനും, അതിലും കുറഞ്ഞ അടിസ്ഥാന വിദ്യാ ഭ്യാസമുള്ളവരെ അധ്യാപകേതര തസ്തികയിൽ നിലനിർത്താനും സർക്കാർ പ്രത്യേകം ശ്രദ്ധിക്കേതാണ്.

ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരിൽ, ബുദ്ധിമാന്ദ്യം, സെറിബ്രൽ പാൾസി, ബഹുവൈകല്യം തുടങ്ങിയ പ്രശ്നങ്ങളുള്ളവരുടെ വിദ്യാഭ്യാസങ്ങൾക്കുള്ള സമീപനങ്ങൾക്ക്, ഏതാൊരു സമാന സ്വഭാവമുകെിലും, ഓട്ടിസം, ശൈശവ മനോരോഗം, പഠനവൈകല്യം, തുടങ്ങിയവയുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ സവിശേഷമായി പരിഗണിക്കേതു്. എല്ലാ വിഭാഗങ്ങൾക്കും വ്യക്ത്യധിഷ്ഠിത വിദ്യാഭ്യാസ പദ്ധതിതന്നെയാവും (IEP) കൂടുതൽ അഭികാ മ്യമാകുക. ഓരോ വ്യക്തികളും ഒന്നല്ലെങ്കിൽമറ്റേതെങ്കിലും സവിശേഷതകളാൽ വ്യതിരിക്ത രാവും. താരതമ്യങ്ങൾക്കോ, തുലനം ചെയ്യലിനോ, ഇത്തരം വിദ്യർത്ഥികളെ സംബന്ധിച്ച് പ്രസക്തിയുാവില്ല. ഓരോ വ്യക്തിയുടെയും വിദ്യാഭ്യാസ ആവശ്യങ്ങൾ, അവരുടെ പരിമിതി കളുടെ സവിശേഷതകൾക്ക് വിധേയമായി ഗണ്യമായ തോതിൽ വ്യത്യസ്തമായിരിക്കും. ബുദ്ധിപരമായി വ്യത്യസ്ത കഴിവുകൾ പ്രകടിപ്പിക്കുന്നവർ, ഓട്ടിസം, പഠനപരമായ അസാ

ധാരണത്വം എന്നിവ അഭിമുഖീകരിക്കുന്നവരിൽ കുവരുന്നു. തീവ്രവും തീഷ്ണവുമായ ഓട്ടിസം ബാധിച്ചവർക്ക് സ്പെഷ്യൽ സ്കൂളുകൾ തന്നെ പലപ്പോഴും ആവശ്യമായി വന്നേക്കാം. സാധാരണ സ്കൂളുകളിൽ തന്നെ ഈ കുട്ടികളെ നിലനിറുത്തുകയാണെങ്കിൽ, പരിശീലനത്തിന്റെ ഒരു നൈരന്തര്യം ഉാവേത് ആവശ്യമാണ്.

ഓട്ടിസമെന്ന പ്രശ്നം, ആധുനിക ശാസ്ത്രലോകത്തിനുതന്നെ പൂർണ്ണമായും വഴങ്ങാത്ത ഒരു വിഷയമാണ്. ഒട്ടേറെ വിദ്യാഭ്യാസ സമ്പ്രദായങ്ങളും സമീപനങ്ങളും ഇവരുടെ പരിശീലനം സംബന്ധിച്ച് നിലനില്ക്കുന്നു്. എന്തുതന്നെയായാലും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഇവരെ കൊുവരുന്നതിനുള്ള ശാസ്ത്രീയ സമീപനം ആവിഷ്കരിച്ച് നടപ്പാക്കുകയും അവരുടെ പരിശീലനത്തിനുള്ള പശ്ചാത്തല സൗകര്യവും വിദഗ്ദ്ധരുടെ പങ്കാളിത്തവും ഉറപ്പുവരുത്തുകയും വേണം.

ഓട്ടിസം ബാധിച്ച കുട്ടികളെ സംബന്ധിച്ച് സമൂഹത്തിൽ നിലനിൽക്കുന്ന വലിയൊരു തെറ്റിദ്ധാരണ, എല്ലാ ഓട്ടിസം ബാധിതരും 'അതിനിപുണ' (High Functioning) ഓട്ടിസം ഉള്ളവരാണെന്നാണ്. ചെറിയൊരു ശതമാനം മാത്രമേ ഈ വിഭാഗത്തിൽ വരുന്നുള്ളൂ. ഏതാനും കുട്ടികൾ ചില മേഖലകളിൽ അതിവൈദഗ്ദ്ധ്യം പ്രകടിപ്പിക്കുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ, സാമാന്യവൽക്കരണം നടത്തുന്നത് ശരിയായിരിക്കണമെന്നില്ല. പക്ഷെ, ഓട്ടിസമുള്ള പലകുട്ടികളേയും സാധാരണ സ്കൂളുകളിൽ ചേർക്കാമെങ്കിലും ആർക്കും സ്പെഷ്യൽ എഡ്യൂക്കേഷൻ വേ എന്ന വാദം എത്രമാത്രം യുക്തിസഹമാണ് എന്നകാര്യത്തിൽ സംശയമു്.

പഠനപരമായ ക്രമഭംഗമോ അസാധാരണത്വമോ (Learning Disorders) അഭിമുഖീകരിക്കുന്ന കുട്ടികളുടെ പ്രശ്നത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ സത്വര ശ്രദ്ധപതിയേതാണ്. ഇത്തരം കുട്ടികൾ എഴുത്തിലോ വായനയിലോ ഗണിതത്തിലോ പേരുകൾ ഓർത്തുവെയ്ക്കുന്നതിലോ ഒക്കെ കാണിക്കുന്ന സവിശേഷമായ പ്രയാസങ്ങൾ സാമൂഹ്യമായി പൊതുവേ ദൃശ്യമല്ല. ഇവരനുഭവിക്കുന്ന മാനസിക പ്രശ്നങ്ങൾ തിരിച്ചറിയാതെ പോകുന്നതുകൊുള്ള മാനസിക സമ്മർദ്ദങ്ങൾ ഒട്ടേറെയാണ്. ലക്ഷ്യവ്യേധിയായ ചെറിയൊരു ഇടപെടൽ നടത്തിയാൽതന്നെ ഇവരനുഭവിക്കുന്ന പ്രശ്നങ്ങൾ പൂർണ്ണമായോ ഭാഗികമായോ പരിഹരിക്കാനാവുന്നതാണ്. മറ്റ്, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരിൽനിന്നും വ്യത്യസ്തരായി, മാനസിക സംഘർഷങ്ങളുടെ സമ്മർദ്ദം, പ്രശ്നം അനുഭവിക്കുന്ന കുട്ടികളും അവരുടെ രക്ഷിതാക്കളും ഒരേപോലെ അനുഭവിക്കുന്നു്. വിദ്യാഭ്യാസ മേഖലയിൽ ഇവർക്ക്,

പരീക്ഷയെഴുതുന്നതിന്, സ്ക്രൈബിനെയും അധിക സമയവുമൊക്കെ അനുവദിക്കുന്നു്. പക്ഷേ, ഈ സൗകര്യം ഹയർ സെക്കന്ററി തലംവരെയാണ് ഇപ്പോൾ ഔദ്യോഗികമായി അംഗീകരിയ്ക്കുന്നത്. പ്രൊഫഷണൽ കോഴ്സുകളിലും മറ്റ് തുടർ ബിരുദകോഴ്സുകളിലുമൊക്കെ, ഇവരുടെ കഴിവുകൾക്ക് ഊന്നൽ നല്കിക്കൊ്, സൗഹൃദാത്മകമായ ഒരു സമീപനം സ്വീകരിക്കണം. ബുദ്ധിപരമായി പലപ്പോഴും ചില മേഖലയിലെങ്കിലും, സാധാരണ കുട്ടികളിൽനിന്നു കൂടുതൽ ഉയർന്ന നിലവാരം ഇവർ പ്രകടിപ്പിക്കുന്നു്. അവരുടെ സവിശേഷ കഴിവുകളെ ഉപയോഗപ്പെടുത്തി, മൂല്യനിർണ്ണയം നടത്തുന്ന വ്യക്ത്യാധിഷ്ഠിത സമീപനം, പഠനപരമായ പ്രശ്നങ്ങൾ നേരിടുന്നവരോട് സ്വീകരിക്കണം. പ്രൊഫഷണൽ കോഴ്സുകളിൽ, പ്രത്യേകച്ച് എഞ്ചിനീയറിംഗ് വിഷയങ്ങളിൽ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ., ചിത്രകല, മറ്റ് കരകൗശല മേഖലകൾ എന്നിവയിലൊക്കെ പഠന സാധ്യത ഇവർക്ക് ഉറപ്പുനല്കുന്ന വിധം, പ്രവേശന പരീക്ഷകളിൽ ഉദാരമായ സമീപനമാണ് ഉാകേത്.

പഠനപരമായ പ്രശ്നങ്ങൾ നേരിടുന്ന ഒട്ടേറെ കുട്ടികൾ വ്യവസ്ഥിതിയുടെ കർക്കശമായ സമീപനങ്ങളിലും നിഷ്കർഷതകളിലും തട്ടിത്തെറിച്ച്, നിസ്സഹായരായി നമ്മുടെ സമൂഹത്തിലു്. ഇവരനുഭവിക്കുന്ന മനോവേദനകളിലും നിസ്സഹായാവസ്ഥകളിലും എന്തുചെയ്യണമെന്ന് അറിയാതെ, ഇതികർത്തവ്യതാമൂഢരായി കഴിയുന്ന രക്ഷിതാക്കളുടെ വേദന അതിലേറെ ദു:ഖകരമാണ്. അതുകൊുതന്നെ, പഠനപരമായ പ്രശ്നങ്ങൾ നേരിടുന്നവരുടെ സവിശേഷമായ വിദ്യാഭ്യാസ പ്രശ്നങ്ങൾക്ക് വളരെ അനുഭാവപൂർണ്ണമായ ഉദാര സമീപനം വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്വീകരിക്കണമെന്ന് ഒരു പ്രത്യേക ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിക്കണം. മാനവ ചരിത്രത്തിൽ നിയാമകമായ സ്വാധീനം ചെലുത്തിയ മഹാപ്രതിഭകളായ വ്യക്തിത്വങ്ങളിൽ പലരും പഠനപരമായ പ്രശ്നങ്ങൾ നേരിട്ടവരായിരുന്നുവെന്നുള്ളത് എപ്പോഴും ഓർക്കേതാണ്. അവരുടെ സവിശേഷമായ മസ്തിഷ്ക വൈഭവങ്ങളെ ക്രിയാത്മകമായി ഉപയോഗിക്കാനുതകുന്ന അനുകൂല സാഹചര്യങ്ങൾ സൃഷ്ടിക്കുകയെന്ന വലിയ വെല്ലുവിളി നാം ഏറ്റെടുക്കുമ്പോഴാണ്, പഠനപരമായി പിന്നോക്കം നില്ക്കുന്നവരെ, സമർത്ഥമായി സമൂഹത്തിൽ പുനരധിവസിപ്പിക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നത്.

ശൈശവ മനോരോഗാവസ്ഥ പലവിദ്യാർത്ഥികളിലും വിദ്യാഭ്യാസ കാലത്തിന്റെ വിവിധ ഘട്ടങ്ങളിൽ നേരിടുന്ന മാനസിക പ്രശ്നമാണ്. കുഞ്ഞായിരിക്കുമ്പോൾ തുടങ്ങി ബിരുദതലംവരെ ഏത് സമയത്തും മനോരോഗ സാധ്യത കത്തിയെന്നുവരാം. മുമ്പത്തെക്കാൾ കൂടുതലായി, ഈ രോഗാവസ്ഥ വ്യാപകമായിക്കൊിരിക്കുന്നുവെന്ന് ശിശു മനോരോ

ഗവിദഗ്ദ്ധന്മാർ സൂചന നല്കുന്നു. നമ്മുടെ സമൂഹത്തിൽ ഒട്ടുംതന്നെ ശ്രദ്ധലഭിച്ചിട്ടില്ലാത്ത ഒരു വിഭാഗമാണ് ശൈശവ മനോരോഗത്തിന് വിധേയരായവർ. ഈ കുട്ടികളും കുടും ബവും നേരിടുന്ന കെടുതികൾക്ക് യാതൊരു പരിധിയുമില്ല. ശൈശവ അക്രമണ സ്വഭാവം വിവിധ തരത്തിലുള്ള വൈകൃത പെരുമാറ്റങ്ങൾ, നശീകരണ പ്രവണത, സ്വയം അപകടപ്പെടു ത്താനുള്ള പ്രവണത, ആത്മഹത്യാപ്രവണത, അതിസാഹസികവും അപകടകരവുമായ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ, കാരണമേതുമില്ലാതെയുള്ള പ്രതികാരം തുടങ്ങി വിവിധ പ്രശ്നങ്ങൾ ഇവരിൽ കുവരുന്നു. സ്കിസോഫ്രീനിയ, മൂഡ് ഡിസോർഡർ, വിഷാ ദം, ഉന്മാദം എന്നിവയൊക്കെ കുട്ടികളിൽ കുവരുന്നു്. ആത്യന്തികമായി ഈ പ്രശ്നങ്ങളു ടെയെല്ലാം പരിണിതി ബുദ്ധിപരമായ പിന്നോക്കാവസ്ഥയാണ്.

ചികിൽസയോടൊപ്പംതന്നെ. വിദ്യാഭ്യാസപരമായി സവിശേഷ പരിഗണന അർഹി ക്കുന്ന ശൈശവ മനോരോഗമുള്ള കുട്ടികളെ സാധാരണ സ്കൂളുകളിൽതന്നെ വിദ്യാഭ്യാസം നൽകുകയും അതോടൊപ്പംതന്നെ, പരീക്ഷകളിലും മൂല്യനിർണ്ണയ രീതിയിലുമൊക്കെ, വ്യക്ത്യധിഷ്ഠിത പരിഗണനയോടെയുള്ള സമീപനം സ്വീകരിക്കുകയും ചെയ്യുന്നതിലൂടെ, ഭാവിയിൽ വ്യക്തിക്കും സമൂഹത്തിനും നേരിടേിവരുന്ന പ്രശ്നങ്ങളിൽനിന്നും രക്ഷപ്പെടുത്തി പുനരധിവസിപ്പിക്കാൻ കഴിയും. നിരന്തര ചികിൽസ നൽകേിവന്നേക്കാമെങ്കിലും, കൃത്യവും അനുയോജ്യവുമായ ചികിൽസാരീതി നടപ്പാക്കാനായാൽ, സാമൂഹ്യമായി ഇത്തരം കുട്ടി കളെ സമർത്ഥമായി പുനരധിവസിപ്പിക്കാനാവും. ഏതായാലും ഇവരുടെ വിദ്യാഭ്യാസ പ്രക്രി കയിൽ, തികച്ചും വ്യക്ത്യാധിഷ്ഠിത സമീപനവും അതോടൊപ്പം പരിക്ഷയിലും മറ്റും ചെറി യൊരു ഉദാരതയും സ്വീകരിച്ചാൽ സാധാരണ വിദ്യാലയങ്ങളിലൂടെത്തന്നെ ഇവരെ പരിശീ ലിപ്പിച്ചെടുത്തു മുഖ്യധാരയിലേക്ക് കൊുവരാൻ കഴിയും.

ബുദ്ധിപരമായ വെല്ലുവിളകൾ നേരിടുന്നവരുടെ വിദ്യാഭ്യാസത്തിന് അവശ്യം വേ പ ാഠ്യപദ്ധതി ശാസ്ത്രീയമായി ആവിഷ്കരിക്കുന്നതിന്, ,സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേ ഷൻ റിസേർച്ച് ആന്റ് ട്രെയിനിംഗ് (SCERT) നടപടികൾ ആവിഷ്കരിച്ചുകഴിഞ്ഞു. വ്യക്ത്യാ ധിഷ്ഠിതവും (individualized) പ്രവർത്തനോന്മുഖവുമായ (Functional) ഒരു പാഠ്യപദ്ധതി രൂപ പ്പെടുത്തി അതോടൊപ്പം സർട്ടിഫിക്കറ്റുകൾ നൽകാവുന്ന രീതിയിൽ, ഓരോ വ്യക്തികളുടെ സവിശേഷ കഴിവുകൾ പരിഗണിച്ച് ഒരു മൂല്യനിർണ്ണയ സംവിധാനവും ഉറപ്പുവരുത്തേതു്. കേരളത്തിലെ സ്പെഷ്യൽ സ്കൂളുകളിലെ പരിശീലനത്തിന് മാത്രമായി, ഈ ഉദ്യമത്തെ പരി

മിതപ്പെടുത്താതെ, സ്പെഷ്യൽ സ്കൂളുകളിൽ എത്തിപ്പെടാനാവാത്തവരെയും അനൗപചാരിക സംവിധാനത്തിലൂടെ അവരുടെ  വിദ്യാഭ്യാസ ആവശ്യങ്ങൾ നിർവ്വഹിച്ചുകൊടുക്കുന്നതിന് പ്രാപ്തമാക്കുന്ന വിധം വളരെ ഉദാരമായ സമീപനം പാഠ്യക്രമ രൂപീകരണത്തിൽ സ്വീകരിച്ചാൽ, ഏറെ ഗുണകരമായ ഒരു ഉദ്യമമായി ഈ പാഠ്യപദ്ധതി രൂപീകരണ പ്രക്രിയ പരിണമിക്കും.

ബഹുഭൂരിപക്ഷം വരുന്ന ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർ, ഔപചാരിക സ്പെഷ്യൽ എഡ്യൂക്കേഷൻ സംവിധാനത്തിന് പുറത്താണെന്നുള്ളതും മറ്റു വിവിധ കാരണങ്ങൾകൊണ്ടും ഇവർക്ക് വിദ്യാഭ്യാസ പ്രക്രിയയുടെ ഭാഗമാകാൻ കഴിയുന്നില്ല.  പക്ഷെ, ഈ വിഭാഗങ്ങൾക്കൊക്കെയും അക്ഷരാഭ്യാസത്തിലൂടെയും നൈപുണി വികസനത്തിലൂടെയുമൊക്കെ ഒരു സാമൂഹ്യ പുനരധിവാസ പ്രക്രിയയുടെ അവസരങ്ങൾ ഉാകണം.  ഒരാളുടെ ജീവിതം പോലും, വ്യർത്ഥമല്ലെന്നും ഓരോ ജന്മത്തിനും അവരുടെ പരമിതികൾ എന്തൊക്കെത്തന്നെയായാലും സാമൂഹ്യജീവിതത്തിൽ വലിയ പ്രാധാന്യമു് എന്നും സ്വയം തിരിച്ചറിയാനും മറ്റുള്ളവർക്ക് അത്തരം ധാരണ ഉാകുവാനുമുള്ള ഉന്നതമായ ധാർമ്മികബോധം സമൂഹം പ്രകടിപ്പിക്കുമ്പോഴാണ്, സാകല്യതാ ജീവിതത്തിന്റെ (Inclusive Life) അന്തഃസത്ത സാധൂകരിക്കപ്പെടുക.

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്ക് വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, തൊഴിൽ എന്നിവ നൽകാനുള്ള എല്ലാ സാഹചര്യത്തെയും പ്രോൽസാഹിപ്പിക്കേതാണ്. അതിലുപരി, വളരെ ബോധപൂർവ്വ പരിശ്രമത്തിലൂടെ, ഇത്തരം വ്യക്തികൾക്ക്, വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും തൊഴിലും നൽകാനുള്ള സംവിധാനങ്ങൾ ഒരുക്കാൻ സാധ്യമായ എല്ലാ ശ്രമങ്ങളും സമൂഹമെന്നനിലയിൽ നടത്തുവാൻ നാം ബാധ്യസ്ഥരാണ്.

ശാസ്ത്ര സാങ്കേതിക വിദ്യ ഏറെ മുന്നോട്ടുപോയിക്കൊിരിക്കുന്ന ആധുനിക കാലത്ത്, കമ്പ്യൂട്ടർ സാങ്കേതികത സമർത്ഥമായി ഉപയോഗപ്പെടുത്തി ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ വിദ്യാഭ്യാസ പ്രക്രിയ കൂടുതൽ ഗുണപരവും ഫലപ്രദവുമാക്കി മാനറ്റാനാവും.  അതോടൊപ്പം ഇതേ സാങ്കേതിക വിദ്യയുടെ സഹായത്താൽതന്നെ, മൂല്യനിർണ്ണയവും പരീക്ഷാ സമ്പ്രദായവുമൊക്കെ വികസിപ്പിച്ചെടുക്കാനുമാവും.

കേരളത്തിലെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസ പ്രക്രിയയിൽ, സജീവ സാന്നിധ്യമാകുന്നവിധം സംസ്ഥാനതല ഉന്നത കേന്ദ്രത്തിന്റെ (State Apex Institute) പ്രവർത്തനം പുനഃസംഘടിപ്പിക്കണം.  അക്കാദമികമികവും ഭരണപരവുമായ

എല്ലാ നിയന്ത്രണവും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ രൂപീകൃതമായ സ്വയംഭരണാവകാശ സ്ഥാപനമായ ഈ സംസ്ഥാനതല ഉന്നത കേന്ദ്രത്തലൂടെയാവണം. ഈ സംസ്ഥാനതല ഉന്നതകേന്ദ്രത്തിന് നാല് മേഖലാകേന്ദ്രങ്ങൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി സ്ഥാപിക്കണം. ഈ നാല് മേഖലാ കേന്ദ്രങ്ങളിലൂടെ ജില്ലയിലും താലൂക്ക്, പഞ്ചായത്ത് കേന്ദ്രീകരിച്ചും പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേതാണ്. ഇത്തരമൊരു സംവിധാനത്തിന്റെ ഘടനാചിത്രം ഇതോടൊപ്പം ചേർക്കുകയാണ്.


STATE LEVEL CENTRE
Medical Department:
Paediatrician
Neurologist
Psychiatrist
Psychologist
Physiatrist
Early Intervention:
Speech Therapist
Physio Therapist
Occupational Therapist
Behaviour Therapist
Mental Challenge
Autism
Cerebral Palsy
Multiple Disabilities
Childhood Mental Illness
Learning Disorder
Vocational Department:
Rehabilitation Village:
Employment:


STATE LEVEL CENTRE
(Apex Body)
Regional Centre
(South)
Regional Centre
(Central)
Regional Centre
(High Range)
Regional Centre
(North)
TVPM
KLM
PTA
ALPY
TSR
PKD
MLPM
KKD
KTM
IDKI
EKM
EKM
WYND
KNR
KSGD
District Level
District Level
District Level
District Level
Taluk Level Centre
Local Level Centre


STATE LEVEL CENTRE
(Proposed Facilities)
Human Resources Development
Library
Help Desk
Hostel
Canteen
Service Centre
Respite Home
Transportation
Research
Special School
Follow up Services
Employment Exchange
Intervention
Counselling
Vocational
Employment
Parents
Students

കേരളത്തിൽ തിരുവനന്തപുരം പാങ്ങപ്പാറയിലുള്ള സി. എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് (SIMC) എന്ന സ്ഥാപനം, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരിൽ, ബുദ്ധിമാന്ദ്യവിഭാഗത്തിന് മാത്രമായാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഈ സ്ഥാപനത്തെതന്നെ, ബുദ്ധിപരമായ വെല്ലുവിളികൾ അതായത് ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, ബഹുവൈകല്യം, ശൈശവ മനോരോഗം, പഠനവൈകല്യം തുടങ്ങിയ എല്ലാ വിഭാഗങ്ങളുടെയും നേരത്തെ കത്തെൽ (Early Detection), നേരത്തെ ഇടപെടൽ (Early Intervention), സവിശേഷ വിദ്യാഭ്യാസം (Special Education), തൊഴിൽ പരിശീലനകേന്ദ്രം (Vocational Training) തുടങ്ങിയ പുനരധിവാസ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്ന സംസ്ഥാനതല ഉന്നത കേന്ദ്രമായി വികസിപ്പിക്കാനാകും. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരെ സംബന്ധിച്ച്, കേരളത്തിൽ ഇത്തരമൊരു സംവിധാനത്തിന്റെ ആവശ്യകത അത്യധികം അടിയന്തിര സ്വഭാവത്തോടെ നിർവ്വഹിക്കേതു്.

കേരളത്തിൽ സ്ഥാപിക്കേ ഇത്തരമൊരു സംസ്ഥാനതല ഉന്നതകേന്ദ്രത്തിൽ, ഇപ്പോൾ ഉദ്ദേശിച്ചിരിക്കുന്ന എല്ലാ ഡിപ്പാർട്ട്മെന്റുകളും സ്ഥാപിച്ചുകഴിഞ്ഞാൽ, സംസ്ഥാനത്തെ, മുഴുവൻ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരെയും അവരുടെ കുടുംബങ്ങളെയും ബാധിച്ചിരിക്കുന്ന എല്ലാ പ്രശ്നങ്ങളിലും നേരിട്ട് ഇടപെടാൻ കഴിയും. എന്ന് മാത്രമല്ല, അവരുടെ ഇന്നത്തെ നിരാശാജനകമായ ജീവിതത്തെ പ്രതീക്ഷാനിർഭരമായ അവസ്ഥയിലേക്ക് നയിക്കാൻ, ഈ പൊതുമേഖലാ സ്ഥാപനത്തിന് കഴിയുകയും ചെയ്യും. സ്വകാര്യ സന്നദ്ധ സംഘടനകൾ നടത്തിവരുന്ന ഈ മേഖലയിലുള്ള സ്പെഷ്യൽ സ്കൂളുകളുടെയും അക്കാദമികവും ഭരണപരവുമായ എല്ലാ സേവനങ്ങളും ഈ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടിലൂടെ നിർവ്വഹിക്കാൻകഴിയും. ആരംഭത്തിൽതന്നെ, വ്യവസ്ഥാപിതമായ ഒരു മാർഗ്ഗം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന വിഭാഗവുമായി ബന്ധപ്പെട്ട സ്പെഷ്യൽ സ്കൂളുകളുടെ കാര്യത്തിൽ ഉാകുകയാണെങ്കിൽ, ഇത്തരത്തിലുള്ള വ്യക്തികളുടെ വിദ്യാഭ്യാസവും പുനരധിവാസവുമൊക്കെ, വളരെ ശാസ്ത്രീയമായിത്തന്നെ വിജയകരമായി നിർവ്വഹിക്കാൻ കഴിയും.

നിലവിൽ സി. എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ സ്പെഷ്യൽ സ്കൂൾ, സ്പെഷ്യൽ സ്കൂൾ ഹോസ്റ്റൽ, ട്രാൻസ്പോർട്ടേഷൻ, ഫിസിയോതെറാപ്പി, വൊക്കേഷണൽ ട്രെനിംഗ്, പ്ളെയ്സ്മെന്റ്, പേരന്റ് കൗൺസിലിംഗ് പ്രോഗ്രാം,

പേരന്റ്സ് ട്രെയിനിംഗ് പ്രോഗ്രാം, ഏർളി ഇന്റർവെൻഷൻ പ്രോഗ്രാം, ടീച്ചേഴ്സ് ട്രെയിനിംഗ് ഡിപ്ലോമ കോഴ്സ് എന്നീ സർവ്വീസുകൾ നൽകിവരുന്നു. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ 130 ബുദ്ധി മാന്ദ്യമുള്ള കുട്ടികളും 57 ജീവനക്കാരുമുണ്ട്. സ്തുത്യർഹമായ രീതിയിൽ പ്രവർത്തിക്കുന്നതിന് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് ഒരു പരിധിവരെ കഴിയുന്നുണ്ട്. പക്ഷെ, സംസ്ഥാനത്തെ, മുഴുവൻ ബുദ്ധിമാന്ദ്യമുള്ളവരുടെയും ജീവിതത്തിൽ ക്രിയാത്മകമായ രീതിയിൽ ഇടപെടാനുള്ള പ്രാപ്തി, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യുട്ട് ഇനിയും ആർജ്ജിക്കേണ്ടതുണ്ട്. വിഭവപരമായി ആ ശേഷി വികസി ഷിച്ചെങ്കിൽ മാത്രമേ, സ്റ്റേറ്റ് ഇൻസിറ്റിറ്റ്യൂട്ടെന്ന സങ്കല്പത്തിന് അനുപൂരകമായ വിധത്തിൽ പ്രവർത്തിക്കുന്നുവെന്ന് ആശ്വസിക്കാൻ കഴിയൂ. ഇഷോഴുള്ള എല്ലാ ജീവനക്കാരും കരാർ വ്യവസ്ഥയിൽ ജോലിചെയ്യുന്നവരോ അതല്ലെങ്കിൽ ദിവസ വേതനക്കാരോ മാത്രമാണ്. ഈയൊരു അവസ്ഥ, ജീവനക്കാരുടെ പ്രവർത്തനത്തിന്റെയും സേവനങ്ങളുടെയും തുടർച്ചയെ ബാധിക്കുന്നുണ്ട്. ഈയൊരു സാഹചര്യം സ്ഥായിയായ സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് സഹായകരമല്ല. ജീവനക്കാർ, പൊതുവേ, ഉത്തരവാദിത്വത്തോടെ പ്രവർത്തി ക്കാൻ, സഹായകരമാവുന്ന ഒരന്തരീക്ഷം ഉണ്ടാവുകയെന്നത്, വളരെ പ്രധാനമാണ്. അതു കൊണ്ടുതന്നെ, ദിവസവേതനം കരാർവ്യവസ്ഥ എന്നിങ്ങനെയുള്ള സംവിധാനങ്ങൾ മാറ്റി, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡിന്റെ (SIMC) എല്ലാ ജീവനക്കാരെയും സ്ഥിരമാ യി, നിയമിക്കാൻ സർക്കാർ നടപടി സ്വീകരിക്കേണ്ടത് ഏറ്റവും അത്യാവശ്യമാണ്.

എസ്. ഐ.എം.സി. യിൽ നിലവിലുള്ള സേവനങ്ങൾ വളരെ പരിമിതമായ എണ്ണം ഗുണഭോക്താക്കളിലെ ഇഷോൾ എത്തിക്കാനാവുന്നുള്ളൂ. തിരുവനന്തപുരം ജില്ലയെ കേന്ദ്രീ കരിച്ചുള്ള പ്രവർത്തനങ്ങളാണ്, ഇഷോൾ പ്രധാനമായും നടന്നുവരുന്നത്. മറ്റ് ജില്ലകളിലും മറ്റ് സംസ്ഥാനങ്ങളിൽനിന്നെത്തിയ അനാഥരായ ബുദ്ധിമാന്ദ്യമുള്ളവരുമൊക്കെ, ഈ സ്ഥാപനത്തിൽ അന്തേവാസികളായുണ്ട്. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം സ്വാഭാവിക മായും വിഭാവനം ചെയ്യുന്നത്, ബുദ്ധിമാന്ദ്യ പുനരധിവാസ മേഖലയിൽ സംസ്ഥാനത്താ കെയുള്ള പ്രവർത്തനങ്ങളെ ഏകോപിഷിക്കുകയും അക്കാദമിക മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക എന്നതുമാണ്. ആ അർത്ഥത്തിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ ഏറെ വിപുലീകരിക്കേണ്ടതുണ്ട്.

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് അടുത്ത സാമ്പത്തിക വർഷത്തിൽ രണ്ട് മേഖലാ കേന്ദ്രങ്ങൾ കൂടി തുടങ്ങുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ആകെ നാല് മേഖലാ കേന്ദ്രങ്ങളാണ് സംസ്ഥാനത്ത് വിഭാവനം ചെയ്യുന്നത്. ഈ മേഖലാകേന്ദ്രങ്ങളിലൂടെ എസ്. ഐ.എം.സി.

യുടെ പ്രവർത്തനങ്ങളെ സംസ്ഥാനത്താകെ വികേന്ദ്രീകരിക്കേതു്. പുനരധിവാസ സേവന പ്രവർത്തനങ്ങളുടെ ഈ വികേന്ദ്രീകരണ പ്രവർത്തനങ്ങളിലൂടെ, സംസ്ഥാനത്തുള്ള ബുദ്ധിപരമായി പ്രശ്നങ്ങളനുഭവിക്കുന്നവരുടെ എല്ലാം ജീവിതത്തിൽ ക്രിയാത്മകമായി ഇട പെടാനും അവരെ ശാക്തീകരിക്കാനും സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് കഴിയുന്ന വിധത്തിൽ എല്ലാ പ്രവർത്തന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പാക്കേതു്. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരി മിതമായ ധനകാര്യ സ്ഥിതിയിൽനിന്ന്, സംസ്ഥാനത്തെ രക്ഷിതാക്കൾക്കുള്ള ബോധവൽക്ക രണ പരിപാടി, നല്ല നിലയിൽ ഇപ്പോൾ നടത്തിവരുന്നു. ബോധവൽക്കരണ പദ്ധതിക്കായി, ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ, വിപുലമായ പദ്ധതികൾ എസ്. ഐ.എം. സി. ആസൂത്രണം ചെയ്തുവരുന്നു്.

നേരത്തെ തിരിച്ചറിയുക (Early Detection) തുടങ്ങി തൊഴിൽ നേടിയെടുക്കുന്നതു വരെയുള്ള പുനരധിവാസ പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിലുള്ള പ്രവർത്തനങ്ങൾ എസ്. ഐ.എം.സി. ഇപ്പോൾ നടത്തിവരുന്നു്. കുറച്ചു വർഷങ്ങളായി തിരുവനന്തപുരം സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ പത്ത് ബുദ്ധിപരമായ വെല്ലുവിളികൾ നേരി ടുന്ന വ്യക്തികൾ ജോലിചെയ്തുവരുന്നു. ഈ വർഷം 20 ഓളം മുതിർന്ന വെല്ലുവിളികൾ നേരിടുന്നവർ തിരവനന്തപുരത്തെ കിൻഫ്രപാർക്കിൽ ജോലിചെയ്തുവരുന്നു. എസ്. ഐ. എം.സി. ലെ വെല്ലുവിളികൾ നേരിടുന്ന അന്തേവാസികളായിരുന്ന ഇവർ, ഇപ്പോൾ അത്രയും കുടുംബങ്ങൾക്ക് വരുമാന സ്രോതസ്സായി മാറുന്ന, സാമൂഹ്യ സംഭാവനകൾ ചെയ്യുന്ന പൗരന്മാരായി വളർന്നിരിക്കുന്നു. എന്നെന്നും സാമൂഹ്യ ബാധ്യതയാണ് എന്ന ശകാര വാക്കുകൾക്ക്, ഈ കുട്ടികളുടെ ജീവിതത്തിൽ ഒരു സ്ഥാനവുമില്ലെന്ന് ജോലി ചെയ്യുന്ന വെല്ലുവിളികൾ അഭിമുഖീകരിക്കുന്ന ഇവർ തെളിയിച്ചിരിക്കുന്നു.

എസ്.ഐ.എം.സി. യിൽ പരിശീലനം നേടി തിരുവനന്തപുരം സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ തോട്ടക്കാരനായി ജോലിചെയ്യുന്ന കടയ്ക്കാവൂർക്കാരനായ ശ്രീ. സജീവാണ്, ഈ വർഷം ദേശീയതലത്തിൽ ഏറ്റവും നല്ല വെല്ലുവിളിനേരിടുന്ന ജോലി ക്കാരനായി തെരഞ്ഞെടുക്കപ്പെട്ട് ബഹു. രാഷ്ട്രപതിയിൽനിന്നും അവാർഡ് സ്വീകരിച്ചത്. എസ്. ഐ.എം.സി. യുടെ മാതൃകാപരമായ പ്രവർത്തനത്തിന്റെ ഫലമായി സിദ്ധിച്ച അപൂർവ്വമായ ബഹുമതിയാണിത്.

ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ വിദ്യാഭ്യാസമെന്ന പ്രശ്നം ഏതായാലും ഏറെ ചർച്ചചെയ്യുന്ന ഗൗരവമായ സാമൂഹ്യ വിഷയമായി പരിണമിച്ചു എന്നതിന് കമ്മീഷന്

കേരള പോതുസമൂഹത്തോട് അനൽപമായ കടപ്പാടുട്. ഇത് തീർത്തും കേരള വിദ്യാഭ്യാസ ചരിത്രത്തിലെ സുവർണ്ണ മുഹൂർത്തമാണ്. ഈ അവസരത്തിൽ, കേരളത്തിൽ ബുദ്ധിപര മായ വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ശാക്തീകരിക്കുകയും അതിനൊരു ദിശാബോധം പകരുകയും ചെയ്യുന്ന ചരിത്രനിയൊഗം ഏറ്റെടുക്കുന്നവർ, ബഹുമാന്യനായ മുൻ വിദ്യാഭ്യാസമന്ത്രി ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ നിരീക്ഷിച്ചതുപോലെ, 'ചരിത്രത്താളുകളിൽ കാലത്തെ അടയാളപ്പെടുത്താൻ ഭാഗ്യം സിദ്ധിച്ചവരാണ്'. ഈ കമ്മീ ഷനെ പഠനത്തിനായി നിയോഗിച്ച ഇന്നത്തെ വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഏറ്റവും ആദരണീ യനായ ശ്രീ. പി.കെ. അബ്ദുറബ്ബിന് ആ ചരിത്രനിയോഗം ഏറ്റെടുക്കാൻ ഭാഗ്യമുാവട്ടെ!

## വിദ്യാഭ്യാസം- ശുപാർശകൾ

- ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ഒരേകീകൃത പാഠ്യപദ്ധ തിയും
  പഠനരീതിയും നടപ്പാക്കണം .
- സമൂഹത്തിന് വിലപ്പെട്ട സേവനം നൽകുന്ന ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള സ്പെഷ്യൽ സ്കൂൾ ജീവനക്കാർക്ക്, മറ്റ് സമാന സ്പെഷ്യൽ സ്കൂൾ ജീവനക്കാരുടെ (അന്ധ-ബധിര) സേവന-വേതന വ്യവ സ്ഥകൾ അടിയന്തിരമായി നൽകണം. മാന്യമായ വേതനം ലഭിക്കാതിരിക്കുന്ന ത്, വിദ്യാഭ്യാസ പ്രവർത്തനം ഗുണപരവും ഫലപ്രദവുമായ ഒരു പ്രക്രിയ അല്ലാതാക്കുകയും ആത്യന്തികമായി അത് കുട്ടികളുടെ അടിസ്ഥാന അവകാശ ലംഘനവും ജീവനക്കാരുടെ നീതി നിഷേധവുമായി പരിണമിക്കുകയും ചെയ്യും.
- ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ വിദ്യാഭ്യാസത്തിന്റെ പുരോഗതി യുടെ ഓരോഘട്ടത്തിലും രക്ഷിതാക്കൾക്ക് നിരീക്ഷിക്കാവുന്ന തര ത്തിലും ആവശ്യമാണെ ങ്കിൽ ഇടപെടൽ നടത്താവുന്ന വിധത്തിലും വിദ്യാഭ്യാസ സമ്പ്രദായം സുതാര്യമാ യിരിക്കണം
- കേരളത്തിലെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന (ബുദ്ധിവൈകല്യം, ഓട്ടിസം, സെറിബ്രൽ പാൾസി, ബഹുവൈകല്യം, ശൈശവ മനോരോഗം) ഇവരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും

മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും സംസ്ഥാനതല ഉന്നത കേന്ദ്രം എത്രയും പെട്ടെന്ന് സ്ഥാപിക്കണം.

- സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും നീരീക്ഷിക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും സംസ്ഥാനതല ഉന്നതകേന്ദ്രത്തിന്റെ നേതൃത്വത്തിൽ നിരന്തര പരിശോധനകൾ നടത്തേതാണ്.
- സ്പെഷ്യൽ സ്കൂളുകളിലും, പൊതുവിദ്യാലയങ്ങളിലും പഠിച്ചുകൊിരിക്കുന്ന കുട്ടികൾക്കുവേി ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ സ്പീച്ച് തെറാപ്പി, ഓക്കുപേഷണൽ തെറാപ്പി, ഫിസിയോതെറാപ്പി, ബിഹേവിയർ തെറാപ്പി ഇവ നൽകണം.
- വികലാംഗ നിയമം 1995 (ജണഉ അരള 1995) അനുശാസിക്കുന്ന തരത്തിലുള്ള മാനദണ്ഡങ്ങൾ പരിപാലിക്കുന്നവർക്കുമാത്രമെ പി.ഡബ്ല്യൂ.ഡി രജിസ്ട്രേഷൻ നൽകാവൂ.

* പര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങളുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് കൃത്യമായ മാനദണ്ഢങ്ങളുടെ അടിസ്ഥാനത്തിൽ എയിഡഡ് പദവി നൽകുന്നതിനെ സംബന്ധിച്ച് സർക്കാർ അടിയന്തിരമായി പരിശോധിക്കണം.

* ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ സ്കൂളുകളിൽ അദ്ധ്യാപക – അദ്ധ്യാപകേതിര വിദ്യാർത്ഥി അനുപാതം വൈകല്യത്തിന്റെ തീവ്രതയനുസരിച്ച് വ്യക്തമായി നിർവചിക്കുകയും അതിനനുസരണമായി ജീവനക്കാരുടെ എണ്ണം നിശ്ചയിക്കുകയും വേണം.

* ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള സ്കൂളുകൾ തമ്മിലുള്ള ദൂരപരിധി എല്ലാതരം കുട്ടികൾക്കും ഫലപ്രദമായ സേവനം ലഭിക്കുന്ന വിധത്തിൽ പാലിക്കേതാണ്

* ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ സ്കൂളുകളിൽ അവരുടെ സമഗ്രവികസനത്തിന് ആവശ്യമായ പഠനോപകരണങ്ങളും തെറാപ്യൂട്ടിക് സഹായ ഉപകരണങ്ങളും ഉന്ന് ഉറപ്പാക്കണം..

* ബുദ്ധിപരമായ വെല്ലുവിളികൾ ഉൾപ്പെടെ എല്ലാ വികലാംഗ വിഭാഗങ്ങളുടെയും വിദ്യാഭ്യാസത്തെ ഒരധ്യായമായി ഉൾപ്പെടുത്തി കേരള വിദ്യാഭ്യാസ ചട്ടം പരിഷ്ക്കരിക്കണം. .

* ബഡ്സ് സ്കൂളുകളിലും സ്പെഷ്യൽ സ്കൂളുകളിലും പൊതുവിദ്യാലയങ്ങളിലും നിലവിലുള്ള ജീവനക്കാർക്ക് ആവശ്യമായ യോഗ്യത ഇല്ലെങ്കിൽ

യോഗ്യത ആർജ്ജിക്കാനുള്ള സമയപരിധി നൽകി മറ്റു സമാന സ്പെഷ്യൽ സ്കൂൾ (അന്ധ–ബധിര) ജീവനക്കാർക്ക് ലഭ്യമാകുന്ന സേവന വേതന വ്യവസ്ഥകൾ ഉറപ്പാക്കണം.

* ആയമാർക്കും, സ്പെഷ്യൽ സ്കൂൾ ജീവനക്കാർക്കും കുട്ടികളെക്കുറിച്ച് അടിസ്ഥാനധാരണ ഉാകുന്ന രീതിയിൽ അംഗീകൃത പാഠ്യപദ്ധതിയോടുകൂടിയ ഹ്രസ്വകാല പരിശീലനം നൽകണം.
* ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കൂളുകളിൽ സർക്കാർ അംഗീകരിക്കുന്ന കൃത്യമായ മാർഗ്ഗരേഖയോടുകൂടിയ അദ്ധ്യാപക, രക്ഷകർതൃ സംഘടന നിശ്ചയമായും ഉായിരിക്കണം.
* പ്രത്യേക വിദ്യാഭ്യാസമായാലും സംയോജിതവിദ്യാഭ്യാസമായാലും, ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ വ്യക്തിഗത പരിശീലനത്തിന് (ഐ.ഇ.പി) പ്രാധാന്യം നൽകണം. ഫലപ്രദമായ വിദ്യാഭ്യാസത്തിന്, ഐ.ഇ.പി. എന്നത് ഓരോ കുട്ടിയുടേയും അടിസ്ഥാന വിദ്യാഭ്യാസ അവകാശരേഖയായി പരിഗണിക്കണം
* ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കൂളുകൾ ഏത് സംവിധാനത്തിന്റെ ഉടമസ്ഥതയിലായാലും വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് വിദ്യാഭ്യാസ വകുപ്പായിരിക്കണം.
* സവിശേഷ വിദ്യാഭ്യാസത്തിലും, സംയോജിത വിദ്യാഭ്യാസത്തിലും ഉൾപ്പെടാത്ത ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് അനൗപചാരിക സവിശേഷ വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഉറപ്പുവരുത്തണം.
* ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള അനൗപചാരിക സവിശേഷ വിദ്യാഭ്യാസത്തിന് നാഷണൽ ഓപ്പൺ സ്കൂൾ മാതൃകയിൽ പ്രത്യേക പാഠ്യപദ്ധതിയും, പരീക്ഷയും, സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സംവിധാനവും ഉായിരിക്കണം
* സെറിബ്രൽ പാൾസി ബാധിച്ച കുട്ടികളുടെ ശാരീരിക വൈകല്യങ്ങൾ മറികടക്കാൻ സാധിക്കുന്നരീതിയിലുള്ള അനുരൂപീകരണ സംവിധാനങ്ങൾ സ്കൂളുകളിൽ ഉായിരിക്കണം.

* സെറിബ്രൽ പാൾസിയുള്ള കുട്ടികൾക്കുവേ തെറാപ്പികൾ ലഭ്യമാക്കുന്നതിന് ഏർളി ഇന്റെർവെൻഷൻ മുതൽ വോക്കേഷണൽ യൂണീറ്റുകൾ വരെയുള്ള സംവിധാനം സ്കൂളുകളിൽ ഉായിരിക്കണം.

* സെറിബ്രൽ പാൾസിയുള്ള കുട്ടികൾക്കുവേ സഹായ ഉപകരണങ്ങളും ശസ്ത്ര ക്രിയകളും സൗജന്യ മായി ലഭ്യമാക്കണം.

* ബഹുവൈകല്യമുള്ള കുട്ടികൾക്ക് അവരുടെ വൈകല്യത്തിന്റെ വ്യാപ്തി അനുസരിച്ച് പാഠ്യപദ്ധതിയും, പഠനരീതികളും (ഉദാഹരണമായി ബഹുതല ഇന്ദ്രീയ സമീപനം അഥവാ മൾട്ടിസെൻസറി അപ്രോച്ച്) നടപ്പാക്കണം.

* തീവ്ര ബഹുവൈകല്യമുള്ള കുട്ടികൾക്ക് ഗൃഹാധിഷ്ഠിത (ഹോംബൗ) പ്രോഗ്രാം കൂടുതൽ ശക്തമായി നടപ്പാക്കേതാണ്. തെറാപ്പിസ്റ്റിന്റെ സേവനം കൂടി ലഭ്യമാക്കുന്ന വിധത്തിലായിരിക്കണം ഇത് ആസൂത്രണം ചെയ്യേത്.

* സെറിബ്രൽ പാൾസി, ബുദ്ധിവൈകല്യം, ബഹുവൈകല്യം ഇവ ഉള്ളവർക്ക് പരിഹാര ശസ്ത്രക്രിയയും (കറക്ടീവ് സർജറിയും) സഹായഉപകരണങ്ങളും സൗജന്യമാക്കണം.

* ബഹുവൈകല്യമുള്ള കുട്ടികളുടെ ഇന്ദ്രിയ പ്രചോദനത്തിനായി ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിക്കുകയും പരിശീലനത്തിന് തെറാപ്പിസ്റ്റുകളുടെ സേവനം ലഭ്യമാക്കുകയും വേണം.

* തീവ്ര ബഹുവൈകല്യമുള്ള കുട്ടികൾക്ക്, ഉദാഹരണമായി ബധിരാന്ധതയുള്ള കുട്ടികൾക്കുമാത്രമായി പശ്ചാത്തല സൗകര്യങ്ങളോടുകൂടി വിദ്യാഭ്യാസ–പരിചരണ കേന്ദ്രങ്ങൾ സർക്കാർ തുടങ്ങുകയോ അല്ലെങ്കിൽ സ്വകാര്യ മേഖലയ്ക്ക് ആരംഭിയ്ക്കുന്നതിനുള്ള സമ്പൂർണ്ണ സഹായം ഉറപ്പുവരുത്തുകയോ ചെയ്യണം.

* പഠനവൈകല്യമുള്ള കുട്ടികൾക്ക് അവരുടെ വൈകല്യത്തിന് അനുസരിച്ചുള്ള അനുരൂപീകരണങ്ങൾ പാഠ്യപദ്ധതിയിലും, പാഠപുസ്തകത്തിലും നിർബന്ധമാക്കണം.

* പാഠ്യപദ്ധതി അനുരൂപീകരണത്തിൽ ഉൾപ്പെടുത്താൻ കഴിയാത്തത്ര തീവ്രമായ പഠനവൈകല്യമുള്ള കുട്ടികൾക്ക് അവരുടെ പരീക്ഷയുടെ വിഷയങ്ങൾ നിശ്ചയിക്കുന്നതിൽ ഉദാരമായ സമീപനം ഉാവണം

(ഉദാ: കണക്കിനുപകരം കമ്പ്യൂട്ടർ അല്ലെങ്കിൽ തൊഴിലധിഷ്ഠിത വിഷയങ്ങൾ)

- പഠനവൈകല്യമുള്ള കുട്ടികളെ കൃത്യമായും ശാസ്ത്രീയമായും വിലയിരുത്തി അവരുടെ പഠനവൈകല്യത്തിന്റെ രീതിയും, സ്വഭാവവും കത്തെുന്നതിന് ശാസ്ത്രീയ സംവിധാനം സ്കൂളുകളിൽ ഉായിരിക്കണം.
- പഠനവൈകല്യമുൾപ്പെടെ കുട്ടികൾ നേരിടുന്ന വെല്ലുവിളികളെ സംബന്ധിച്ച് പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് ധാരണ ലഭിക്കുന്നതിനായി ടി ടി സി, ബി.എഡ്, എം. എഡ് പാഠ്യപദ്ധതിയിൽ ഒരു പേപ്പറായി ഈ വിഷയം ഉൾപ്പെടുത്തണം.
- പഠനവൈകല്യമുള്ളവരുടെ പുനരധിവാസത്തിന് പ്രത്യേക സംവിധാനം ഉായിരിക്കണം. പഠനവൈകല്യമുള്ളവർക്ക് ഐ.ടിഐ, പോളിടെക്നിക്ക്, എൻജിനിയറിംഗ് കോളേജുകൾ, ഫൈനാട്സ് കോളേജുകൾ, കൈ തോഴിൽ പരിശീലന കോഴ്സുകൾ തുടങ്ങിയവയിൽ നിശ്ചിത ശതമാനം സംവരണം ഉറപ്പുവരുത്തണം.
- പഠന വൈകല്യമുള്ള കുട്ടികൾക്ക് പരീക്ഷ എഴുതുന്നതിന്, അവരുടെ പരിമിതികൾ പരിഗണിച്ചുകൊ് പ്രാഗത്ഭ്യം തെളിയിക്കുന്നതിന് സ്ക്രൈബ് ഉൾപ്പെടെയുള്ള സഹായങ്ങൾ ലഭ്യമാവുന്നെന്ന് ഉറപ്പുവരുത്തണം. ഈ സംവിധാനം അവർ ഹാജരാക്കുന്ന എല്ലായോഗ്യതാ പരീക്ഷകൾക്കും ബാധകമാക്കണം.
- സവിശേഷ വിദ്യാലയങ്ങളിലും, പൊതുവിദ്യാലയങ്ങളിലും പഠിക്കുന്ന ഓട്ടിസമുള്ള കുട്ടികൾക്ക് ഓട്ടിസത്തിൽ പ്രത്യേക പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കണം.
- പൊതുവിദ്യാലയങ്ങളിലും, സവിശേഷ വിദ്യാലയങ്ങളിലും പഠിക്കുന്ന ഓട്ടിസമുള്ള കുട്ടികൾക്കായി പ്രത്യേകം റിസോഴ്സ് റും സംവിധാനം ഉായിരിക്കേതാണ്.
- ശൈശവ മനോരോഗം തിരിച്ചറിയുന്നതിന് താലൂക്കാശുപത്രി തലത്തിലെങ്കിലും സൈക്യാട്രിക്ക് സേവനം ഉായിരിക്കണം
- ശൈശവ മനോരോഗത്തെക്കുറിച്ച് ധാരണ ഉാകുന്നതിനായി നിലവിലുള്ള സ്കൂൾ കൗൺസിലേഴ്സിന് പരിശീലനം നൽകുകയും കൗൺസിലർമാർ നിലവിലില്ലാത്ത സ്ഥലങ്ങളിൽ അവരെ നിയമിക്കുകയും വേണം.

- ശൈശവ മനോരോഗമുള്ള കുട്ടികളെ തിരിച്ചറിയുന്നതിനും അവരെ നിരീക്ഷിക്കുന്നതിനും പരിചരിക്കുന്നതിനുമായി സൈക്യാട്രി വാർഡിനോടുചേർന്ന് താലൂക്ക് ആശുപത്രി തലംമുതൽ ഒരു ക്ലിനിക്ക് ഉായിരിക്കണം.
- ശൈശവമനോരോഗമുള്ള കുട്ടികളെ മുഖ്യധാരാ വിദ്യാഭ്യാസ രീതിയോടൊപ്പം കൊുപോകുന്നതിനും സ്കൂളുകളിൽ അദ്ധ്യാപകർക്ക് സവിശേഷ പരിശീലനം നൽകണം.
- ശൈശവമനോരോഗമുള്ള കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനായി അനുയോജ്യമായ തൊഴിലുകളിൽ മുൻഗണന ഉറപ്പാക്കണം.
- ശൈശവമനോരോഗമുള്ള കുട്ടികൾക്ക് സൗജന്യമായ ചികിത്സയും, മരുന്നും ലഭ്യമാ

  ക്കണം.
- ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ കലാഭിരുചി വളർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ജില്ലാതലം മുതൽ നിലവിൽ പൊതുവിദ്യാലയങ്ങളിൽ ചെയ്യുന്നതുപോലെ കലോത്സവം സംഘടിപ്പിക്കണം.
- ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ കലോത്സവം സാധാരണ കുട്ടികളുടെകലോത്സവം പോലെ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങളും മാനദണ്ഢങ്ങളും നിശ്ചയിച്ച് അടുക്കും ചിട്ടയോടും കൂടി നടത്തണം.
- കലോത്സവ വിജയികൾക്ക് സാധാരണ സ്കൂളുകളിൽ നൽകുന്ന അതേ സമ്മാനതുകനൽകണം. ഒരു തരത്തിലുള്ള വിവേചനവും ഉാവാൻ പാടില്ല.
- ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ കഴിവുകൾ വളർത്തുന്നതിന് സാധാരണ സ്കൂളുകളിൽ സംഘടിപ്പിക്കുന്നതുപോലുള്ള കായികമേളകൾ സംഘടിപ്പിക്കണം.
- നാഷണൽ ഇന്റർ നാഷണൽ മത്സരങ്ങളിൽ പങ്കെടുത്ത് വിജയിക്കുന്നവർക്ക് മറ്റുകായികതാരങ്ങൾക്കു ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും പരിഗണനയും നൽകണം.
- ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കായി ഗവൺമെന്റിന്റെ നേതൃത്വത്തിലും സാമ്പത്തിക സഹായത്തിലും വർക്ക് എക്സ്പീരിയൻസ് മേളകൾ സംഘടിപ്പിക്കണം.

- ആധുനിക സോഫ്റ്റ് വെയർ ഉൾപ്പെടെയുള്ള സാങ്കേതിക വിദ്യ ഉപയോഗിച്ച് ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ പഠനസംവിധാനം കൂടുതൽ ആകർഷകമാക്കണം.
- കലാകായിക വിനോദ ഉപാധികളിലൂടെ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന വരുടെ ശേഷിവികസിപ്പിക്കുന്നതിന് സഹായകമായ പാഠ്യക്രമം രൂപപ്പെ ടുത്തണം.
- ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്ക് വിനോദ സൗകര്യങ്ങൾ ഉറപ്പാ ക്കാൻ അമ്യൂസ്മെന്റ് പാർക്കുകളിലും വാട്ടർ തീം പാർക്കുകളിലും ഒരു സഹാ യിയോടൊപ്പം സൗജന്യ പ്രവേശനം നല്കാൻ സ്ഥാപന ഉടമകൾക്ക് നിർദ്ദേശം നല്കണം. ഇങ്ങനെ സൗജന്യ പ്രവേശനം നല്കുന്നവർക്ക് നികുതി യിളവ് അനുവദിയ്ക്കാവുന്നതാണ്.
- ജില്ലാ ആസ്ഥാനങ്ങളിലും താലൂക്ക് ആസ്ഥാനങ്ങളിലും പഞ്ചായത്ത് കേന്ദ്രങ്ങ ളിലും ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കും അവരുടെ കുടുംബാംഗ ങ്ങൾക്കും വിനോദോപാധിയ്ക്ക് സഹായിക്കുന്ന കേന്ദ്രങ്ങൾ തുടങ്ങാൻ ത്രിതല പഞ്ചായത്തുകൾക്ക് നിർദ്ദേശം നല്കണം.
- കലാ–കായിക–വിനോദ കേന്ദ്രങ്ങളിൽ ബുദ്ധിപരമായ വെല്ലുവിളികൾ നേരി ടുന്നവർക്ക് സൗജന്യ നിരക്കിലുള്ള പ്രവേശനത്തിനും മുൻഗണനാടിസ്ഥാന ത്തിൽ പ്രവേശന ടിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള അവസരമുാകണം.
- പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടി കൾക്ക് പാഠ്യപദ്ധതി അനുരൂപീകരണം വ്യവസ്ഥാപിതമായും, ശാസ്ത്രീയ മാർഗ്ഗ നിർദ്ദേശങ്ങളോടെയും നടപ്പാക്കണം.
- പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ബുദ്ധിപരമായ വെല്ലുവിളികൾ നേരി ടുന്നവരുടെ അവകാശങ്ങളെയും പ്രശ്നങ്ങളെയും കുറിച്ച് ബോധവൽക്ക രണം നൽകേതാ ണ്. ഇത്തരം ബോധവൽക്കരണം നൽകുന്നതിനുള്ള ചുമ തല റിസോഴ്സ് അദ്ധ്യാപകരെയും, പ്രഥമദ്ധ്യാപകരെയും ഏൽപ്പിക്കണം.
- പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ബുദ്ധിപരമായ വെല്ലുവിളികൾ നേരി ടുന്നവർക്ക് വൊക്കേഷണൽ ഹയർസെക്കറി തലത്തിൽ തൊഴിൽ പരിശീലന സൗകര്യങ്ങൾ ഉായിരിക്കണം.

- ബുദ്ധിപരമായ വെല്ലിവിളികൾ നേരിടുന്ന കുട്ടികളുടെ പഠനപുരോഗതിയ്ക്കായി കുട്ടികൾക്ക് അനുയോജ്യമായ പശ്ച്ചാത്തല സൗകര്യം നിഷ്കർഷിക്കുകയും, കുട്ടിയുടെ വിദ്യാഭ്യാസ പ്രക്രിയ സുഗമമായി നടത്തുന്നതിനു സഹായകമായവിദ്യാർത്ഥി – അദ്ധ്യാപക അനുപാതം ഉാവുകയും വേണം.
- കുട്ടികളുടെ ആവശ്യവും കഴിവും അറിഞ്ഞ് പരിശീലിപ്പിക്കാൻ കഴിയുന്ന വിധത്തി ലുള്ള അനുരൂപീകരണങ്ങൾ പാഠപുസ്തകത്തിൽ ഉായിരിക്കണം.
- സംയോജിത വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുന്ന കുട്ടികൾക്ക് സ്പീച്ച് തെറാപ്പി, ഒക്കുപേഷണൽ തെറാപ്പി, ഫിസിയോതെറാപ്പി, ബിഹേവിയർ തെറാപ്പി ഇവ നൽകു ന്നതിനുള്ള സൗകര്യം ഓരോ സ്കൂളിലും ഉായിരിക്കണം.
- ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നത് അതുമായി ബന്ധപ്പെട്ട വിഷയത്തിൽ പരിശീലനം നേടിയവരായിരിക്കണം എന്ന് ഉറപ്പുവരുത്തണം.
- 'ഡയറ്റ്' പോലുള്ള പ്രധാന ട്രെയിനിംഗ് സെന്ററുകളിൽ ബുദ്ധിപരമായ വെല്ലുവി ളികൾ നേരിടുന്നവരുടെ മേഖലയിൽ വൈദഗ്ദ്ധ്യമുള്ള ആളുകളെ ഉപയോഗിച്ച് പരിശീലന പരിപാടികൾ സംഘടിപ്പിക്കണം.
- റിസോഴ്സ് അദ്ധ്യാപകരുടെ സേവനം കുട്ടികൾക്കുവേി അങ്ങേയറ്റം ഉപയോഗപ്പെടുത്താൻ കഴിയുന്നവിധത്തിൽ അവരുടെ ജോലി ക്രമീകരിക്കണം.
- ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ നിലവിലുള്ള കഴിവിന്റെ പ്രാഥമിക നിർണ്ണയവും പരിശീലനത്തോടൊപ്പം തുടർമൂല്യനിർണ്ണയവും നിർബന്ധമാക്കണം.
- റിസോഴ്സ് അദ്ധ്യാപകരുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിദഗ്ദ്ധമായ തുടർ പരിശോധനകൾ നടത്തണം.
- സംയോജിത വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന റിസോഴ്സ് അദ്ധ്യാപകർക്ക് പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപകർക്കു ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ലഭ്യ മാക്കണം. (ഓരേ സ്ഥാപനത്തിൽ കൂടുതൽ പ്രവർത്തനം നടത്തുന്നവരോട് സാമ്പ ത്തിക വിവേചനം പാടില്ല )

- പൊതുവിദ്യാഭ്യാസത്തിനും സവിശേഷ വിദ്യാഭ്യാസത്തിനും വേി ചിലവഴിക്കുന്ന

  പണവും, വിദ്യാർത്ഥികൾക്കുലഭിക്കുന്ന ഫലപ്രാപ്തിയും തമ്മിൽ താരതമ്യ പഠനങ്ങൾ നിരന്തരം നടത്തേതാണ്.
- കൗമാരപ്രായത്തിലുള്ള ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും വൈകല്യമുള്ള കുഞ്ഞുങ്ങളുാവാനുള്ള സാധ്യതകളെ പ്രതിരോധിക്കുന്നതിനുള്ള വിവാഹപൂർവ്വ കൗൺസിലിംഗ്, സ്കൂൾ, കോളേജ് തലത്തിൽ തന്നെ നൽകുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ നിലവിലുള്ള ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തണം.
- ബഹുവൈകല്യമുള്ള കുട്ടികളുടെ ഇന്ദ്രിയ പ്രചോദനത്തിനായി ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുകയും പരിശീലനത്തിന് തെറാപ്പിസ്റ്റുകളുടെ സേവനം ലഭ്യമാക്കുകയും വേണം.
- തീവ്ര ബഹുവൈകല്യമുള്ള കുട്ടികൾക്ക്, ഉദാഹരണമായി ബധിരാന്ധതയുള്ള കുട്ടികൾക്ക് മാത്രമായി പശ്ചാത്തല സൗകര്യങ്ങളോടുകൂടി വിദ്യാഭ്യാസ–പരിചരണ കേന്ദ്രങ്ങൾ സർക്കാർ തുടങ്ങുകയോ അല്ലെങ്കിൽ സ്വകാര്യ മേഖലയ്ക്ക് ആരംഭിയ്ക്കുന്നതിനുള്ള സമ്പൂർണ്ണസഹായം ഉറപ്പുവരുത്തുകയോ ചെയ്യണം.
- പഠന വൈകല്യമുള്ള കുട്ടികൾക്ക് പരീക്ഷ എഴുതുന്നതിന്, അവരുടെ പരിമിതികൾ പരിഗണിച്ചുകൊ് പ്രാഗത്ഭ്യം തെളിയിക്കുന്നതിന് സ്ക്രൈബ് ഉൾപ്പെടെയുള്ള സഹായങ്ങൾ ലഭ്യമാവുന്നെന്ന് ഉറപ്പുവരുത്തണം. ഈ സംവിധാനം അവർ ഹാജരാക്കുന്ന എല്ലാ യോഗ്യതാ പരീക്ഷകൾക്കും ബാധകമാക്കണം
- പൊതുവിദ്യാലയങ്ങളിലും, സവിശേഷ വിദ്യാലയങ്ങളിലും പഠിക്കുന്ന ഓട്ടിസമുള്ള കുട്ടി കൾക്കായി പ്രത്യേകം റിസോഴ്സ് റും സംവിധാനം ഉായിരിക്കേതാണ്.
- ശൈശവമനോരോഗമുള്ള കുട്ടികളെ മുഖ്യധാരാ വിദ്യാഭ്യാസ രീതിയോടൊപ്പം കൊുപോകുന്നതിനും സ്കൂളുകളിൽ അദ്ധ്യാപകർക്ക് സവിശേഷ പരിശീലനം നൽകണം.

* * *

**കേസ് സ്റ്റഡി**

വർഷങ്ങളുടെ സേവനം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കായി സമർപ്പിച്ച അദ്ധ്യാപികമാർ കേരളത്തിൽ പലയിടത്തായി ജീവിക്കുന്നു്. യൗവ്വനവും മധ്യവയസ്സുമൊക്കെ, ഇത്തരം കുട്ടികളുടെ ദൈനംദിനാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള - ശേഷി വികസിപ്പിക്കുന്നതിനും അറിവുകൾ നേടുന്നതിനും സമർപ്പിച്ച്, സാമ്പത്തിക താല്പര്യങ്ങളൊന്നും പരിഗണിക്കാതെ, അദ്ധ്യാപനത്തിന്റെ മഹത്വം വർദ്ധിപ്പിച്ച കുറെയേറെ അദ്ധ്യാപികമാർ. അത്തരമൊരു അധ്യാപികയാണ്, പത്തനംതിട്ട ജില്ലയിലുള്ള രാജമ്മ ടീച്ചർ.

രാജമ്മ ടീച്ചർ ഒട്ടേറെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ ജീവിതത്തിലേക്ക് കൈപിടിച്ചുയർത്തിയ അധ്യാപികയാണ്. അക്കാദമിക പരിശീലനത്തിൽ മാത്രമല്ല, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കായി കേരളത്തിൽ എവിടെവച്ചും സ്പോട്സ് - കലാമൽസരങ്ങൾ നടന്നാലും ഒരുകാലത്ത്, അതിന്റെ മുൻനിരയിൽ എല്ലാ ഉത്തരവാദിത്വങ്ങളും അവേശപൂർവ്വം ഏറ്റെടുത്ത് ചടുലമായ ഒരു സാന്നിധ്യമായി ടീച്ചറുായിരുന്നു. അദ്ധ്യാപികയെന്ന നിലയിൽ, അവർ വാങ്ങിച്ച ഏറ്റവും ഉയർന്ന ശമ്പളം ആയിരം രൂപയിൽ താഴെയായിരുന്നു. ജോലി ചെയ്യുന്നതിനിടയിൽ തന്നെയാണ്, അവരുടെ ജീവിതം തകിടം മറിച്ചുകൊ്, തന്റെ എല്ലാ സേവന പ്രവർത്തനങ്ങൾക്കും താങ്ങായി തണലായി കൂടെനിന്നിരുന്ന ഭർത്താവിന്റെ ആകസ്മിക അന്ത്യം. ജീവിതത്തിന്റെ നിരാശാപൂർണ്ണമായ നിഴൽ, രാജമ്മ ടീച്ചറുടെ മുഖത്തേക്കും സ്വാഭാവികമായി പടർന്നു. ജോലിചെയ്യുന്ന സ്പെഷ്യൽ സ്കൂൾ, സ്കൂളിന്റെ ദൈനംദിന
ആവശ്യങ്ങൾ നിർവ്വഹിക്കാൻ തന്നെ പെടാപ്പാട് പെടുന്ന സാഹചര്യം, സഹായിക്കാനാരുമില്ലാത്ത അവസ്ഥ. സാഹായത്തിന്റെ സാന്ത്വനമൊന്നുമില്ലാതെ, നിരാശയായി കഴിയുന്നതിനിടെയാണ്, രാജമ്മടീച്ചർക്ക് പക്ഷാഘാതം സംഭവിക്കുന്നത്. ഉായിരുന്ന കൊച്ചുവരുമാനംപോലും പൂർണ്ണമായും നിലച്ചു. ദുരന്തങ്ങൾ വീും പേമാരിയായി ജീവിതത്തിൽ തിമിർത്തു പെയ്തുകൊിരുന്നു. അത്താണിയില്ലാതെ, ആശ്വാസം പകരാൻ ആരുമില്ലാതെ, രാജമ്മടീച്ചർ ഇന്നും നിസ്വയായി സ്വന്തം വീട്ടിലെ ഇരുൾമൂടിയ മുറിയിൽ, ഒരുപക്ഷേ സ്വന്തമായി ഒന്നും ചെയ്യാനാവാതെ കഴിഞ്ഞിരുന്ന കുട്ടികളെ ജീവിതത്തിന്റെ ഇരുട്ടുമുറികളിൽനിന്ന് പൂമുഖത്തേക്ക് കൈപിടിച്ചുയർത്തിയതിന്റെ ആത്മഹർഷത്തിൽ, ആ ഓർമ്മകൾ നൽകുന്ന സാന്ത്വനത്തിൽ ഒറ്റപ്പെട്ട് കഴിയുന്നു.

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരെ പരിശീലിപ്പിച്ച അധ്യാപകരെ സംബന്ധിച്ച്, ഇരുപത്തിയഞ്ചും മുപ്പതും വർഷം നീുനില്ക്കുന്ന അധ്യാപന ജീവിതത്തിന്റെ ബാക്കിപത്രമാണ് ഇത്തരത്തിലൊരു ജീവിതം. സാമൂഹ്യമായി ഒരു സുരക്ഷിതത്വവും ഇതുവരെയായി ലഭ്യമാകാത്ത, കേരളത്തിലെ ഏക വിഭാഗമാകാം ഈ അധ്യാപികമാർ. പെൻഷനില്ല, പ്രൊവിഡന്റ് ഫില്ല, ക്ഷേമനിധിയില്ല. സുദീർഘമായ സേവന പ്രവർത്തനങ്ങൾക്കൊടുവിൽ, പ്രായത്തന്റെ നിയന്ത്രണങ്ങൾ രോഗങ്ങളായി മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് തടസ്സമാകുമ്പോൾ, ഒന്നും കയ്യിലില്ലാതെ, കൈവീശി, ഏവിടെയൊക്കയോ അവശേഷിക്കുന്ന കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും നീക്കിയിരുപ്പ് മാത്രം കൈമുതലായി അനിശ്ചിതത്വങ്ങളുടെ നിസ്സാഹായതകളിലേക്ക് ഇറങ്ങിച്ചെല്ലുന്ന, ഈ അധ്യാപികമാരെ, - അർത്ഥപൂർണ്ണവും ത്യാഗപൂർണ്ണവുമായ ജീവിതത്തെ - സമൂഹമെന്ന നിലയിൽ നാം കുറെക്കൂടി ഗൗരവപൂർവ്വം, ആദരപൂർവ്വം പരിഗണിക്കേതല്ലേ? *

**അദ്ധ്യായം-5**

# മാനവ വിഭവശേഷി വികസനം
# (Human Resource Dvelopment)

ബുദ്ധിപരമായി വെല്ലുവിളി നേരിടുന്നവരുടെ മേഖലയിലെ വിദഗ്ദ്ധരുടെ അഭാവം പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള വലിയൊരു വിലങ്ങുതടിയാണ്. റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ (ആർ. സി.ഐ) യുടെ രൂപീകരണത്തോടെയാണ്, ഇന്ത്യയിൽ ഈ രംഗത്ത്, പ്രതീക്ഷാനിർഭരമായ ഒരു വളർച്ചയുായത്. പുനരധിവാസ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് സർട്ടിഫിക്കറ്റ് കോഴ്സുകൾ മുതൽ ഡോക്ടറൽ ഡിഗ്രിവരേയുള്ള കോഴ്സുകളുടെ സിലബസ് ക്രമീകരിക്കൽ, കോഴ്സിന്റെ നടത്തിപ്പിന് മേൽനോട്ടം വഹിക്കൽ, പരീക്ഷ നടത്തൽ, സർട്ടിഫിക്കറ്റ് വിതരണം, റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയിൽ പ്രൊഫഷണലായി രജിസ്റ്റർ ചെയ്യുകയെന്ന നിയമപരമായ ഉത്തരവാദിത്വം തുടങ്ങിയവ നിർവ്വഹിക്കുന്നതുവരെയുള്ള പ്രവർത്തനങ്ങളെ ഏകോപിഷിക്കുന്ന ഒരു ഭരണസംവിധാനമാണ്, ആർ.സി.ഐ.

ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ പുനരധിവാസഘട്ടങ്ങളിൽ നേരത്തെയുള്ള ഇടപെടൽ (Early Intervention) തുടങ്ങി തൊഴിൽ വരെയുള്ള പ്രവർത്തനങ്ങളെ ശാസ്ത്രീയമായി പുനഃസംഘാടനം ചെയ്യാൻ കഴിയുന്ന വിധത്തിൽ, പുനരധിവാസ പ്രക്രിയയെ സഹായിക്കുന്ന മാനവ വിഭവശേഷി വർദ്ധനവിനുള്ള വിവിധ കോഴ്സുകളാണ് ആർ. സി. ഐ. മുഖേന ഇന്ത്യയിൽ ഇന്നു നടക്കുന്നത്. അവ താഴെചേർക്കുന്നു:

I - ബുദ്ധിമാന്ദ്യം

1. എം.എഡ്. സ്പെഷ്യൽ എഡ്യൂക്കേഷൻ (എം.ആർ)
2. ബി. എസ്.സി. സ്പെഷ്യൽ എഡ്യൂക്കേഷൻ ആന്റ് റീഹാവിലിറ്റേഷൻ
3. പോസ്റ്റ് ഗ്രാജുവേററ് പ്രൊഫഷണൽ ഡിപ്ളോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ (എം.ആർ)
4. ബി.എഡ്. ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ (എം.ആർ)
5. പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ളോമ ഇൻ ഏർളി ഇന്റർവെൻഷൻ.
6. പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ളോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ (എം.ആർ)
7. ഡിപ്ളോമ ഇൻ എഡ്യൂക്കേഷൻ സ്പഷ്യൽ എഡ്യൂക്കേഷൻ (എം. ആർ)
8. ഡിപ്ലോമ ഇൻ ഏർളി ചൈൽഡ്ഹുഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ.

10. ഡിപ്ളോമാ ഇൻ വൊക്കേഷണൽ റീഹാബിലിറ്റേഷൻ (എം.ആർ)

II - ഓട്ടിസം സ്പെക്ട്രം ഡിസോർഡർ

1. ഡിപ്ളോമ ഇൻ എഡ്യൂക്കേഷൻ സ്പെഷ്യൽ എഡ്യൂക്കേഷൻ (എ. ഏസ്. ഡി)
2. ബി.എഡ്. സ്പെഷ്യൽ എഡ്യൂക്കേഷൻ (എ. ഏസ്. ഡി)

III -സെറിബ്രൽ പാൾസി

1. ബി.എഡ്. സ്പെഷ്യൽ എഡ്യൂക്കേഷൻ (ലോക്കോമോട്ടോർ ആന്റ് ന്യൂറോളജിക്കൽ ഡിസോഡേർസ്)
2. ബി.എഡ്. സ്പെഷ്യൽ എഡ്യൂക്കേഷൻ (മൾട്ടിപ്പിൾ ഡിസേബിലിറ്റി)
3. പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ളോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ (മൾട്ടിപ്പിൾ ഡിസേബിലിറ്റി ഫിസിക്കൽ ആന്റ് ന്യൂറോ)
4. പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ളോമ ഇൻ ഡെവലപ്മെന്റൽ തെറാപ്പി (മൾട്ടിപ്പിൾ ഡിസേബിലിറ്റി ഫിസിക്കൽ ആന്റ് ന്യൂറോ)
5. ഡിപ്ളോമ ഇൻ എഡ്യൂക്കേഷൻ സ്പെഷ്യൽ എഡ്യൂക്കേഷൻ (സെറിബ്രൽ പാൾസി
6. ഡിപ്ളോമ ഇൻ ബേസിക്ക് ഡവലപ്മെന്റൽ തെറാപ്പി.

IV

1. ബാച്ചിലർ ഇൻ റീഹാബിലിറ്റേഷൻ തെറാപ്പി
2. ഡിപ്ളോമ ഇൻ റീഹോബിലിറ്റേഷൻ തെറാപ്പി.
3. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ റീഹാബിലിറ്റേഷൻ തെറാപ്പി.

V-വൊക്കേഷണൽ കൗൺസിലിംഗ് ആന്റ് റീഹാബിലിറ്റേഷൻ സോഷ്യൽ വർക്ക് അഡ്മിനിസ്ട്രേഷൻ

1. മാസ്റ്റർ ഇൻ റീഹാബിലിറ്റേഷൻ സയൻസ്.
2. മാസ്റ്റർ ഓഫ് സയൻസ് (സൈക്കോ-സോഷ്യൽ റീഹാബിലിറ്റേഷൻ)
3. മാസ്റ്റർ ഇൻ ഡിസേബിലിറ്റി റീഹാബിലിറ്റേഷൻ അഡ്മിനിസ്ട്രേഷൻ.
4. മാസ്റ്റർ ഓഫ് ആർട്ട്സ് സോഷ്യൽ വർക്ക് ഇൻ ഡിസേബിലിറ്റി സ്റ്റഡീസ് ആന്റ് ആക്ഷൻ.
5. ബാച്ചിലർ ഇൻ റീഹാബിലിറ്റേഷൻ സയൻസ്.
6. പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ളോമ ഇൻ ഡിസേബിലിറ്റി റീഹാബിലിറ്റേഷൻ ആന്റ് മാനേജ്മെന്റ്.

## VI- കെയർ ഗിവിംഗ്

1. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കെയർ ഗിവിംഗ്.

## VII- പഠനവൈകല്യം

1. എം.എഡ്. സ്പെഷ്യൽ എഡ്യൂക്കേഷൻ.
2. ബി. എഡ്. സ്പെഷ്യൽ എഡ്യൂക്കേഷൻ.
3. ഡിപ്ളോമ ഇൻ കമ്യൂണിറ്റി ബെയ്സ്ഡ് റീഹാബിലിറ്റേഷൻ.

## VIII- റീഹാബിലിറ്റേഷൻ സൈക്കോളജി

1. ഏം. ഫിൽ (റീഹാബിലിറ്റേഷൻ സൈക്കോളജി)
2. പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ളോമ ഇൻ റീഹാബിലിറ്റേഷൻ സൈക്കോളജി.

പത്തോളം കോഴ്സുകൾ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ (ആർ. സി. ഐ) വിദൂര വിദ്യാഭ്യാസ പരിപാടിയായി നടത്തിവരുന്നു്.

ബുദ്ധിപരമായി വെല്ലുവിളികൾ നേരിടുന്നവർക്കായി കേരളത്തിൽ നടത്തുന്ന അധ്യാപക പരിശീലന കോഴ്സുകൾ താഴെ ചേർക്കുന്നു:

1. എം.എഡ്. സ്പെഷ്യൽ എഡ്യൂക്കേഷൻ (എം.ആർ)
2. എം.എഡ്. സ്പെഷ്യൽ എഡ്യൂക്കേഷൻ (എം.ആർ)
3. ഡിപ്ളോമ ഇൻ എഡ്യൂക്കേഷൻ  സ്പെഷ്യൽ എഡ്യൂക്കേഷൻ (എം.ആർ)
4. ഡിപ്ളോമ ഇൻ വൊക്കേഷണൽ ട്രെയിനിംഗ് ആന്റ് എംപ്ളോയ്മെന്റ് (എം.ആർ).
5. ഡിപ്ളോമ ഇൻ എഡ്യുക്കേഷൻ സ്പെഷ്യൽ എഡ്യൂക്കേഷൻ (എ.എസ്. ഡി)
6. ഡിപ്ളോമ ഇൻ എഡ്യുക്കേഷൻ സ്പെഷ്യൽ എഡ്യൂക്കേഷൻ (സെറിബ്രൽ പാൾസി)
7. ഡിപ്ളോമ ഇൻ കമ്യൂണിറ്റി ബെയ്സ്ഡ് റീഹാബിലിറ്റേഷൻ.
8. പോസ്റ്റ് ഗ്രാജുവേറ്റ് പ്രൊഫഷണൽ ഡിപ്ളോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ.

ഈ കോഴ്സുകൾ പാസ്സായ കുറേപ്പേരെങ്കിലും മറ്റ് സ്ഥലങ്ങളിൽ ജോലി തേടി പോകുന്നുാവണം. ഇത്തരം വിദഗ്ദ്ധരായ പുനരധിവാസ പ്രൊഫഷണലുകളെ കൂടുതൽ പ ുറത്ത് വിടാനുള്ള സംവിധാനങ്ങൾ കേരളത്തിലിനിയും ഒരുക്കേതു്.  കൃത്യമായ കണക്കു കൾ ഒന്നുംതന്നെ ലഭ്യമല്ലെങ്കിലും, ചെറിയൊരു ശതമാനത്തിന് മാത്രം സേവനം ലഭ്യമാകുന്ന വിദഗ്ദ്ധരും സംവിധാനങ്ങളും മാത്രമേ, ഇപ്പോൾ കേരളത്തിലുള്ളുവെന്നത് സുവിദിതമായ വസ്തുതയാണ്.

കേരളത്തിലെ സർവ്വകലാശാലകൾ ഉൾപ്പടെ അംഗീകാരം നല്കി പ്രവർത്തിച്ചുവരുന്ന ഡിഗ്രി-ഡിപ്ളോമ അധ്യാപക പരിശീലന കേന്ദ്രങ്ങളുടെ എണ്ണം 16 ആണ്. ഏല്ലാം തന്നെ സ്വകാര്യ മേഖലയിലാണ്. അടുത്തവർഷം മുതൽ പൊതുവിദ്യാഭായസ വകുപ്പിന്റെ നിയന്ത്രണത്തിൽ, രുകോഴ്സുകൾ കൂടി ആരംഭിക്കാനാവുമെന്ന്പ്രതീക്ഷിക്കുകയാണ്. ബാക്കിയെല്ലാ കോഴ്സുകളും സർക്കാരിതര സന്നദ്ധസംഘടനകളുടെ മുൻകൈയിൽ പ്രവർത്തിച്ചു വരുന്നതാണ്. ഈ സ്ഥാപനങ്ങളെയും നിലനിർത്താൻ സർക്കാർ സഹായ ഹസ്തം നീട്ടേതു്. വിദഗ്ദ്ധരെ കേരളത്തിൽ ഇനിയും ആവശ്യമുങ്കിലും, ഇത്തരം അധ്യാപക പരിശീലന കേന്ദ്രങ്ങൾക്ക് പ്രവർത്തിക്കാൻ കഴിയാത്ത അവസ്ഥയുമു്. പരിശീലന കേന്ദ്രങ്ങളിൽ വിദഗ്ദ്ധരായ അധ്യാപകരെ നിയമിക്കണമെങ്കിൽ സാമാന്യം ഭേദപ്പെട്ട ശമ്പളം നൽകണം, ശമ്പളം നല്കണമെങ്കിൽ സ്വാശ്രയ രീതിയിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളിലെ അധ്യാപക പരിശീലകരിൽ നിന്നും ഭീമമായ ഫിസ് വാങ്ങണം. പരിശീലനം കിട്ടി ജോലിയിൽ പ്രവേശിക്കുമ്പോൾ ലഭിക്കുന്നത് തുച്ഛമായ ശമ്പളമായതുകൊ്, പണം ചെലവഴിച്ച് ഇത്തരമൊരു കോഴ്സ് ചെയ്യുന്നത്, ഒട്ടും ആകർഷകമല്ല. സത്യത്തിൽ പരസ്പര ബന്ധിതമായ ഈ അവസ്ഥ, അധ്യാപകരുടെ ഗുണനിലവാരത്തെപ്പോലും ആത്യന്തികമായി ബാധിച്ചേക്കും. സമർത്ഥരും ഊർജ്ജസ്വലരും സമർപ്പണ മനസ്കരുമായ വ്യക്തികൾ ഈ മേഖലയിലേക്ക് കടന്നുവന്നാലെ, ഈ രംഗത്ത് അവശ്യം വേ ഗവേഷണപദ്ധതികളും ഗുണനിലവാരവുമൊക്കെ വികസിപ്പിക്കാനാവൂ. സാധാരണ, സ്കൂളുകളിലെ അധ്യാപകരെക്കാൾ, ബുദ്ധിയും അറിവും, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നതു മൂലം അനുഭവിക്കുന്ന സങ്കീർണ്ണതകൾ തരണംചെയ്ത് കുട്ടികളെ പരിശീലിപ്പിച്ചെടുക്കാൻ ആവശ്യമാണ്. അത്തരത്തിൽ ചിന്താശേഷിയും ധീഷണാ വൈഭവവുമുള്ളവർക്കാണ്, ഈ മേഖലയിലെ വിവിധ പ്രശ്നങ്ങൾ ഏറ്റവും എളുപ്പം നിർദ്ധാരണം ചെയ്ത് പരിഹരിക്കാനാവുക. അതുകൊുതന്നെ ഗുണപരവും മൂല്യവത്തും ഫലപ്രദവുമായ വിദ്യാഭാസം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്ക് ലഭ്യമാവുന്നതിനുവേി സ്പെഷ്യൽ സ്കൂൾ ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതോടൊപ്പം, നല്ല ശേഷിയുള്ള മസ്തിഷ്കങ്ങളെ അധ്യാപക പരിശീലന കേന്ദ്രങ്ങളിലേക്ക് ആകർഷിക്കുന്നതിന് ശരിയായ ദിശയിലുള്ള ഗവേഷണപദ്ധതികൾ ആവിഷ്കരിക്കന്നതിനും, നിലവിലുള്ള അധ്യാകപരിശീലന കേന്ദ്രങ്ങളെ സഹായിക്കാനും സർക്കാർ സന്നദ്ധമാവണം. പുതിയ സ്ഥലങ്ങളിൽ സർക്കാരിന്റെ നിയന്ത്രണത്തി

ലുള്ള സ്ഥാപനങ്ങൾ ഇനിയും തുടങ്ങുന്നതിനോടൊപ്പം, നിലവിലുള്ള പരിശീലന കേന്ദ്ര ങ്ങളെ എയ്ഡഡ് പദവിയിലേക്ക് ഉയർത്താനും സർക്കാർ മുന്നോട്ട് വരേതു്.

ഇത്തരം അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളിൽ അധ്യാപകരായിട്ട് വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന ബിരുദാനന്തര ബിരുദവും എം.ഫില്ലും ഡോക്ടറേറ്റുമൊക്കെയുള്ള അധ്യാപകർ അവരുടെ ഉർജ്ജസ്വലമായ ജീവിത കാലഘട്ടത്തിൽ, ഈ മേഖലയ്ക്ക് വേ പ രിശീലകരെ വാർത്തെടുക്കുന്നതിന് പ്രവർത്തിച്ചുകൊിരിക്കുകയാണ്. പലരും ഏറെക്കാ ലത്തെ സേവനങ്ങൾക്കുശേഷം മറ്റൊരു ജോലിയിൽ പ്രവേശിക്കാനാവാതെ, മാനേജ് മെന്റ് നൽകുന്ന ചെറിയ ശമ്പളത്തിൽ ജോലിചെയ്തുകൊിരിക്കുന്നു. ഇവരുടെ സേവനത്തെ മാനിച്ച്, കേരളത്തിലെ മറ്റ് അധ്യാപക പരീശിലന കേന്ദ്രങ്ങളിൽ നല്കിവരുന്ന വേതനവും സേവന വ്യവസ്ഥകളും ഈ അധ്യാപക പരിശിലന കേന്ദ്രങ്ങളിലെ അധ്യാപ കർക്കും നൽകേതാണ്.

## മാനവ വിഭവശേഷിവികസനം – ശുപാർശകൾ

- ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവുടെ മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ദ്ധർക്ക് ആർ.സി.ഐ. രജിസ്ട്രേഷൻ നിർബന്ധമായും ഉായിരിക്കണം.
- ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെ പഠിപ്പിക്കുന്നതിനുള്ള അദ്ധ്യാപക പരിശീലന കോഴ്സുകൾ നടത്തുന്ന എല്ലാ സ്ഥാപനങ്ങളിലും ആർ.സി.ഐ നിഷ്കർഷിക്കുന്ന അടിസ്ഥാന സൗകര്യങ്ങളും ഫാക്കൽറ്റിയും ഉായിരിക്കണം.

* ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നകുട്ടികളെ പരിശീലിപ്പിക്കുന്നതിനുള്ള അദ്ധ്യാപക പരിശീലകേന്ദ്രങ്ങളിലെ അദ്ധ്യാപകർക്ക് സാധാരണ ഇത്തരം അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളിലെ അദ്ധ്യാപകർക്ക് നൽകുന്ന ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകണം.
* ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെ പരിശീലിപ്പിക്കുന്നതിനുള്ള അദ്ധ്യാപകരുടെ പരിശീലനകോഴ്സുകൾ സർക്കാർ മേഖലയിൽ കൂടതൽ ആരംഭിക്കേതാ ണ്.

- അദ്ധ്യാപക പരിശീലന കോഴ്സുകളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്ന തിനായി എല്ലാ അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളെയും സംസ്ഥാന തല ഉന്നതകേന്ദ്രത്തിന്റെ കീഴിൽ കൊവരണം.
- ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെ പരിശിലിപ്പിക്കുന്നതിനുള്ള അദ്ധ്യാപക പരിശീലന കോഴ്സുകൾക്ക് ട്രാൻസ്പോർട്ട് കൺസഷൻ അനുവ ദിക്കണം.
- കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികൾ ബുദ്ധിപരമായ വെല്ലുവിളിയുമായി ബന്ധപ്പെട്ട കോഴ്സുകൾ ആരംഭിക്കേതാണ്. ഇതിലൂടെ മേഖലയിൽ മേഖല യുമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുമായി സജീവമായ അക്കാദമിക ബന്ധം സ്ഥാപിക്കുകയും കേരളത്തിൽ ഇത്തരം വിഷയങ്ങളുമായി ബന്ധപ്പെട്ട അക്കാദമിക അന്തരീക്ഷം ഉാക്കേതുമാണ്.
- ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെ പഠിപ്പിക്കുന്നതിനുള്ള അദ്ധ്യാപക പരിശീലന കോഴ്സുകൾക്ക് ടി.ടി.സി കോഴ്സുകൾക്കു സമാന മായ കലോത്സവങ്ങളും, സ്പോർട്ട്സ് മീറ്റും ഗവൺമെന്റ് തലത്തിൽ സംഘടി പ്പിക്കണം.
- വിദൂര പഠനത്തിലൂടെ മാത്രം യോഗ്യത നേടിയ നിലവിൽ പ്രവർത്തിച്ചുകൊിരി ക്കുന്ന അദ്ധ്യാപകർ സംസ്ഥാന തല ഉന്നത കേന്ദ്രം നടത്തുന്ന 6 മാസത്തെ പ്രായോഗിക പരിശീലന കോഴ്സിൽ നിർബന്ധമായും പങ്കെടുത്ത് സർട്ടിഫി ക്കറ്റ് നേടിയിരിക്കണം.
- ആറുമാസത്തെ പ്രായോഗിക പരിശീലന കോഴ്സിന്റെ പാഠ്യപദ്ധതിയും സില ബസ്സും സംസ്ഥാന തല ഉന്നത കേന്ദ്രം തയ്യാറാക്കി പരിശീലനം നൽകേതാണ്.
- അദ്ധ്യാപകേതര ജീവനക്കാർ കുട്ടികളെക്കുറിച്ചും ഈ മേഖലയെക്കുറിച്ചും അവബോധം ഉാകുന്ന രീതിയിലുള്ള ഒരു ഹൃസ്വകാല കോഴ്സ് ( 1 മാസത്തെ ) പൂർത്തിയാക്കേതാണ്.
- എല്ലാ യൂണിവേഴ്സിറ്റികളിലും ബുദ്ധിപരമായ വെല്ലുവിളിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കോഴ്സുകൾ നടത്തുകയും ഗവേഷണ പഠനങ്ങൾ പ്രോത്സാ ഹിപ്പിക്കേതുമാണ്.
- കേരളത്തിൽ റിഹാബിലിറ്റേഷൻ കൗൺസിലിന്റെ അംഗീകാരമുള്ള പുനരധി വാസ കോഴ്സുകൾ (പ്രത്യേകിച്ച് ഓട്ടിസം, സെറിബ്രൽ പാൾസി,

ബഹുവൈകല്യം, പഠന വൈകല്യം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട) സർക്കാർ തലത്തിൽ ആരംഭിയ്ക്കണം.

- കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ ഒക്കുപേഷണൽ തെറാപ്പി, സ്പീച്ച് തെറാപ്പി എന്നിവയുടെ ഡിഗ്രി, പിജി, കോഴ്സുകൾ ഉടൻ തുടങ്ങണം.
- ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെ പരിശീലിപ്പിക്കുന്ന അദ്ധ്യാപകർക്ക് നൂതനമായ അറിവ് സ്വാംശീകരിക്കുന്നതിനായി തുടർച്ചയായ പരിശീലന പരിപാടികൾ നിർബന്ധമാക്കണം.

¡ ¡ ¡

## അദ്ധ്യായം-6

# തൊഴിൽ പരിശീലനം (Vocational Training)

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ തൊഴിൽ എന്നവിഷയത്തിന് സവിശേഷമായ പ്രാധാന്യമുണ്ടെങ്കിലും അതിലുപരി ഇതൊരു വിവാദ പ്രശ്നമാണ്. ഇന്ന് പ്രധാനമായും സ്പെഷ്യൽ സ്കൂളുകൾ കേന്ദ്രീകരിച്ചാണ്, തൊഴിൽ പരിശീലനങ്ങൾ നടന്നുവരുന്നത്. അഞ്ച് മുതൽ പതിനഞ്ചു വയസ്സുവരെയുളള ഘട്ടം പ്രധാനമായും ഊന്നുന്നത്, പ്രയോഗപരമായ (Functional) വിദ്യാഭ്യാസത്തിനാണ്. പതിനഞ്ചുമുതൽ പതിനെട്ടു വയസ്സുവരെയുള്ള ഘട്ടം, തൊഴിൽപരമായ പരിശീലനത്തിനാണ് കൂടുതൽ ഊന്നൽ കൊടുക്കേണ്ടത്. ചില അപവാദങ്ങൾ ഒഴിച്ചാൽ, പൊതുവെയും, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്ക്, കൂടുതൽ ഉയർന്ന അക്കാദമിക തലത്തിലേക്ക് ബുദ്ധിപരമായി ഉയരാൻ കഴിയില്ല എന്നത് ഒരു വസ്തുതയാണ്. അപൂർവ്വം ചിലർക്ക് പഠനവുമായി മുന്നോട്ട് പോവാൻ കഴിയും. അത്തരം കുട്ടികൾക്ക് എത്രമാത്രം അക്കാകദമികമായി ഉയർന്ന ക്ളാസ്സുകളിലേക്ക് പോകാനാകുമോ അത്രയും മുന്നോട്ട് കൊണ്ടുപോകുകയാണ് അഭികാമ്യം. പക്ഷേ പൊതുവെ, 5 മുതൽ 15 വരെയുള്ള ഘട്ടത്തിലെ സവിശേഷമായ പ്രയോഗപരമായ വിദ്യാഭ്യാസത്തിനുശേഷം, തൊഴിൽ പരിശീലനം തിരഞ്ഞെടുക്കുകയാണ് ശാസ്ത്രീയ പുനരധിവാസ പ്രക്രിയ ആവശ്യപ്പെടുന്ന ദൗത്യം.

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരിൽ നിലവിൽ 80 ശതമാനവും മൃദു-മിത വെല്ലുവിളികൾ നേരിടുന്നവരാണ്. 20 ശതമാനം മാത്രമേ, ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായി വരുന്നവരായുള്ളൂ. ഈ 20 ശതമാനം വരുന്നതിൽത്തന്നെ, ശാസ്ത്രീയമായ വ്യവസ്ഥാപിത മാർഗ്ഗങ്ങൾ ഉപയോഗിച്ച്, സാങ്കേതിക ഉപകരണങ്ങളുടെ സഹായത്താൽ, ഏതെങ്കിലും വിധത്തിൽ പ്രവർത്തനോന്മുഖരാകാൻ കഴിയുന്നവരുണ്ട്. പക്ഷേ 80 ശതമാനം വരുന്ന വലിയൊരു ജനവിഭാഗത്തെ സംബന്ധിച്ച്, നിലവിൽ ഇവരുടെ വിഭവശേഷി പൂർണ്ണമായും നഷ്ടപ്പെടുന്നുവെന്ന് മാത്രമല്ല, നിഷ്ഫലമാവുന്ന അവരുടെ കർമ്മശേഷികൊണ്ട്, അസ്വസ്ഥജനകമായ മാനസികാവസ്ഥ വ്യക്തികളിൽ സൃഷ്ടിക്കുന്നതിനുമിടയാക്കുന്നു. ബുദ്ധിപരമായി പിന്നോക്കം നില്ക്കുന്നവരും ആത്മാഭിമാനത്തോടെ ജീവിക്കാൻ ആഗ്രഹിക്കുന്നവരാണ്. പലപ്പോഴും ശരിയായ മാർഗ്ഗനിർദ്ദേശങ്ങളും പരിശീലന ക്രമങ്ങളും ആവി

ഷ്കരിച്ചു നടപ്പാക്കാൻ കഴിയാത്തതുകൊണ്ടുമാത്രം, മാനസിക അസ്വാസ്ഥ്യത്തിലേക്ക് വഴുതി വീഴുന്നവരുടെ എണ്ണം വളരെ കൂടുതലാണ്. ഹോർമോൺ മാറ്റത്തിന്റെ യൗവ്വന കാലഘട്ടം, സമർത്ഥമായി അതിജീവിക്കാൻ കഴിയാത്ത, ബുദ്ധിപരമായി പിന്നോക്കം നില്ക്കുന്ന പലരും, വിവിധ മാനസിക പ്രശ്നങ്ങൾകൂടി പ്രകടിപ്പിക്കാറുണ്ട്. കേരളത്തിലെ നിലവിലുള്ള സ്പെഷ്ൽ സ്കൂളുകളിലധികവും 15 വയസിന് ശേഷമുള്ള ആൺകുട്ടികളെ പ്രവേശിപ്പിക്കുന്നതിന് വിമുഖത കാണിക്കുന്നു. മാനസികാസ്വാസ്ഥ്യങ്ങളും, ലൈംഗിക പെരുമാറ്റങ്ങളുമൊക്കെ പലപ്പോഴും ഇവരിൽ പ്രകടമാവുന്നതുകൊണ്ട്, പല സ്പെഷ്യൽ സ്കൂളുകളും ഈ പ്രായത്തിലുള്ള കുട്ടികളെ വീണ്ടും രക്ഷിതാക്കളെ തിരുച്ചേൽപ്പിക്കുന്ന പ്രവണത കണ്ടുവരുന്നു്. വാർദ്ധക്യത്തിലേക്ക് പ്രവേശിക്കുന്ന രക്ഷിതാക്കളെ സംബന്ധിച്ച്, മുമ്പെന്നത്തേക്കാളേറെ കുട്ടികൾമൂലമുള്ള പ്രയാസങ്ങൾ നേരിടേണ്ടി വരുന്നത്, അവരുടെ വെല്ലുവിളി നേരിടുന്ന വ്യക്തി യൗവ്വന പ്രായത്തിലേക്ക് കടക്കുമ്പോഴാണ്. അപ്പോഴാണ്, പരിചരണത്തിലെ പ്രയാസങ്ങൾ പറഞ്ഞ്, സ്പെഷ്യൽ സ്കൂൾ അധികൃതരും അവരെ കൈയ്യൊഴിയുന്നത്. ഈയൊരവസ്ഥയുടെ നെരിപ്പോടിലാണ്, പല രക്ഷിതാക്കളും സ്വന്തം ജീവിതം തള്ളി നീക്കിക്കൊണ്ടിരിക്കുന്നത്.

സ്പെഷ്യൽ സ്കൂൾ കേന്ദ്രീകരിച്ച് ഇപ്പോൾ നടക്കുന്ന പ്രീവൊക്കേഷണൻ ട്രെയിനിംഗുകളുടെ കരിക്കുലം വ്യക്തിയ്ക്ക് ഭാവിയിൽ, ജോലിചെയ്യുന്നതിന് സഹായകമാവുന്ന തരത്തിൽ ലക്ഷ്യവേധിയാക്കി മാറ്റേണ്ടതുണ്ട്. ഈ കരിക്കുലം, തൊഴിൽബദ്ധസന്നദ്ധതാ (Employability) നൈപുണികൾ ആർജ്ജിക്കുന്നവിധം തൊഴിലിടങ്ങളിൽ പാലിക്കേണ്ട അച്ചടക്കവും കൃത്യനിഷ്ഠയും അക്കാദമിക അറിവുകളും തൊഴിൽബന്ധ അറിവുകളുമൊക്കെ ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതുണ്ട്.

പതിനഞ്ചു മുതൽ പതിനെട്ട് വയസ്സുവരെയുള്ള ഘട്ടമാണ്, "പാഠശാലയിൽനിന്നും തൊഴിലിടത്തേക്കുള്ള മാറ്റം" (Transition from School to Work) നടപ്പിലാക്കേണ്ടത്. ഈ പ്രക്രിയക്ക് സഹായകരമായ തരത്തിലുള്ള പരിശീലന ക്രമങ്ങൾ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ഹാന്റീകാപ്പ്ഡ് (NIMH) സെക്കന്തരാബാദ് ആസൂത്രണംചെയ്തത്, കേരളത്തിലെ സ്പെഷ്യൽ സ്കൂളുകളിൽ നിർബ്ബന്ധമായും നടപ്പാക്കേണ്ടതാണ്. ഈ പ്രയകാലയളവിൽതന്നെയാണ് വെല്ലുവിളി നേരിടുന്ന കുട്ടിയുടെ സാമൂഹ്യ കുടുംബ പശ്ചാത്തലങ്ങൾ പരിഗണിച്ച് അവരിൽ അവശേഷിക്കുന്ന സവിശേഷ കഴിവുകൾക്ക് പ്രാമുഖ്യം നല്കി, തൊഴിൽ പരിശീലന പദ്ധതി ആവിഷ്കരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടത്.

വെല്ലുവിളികൾ നേരിടുന്നവരുടെ തൊഴിൽ പരിശീലനത്തിന് വിപുലമായ പശ്ചാത്തല സൗകര്യങ്ങളുടെ സംവിധാനമൊരുക്കാൻ, എല്ലാംകൊണ്ടും അർഹതയുള്ള ഒരു സംസ്ഥാന മാണ് കേരളം. വികലാംഗരുടെ തൊഴിലും തൊഴിൽ പരിശീലനവും മാത്രം പരിഗണിക്കുന്ന ഒരു ദേശീയ ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിൽ സ്ഥാപിക്കേണ്ടുന്ന ഒരടിയന്തിര സാഹചര്യം നമ്മുടെ മുന്നിലുണ്ട്. ഈ ദേശീയ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ടതില്ല. പ്രത്യുത കേരളത്തിലെ എല്ലാ വിഭാഗം വികലാംഗരുടെയും തൊഴിൽ പരിശീലനവും തൊഴിലും പരിഗണിക്കുന്ന തരത്തിലുള്ള വിപുലമായ അർത്ഥത്തിലുള്ളതായാൽ, ഏറ്റവും ഉചിതം. സമഗ്രമായ ഒരു സമന്വയ സാധ്യതയും പാരസ്പര്യവും വിവിധ വികലാംഗ പഠനവിഷയങ്ങളുമായി തൊഴിൽ മേഖലയിലുണ്ടായാൽ, ഏറെ ഫലപ്രദമായ സംവിധാനമാക്കി ഇതിനെ മാറ്റാനാവും.

ശരിയായ ആസൂത്രണവും ശാസ്ത്രീയ സമീപനവും സ്വീകരിക്കുകയാണെങ്കിൽ, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരിൽ 80 ശതമാനത്തിലധികം പേരെയും തൊഴിൽപരമായി പുനരധിവസിപ്പിച്ച്, അവരെയും കുടുംബത്തെയും സമൂഹത്തിന്റെ മുഖ്യ ധാരയിലെത്തിക്കാനാവും. സാങ്കേതിക വികാസത്തിന്റെ സൗകര്യങ്ങൾ കൂടി ഉപയോഗിക്കുമ്പോൾ, ഈ മേഖലയിൽ അത്ഭുതകരമായ വളർച്ച ഉണ്ടാക്കാനും കഴിയും. ഇപ്പോൾ ചില ഒറ്റപ്പെട്ട ശ്രമങ്ങളുടെ ഭാഗമായി കുറച്ചുപേർക്ക് ജോലിചെയ്യാനുള്ള അവസരം ഉണ്ടെങ്കിലും ജോലി ലഭ്യതയിൽ ഇവരുടെ ശതമാനക്കണക്ക് പൂജ്യമാണെന്നുതന്നെ പറയേണ്ടിവരും. അതിലുപരി, നേരത്തെ സൂചിപ്പിച്ചപോലെ, പുതിയ വികലാംഗ നിയമത്തിന്റെ ഡ്രാഫ്റ്റ് പാർലമെന്റ് പാസ്സാക്കുകയാണെങ്കിൽ, ഏതാണ്ട് ഒര് ശതമാനത്തിലധികം തൊഴിൽ സംവരണ സാധ്യത ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കായി ഉണ്ടാകും. പക്ഷെ, നിലവിൽ അത്തരമൊരു അവസരം പ്രയോജനപ്പെടുത്താവുന്ന തൊഴിൽ പ്രാപ്തി (Employability) ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് ഇല്ലെന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ടുതന്നെ വരാനിരിക്കുന്ന വലിയ അവസരത്തെ, പരമാവധി ഉപയോഗപ്പെടുത്തണമെന്ന ലക്ഷ്യത്തോടെ വിപുലമായ തോതിലുള്ള തയ്യാറെടുപ്പുകൾ നടത്തേണ്ടതുണ്ട്. രക്ഷിതാക്കൾക്കും പൊതുസമൂഹത്തിനും തൊഴിൽ സംരംഭകർക്കുമെല്ലാം നല്ലനിലയിലുള്ള ബോധവൽക്കരണം ആവശ്യമുണ്ട്.

വികലാംഗരുടെ തൊഴിൽ പരിശീലനം, തൊഴിൽ എന്നീ വിഷയങ്ങളിലൂന്നിനിന്നുകൊണ്ടുള്ള ഒരു ദേശീയ ഗവേഷണ സ്ഥാപനം ആരംഭിക്കുമ്പോൾ, വികലാംഗരുടെ തൊഴിൽ, സാമൂഹ്യ കുടുംബ ജീവിതം എന്നീ മേഖലകളിൽ നല്ലനിലയിലുള്ള ഒരു സുസ്ഥിരത

ആർജ്ജിക്കാനാവും. സാങ്കേതിക സാധ്യതകൾ ഇവരുടെ തൊഴിൽ സമ്പാദനത്തിന് എങ്ങനെ ഉപയുക്തമാക്കാമെന്നും, ഏത് രീതിയിലുള്ള പരിശീലന ക്രമങ്ങളാണ്, ഇവർക്ക് കൂടുതൽ ഫലപ്രദമാകുകയെന്നും, എന്തൊക്കെ, തൊഴിലുകൾ ഇത്തരത്തിലുള്ള വിശേഷവ്യക്തികൾക്കായി കണ്ടെത്താമെന്നും, ലാഭകരമായ (Cost Effective) മാർഗ്ഗങ്ങൾ ഏതൊക്കെയാണ് എന്നും സ്വകാര്യ മേഖലയിലും പോതുമേഖലയിലും വികലാംഗർക്കായി കൂടുതൽ തൊഴിലവസരങ്ങൾ എങ്ങനെ സൃഷ്ടിക്കാം തുടങ്ങി വലിയ പഠനങ്ങൾ അർഹിക്കുന്ന മേഖലയാണിത്. ഈ വിഷയത്തിന്റെ ഗൗരവം പരിഗണിച്ച്, സംസ്ഥാന തൊഴിൽവകുപ്പിന്റെ നേതൃത്വത്തിൽ വികലാംഗരുടെ തൊഴിൽ പരിശീലനം, തൊഴിൽ എന്നീ വിഷയങ്ങളിൽ ഊന്നിനിന്ന് പ്രവർത്തിക്കുന്ന ഒരു ദേശീയ ഗവേഷണ സ്ഥാപനം കേരളത്തിൽ സ്ഥാപിക്കണമെന്ന് കമ്മീഷൻ ശുപാർശചെയ്യുകയാണ്.

## തൊഴിൽ പരിശീലനം – ശുപാർശകൾ

- ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് തൊഴിൽ പരിശീലനത്തിനാവശ്യമായ സ്റ്റൈപന്റ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ നൽകണം.
- പ്രത്യേക വിദ്യാലയങ്ങളിലെ വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും കാലോചിതമായി പരിഷ്ക്കരിക്കുന്നതിനും സംസ്ഥാനതല ഉന്നതകേന്ദ്രത്തിന്റെ വൊക്കേഷണൽ ട്രയിനിംഗ് വിഭാഗവുമായി ബന്ധപ്പെടുത്തിയുള്ള നിരീക്ഷണ സംവിധാനം ഉായിരിക്കണം.
- ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് ആവർത്തന സ്വഭാവമുള്ളതും അപകടരഹിതവുമായ ജോലികളിലായിരിക്കണം പരിശീലനം നൽകേത്.
- ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് പരിശീലനം നേടാവുന്ന തൊഴിലുകൾ

  കേരളത്തിൽ സർവ്വേ നടത്തി കത്തെണം..

- സർവ്വേ നടത്തി കത്തെിയ തൊഴിലുകളുടെ ഒരു 'ജോബ് ഡേറ്റാ' ഉാക്കുകയും അവ ലളിതമായും കാര്യക്ഷമമായും നടത്തുന്നതിനുള്ള ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുകയും വേണം.

- വെല്ലുവിളി നേരിടുന്നവരുടെ ശാസ്ത്രീയമായ തൊഴിൽ പരിശീലനത്തിനും അവ ലളിതവും കാര്യക്ഷമവുമായി നടപ്പാക്കുന്നതിനുമുള്ള ഗവേഷണ ങ്ങൾ നടത്തുന്നതിനും എത്രയും പെട്ടെന്ന് ''നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വൊക്കേഷണൽ ട്രയിനിംഗ് ആന്റ് എംപ്ലോയിന്റ്മെന്റ്'' കേരളത്തിൽ സ്ഥാപിക്കണം.
- ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് നിയമനം ലഭ്യമാക്കുന്നതിനായി സ്വകാര്യ വ്യവസായ ഉടമകൾ, പൊതുമേഖലാ സ്ഥാപന അധികാരികൾ എന്നി വരുടെ സംയുക്ത സഹകരണത്തോടെ ''സ്പെഷ്യൽ എംപ്ലോയിന്റ്മെന്റ് എക്സ്ചേയ്ഞ്ച്'' സംവിധാനം ആരംഭിക്കുന്നതിന് സർക്കാർ പ്രോത്സാ ഹനം നല്കണം.
- തൊഴിൽ പരിശീലന കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് അവരുടെ യോഗ്യതയുടെയും പരിചയത്തിന്റെയും അടിസ്ഥാനത്തിൽ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കേതാണ്.
- തൊഴിൽ പരിശീലന കേന്ദ്രങ്ങളിലെ പ്രവർത്തനത്തിനാവശ്യമായ അസം സ്കൃത വസ്തുക്കൾ സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഉാക്ക ണം.
- 18 വയസിനുശേഷം തൊഴിൽ പരിശീലനത്തിന് ഊന്നൽ കൊടുത്തുകൊ് അടി യന്തിരമായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കണം. സൗകര്യമുള്ള സ്പെഷ്യൽ സ്കൂളുകളിൽ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്ക ണം. നിലവിൽ ഒഴിഞ്ഞുകിടക്കുന്ന പൊതു വിദ്യാലയ കെട്ടിടങ്ങൾ ഈ ആവ ശ്യത്തിലേക്ക് ഉപയോഗിക്കാവുന്നതാണ്.

III

## അദ്ധ്യായം- 7

# തൊഴിൽ

# (Employment)

അടുത്തുതന്നെ പാർലമെന്റ് പരിഗണിക്കാനിരിക്കുന്ന, വികലാംഗരുടെ അവകാശനിയമത്തിന്റെ ഡ്രാഫ്റ്റ് നല്കുന്ന സൂചന ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ തൊഴിൽ വിഷയം, പൊതുസമൂഹം ആദ്യമായി ഗൗരവത്തിലെടുക്കുന്നുവെന്നാണ്. ഇതുവരെയുായിരുന്ന സാഹചര്യം ഒട്ടും ആശാവഹമായിരുന്നില്ല. 1995 ലെ വികലാഗനിയമത്തിൽ തൊഴിൽപരമായ സംവരണം, മൂന്ന് ശതമാനം അനുവദിച്ചിരുന്നത് പൂർണ്ണമായും അന്ധർ, ബധിരർ, ചലന വൈകല്യമുള്ളവർ എന്നിവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരുന്നു. ഏതായാലും പുതിയ നിയമത്തിന്റെ ഡ്രാഫ്റ്റിൽ, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ തൊഴിൽ സംവരണത്തെ സംബന്ധിച്ച് ഏറെ ആശ്വാസകരമായ പരാമർശമാണുള്ളത്.

വികലാംഗരുടെ തൊഴിലുമായി ബന്ധപ്പെട്ട് പൊതുവിലും ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെ സംബന്ധിച്ച് പ്രത്യേകിച്ചും മനോഭാവ തടസ്സങ്ങൾ (Attitudinal Barriers) അല്ലെങ്കിൽ മാനസിക തടസ്സങ്ങൾ (Psychological Barriers) ആണ് പ്രധാനമായും പൊതുസമൂഹത്തിൽ പ്രകടമായിക്കാണുന്നത്. ഈ മനോഭാവ-മാനസിക തടസ്സങ്ങൾ, അഥവാ, ഇവരുടെ തൊഴിൽ ശേഷിയെ (Employability) ക്കുറിച്ചുള്ള മുൻവിധികൾ ഏത്രമാത്രം ഇരുളിലേക്കാണ് ഈ സമൂഹത്തെ പിൻതള്ളി മാറ്റുന്നതെന്ന് ആരും ചിന്തിക്കുന്നില്ല.

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരിൽ 80 ശതമാനവും മൃദു-മിത (Mild-Moderate) വിഭാഗത്തിലുള്ളവരാണ്. അഥവാ, മൃദു-മിത വിഭാഗത്തിലുള്ളവർക്ക്, ശാരീരികാവസ്ഥയിൽ വലിയ പരിമിതികൾ ഉാകാനിടയില്ല. ബുദ്ധിപരമായ പിന്നോക്കാവസ്ഥ ഉെങ്കിലും ശാരീരിക ശേഷി ഭൂരിപക്ഷം പേർക്കുമു്. ശാരീരികശേഷിയേയും ബുദ്ധിനിലവാരത്തെയും പരിഗണിച്ചുള്ള തൊഴിലുകളാണ്, ഇത്തരത്തിലുള്ളവർക്കായി മാറ്റിവെക്കേത്.

പൊതുവേ ബുദ്ധിപരിമിതരായ വ്യക്തികളെ സംബന്ധിച്ച്, വലിയ സാങ്കേതിക സങ്കീർണ്ണതയുള്ള ജോലികൾ ചെയ്യാൻ പ്രയാസമനുഭവപ്പെടും. സാങ്കേതിക പ്രശ്നങ്ങളിൽ സവിശേഷമായ ബുദ്ധി ഉപയോഗിച്ച്, തീരുമാനങ്ങൾ എടുക്കാനില്ലാത്ത ഒട്ടേറെ ജോലികൾ പൊതുമേഖലയിലും സ്വകാര്യ മേഖലയിലും ഇന്ന് ലഭ്യമാണ്. ആവർത്തന സ്വഭാവമുള്ള എല്ലാ ജോലികളും മിത-മൃദു വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്ക് ചെയ്യാനാവും. അപ്രതീക്ഷിതമായ അപകട സാധ്യതകൾ ജോലിയുമായി ബന്ധപ്പെട്ട് ഉാവകരുതെന്ന് മാത്രം.

സെക്കന്തരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ഹാന്റികാപ്ഡ് (NIMH) എന്ന സ്ഥാപനം നടത്തിയ പഠനത്തിൽ, പൊതുമേഖലാ സ്ഥാപനങ്ങളായ ഇന്ത്യൻ റെയിൽവേയിലും , ബി. എസ്. എൻ.എൽ. ലിലും , ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്ക് ചെയ്യാവുന്ന ജോലികളെ സംബന്ധിച്ചുള്ള ഒരു സർവ്വെയിൽനിന്നും ബോധ്യമായത്, റയിൽവേയിൽ മാത്രം ഇത്തരം വ്യക്തികളെ പൂർണ്ണമായി ഉത്തരവാദിത്വം ഏൽപ്പിച്ച് ചെയ്യിക്കാവുന്ന ജോലികളുടെ എണ്ണം 240 എന്നാണ്. ബി. എസ്. എൻ.എൽ ലിൽ അത്തരം ജോലികളുടെ എണ്ണം 80 ആണ്. C, D കാറ്റഗറിയിൽപ്പെട്ട ജോലികളിൽ പലതിലും വിജയപ്രദമായ രീതിയിൽ ഇത്തരം വ്യക്തികൾക്ക് ശോഭിക്കാൻ കഴിയും.

കേരളത്തിൽ ഇപ്പോൾതന്നെ, ഒട്ടേറെ ബുദ്ധിപരിമിതരായ വ്യക്തികളെ സ്വകാര്യ സംരംഭങ്ങളിലും മറ്റും ജോലിക്ക് നിറുത്തി വിജയകരമായി ജീവിതം നയിച്ചുവരുന്നതിന്റെ സ്തുത്യർഹമായ അനുഭവങ്ങളുണ്ട്. സി. എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡിൽ (SIMC) നിന്നും സവിശേഷ വിദ്യാഭ്യാസം പൂർത്തിയാക്കിയ 10 പേർ തിരവനന്തപുരത്തെ സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ വർഷങ്ങളായി ജോലിചെയ്തുവരുന്നു. അവരുടെ ജോലിയിലെ പ്രാഗൽഭ്യത്തെ സംബന്ധിച്ചും, കൃത്യനിഷ്ഠത, ആത്മാർത്ഥത, എന്നിവയെക്കുറിച്ചുമൊക്കെ വളരെ ആത്മസംതൃപ്തിയോടെയാണ്, സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം ഡയറക്ടർ ഡോ. അരുൾ ജെറാൾഡ് കെ. പ്രകാശ് സാക്ഷ്യപ്പെടുത്തുന്നത്. തിരുവനന്തപുരത്തെ മറ്റൊരു സ്പെഷ്യൽ സ്കൂളിൽനിന്നും ട്രിവാൺഡ്രം ക്ളബ്ബ്, ശ്രീമൂലം ക്ളബ്ബ്, ടെറുമോ പെൻപോൾ, നിഷ്, വിജയ് പെട്രോൾ പമ്പ്, നിംസ് ഹോസ്പിറ്റൽ തുടങ്ങിയ സ്ഥാപനങ്ങളിലെല്ലാം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരെ തൊഴിൽ പരമായി പുനരധിവസിപ്പിച്ചിട്ടുണ്ട്. ഇവരെല്ലാം തന്നെ ഇവരുടെ കുടുംബങ്ങളുടെ വരുമാന സ്രോതസ്സാണ്. ഇത്തരത്തിലുള്ള ഒട്ടേറെ അനുഭവങ്ങൾ കേരളത്തിലെ സ്പെഷ്യൽ സ്കൂൾ അധികൃതർക്ക് പറയാനുാവും. ഇത് സൂചിപ്പിക്കുന്നത് സ്വകാര്യമേഖലയിലേയും പൊതുമേഖയിലേയുമൊക്കെയുള്ള ജോലികളിൽ ഒട്ടേറെ അവസരങ്ങൾ, ചെറിയൊരു ആസൂത്രണവും സന്മനസസുമുകെിൽ, ബുദ്ധിപരമായ പ്രശ്നങ്ങൾ നേരിടുന്നവർക്ക് നല്കാൻ സമൂഹമെന്നനിലയിൽ കഴിയും എന്നാണ്. ഇന്ന് ജോലികളിലൊന്നും ഏർപ്പെടാൻ അവസരമില്ലാതെ, വലിയൊരു വിഭാഗം യുവാക്കളായ ബുദ്ധിപരിമിതർ അവരുടെ കർമ്മശേഷി നിഷ്ഫലമാക്കുന്നു. രാഷ്ട്ര നിർമ്മാണ പ്രവർത്തനങ്ങളിൽ വലിയ സംഭാവന ചെയ്യാനാവുന്ന ഇത്തരം വ്യക്തികളുടെ പ്രശ്നങ്ങൾ

ഏറ്റെടുക്കാവുന്ന വിധത്തിൽ, നമ്മുടെ സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക നേതൃത്വങ്ങളുടെ അവബോധം വികസിച്ചിട്ടില്ല.

യുവത്വത്തിലേക്ക് പ്രവേശിക്കുന്ന ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെ ശരിയായ ദിശാബോധത്തോടെ, പരിശീലിപ്പിക്കുകയെന്നത്, ഏറെ പ്രയാസകരവും പ്രാധന്യമർഹിക്കുന്നതുമാണ്. ഇപ്പോൾ സ്പെഷ്യൽ സ്കൂളുകളിൽ 18 വയസ്സിന് ശേഷം സാങ്കേതികമായ വിവിധ കാരണങ്ങളാൽ കുട്ടികളെ പരിശീലിപ്പിക്കാനാവാത്ത സാഹചര്യമുണ്ട്. രക്ഷിതാക്കളെ സംബന്ധിച്ചാണെങ്കിൽ, ആരോഗ്യപരവും സാമ്പത്തികവുമായ പ്രയാസങ്ങൾ അഭിമുഖീകരക്കുന്ന പ്രായത്തിലാണ് തന്റെ കുട്ടിയെ എന്ത് ചെയ്യണമെന്നറിയാതെ, നിശ്ചലരായി നിൽക്കേിവരുന്നത്. യൗവ്വന കാലഘട്ടത്തിൽ ബുദ്ധിപരിമിതരെ സംബന്ധിച്ച്, ശരീരത്തിലെ ഹോർമോൺ മാറ്റത്താലും മറ്റും വൈകാരികമായ ചില പ്രശ്നങ്ങൾ രൂപപ്പെടാനുള്ള സാധ്യത കൂടുതലാണ്. മാനസികരോഗാവസ്ഥയുടെ ലക്ഷണങ്ങൾ യൗവ്വന കാലഘട്ടത്തിൽ, പ്രധാനമായും ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്ക് അനുഭവിക്കേിവരുന്നതിനൊരു പ്രധാന കാരണം സാമൂഹ്യ വൈകാരിക സാഹചര്യത്തോട് പ്രതികരിക്കുന്നതിനുള്ള പ്രാപ്തിക്കുറവുമൂലം ഉാകുന്ന മനോസംഘർഷത്തിന്റെ പരിണിതഫലമായാണ്. ഈയൊരു സാഹചര്യം രക്ഷിതാക്കളെ സംബന്ധിച്ച് ഏറ്റവും സംഘർഷഭരിത ഘട്ടം കൂടിയാണ്. മിക്കപ്പോഴും, ലൈംഗീകമായ അസ്വാഭാവിക പ്രതികരണങ്ങൾ വെല്ലുവിളിനേരിടുന്നവരിൽനിന്ന് ഉാകുന്നത്, യൗവ്വനത്തിന്റെ തുടർച്ചയിൽ സംഭവിക്കുന്ന ശാരീരിക-വൈകാരിക സംഘർഷങ്ങളുടെ ഫലമായാണ്. ഈ സമയത്ത് ക്രിയാത്മകമായി ഇത്തരം വ്യക്തികളുടെ ശാരീരിക-മാനസിക ഊർജ്ജത്തെ വഴിതിരിച്ചുവിടുന്നതിന്, ഏറ്റവും സഹായകരമായ മാർഗ്ഗം കൂടിയാണ്, തൊഴിലിലേക്ക് ശരിയായ രീതിയിൽ പറിച്ചുനടുന്നത്. കേരളീയ സാഹചര്യത്തിലും ഒട്ടേറെ തൊഴിലുകളിലേക്ക് ഇത്തരം വ്യക്തികളെ നിയോഗിക്കാനാവും. ശരിയായ പരിശീലനത്തിലൂടെയും കുടുബത്തിനും തൊഴിൽ ദാതാവിനും സഹപ്രവർത്തകർക്കുമൊക്കെ നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങളിലൂടെയും ഉത്തരവാദിത്വബോധമുള്ള ഒരു ജോലിക്കാരനായി വെല്ലുവിളി നേരിടുന്നവരിൽ 80 ശതമാനം പേരെയും മാറ്റിത്തീർക്കാൻ കഴിയുമെന്നത്, ഇന്ന് ഇവരുടെ കുടുംബങ്ങൾ സഹിക്കുന്ന സംഘർഷത്തിന്റെ ഇരുട്ടിൽ തെളിയുന്ന രജതരേഖയാണ്.

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്ക്, കേരളത്തെപ്പോലുള്ള ഒരു പ്രദേശത്ത്, ഏറ്റവും എളുപ്പത്തിൽ ചെയ്യാവുന്ന ജോലി കൂടുതലായും സേവന മേഖലയി

ലാണ്. സ്വകാര്യ സംരംഭകരുടെ വിവിധ ഫാക്ടറികളിലും തൊഴിലിടങ്ങളിലുമൊക്കെ ഇത്തരം സാധ്യതകൾ നിലനില്ക്കുന്നു. സി. എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസിറ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ്, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരെ തൊഴിൽപരമായി പുനരധിവസിപ്പിക്കുന്നതിന്, തിരവനന്തപുരം കിൻഫ്രയിലെ ചില വ്യവസായ സ്ഥാപനങ്ങളെ സമീപിച്ചിരുന്നു. 20 അന്തേവാസികളെയാണ്, തൊഴിലുകൾക്കായി സജ്ജമാക്കിയിരുന്നത്. പരീക്ഷണാർത്ഥം നടത്തിയ ഈ ശ്രമത്തിൽനിന്നും ബോധ്യമായത്, വ്യവസായ സംരംഭകരിൽ, പലർക്കും ഇത്തരം വ്യക്തികൾക്ക് ജോലി നല്കുന്നതിന് ഒരു വിമുഖതയുമില്ലെന്നാണ്. മാത്രമല്ല, വെല്ലുവിളി നേരിടുന്ന ജോലിക്കാരെ സംബന്ധിച്ച് സംതൃപ്തരുമാണ്, ഈ സംരഭകർ.

ഇങ്ങനെയുള്ള അവസരങ്ങൾ കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള തൊഴിലിടങ്ങളിലു്. തൊഴിലിന് സജ്ജമാക്കുന്ന സവിശേഷ പരിശീലനവും, മറ്റ് മാർഗ്ഗനിർദ്ദേശങ്ങളുമൊക്കെ, ബന്ധപ്പെട്ടവർക്കെല്ലാം നല്കി, വലിയൊരു വിഭാഗം വരുന്ന, ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെ തൊഴിൽപരമായി പുനരധിവസിപ്പിക്കാൻ കഴിയുമെന്ന് അനുഭവങ്ങൾ തെളിയിക്കുന്നു. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് തൊഴിൽ നൽകാൻ സന്നദ്ധമാവുന്ന തൊഴിലുടമകളെയും വ്യവസായ സംരംഭകരെയുമൊക്കെ, പ്രോൽസാഹിപ്പിക്കുന്ന വിധത്തിലുള്ള പ്രത്യേക ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുകയാണെങ്കിൽ, കേരളത്തിൽ നല്ലൊരു മാറ്റത്തിന്റെ തുടക്കമായി അത് പരിണമിക്കും. വലിയ ബിസ്സിനസ്സ് കമ്പനികളൊക്കെ, 'കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി' യുടെ ഭാഗമായി വലിയ തുകകൾ ക്ഷേമ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുമ്പോൾ, വിദേശ രാജ്യങ്ങളിലൊക്കെ, ഇത്തരം കമ്പനികൾക്ക് ഒട്ടേറെ ആനുകൂല്യങ്ങളും പരിഗണനയും മുൻഗണനയുമൊക്കെ, അതതു സർക്കാരുകൾ ഉറപ്പുവരുത്തുന്നു്. ആ മാതൃക പിന്തുടർന്ന്, അശരണരായ, ഇത്തരത്തിലുള്ള, ശാരീരികവും സാമൂഹ്യവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ നേരിടുന്ന, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നർക്ക് ജോലി പരിഗണന നൽകുന്ന കമ്പനികൾക്ക്, വ്യവസായവകുപ്പിന് ആനുകൂല്യങ്ങൾ നൽകാനാകും.

പാർലമെന്റിന്റെ പാസ്സാക്കാനിരിക്കുന്ന വികലാംഗ നിയമം 2012 ന്റെ ഡ്രാഫ്റ്റ് നല്കുന്ന സൂചന ഏറെ പ്രതീക്ഷ നല്കുന്നതാണ്. ആ നിയമത്തിൽ, ചരിത്രത്തിൽ ആദ്യമായി, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കുൾപ്പടെ ജോലി സംവരണം ഉറപ്പുനൽകുന്നു്. പൊതുമേഖലാ സ്വകാര്യ തസ്തികകളിൽ 5 ശതമാനം തൊഴിൽ എല്ലാ വിക

ലാംഗർക്കുമായി സംവരണം ചെയ്യണമെന്ന് ആക്ട് നിഷ്കർഷിക്കുന്നു. 5 ശതമാനത്തിൽ കുറവ് ജോലിക്കാർ മാത്രമേ തൊഴിൽ കേന്ദ്രങ്ങളിൽ ഉള്ളൂവെങ്കിൽ, 5 ശതമാനത്തിൽനിന്നും ഏത്രമാത്രം വികലാംഗ തൊഴിലാളികൾ കുറവുോ അത്രയും ശതമാനം തൊഴിലാളികളുടെ വാർഷിക ശമ്പളം, സർക്കാരിന് പിഴയായി നല്കാൻ കമ്പനികൾ ബാധ്യസ്ഥരാണ്. 5 ശതമാനത്തിൽ കൂടുതൽ ഏത്രശതമാനം തൊഴിലാളികളെ ജോലിക്ക് നിർത്തുന്നുവോ അവരുടെയൊക്കെ മൊത്തം വാർഷികശമ്പളത്തുക, കമ്പനികൾ അടയ്ക്കേ നികുതിയിൽനിന്നും കമ്പനികൾക്ക് സർക്കാർ ഇളവു നൽകും. വികലാംഗ നിയമത്തിലെ ഈയൊരു വകുപ്പ് തീർച്ചയായും ഇന്ത്യയിലെ വികലാംഗരുടെ തൊഴിൽ സാധ്യതകളെ സംബന്ധിച്ച് ശുഭപ്രതിക്ഷയ്ക്ക് വക നല്കുന്നു്.

അഞ്ചു ശതമാനം സംവരണത്തിൽ-

1. ഒരു ശതമാനം അന്ധത-കാഴ്ചക്കുറവ് എന്നിവർക്കയി അര അര ശതമാനം വീതം വിതിച്ചു നൽകണം.
2. ഒരു ശതമാനം കേൾവി-സംസാര ശേഷിക്കുറവുള്ളവർക്ക്.
3. ഒരു ശതമാനം, സെറിബ്രൽ പാൾസി ഉൾപ്പടെ ചലനവൈകല്യമുള്ളവർക്ക്.
4. ബുദ്ധിമാന്ദ്യം, ഓട്ടിസം, മനോരോഗം എന്നിവരുൾപ്പടുന്നവർക്ക് ഒരു ശതമാനം.
5. ഒരു ശതമാനം ബഹുവൈകല്യമുള്ളവർക്ക്.

ഈ ശതമനക്കണക്ക് സൂചിപ്പിക്കുന്നത്, ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൻ പാൾസി, ശൈശവ മനോരോഗം, ബഹുവൈകല്യം എന്നിവരുൾപ്പെടുന്നവർക്ക് ഏതാ് 2 ശതമാനത്തിലധികം വിഹിതം തൊഴിൽ സംവരണത്തിലൂടെ ലഭ്യമാകാനുള്ള സാധ്യതയാണ് തെളിഞ്ഞുകാണുന്നത്. ഇത് തീർച്ചയായും പ്രതീക്ഷനല്കുന്ന സാഹചര്യമാണെങ്കിലും, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരെ തൊഴിൽപരമായി സുസജ്ജമാക്കാനുള്ള സവിശേഷ പരിശീലന പരിപാടികളും പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കേ ഘട്ടംകൂടിയാണെന്നത്, ബന്ധപ്പെട്ടവരെല്ലാം ഗൗരവമായി പരിഗണിക്കണം.

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ തൊഴിൽരംഗത്ത് സേവന മേഖലയോടൊപ്പംതന്നെ പരിഗണിക്കേ മറ്റൊരു സമീപനമാണ്, സംരക്ഷിത തൊഴിൽ കേന്ദ്രം (Sheltered Workshop). ബുദ്ധിപരമായി കൂടുതൽ പിന്നോക്കം നില്ക്കുന്നവരും, നിരന്തരമായ നിരീക്ഷണം ആവശ്യമുള്ളവരുമായവർക്കാണ് ഈ സംവിധാനം കൂടുതൽ ഗുണകരമാവുക. ഒരേ കേന്ദ്രത്തിൽ തന്നെ, ജോലിയെടുക്കുന്ന ഇത്തരം പദ്ധതികൾ ഇന്ത്യയിൽ മറ്റ് പല

സംസ്ഥാനങ്ങളിലും വിജയകരമായി നടപ്പാക്കിവരുന്നു. സെക്കന്തരാബാദിലെ 'ആകാൻഷ' എന്ന 'സംരക്ഷിത തൊഴിൽ കേന്ദ്രം' ഇതിനൊരു ഉദാഹരണമാണ്. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ രക്ഷിതാക്കളുടെ നേതൃത്വത്തിലാണ്, ഈ കേന്ദ്രം പ്രവർത്തിച്ചുവരുന്നത്. 80 ഓളം ജോലിക്കാരാണ് ഇവിടെയുള്ളത്. ഈ സംരക്ഷിത കേന്ദ്രത്തിൽ വെച്ചാണ്. സൗത്ത് സെൻട്രൽ റെയിൽവേയ്ക്കാവശ്യമായ സ്റ്റേഷനറി ഉല്പന്നങ്ങളായ കവർ, ഫയൽ, തുടങ്ങിയവയൊക്കെ ഉാക്കുന്നത്. വിവിധ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ഇത്തരം കേന്ദ്രങ്ങൾക്ക് വളരെയേറെ സാധ്യത നമ്മുടെ സംസ്ഥാനത്ത് നിലവിലു്. രക്ഷിതാക്കളുടെ നേതൃത്വത്തിലുള്ള സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ഉപഭോഗ ഉല്പന്നങ്ങൾ ഉാക്കി, പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കുമെല്ലാം വിതരണം ചെയ്യാവുന്ന അനുകൂലമായ സാഹചര്യമൊരുക്കാൻ, പ്രത്യേക ഉത്തരവുകളോ നിർദ്ദേശങ്ങളോ സർക്കാരിന് ഇറക്കാവുന്നതാണ്. രക്ഷിതാക്കളും അവരുടെ വെല്ലുവിളി നേരിടുന്ന കുട്ടികളും സംയുക്തമായി സംരംഭങ്ങൾ നടത്തുന്നതിന്, സഹായധനം അനുവദിക്കാൻ കഴിഞ്ഞാൽ വളരെ വിജയപ്രദമായി, പ്രശ്നം അനുഭവിക്കുന്ന ഈ രുവിഭാഗങ്ങളെയും സാമൂഹ്യമായി പുനരധിവസിപ്പിക്കുന്നതിനുള്ള സാഹചര്യമുാകും. നാഷണൽ ഹാന്റികാപ്പ്ഡ് ഫിനാൻഷ്യൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ എന്ന കേന്ദ്രസർക്കാർ സ്ഥാപനത്തിന്റെ സ്വഭാവത്തിൽ, കേരളത്തിൽ, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾ ഉൾപ്പെടുന്ന കുടുംബങ്ങൾക്കായി, പലിശരഹിതമായോ ചുരുങ്ങിയ നിരക്കിലുള്ള പലിശയിലോ ലോൺ അനുവദിച്ച് വ്യവസായ-കുടിൽ വ്യവസായ-ചെറുകിട വ്യാപാര സംരഭങ്ങൾ തുടങ്ങാനുള്ള അവസരങ്ങൾ ഉാക്കേതു്. നാഷണൽ ഹാന്റികാപ്പ്ഡ് ഫിനാൽഷ്യൽ ഡവലപ്പമെന്റ് കോർപറേഷന് കേന്ദ്രസർക്കാർ 1000 കോടി രൂപ സ്ഥിരനിക്ഷേപമായി അനുവദിച്ചതിൽനിന്നാണ്, ഇന്ത്യയിലെ വികലാംഗ വിഭാഗങ്ങൾക്ക് തൊഴിൽസാധ്യത വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തിൽ ലോൺ അനുവദിച്ചു വരുന്നത്. വികലാംഗർക്ക് പൊതുവായുള്ള ഒരു സംവിധാനത്തിൽ, കൂടുതൽ ദൗർബല്യം അനുഭവിക്കുന്ന ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്ക് സ്വാഭാവികമായും മുൻഗണന ലഭിക്കുകയില്ല. അതുകൊ് ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെ പ്രത്യേകമായി പരിഗണിച്ച്, അവർക്കിടയിൽ തൊഴിൽ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, ഒരു ധനസഹായ കമ്പനി രൂപീകരിക്കുന്നത് ഉചിതമായിരിക്കും. കേരളത്തിലെ സാമൂഹ്യനീതി മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ ഇത്തരമൊരു ധനകാര്യ കമ്പനിക്ക് രൂപം നല്കി, ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന യുവജനങ്ങളെയും, ഇവരുടെ സാന്നിധ്യം

കൊ് പ്രയാസമനുഭവിക്കുന്ന കുടുംബങ്ങളെയും നിലവിലുള്ള അനിശ്ചിതത്വപൂർണ്ണമായ ജീവിതത്തിൽനിന്നും പ്രത്യാശാനിർഭരമായ ജീവിതത്തിലേക്ക് കൈപിടിച്ചുയർത്താനാകും.

## തൊഴിൽ – ശുപാർശകൾ

- ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കായി സർക്കാർ തലത്തിൽ സംരക്ഷിത തൊഴിലിടങ്ങൾ (ടവലഹല്യേലറ ണീൃസവെീു) ആരംഭിക്കണം.
- തൊഴിൽ പരിശീലനം ലഭിച്ച ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് അനുയോജ്യമായ തൊഴിൽ സംരംഭങ്ങൾ സർക്കാർ മേഖലയിൽ ആരംഭിക്കേതാണ്, സ്വകാര്യമേഖലയിൽ ആരംഭിക്കുന്നതിനുവേ പ്രചോദനം സർക്കാർ നൽകണം.
- ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കായി സർക്കാർ ജോലികളിൽ സംവരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
- സ്പെഷ്യൽ എംപ്ലോയിസിനെ നിയമിക്കുന്നവർക്ക് നികുതി ആനുകൂല്യങ്ങൾ അനുവദിച്ചുനൽകണം.
- ഗവണ്മെന്റ് ആഫീസുകളിൽ ഉപയോഗിക്കുന്ന സ്റ്റേഷനറി സാധനങ്ങളിൽ നിശ്ചിത ശതമാനം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ നിർമ്മിക്കുന്നവയക്ക് മുൻഗണന നൽകുന്നതിന് ആഫീസുകൾക്ക് നിർദ്ദേശം നൽകുന്ന ഉത്തരവിറക്കണം.
- ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്ക് ജോലി ഉറപ്പാക്കുന്നതിന് രക്ഷിതാക്കൾക്ക് ഉദാര നിരക്കിൽ സ്വയം തൊഴിൽ വായ്പകൾ അനുവദിയ്ക്കണം.
- ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ ഉാക്കുന്ന ഉല്പന്നങ്ങൾക്ക് വിപണി കത്തൊൻ സബ്സിഡി സംവിധാനം ഏർപ്പെടുത്തണം. ഇവരുാക്കുന്ന ഉല്പന്നങ്ങൾ വ്യവസായ വകുപ്പിന്റെ സഹായത്തോടെ വില്പന നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.
- പഠനവൈകല്യമുള്ളവർക്ക് അഭിരുചിക്കനുസരിച്ചുള്ള തൊഴിൽ സംവരണം ഉറപ്പുവരുത്തണം.

**കേസ് സ്റ്റഡി**

ബുദ്ധിപരമായി വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസ പ്രക്രിയയുടെ ആത്യന്തിക ലക്ഷ്യം, തൊഴിൽപരമായി പ്രാപ്തരാക്കി ജോലിനൽകുക എന്നതാണ്. ബുദ്ധിപരമായി വെല്ലുവിളികൾ നേരിടുന്നവർക്ക് തൊഴിൽ ഉറപ്പു നൽകുന്ന കാര്യത്തിൽ ഒട്ടേറെ തടസ്സങ്ങൾ നിലനില്ക്കുന്നു്. ഏറ്റവും ഗുരുതരമായി അനുഭവപ്പെടുന്ന തടസ്സം മനോഭാവപരമാണ്. തൊഴിൽപരമായി പ്രാപ്തിയുള്ളവരാണ് ബുദ്ധിമാന്ദ്യമുള്ളവർ എന്ന് അംഗീകരിക്കാൻ പൊതുസമൂഹം ഇന്നും തയ്യാറായിട്ടില്ല. പക്ഷെ, മനോഭാവ തടസ്സങ്ങളേയും പൊതുസമൂഹ സങ്കൽപങ്ങളേയുമെല്ലാം അതിജീവിച്ചുകൊ് തൊഴിലിടങ്ങളിൽ അസാമാന്യമായ വൈദഗ്ധ്യം പ്രകടിപ്പിക്കുന്ന ഒട്ടേറെ വെല്ലുവിളികൾ നേരിടുന്നവർ ഇന്നു്. അവരിലൊരാളാണ് കടയ്ക്കാവൂർ സ്വദേശി എസ്. സജീവ്.

ഈ വർഷത്തെ ഏറ്റവും മിടുക്കനായ ജോലിക്കാരനായി ദേശീയമായി അംഗീകരിക്കപ്പെട്ട വ്യക്തിയാണ് സജീവ്. സജീവ് ഇപ്പോൾ തിരുവനന്തപുരം സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ തോട്ടക്കാരനായാണ് ജോലിചെയ്യുന്നത്. സി. എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡിലെ (SIMC) പരിശീലനത്തിനുശേഷമാണ് സജീവിനെ സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ ഗാർഡനറായി നിയോഗിച്ചത്. ബഹുമാന്യനായ രാഷ്ട്രപതി ശ്രീ പ്രണബ് മുഖർജിയിൽനിന്നും 2013 ഫെബ്രുവരി 6 ന്, ശ്രീ സജീവ്, ബുദ്ധിപരമായി വെല്ലുവിളിനേരിടുന്നവർക്കിടയിലെ ഇന്ത്യയിലെ ഏറ്റവും മിടുക്കനായ ജോലിക്കാരൻ എന്ന ദേശീയ പുരസ്കാരം സ്വീകരിച്ചു.

സി. എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡിൽനിന്ന് 25 മുതിർന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾ കിൻഫ്ര, സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം എന്നവയിൽ ജോലിചെയ്തുവരുന്നു്. അയ്യായിരം മുതൽ 7500 രൂപവരെയാണ്, ഇവർക്ക് ലഭ്യമാകുന്ന വേതനം. പലർക്കുമിപ്പോൾ ഈ കുട്ടികളുടെ ശമ്പളം, കുടുംബത്തിന്റെ പ്രധാന വരുമാന സ്രോതസ്സാണ്.

നമ്മുടെ സമൂഹത്തിൽ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്ക് ചെയ്യാവുന്ന ഏറെ ജോലികൾ പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി ഇന്ന് ലഭ്യമാണ്. പൊതുമേഖലാ സ്ഥാപനങ്ങളായ റയിൽവേയിൽ 240 തസ്തികകളും ബി. എസ്. എൻ. എൽ. ലിൽ 80 ലേറെ തസ്തികകളും ബുദ്ധിപരമായി മൃദു-മിത വെല്ലുവിളികൾ നേരിടുന്നവർക്ക് ചെയ്യാവുന്നതായി ഉണ്ടെന്ന് NIMH മുമ്പ് നടത്തിയ പഠനം തെളിയിക്കുന്നു. ആവർത്തന സ്വഭാവമുള്ളതും സങ്കീർണ്ണതയില്ലാത്തതുമായ ഏതു ജോലികളും ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരിൽ വലിയൊരു വിഭാഗത്തിന് ചെയ്യാൻ കഴിയുമെന്നത് യാഥാർത്ഥ്യമാണ്. *

## അദ്ധ്യായം-8

# ബുദ്ധിപരമായ വെല്ലുവിളികളുമായി ബന്ധപ്പെട്ട സംസ്ഥാനതല ഉന്നതകേന്ദ്രം

# (State Level Apex Centre on Intellectual Challenge)

ബുദ്ധിപരമായ വെല്ലുവിളികളായ ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, ബഹുവൈകല്യം, ശൈശവ മനോരോഗം, പഠന പ്രശ്നങ്ങൾ എന്നിവയെല്ലാം മസ്തിഷ്ക കോശങ്ങളുടെ ക്രമഭംഗമോ (അസാധാരണത്വമോ) ക്ഷതമോ മൂലം സംഭവിക്കുന്ന പ്രശ്നങ്ങളാണ്. ഇതിൽ വിവിധ പ്രശ്നങ്ങൾക്കുള്ള പുനരധിവാസ സമീപനങ്ങൾ വലിയതോതിൽ സമാനതയുള്ളതാണ്. വിവിധ വിദഗ്ദ്ധരുടെ ഇടപെടൽ അനിവാര്യമാക്കുന്ന, പ്രശ്നപരിഹാരമാർഗ്ഗങ്ങൾ പരസ്പരാശ്രിതമോ പരസ്പര ബന്ധിതമോ, വിനിമയ സാധ്യതകളിലൂടെ പരസ്പരം പ്രയോജനപ്രദമോ ആണ്. ഈ എല്ലാ പ്രശ്നങ്ങളുടേയും അക്കാദമിക-ഗവേഷണ-വികസന പ്രക്രിയകൾ, ഒരേകുടക്കീഴിൽ വളരെ ഫലപ്രദമായും ചെലവ് കുറച്ചും നടത്താനും, ഈ വിഷയങ്ങളൊക്കെ ഒരേ കുടക്കീഴിൽ വരുന്ന വിധം ഒരു സംസ്ഥാനതല ഉന്നത കേന്ദ്രം (Centre of Excellence) വികസിപ്പിച്ചെടുക്കണം.

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്പെഷ്യൽ സ്കൂളുകൾ, മറ്റുപരിശീലന കേന്ദ്രങ്ങൾ എന്നിവയ്ക്കെല്ലാം ഈ കേന്ദ്രം അക്കാദമികവും ഭരണപരവുമായ സഹായം നൽകുന്ന സംവിധാനമുാക്കുകയും, വിപുലമായ വിവിധ തരത്തിലുള്ള ഡിപ്പാർട്ടുമെന്റുകൾ, സേവന കേന്ദ്രങ്ങൾ എന്നിവയൊക്കെ ഈ ഉന്നത കേന്ദ്രത്തിന്റെ ഭാഗമാകുകയും സംസ്ഥാനത്തെ എല്ലാ ജനവിഭാഗങ്ങൾക്കും അത്യുന്നത സേവനം വിതരണം ചെയ്യുന്ന ഒരു ശൃംഖലാ സംവിധാനം ഒരുക്കുകയും ചെയ്താൽ മസ്തിഷ്ക വെല്ലുവിളികളുമായി ബന്ധപ്പെട്ട ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാകും. കമ്മീഷൻ നിർദ്ദേശിക്കുന്ന സംസ്ഥാന തല ഉന്നത കേന്ദ്രത്തിന്റെ ഘടന താഴെകൊടുത്തിരിക്കുന്നതു പ്രകാരമാണ്:

STATE LEVEL CENTRE

⇓

<u>Medical Department:</u>

- Paediatrician
- Neurologist
- Psychiatrist
- Psychologist
- Physiatrist




സ്റ്റേറ്റ് ഉന്നത തല കേന്ദ്രം

4 മേഖലാ കേന്ദ്രങ്ങൾ

ജില്ലാതല പ്രവർത്തനം
(ജില്ലാ ആശുപത്രികൾ കേന്ദ്രീകരിച്ച്)

താലൂക്ക് തല പ്രവർത്തനം
(താലൂക്ക് ആശുപത്രികൾ കേന്ദ്രീകരിച്ച്)

പഞ്ചായത്ത് തല പ്രവർത്തനം
പ്രാഥമിക ആരോഗ്യ കേന്ദ്രം


STATE LEVEL CENTRE
(Apex Body)
Regional Centre (South)
TVPM
KLM
PTA
ALPY
District Level
Regional Centre (Central)
TSR
PKD
MLPM
KKD
District Level
Regional Centre (High Range)
KTM
IDKI
EKM
District Level
Regional Centre (North)
WYND
KNR
KSGD
District Level
Taluk Level Centre
Local Level Centre


STATE LEVEL CENTRE
(Proposed Facilities)
Human Resources Development
Help Desk
Canteen
Respite Home
Transportation
Special School
Employment Exchange
Library
Hostel
Service Centre
Research
Follow up Services
Intervention
Counselling
Vocational
Employment
Parents
Students

സ്റ്റേറ്റ് ലവൽ സെന്ററിൽ, നിർദ്ദേശിക്കുന്ന വിവിധ ഡിപ്പാർട്ടുമെന്റുകൾ താഴെ കൊടുത്തിരിക്കുന്നവയാണ്-

1- മെഡിക്കൽ ഡിപ്പാർട്ട്മെന്റ്

-ശിശുരോഗ വിദഗ്ദ്ധൻ

- ന്യൂറോളജിസ്റ്റ്

-മനോരോഗ വിദഗ്ദ്ധൻ

-ഫിസിയാട്രിസ്റ്റ്

-സൈക്കോളജിസ്റ്റ്

2- തെറാപ്യൂട്ടിക്കൽ ഇന്റർവെൻഷൻ ഡിപ്പാർട്ട്മെന്റ്

-സ്പീച്ച് തെറാപ്പിസ്റ്റ്

-ഫിസിയോ തെറാപ്പിസ്റ്റ്

-ഒക്യുപ്പേഷണൽ തെറാപ്പിസ്റ്റ്

-ബിഹേവിയർ തെറാപ്പിസ്റ്റ്

3- ഡിപ്പാർട്ട്മെന്റ് ഓഫ് മെന്റൽ ചലഞ്ച്

- സ്പെഷ്യൽ സ്കൂൾ

-ഡിഗ്രി, ഡിപ്ളോമ സർട്ടിഫിക്കറ്റ്, പി.ജി., എം.ഫിൽ., പി.എച്ച്.ഡി. കോഴ്സുകൾ

4-ഡിപ്പാർട്ട്മെന്റ് ഓഫ് ഓട്ടിസം

-സ്പെഷ്യൽ സ്കൂൾ

-ഡിഗ്രി, ഡിപ്ളോമ സർട്ടിഫിക്കറ്റ് കോഴ്സുകൾ, ഗവേഷണം

5- സെറിബ്രൽ പാൾസി ഡിപ്പാർട്ട്മെന്റ്

-സ്പെഷ്യൽ സ്കൂൾ

-ഡിഗ്രി, ഡിപ്ളോമ കോഴ്സുകൾ, ഗവേഷണം

6- ബഹുവൈകല്യ ഡിപ്പാർട്ട്മെന്റ്

-സ്പെഷ്യൽ സ്കൂൾ

-ഡിപ്ളോമ കോഴ്സ്

7-ശൈശവ മനോരോഗം ഡിപ്പാർട്ട്മെന്റ്

-സർവ്വീസ് സെന്റർ

-കോഴ്സുകൾ ... .(സൈക്കാട്രിക്ക്, സോഷ്യൽ വർക്ക് തുടങ്ങിയവ)

8-പഠനവൈകല്യം

-സർവ്വീസ് സെന്റർ

-കോഴ്സുകൾ ... .(ഡിഗ്രി, ഡിപ്ളോമ, ഗവേഷണം)

9-തൊഴിൽ പരിശീലന ഡിപ്പാർട്ട്മെന്റ്

-ട്രെയിനിംഗ് സെന്റർ

-കോഴ്സുകൾ

10- ലൈബ്രറി

സംസ്ഥാന തല ഉന്നത കേന്ദ്രത്തിന്റ പ്രവർത്തനങ്ങൾ

* സംസ്ഥാനത്തെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ പരിശീലന കേന്ദ്ര ങ്ങൾക്ക് (സ്പെഷ്യൽ സ്കൂൾ, ഏർളി ഇന്റർവെൻഷൻ സെന്റർ, വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ) ആവശ്യമായ അക്കാദമിക മാർഗ്ഗനിർദ്ദേശങ്ങൾ.

* കേരളത്തിലെ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കുള്ള സ്പെഷ്യൽ സ്കൂൾ, ഏർളി ഇന്റർവെൻഷൻ സെന്റർ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ എന്നിവയുടെ മേൽനോട്ടം, ഗുണനിലവാര നിർണ്ണയം.

* കേരളത്തിലെ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കുള്ള സ്പെഷ്യൽ സ്കൂൾ, ഏർളി ഇന്റർവെൻഷൻ സെന്റർ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ എന്നിവയുടെ രജിസ്ട്രേഷനും രജിസ്ട്രേഷൻ പുതുക്കി നല്കലും.

* കേരളത്തിലെ, ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് വിവിധ തരത്തിലുള്ള സേവന ങ്ങൾ നല്കിവരുന്ന ഡിപ്പാർട്ടുമെന്റുകളെ ഏകോപിപ്പിച്ച്, സേവന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുക. പരസ്പര ആശയവിനിമയ കേന്ദ്രമായി പ്രവർത്തിക്കുക.

* പരിശീലന കേന്ദ്രങ്ങളുടെ ഗുണനിലവാരം പരിശോധിച്ച്, സ്ഥാപനങ്ങൾക്ക് ആവശ്യമായ NOC ക്ക് സർക്കാരിന് ശുപാർശ നൽകുക.

* ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന വിഭാഗങ്ങളുടെ വിവിധ പരിശീലനങ്ങൾക്കും തെറാപ്പികൾക്കും ആവശ്യമായ വിദഗ്ദ്ധരെ പരിശീലിപ്പിക്കുന്ന കോഴ്സുകൾ ആവശ്യാനുസരണം ആരംഭിക്കുക.

* സാമൂഹ്യ പുനരധിവാസത്തിന് അനുയോജ്യമായ അക്കാദമിക മാർഗ്ഗ നിർദ്ദേശങ്ങളും പരിശീലനങ്ങളും നൽകുക.

* ബോധവൽക്കരണത്തിന് ഉതകുന്ന, പുസ്തകങ്ങൾ, മാസികകൾ, ജേണലുകൾ, ഡോക്യുമെന്ററികൾ എന്നിവയുടെ ഉല്പാദനവും വിതരണവും.

* കേരളത്തിലെ രക്ഷിതാക്കൾക്ക് ആവശ്യമായ എല്ലാവിധ സഹായങ്ങളും അറിവുകളും പകർന്നു നൽകാനാവുന്ന വിധം, ലൈബ്രറി, ഡോക്യുമെന്റേഷൻ, ഇൻഫർമേഷൻ എന്നീ സൗകര്യങ്ങൾ ഒരുക്കുക.

* ഓൺലൈൻ സംവിധാനത്തിലൂടെ അല്ലെങ്കിൽ മറ്റ് ഡിജിറ്റൽ മാർഗ്ഗങ്ങളിലൂടെ, സാധാരണ വ്യക്തികൾക്ക് പ്രശ്നമുള്ള കുട്ടികളെ പരിശീലിപ്പിക്കാൻ സഹായിക്കുന്ന സംവിധാനങ്ങൾ ഉാക്കുക.

* സംസ്ഥാനത്തെ ഏതു രക്ഷിതാക്കൾക്കും കുട്ടികൾക്കും വിദഗ്ദ്ധ സേവനം കിട്ടുന്നവിധത്തിൽ റെസ്പൈറ്റ് കേന്ദ്രങ്ങൾ തുടങ്ങുക.

* പൊതുമേഖലയിലേയും സ്വകാര്യ മേഖലയിലേയും വ്യവസായ സ്ഥാപനങ്ങളുമായി ധാരണയുാക്കി, മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് തൊഴിൽ നേടുന്നതിനായി, സ്പെഷ്യൽ ഏംപ്ളോയ്മെന്റ് എക്സ്ചേഞ്ച് സംവിധാനം തുടങ്ങുക.

* വിദഗ്ദ്ധരേയും പ്രൊഫഷണലുകളേയും വിജ്ഞാനപരമായി ശാക്തീകരിക്കുന്നതിനായി, ശില്പശാലകൾ, സെമിനാറുകൾ, ചെറിയ കാലയളവിലുള്ള കോഴ്സുകൾ എന്നിവ നടത്തുക.

* ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ കലാ, കായിക ശേഷി വികസിപ്പിക്കുന്നതിനും അവരുടെ കലാപരമായ മികവ് പ്രകടിപ്പിക്കുന്നതിനും കലോൽസവങ്ങൾ, സ്പോട്സ് മേളകൾ തുടങ്ങിയവ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും നടത്തുക.

സംസ്ഥാനതല ഉന്നത കേന്ദ്രത്തെയും മേഖലാ കേന്ദ്രങ്ങളെയും ഡിജറ്റൽ/ ഇന്റർനെറ്റ് ബന്ധംവഴി സ്പെഷ്യൽ സ്കൂളുകളുമായി യോജിപ്പിച്ച് ഓരോ സ്കൂളുകളുടേയും പ്രവർത്തനങ്ങളെ സൂക്ഷ്മമായി നിരീക്ഷിക്കാൻ കഴിയും. സ്കൂളുകളിൽ നടക്കുന്ന

അക്കാദമിക പ്രവർത്തനങ്ങളും പരിശോധന പ്രക്രിയയും മറ്റും രക്ഷിതാക്കൾക്കും പോതു ജനങ്ങൾക്കുമൊക്കെ നിരീക്ഷണം നടത്താവുന്ന തരത്തിൽ ഈ മേഖലയിൽ സുതാര്യത ഉറ ഷുവരുത്താൻ അനുയോജ്യമായ സേഫ്റ്റുവയറുകളുടെ സഹായത്താൽ ഇന്ന് സാധ്യമാണ്. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ സാമൂഹ്യ ഓഡിറ്റിന് വിധേയമാക്കാൻ സംസ്ഥാനതല ഉന്നത കേന്ദ്രവും മറ്റ് സ്പെഷ്യൽ സ്കൂളുകളും തമ്മിലുള്ള ഇത്തരമൊരു ഡിജിറ്റൽകണക്ടിവിറ്റികൊ് സാധ്യമാകും. ആധുനിക കാലത്ത്, ഏറെ പണച്ചെലവില്ലാതെതന്നെ, സ്പെഷ്യൽ സ്കൂൾ പ്രവർത്തനങ്ങളിലെ സുതാര്യതയും മികവും ഉറപ്പുവരുത്താൻ ഇത്തരം ആധുനികവൽക്കരണ പ്രക്രിയയിലൂടെ സാധ്യമാകും. ഈ സംവിധാനം വിജയകരമായി നടപ്പാക്കാൻ ഐ.ടി. മിഷൻ, സിഡാക്, ഐ.ടി. പാർക്കു കൾ എന്നിവയുടെ സാങ്കേതിക സഹായങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്താവുന്നതാ ണ്.

കേരളത്തിന്റെ നാലുഭാഗങ്ങളിലായി സ്ഥാപിക്കാൻ ശുപാർശചെയ്യുന്ന മേഖലാ കേന്ദ്ര ങ്ങളിലും സംസ്ഥാനതല ഉന്നതകേന്ദ്രത്തിന്റെ പ്രവർത്തനങ്ങളുടെ തുടർച്ച വികേന്ദ്രീകൃത മായി നടപ്പാക്കുക എന്നതാണ് ഉദ്ദേശിക്കന്നത്. ഈ കേന്ദ്രങ്ങളിലെ വിദഗ്ദ്ധസേവനം, മേഖ ലാകേന്ദ്രത്തിന്റെ പരിധിയിൽവരുന്ന ജില്ലകളിൽ മാത്രം പരിമിതപ്പെടുത്തും. നയപരമായ തീരുമാനങ്ങൾ നടപ്പാക്കുന്ന സാറ്റലൈറ്റ് കേന്ദ്രമായിക്കൂടിയാണ്, മേഖലാ കേന്ദ്രങ്ങളെ വിഭാ വനം ചെയ്യേത്. മേഖലാ കേന്ദ്രങ്ങളുടെ പ്രധാന ഉത്തരവാദിത്വം, ജില്ലാതലത്തിലും താലൂക്ക് തലത്തിലും നിലവിലുള്ള ആശുപത്രികൾ, സാമൂഹ്യനീതി വകുപ്പ്, ജില്ലാപഞ്ചായ ത്ത്, കോർപ്പറേഷനുകൾ തുടങ്ങിയ സമാന പ്രവർത്തനങ്ങൾ നടത്തുന്ന എല്ലാ ഏജൻസിക ളേയും സംയോജിപ്പിച്ച്, പുനരധിവാസ പ്രവർത്തനങ്ങൾ ലക്ഷ്യത്തിലെത്തിക്കുക എന്നതാണ്. മാനസിക വെല്ലുവിളി നേരിടുന്നവരുടെ പുനരധിവാസ പ്രവർത്തനങ്ങൾ പലപ്പോഴും ഫലപ്ര ദമാകാതെ പോകുന്നതിന്റെ ഒരു പ്രധാന കാരണം, വിവിധ വകുപ്പുകൾ ഒരേ വിഭാഗം ജന ങ്ങൾക്ക്, പരസ്പരം ധാരണയില്ലാതെ, സേവന പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതുകൊു കൂടിയാണ്. വിവിധ വകുപ്പുകൾ, ഉദാഹരണം, ആരോഗ്യവകുപ്പ്, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, വ്യവസായ വകുപ്പ്, തൊഴിൽ വകുപ്പ്, ത്രിതല പഞ്ചായത്ത് തുടങ്ങിയവ യുടെ ആസൂത്രണവും ഏകോപനവും സംഘടിപ്പിക്കുകയാണെങ്കിൽ, ഇന്നത്തെ അവസ്ഥ യിൽനിന്നും വളരെ മെച്ചപ്പെട്ട ഒരു സാഹചര്യത്തിലേക്ക്, നിലവിലുള്ള വിഭവങ്ങൾ ഉപയോ

ഗിച്ചുതന്നെ, ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കുള്ള പുനരധിവാസ പ്രവർത്തനങ്ങൾ നടത്താനാവും.

ജില്ലാ-താലൂക്ക് തലത്തിലുള്ള പ്രവർത്തനങ്ങളിൽ ആരോഗ്യവകുപ്പിന്റെ സേവനങ്ങളായ, നേരത്തേ കത്തെൽ, നേരത്തെയുള്ള വിദഗ്ദ്ധ ഇടപെടൽ എന്നീ പ്രവർത്തനങ്ങൾക്കായി ഒരു മൾട്ടിഡിസിപ്ളിനറി ഗ്രൂപ്പിന്റെ സേവനം, പ്രശ്നമനുഭവിക്കുന്നവർക്കായി ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തേത്, മേഖലാ കേന്ദ്രത്തിന്റെ ചുമതലയാണ്. ഏറ്റവും ചുരുങ്ങിയത് താലൂക്ക് ആശുപത്രി തലം വരെ, വിവിധ വിദഗ്ദ്ധരായ, ശിശുരോഗ വിദഗ്ദ്ധർ, ന്യൂറോളജിസ്റ്റ്, മാനസിക ആരോഗ്യ വിദഗ്ദ്ധർ, സൈക്കോളജിസ്റ്റ്, ഫിസിയോതെറപ്പിസ്റ്റ്, ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് എന്നിവരുടെ സേവനം ഉറപ്പാക്കുവാൻ ഈ വിദഗ്ദ്ധരെ സർക്കാർ ആശുപത്രികളിൽ നിയമിക്കണം.

പഞ്ചായത്ത് തലത്തിൽ, സേവനങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താൻ, സ്പെഷ്യൽ സ്കൂളുകൾ, ICDS, കുടുംബശ്രീ, SSA, IED-SS, മററ് NGO'S തുടങ്ങിയവരെയൊക്കെ കൂട്ടിയോജിപ്പിച്ചുകൊുള്ള പ്രവർത്തനങ്ങളാണ് സംഘടിപ്പിക്കേത്. ജില്ലാതലത്തിലും, താലൂക്ക് തലത്തിലും ഇത്തരം പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിനുള്ള സൗകര്യങ്ങൾ മേഖലാ കേന്ദ്രങ്ങൾ മുഖേന നടപ്പാക്കാവുന്നതാണ്.

## ബുദ്ധിപരമായ വെല്ലുവിളികളുമായി ബന്ധപ്പെട്ട സംസ്ഥാനതല ഉന്നത കേന്ദ്രം – ശുപാർശകൾ

- സി എച്ച് മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡിനെ സംസ്ഥാനതല ഉന്നത കേന്ദ്രമാക്കി മാറ്റുന്നതിനുള്ള നടപടി ഏറ്റവും അടിയന്തിരമായി നടത്തണം.
- സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ബുദ്ധിമാന്ദ്യമേഖലയിൽ ഒതുങ്ങുന്നതിനുപകരം ഓട്ടിസം, സെറിബ്രൽ പാൾസി, ബഹുവൈകല്യം ശൈശവമനോരോഗം തുടങ്ങിയ എല്ലാ വിഭാഗങ്ങളെയും ഒരു കുടക്കീഴിൽ കൊുവരണം.
- സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിലവിലുള്ള പ്രവർത്തനങ്ങളെ സമഗ്രമായി പുനഃസംഘടിപ്പിക്കണം.
- സി എച്ച് മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ്ലിൽ ഇപ്പോൾ ദിവസവേതനത്തിലും കരാർ അടിസ്ഥാന

ത്തിലും പ്രവർത്തിക്കുന്നജീവനക്കാർ മാത്രമേയുള്ളൂ. സ്ഥാപനത്തിന്റെ സുസ്ഥിരവും, സുസജ്ജവുമായ പ്രവർത്തനത്തിനായി മുഴുവൻ ജീവനക്കാരെയും സ്ഥിരപ്പെടുത്തുകയും പൂർണ്ണ ആനുകൂല്യങ്ങൾ നൽകുകയും ചെയ്യണം.

- കേരളത്തിലെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പ്രത്യേക വിദ്യാലയങ്ങളുടെ ഭരണപരവും അക്കാദമികവുമായ പ്രവർത്തനങ്ങളെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടുമായിബന്ധിപ്പിക്കണം.
- സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ അക്കാദമികമായ വിഭവ വിനിമയ ശേഷി സംസ്ഥാനതലത്തിലുംബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന ഓരോ വ്യക്തിക്കും സഹായം ലഭ്യമാക്കുന്ന വിധത്തിൽ ശക്തിപ്പെടുത്തണം.
- സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടിനെ സംസ്ഥാനതല ഉന്നത കേന്ദ്രമാക്കുന്നതിനുള്ള സാമ്പത്തിക സഹായം സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ നിന്നോ പ്രത്യേക കേന്ദ്ര ഗ്രാന്റായോ ലഭ്യമാക്കണം.
- സി.എച്ച്. മുഹമ്മദ്കോയ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചാലഞ്ച്ഡിനെ ഒരു മികവിന്റെ കേന്ദ്രമായി (Centre for Excellence) വികസിപ്പിയ്ക്കണം.
- സി.എച്ച്.മുഹമ്മദ്കോയ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, തെറാപ്പ്യൂട്ടിക്സ്, ബഹുവൈകല്യം, പഠനവൈകല്യം എന്നീ വിഷയങ്ങളിൽ ഡിഗ്രി, പിജികോഴ്സുകൾ തുടങ്ങി ഒരു ഡീംഡ് യൂണിവേഴ്സിറ്റി സ്റ്റാറ്റസിലേയ്ക്ക് ഉയർത്തണം.

* *

## അദ്ധ്യായം-9

# സാമൂഹ്യ സുരക്ഷ
# (Social Security)

സാമൂഹ്യപിന്നോക്കാവസ്ഥ നേരിടുന്നവരെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊവരിക യെന്നത്, പരിഷ്കൃത സമൂഹത്തന്റെ അടിസ്ഥാനപരമായ ഉത്തരവാദിത്വമാണെന്ന് ഇന്ന് പ രക്കെ സമ്മതിക്കുന്നു്. ഏതെങ്കിലും ഒരു സമൂഹം അല്ലെങ്കിൽ ജനവിഭാഗം സമൂഹ ത്തിൽ പിന്നോക്കാവസ്ഥയിൽ കഴിയുന്നതിന് സാമൂഹ്യപരമായി സവിശേഷ കാരണങ്ങൾ ഉ ാകും. കാരണങ്ങളെ ശാസ്ത്രീയമായി നിർദ്ധാരണം ചെയ്ത് പരിഹാരമാർഗ്ഗങ്ങൾ നടപ്പാ ക്കുകയെന്നതാണ്, ഏതൊരു ഭരണകൂടത്തെ സംബന്ധിച്ചും പ്രഥമ പ്രധാന ബാധ്യത. ഇ ന്ത്യയുടെ ഭരണഘടനയുടെ അന്തഃസത്തതന്നെ നീതിയുക്ത സമൂഹത്തിന്റെ സാക്ഷാ ത്ക്കാരം ഉറപ്പാക്കുകയെന്നതാണ്. നീതി നിലനില്ക്കാത്ത, സമൂഹമെന്നത്, മാനവിക സംസ്കൃതിയോടു തന്നെയുള്ള വലിയൊരു വെല്ലുവിളിയാണ്. രാഷ്ട്രവിഭവങ്ങളുടെ നീതി യുക്തമായ വിതരണം നടക്കുന്നുവെന്ന് ഉറപ്പുവരുത്താനുള്ള ജാഗ്രതയാണ്, ഒരു സമൂഹ ത്തിന്റെ ചലനാത്മകതയുടെ ലക്ഷണം. നീതിയിലധിഷ്ഠിതമായ ചലനാത്മകതയ്ക്ക് ശോഷിപ്പ് സംഭവിക്കുമ്പോഴാണ് സാമൂഹ്യമരവിപ്പ് എന്ന ആത്മഹത്യാപരമായ ദുരന്തം സംഭവിക്കുക.

ഏതെങ്കിലും ജനവിഭാഗം സാമൂഹ്യമായി പിന്നോക്കാവസ്ഥയിൽ കഴിയുന്നതിന്, സാമൂഹ്യവും ചരിത്രപരവും സാസ്കാരികപരവും ആരോഗ്യപരവും രാഷ്ട്രീയപരവു മായ പല കാരണങ്ങൾ ഉായേക്കാം. ജനവിഭാഗങ്ങൾ സ്വയം സംഘടിക്കുകയും അവരെ സംഘടിപ്പിക്കുകയുമൊക്കെ ചെയ്ത് സാമൂഹ്യ സമ്മർദ്ദം സൃഷ്ടിച്ചാണ്, പലപ്പോഴും സമൂഹ ത്തിൽ നിഷേധിക്കപ്പെട്ട നീതി ജനവിഭാഗങ്ങൾ പിടിച്ചുവാങ്ങുന്നത്. നീതിയെന്നത്, സ്വയ മേവ അർത്ഥസമ്പൂർണ്ണവും അർത്ഥഗംഭീരവുമാണ്. ആരും ആർക്കും അനുവദി ച്ചുനൽകുന്ന ഒരു ഔദാര്യമല്ല അത്. ഇന്ത്യൻ ഭരണഘടന അതിന്റെ ആവിഷ്ക്കാരഘട്ട ത്തിൽ തന്നെ, പുരോഗമനപരമായ ഉള്ളടക്കമായി ഉയർത്തിക്കാണിച്ചത് നിതിയിലധിഷ്ഠിത മായ ഒരു സാമൂഹ്യ ഘടനയാണ് ഇന്ത്യക്കാവശ്യം എന്നാണ്.

ബ്രഹ്ത്തിന്റെ പ്രമുഖമായ ഒരുദ്ധരിണിയു്. 'അനീതി പേമാരിയായി പെയ്തിറങ്ങു കയും അനീതി നടക്കുകയും ചെയ്യുകയാണെങ്കിൽ സന്ധ്യമയങ്ങിത്തീരുന്നതിനുമുമ്പുതന്നെ

ആ നഗരം കത്തിച്ചാമ്പലാവുമെന്ന്. ഒരനീതിയേയും പരിഷ്കൃത മനസ്സിന് ന്യായീകരിക്കാനാവില്ലെന്ന കാഴ്ചപ്പാടാണ്, ബ്രഹ്ത് മുന്നോട്ടുവെയ്ക്കുന്നത്. വ്യക്തിയുടെ ശാരീരികവും മാനസികവുമായ പിന്നോക്കാവസ്ഥകൊ്, അവർക്ക് സമൂഹത്തിൽ അർഹമായ നീതി ലഭിക്കാത്ത സാഹചര്യമാണ്, മറ്റേത് അനീതിയെക്കാൾ അധാർമ്മികം. ശാരീരികമായ പരിമിതികളോ പിന്നോക്കാവസ്ഥയോ നേരിടുന്നവരായ വ്യക്തികളെ സംബന്ധിച്ച്, സാമൂഹ്യ സുരക്ഷിതത്ത്വം ഉറപ്പാക്കാൻ സവിശേഷ നടപടികൾ സ്വീകരിക്കാൻ നാം ബാധ്യസ്ഥരാണ്. മസ്തിഷ്ക ക്ഷതമോ, മസ്തിഷ്ക കോശങ്ങളിലെ അസാധാരണത്വമോകൊ് വെല്ലുവിളികൾ നേരിടുന്നവർക്ക് സാമൂഹ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുകയെന്ന സാമൂഹ്യ ദൗത്യം സ്വാഭാവികമായും വളരെ സൂക്ഷ്മതയോടെയും ശാസ്ത്രീയ ബോധത്തോടെയും നിർവ്വഹിക്കേതാണ്. ഇത്തരം പ്രശ്നങ്ങൾ അനുഭവിക്കുന്നവരിലേക്ക്, സമൂഹവും സർക്കാരും ഇറങ്ങിച്ചെന്നാൽ മാത്രമേ, പരിഹാരം കാണാനാവൂ. കാരണം, സ്വയം ആവശ്യങ്ങൾ ഉന്നയിക്കാനോ, അവകാശങ്ങൾ ചോദിച്ചുവാങ്ങാനോ സ്വാഭാവിക ശേഷി ഉള്ളവരല്ല, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരാരും. ആവശ്യങ്ങൾ ചോദിക്കാൻ ശേഷിയില്ലാത്തതുകൊുമാത്രം, അർഹമായ സാമൂഹ്യ വിഹിതം അനുവദിക്കപ്പെടാതിരിക്കുന്ന സാഹചര്യം നിലനില്ക്കുന്ന ഏക വിഭാഗമാണ് കേരളത്തിൽ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർ.

അതുപോലെതന്നെ, സമാനതകളില്ലാത്ത വേദനകൾ മാത്രം നൽകുന്ന അനുഭവമാണ് ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരെ സംബന്ധിച്ച് ജീവിതം. ഇത്രയേറേനിരാശാഭരിതമായ ഒരു സമൂഹത്തെ മറ്റെവിടെയും കത്തൊനാവില്ല. ഇവരുടെ നിരാശയും സാമൂഹ്യമായി ഒറ്റപ്പെടുന്നുവെന്ന തോന്നലും സ്വാഭാവികമാണ്. കേരളത്തിൽ സാമൂഹ്യപരിഗണന ലഭ്യമാകുന്നില്ലെന്നതാണ് തീഷ്ണമായ ഈ നിരാശയുടെ ഒരു കാരണം. പഠന പരിശീലന സൗകര്യങ്ങളുടെ അഭാവം, സാമൂഹ്യ സുരക്ഷിത്ത്വമില്ലായ്മ, രക്ഷിതാക്കളുടെ മരണശേഷം കുട്ടികൾ അനുഭവിക്കുന്ന അനാഥത്വത്തെ സംബന്ധിച്ച ഉത്ക്കണ്ഠ തുടങ്ങിയവയെല്ലാം രക്ഷിതാക്കളെ വല്ലാതെ അസ്വസ്ഥപ്പെടുത്തുന്നു. ഈ സവിശേഷ മാനസികാവസ്ഥയിൽ ഒരു സാമൂഹ്യ സമ്മർദ്ദം വികസിപ്പിക്കാൻ സ്വാഭാവികമായും രക്ഷിതാക്കൾക്ക് ത്രാണിയില്ലാതെ വരുന്നു.

ഇത്രയൊക്കെ പ്രശ്നങ്ങൾ നേരിടുന്ന ഒരു ജനവിഭാഗമായിരുന്നിട്ടുപോലും ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരെ പുനരധിവസിപ്പിക്കാനുതകുന്ന ഒരു സമഗ്ര സംവിധാനം രൂപപ്പെടുത്താൻ സമൂഹമെന്ന നിലയിൽ കേരളത്തിന് കഴിഞ്ഞിട്ടില്ല. ശാസ്ത്രീയ

മായ പുനരധിവാസ പ്രക്രിയയിൽ നിഷ്കൃഷ്ടമായ ഒരു സമീപനം സ്വീകരിക്കുകയാണെങ്കിൽ ബഹുഭൂരിപക്ഷം വരുന്ന ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരെയും സമൂഹത്തിൽ വിദഗ്ദ്ധമായി പുനരധിവസിപ്പിക്കാൻ കഴിയും. പുനരധിവാസ പ്രവർത്തനത്തിന്റെ സദ്ഫലം ലഭ്യമാകാതെ വരുമ്പോഴാണ്, സാമൂഹ്യ സുരക്ഷിതത്വ പദ്ധതികൾക്കായി കൂടുതൽ അദ്ധ്വാനവും വിഭവവും ചെലവഴിക്കേ വരുന്നത്. ഇതപര്യന്തമായി ശാസ്ത്രീയ പുനരധിവാസ പ്രക്രിയയുടെ ഒരു തലത്തിലും ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരെ സംബന്ധിച്ച്, കാര്യമായൊന്നും കേരളത്തിന് ചെയ്യാനായിട്ടില്ല.

പ്രശ്നം നേരത്തെ കണ്ടെത്തുന്നത് തുടങ്ങി, നേരത്തേതന്നെയുള്ള വിദഗ്ദ്ധ ഇടപെടൽ, പ്രയോഗപരമായ വിദ്യാഭ്യാസം, തൊഴിൽ - ഇവയൊന്നിലും സാമൂഹ്യമായ വിഭവ വിനിയോഗം നടത്താത്തതിന്റെകൂടി പരിണിതഫലമാണ്, സാമൂഹ്യ സുരക്ഷിതത്വ പ്രവർത്തനങ്ങൾ കൂടുതൽ പ്രാധാന്യം കൊടുക്കാൻ നിർബ്ബന്ധിതമാകുന്ന സാഹചര്യം. പലപ്പോഴും, പാരിസ്ഥിതിക കാരണങ്ങൾ മൂലമുാകുന്ന പ്രശ്നങ്ങൾ - ഉദാഹരണമായി, കാസർകോട്ടെ, എൻഡോസൽഫാൻ ബാധിത മേഖല- നിസ്സഹായരായ ദരിദ്ര വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്ത്, വിവേചന രഹിതമായ കീടനാശിനികൾ ആകാശത്തുനിന്നും തളിച്ചത് കാരണമാണ്, ഇത്തരമൊരു വലിയ ദുരന്തം കാസർകോട്ട് ഉായതെന്ന്, ഇന്ന് ഏതാല്ലൊവരും തന്നെ സമ്മതിക്കുന്നു. സർക്കാർ ഉടമസ്ഥതയിലുള്ള കൃഷിത്തോട്ടത്തിൽ നടത്തിയ ഈ കീടനാശിനി പ്രയോഗം, എത്രയോ മനുഷ്യരുടെ എത്രയോ തലമുറകളെ ഇനിയും ബാധിക്കുന്ന, പ്രശ്നമായി ഇനിയും തുടരുന്ന ദുരന്തമായി പരിണമിച്ചു! ഇത്തരം സാഹചര്യത്തിൽ, ഭരണകൂടത്തിന്റെ, വിഴ്ചമൂലം, പൗരന്മാർക്ക് ഏൽക്കുന്ന ആഘാതം ലോകത്താകെ ദേശീയ ദുരന്തമെന്ന തരത്തിലാണ് വിവക്ഷിക്കുന്നത്. ജപ്പാനിലെ ഹിരോഷിമ-നാഗസാക്കി ദുരന്തങ്ങളുടെ സ്വഭാവമുള്ള പ്രശ്നമാണ് ഇത്തരത്തിലുള്ള ദുരന്തങ്ങൾ. ലാഭ താല്പര്യങ്ങളുടെ നിസ്സഹായ ഇരകളായിമാറുന്ന ഈ ജനവിഭാഗങ്ങൾക്കുവേി എല്ലാവിധ പുനരധിവാസ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തുകയെന്നത് അടയന്തിര പ്രാധാന്യം നല്കേ കാര്യമാണ്.

ഏതായാലും, പാരിസ്ഥിതികമോ, ആരോഗ്യപരമോ, അതുമല്ലെങ്കിൽ ചികിൽസാ പരിശീലനങ്ങളുടെ അഭാവം എന്നീ കാരണങ്ങളാൽ, വൈകല്യത്തിന്റെ തടവിലാക്കപ്പെട്ടവരെ പൂർണ്ണമായി ഏറ്റെടുക്കാനുള്ള ധാർമ്മിക ബാധ്യത സമൂഹത്തിനു്. പക്ഷേ ബുദ്ധിപരമായി വെല്ലുവിളി നേരിടുന്നവരെ സംബന്ധിച്ച് മാത്രം കേരള സമൂഹം ഒരു ബാധ്യതയും ഏറ്റെടു

ക്കാൻ ഇതുവരെ സന്നദ്ധമായിട്ടില്ല. അവർക്കുവേ വിദ്യാഭ്യാസത്തിനോ, തൊഴിൽ പരിശീലന ത്തിനോ തൊഴിലിനോ, ഒന്നുംതന്നെ നീതിപൂർവ്വമായ വിഭവവിനിയോഗം നടത്തിയിട്ടില്ല. അഥവാ, ഈ രാജ്യത്തെ പൗരനെന്ന നിലയിൽ ഭരണഘടന ഉറപ്പുനൽകിയ അടിസ്ഥാന അവകാശങ്ങളൊക്കെ നിഷേധിച്ചതിലൂടെ അവന് ലഭ്യമാകേ വിഭവ വിഹിതം സമൂഹത്തിലെ മറ്റെല്ലാവരും കവർന്നെടുത്ത സാഹചര്യമാണുാകുന്നത്. അതുകൊുതന്നെ, ഇത് കേവലം ഭരണകൂട ബാധ്യത മാത്രമല്ല, ഇത്തരത്തിലുള്ള ജനവിഭാഗത്തോട് വിവേചനം കാണിച്ച സമൂഹത്തിലെ ഓരോ വ്യക്തിയും, അവരനുഭവിച്ച അഥവാ അനുഭവിക്കുന്ന അധിക സാമൂഹ്യ സൗകര്യങ്ങൾക്കൊക്കെ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരോട് കടപ്പെട്ടിരി ക്കുന്നു. തെല്ലൊരു പശ്ചാത്താപത്തോടെ നാം ഇപ്പോൾ ആ കടം വീട്ടി, അവരോട് ചെയ്ത, ചെയ്യുന്ന വിവേചനത്തിന് പരിഹാരമുാക്കണം.

ഇതുവരെയായും ഗൗരവമായ കാഴ്ചപ്പാടോടെ, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ വിഷയങ്ങളിൽ സാമൂഹ്യമായ ഇടപെടൽ നടപ്പാക്കാനായില്ല, എന്നതുകൊ ുതന്നെ, സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തപ്പെടാനുള്ള ഒരു സാദ്ധ്യതയും അവരെ സംബന്ധിച്ചുായിരുന്നില്ല. അതിലുപരി, സമൂഹികമായി പരിഗണിക്കേ ഒരു മുൻഗണനാവിഷ യമായി സ്വന്തം കാര്യങ്ങൾ ചോദിച്ചുവാങ്ങാനാകാത്ത ഒരു വിഭാഗത്തെ സംബന്ധിച്ച വിഷയ ങ്ങൾ പരിണമിക്കുമെന്ന് പ്രതീക്ഷിക്കാനും വയ്യ. വികലാംഗരുടെ അവകാശത്തെ സംബന്ധി ച്ചുള്ള ഐക്യരാഷ്ട്ര പ്രഖ്യാപനം അടിവരയിടുന്നപോലെ, പൂർണ്ണ പൗരത്വമെന്ന അവ കാശാധിഷ്ഠിത സമീപനം (Right Based Approach) സ്വീകരിക്കാൻ ഇന്ന് ലോകരാഷ്ട്രങ്ങൾ ബാധ്യസ്ഥരാണ്. മറ്റ് സമാനമായ വെല്ലുവിളികൾ നേരിടുന്നവരിൽ നിന്നും തികച്ചും വ്യത്യ സ്ഥമാണ്, മസ്തിഷ്കസംബന്ധമായ വെല്ലുവിളികൾ നേരിടുന്നവരുടെ വിഷയം. അതുകൊ ുതന്നെ, ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സവിശേഷമായ പ്രവർത്തനങ്ങൾക്ക് സർക്കാർ സന്നദ്ധമാകണം. ഇക്കാര്യം പരിഗണിച്ചുകൊാണ്, ഈ റിപ്പോർട്ടിൽ, ഇതിന്റെ പരി ധിയിൽ വരുന്ന ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, ബഹുവൈകല്യം, ശൈശവ മനോരോഗം, പഠന വൈകല്യം തുടങ്ങിയ വിഷയങ്ങൾക്കെല്ലാം പൊതുവായി, അവരുടെ പ രിശീലനക്രമങ്ങളും, മനുഷ്യവിഭവശേഷി വികസനവും, ഗവേഷണവും ഒക്കെ പരിഗണിച്ച് ഒരു സംസ്ഥാനതല മികവന്റെ കേന്ദ്രം സ്ഥാപിക്കണമെന്ന ശുപാർശ ഉള്ളടക്കം ചെയ്തിരിക്കുന്ന ത്.

ഈ പ്രശ്നങ്ങൾ അനുഭവിക്കുന്നവരായ കേരളത്തിലെ എല്ലാ വ്യക്തികൾക്കും വിദഗ്ദ്ധ സേവനം ഉറപ്പുവരുത്തുന്ന രീതിയിൽ, ഏറ്റവും അടിത്തട്ടിലുള്ള പഞ്ചായത്ത് തലം വരെ എത്തുന്ന വിധത്തിലാണ്, ഈ കേന്ദ്രത്തെ വിഭാവനം ചെയ്തിരിക്കുന്നത്. ഈയൊരു സെന്റർ, നമ്മുടെ രാജ്യത്ത് ഇത്തരത്തിലുള്ള ആദ്യ സംരംഭമാണ്. ബുദ്ധിവൈകല്യം, ഓട്ടിസം, പഠന വൈകല്യം, എന്നീ പ്രശ്നങ്ങളുള്ള കേരളത്തിലെ എല്ലാ കുട്ടികൾക്കും, നേരത്തേയുള്ള കത്തെൽ, നേരത്തേയുള്ള വിദഗ്ദ്ധ ഇടപെടൽ, സവിശേഷ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം എന്നീ മേഖലകളിൽ വിദഗ്ദ്ധ സേവനം ഉറപ്പുവരുത്തുന്ന രീതിയിലാണ്, ഈ സംസ്ഥാനതല മികവിന്റെ കേന്ദ്രത്തെ, ആസൂത്രണം ചെയ്യുന്നത്. വികലാംഗ പുനരധിവാസ മേഖലയിൽ വലിയോരു, കുതിച്ചുചാട്ടത്തിനുള്ള സാധ്യതയൊരുക്കുന്ന ഈ കേന്ദ്രം, എത്രയും പെട്ടെന്ന്, മറ്റെന്ത് പരിമിതികളുങ്കെിലും അവയെല്ലാം പരിഹരിച്ച് ഉടൻ നടപ്പാക്കണമെന്ന് കമ്മീഷൻ ശുപാർശചെയ്യുന്നു. തീർച്ചയായും സാമൂഹ്യ സുരക്ഷിതത്വത്തിൽ മികച്ച സംഭാവനകൾ ചെയ്യാൻ ഇത്തരത്തിലുള്ള ഗവേഷണാധിഷ്ഠിത സ്ഥാപനത്തിന്റെ ആവശ്യകത കേരളത്തിൽ വളരെ പ്രധാനപ്പെട്ടതാണ്.

വിദ്യാഭ്യാസ സൗജന്യം, സൗജന്യ തൊഴിൽ പരിശീലനം, തൊഴിലുറപ്പ്, സാമൂഹികമായ ജീവിതത്തിനാവശ്യമായ സ്വാതന്ത്ര്യം, യത്രാ സൗജന്യങ്ങൾ, പെൻഷൻ, ഇൻഷ്വറൻസ് തുടങ്ങി എല്ലാ മേഖലകളിലും ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് പരിഗണന ഉറപ്പ് നൽകുക എന്നത്, ഇന്ന് പരിഷ്കൃത സമൂഹത്തിന്റെ പ്രധാന ലക്ഷണങ്ങളിലൊന്നാണ്. മറ്റ് വികലാംഗ വിഭാഗങ്ങളെക്കാൾ, എല്ലാവിധ പരിഗണനകൾക്കും കൂടുതൽ അർഹർ, ബോധ മണ്ഡലത്തിൽതന്നെ പരിമിതികൾ നേരിടുന്ന ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരാണ്. അതുകൊുതന്നെ നിലവിലുള്ള എല്ലാ നിയമപരമായ ആനുകൂല്യങ്ങളും ഉറപ്പുവരുത്തുന്നതോടൊപ്പം, ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ സവിശേഷമായ സാഹചര്യം പരിഗണിച്ച് ഏറ്റവും ഉദാര സമീപനം കൂടി ഇവരുമായി ബന്ധപ്പെട്ട ഓരോ സർക്കാർ നടപടിയിലും ഉാകണമെന്നതും അത് സാമൂഹ്യമായ നിർബ്ബന്ധിത ബാധ്യതയാകുന്ന മൂല്യബോധത്തിലേക്ക് സമൂഹം ഉയരേതും അത്യാവശ്യമാണ്.

## <u>സാമൂഹിക സുരക്ഷ – ശുപാർശകൾ</u>

- 18 വയസ്സുകഴിഞ്ഞ തീവ്ര ബുദ്ധി വൈകല്യമുള്ളവരെ ശാസ്ത്രീയമായ രീതിയിൽ സംരക്ഷിക്കുന്നതിനായി പരിപാലന കേന്ദ്രങ്ങൾ അടിയന്തിരമായി ആരംഭിക്കണം.

□ വികലാംഗ നിയമം 1995 (ജണഉ അരഠ) അനുശാസിക്കുന്ന തരത്തിലുള്ള മാനദണ്ഡങ്ങൾ

പാലിക്കുന്നവർക്കുമാത്രമേ ജണഉ രജിസ്ട്രേഷൻ നൽകാവൂ.

- കേന്ദ്ര സർക്കാരിന്റെ പരിഗണനയിലിരിക്കുന്ന വികലാംഗ അവകാശ ബില്ല് –2012 പാർലമെന്റിൽ പാസാക്കിയെടുക്കാൻ കേരള സർക്കാർ കേരളത്തിൽ നിന്നുള്ള പാർലമെന്റ് അംഗങ്ങളിലൂടെ ശക്തമായ സമ്മർദ്ദം ഓകേന്ദ്രസർക്കാരിൽ ചെലുത്തണം.
- സ്പെഷ്യൽ സ്കൂളുകളിലും പൊതുവിദ്യാലയങ്ങളിലും പഠിക്കുന്ന ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സമീകൃത പോഷകാഹാരം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തണം.
- ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെ പരിചരിക്കുന്നതിന് സർക്കാർ, സ്വകാര്യ ആശുപത്രികളിൽ പ്രത്യേക പരിഗണനയും, മുൻഗണനയും ((ക്യൂ ഒഴിവാക്കുക, ഏറെ നേരംകാത്തുനിൽക്കുന്നത് ഒഴിവാക്കുക, പെരുമാറ്റ പ്രശ്നങ്ങൾ മനസ്സിലാക്കി (ഹൈപ്പർ ആക്ടിവിറ്റി പോലുള്ളവ) പെരുമാറുക)) നൽകുന്നതിന് പ്രത്യക സർക്കാർ ഉത്തരവ് ഇറക്കണം.
- ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ പ്രശ്നങ്ങളെക്കുറിച്ച് സമൂഹത്തിൽ ബോധ വൽക്കരണം നൽകുന്നതിനായി സ്കൂൾ പാഠ്യപദ്ധതിയിൽ (പ്ലസ് ടു ക്ലാസ്സ് വരെ) ഇത്തരം കുട്ടികളെ സംബന്ധിച്ചുള്ള വിഷയങ്ങൾ ഉൾപ്പെടുത്തണം.
- കേന്ദ്ര നിയമങ്ങളായ പേഴ്സൺ വിത്ത് ഡിസിബിലിറ്റീസ് ആക്ട് 1995, നാഷണൽ ട്രസ്റ്റ് ആക്ട് 1999, യു.എൻ. സി. ആർ, പി.ഡി 2008 ഇവയിലെ നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് സംസ്ഥാന തലത്തിൽ സഹായകരമായ ചട്ടങ്ങൾ ഉാവുകയും (അവകാശങ്ങൾ ലഭിച്ചില്ലെങ്കിൽ നിയമനടപടി സ്വീകരിക്കാൻ കഴിയുന്ന വിധത്തിൽ) ശക്തമായി നടപ്പാക്കുകയും വേണം.

- കേരളത്തിലെ അദ്ധ്യാപക പരിശീലന പാഠ്യപദ്ധതി, പ്രീ പ്രൈമറി ടീച്ചേഴ്സിന്റെ പാഠ്യപദ്ധതി, നേഴ്സിംഗ്, മെഡിക്കൽ, പാരാമെഡിക്കൽ, തെറാപ്യൂട്ടിക്ക്, സോഷ്യൽ വർക്ക് തുടങ്ങിയ പാഠ്യപദ്ധതികൾ ഇവയിൽ ബുദ്ധിപരമായ വെല്ലുവിളികളെ സംബന്ധിച്ചുള്ള വിവരങ്ങളും പ്രായോഗിക പുനരധിവാസ പ്രക്രിയകളുമൊക്കെ നിർബന്ധമായും ഒരു വിഷയമായി ഉൾപ്പെടുത്തേതാണ്.
- സംസ്ഥാനതല ഉന്നത കേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ അടിയന്തിരമായി 18 വയസ്സുകഴിഞ്ഞവർക്കായി സന്നദ്ധസംഘടനകൾ പൊതുമേഖലാ സ്ഥാപനങ്ങൾ, ചെറുകിട വ്യവസായ സംവിധാനങ്ങൾ സ്വകാര്യ സംരംഭങ്ങൾ തുടങ്ങിയവരെ ഉൾപ്പെടുത്തിക്കൊുള്ള ഒരു സമഗ്രമായ പുനരധിവാസ ഗ്രാമം ആരംഭിക്കണം.
- ബുദ്ധിപരമായ വെല്ലുവിളികളുള്ള പ്രത്യേകിച്ചും തീവ്ര-തീഷ്ണ വെല്ലുവിളികളുള്ള കുഞ്ഞുങ്ങളുടെ രക്ഷിതാക്കൾക്ക്, ഉദ്യോഗസ്ഥരാണെങ്കിൽ അവരുടെ ജോലി സമയങ്ങളിൽ ഒരു ദിവസം രാവിലെയോ വൈകുന്നേരമോ 1 മണിക്കൂർ മുതൽ 2 മണിക്കൂർ വരെ സമയത്തിന്റെ ഇളവ് അനുവദിയ്ക്കാൻ സർക്കാർ ഉത്തരവിറക്കണം.
- ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പെൻഷൻ സ്കോളർഷിപ്പ്, സ്റ്റൈപന്റ് മറ്റാനുകൂല്യങ്ങൾ എന്നിവ അനുവദിക്കുന്നതിന് രക്ഷിതാക്കളുടെ വരുമാന പരിധി പരിഗണിക്കരുത്.
- നിർധനർ/രോഗികൾ/ പ്രായാധിക്യം വന്നവർ/മാനസിക രോഗമുള്ളവർ, ഇത്തരക്കാരുടെ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനുമായി പഞ്ചായത്ത് തല സമിതി/ സംവിധാനം ഉാവണം.
- ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ അവകാശങ്ങളെക്കുറിച്ചും അവരെ ചൂഷണത്തിൽ നിന്നും സംരക്ഷിക്കേതിന്റെ ആവശ്യകതയെക്കുറിച്ചും, ടിവി, പത്രം, ഇന്റർനെറ്റ് തുടങ്ങിയ മാധ്യമങ്ങളിലൂടെ ബോധവൽക്കരണം നൽകണം.
- ബുദ്ധിപരമായ വെല്ലുവിളികളെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം ഉാക്കുന്നതിന് സഹായകമായ ചെറുപരസ്യങ്ങൾ ദൃശ്യമാ

ധ്യമങ്ങൾ/റേഡിയോ എന്നിവയിൽ നിർബന്ധമായും സംപ്രേക്ഷണം ചെയ്യുന്നതിന് നിയമനിർമ്മാണ

ത്തിൽ വ്യവസ്ഥചെയ്യണം.

- ഉദ്യോഗസ്ഥരായ രക്ഷിതാക്കൾക്ക്, പ്രത്യേകിച്ച് തീവ്ര-തീഷ്ണ വെല്ലുവിളി കൾ നേരിടുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് ലീവനുവദിക്കുന്നതിന് ഉദാര സമീപനം സ്വീകരിയ്ക്കുന്നതോടൊപ്പം, ശമ്പളത്തോടൊപ്പം കുട്ടിക ളുടെ ഭീമമായ ചികിത്സാ ചെലവ്, വിദ്യാഭ്യാസ ചെലവ്, യാത്രാ ചെലവ് എന്നിവയും അനുവദിച്ചു നല്കണം.
- തീവ്ര-തീഷ്ണ വിഭാഗത്തിൽപ്പെട്ട ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടി കളുടെ ഉദ്യോഗസ്ഥരായ രക്ഷിതാക്കൾക്ക് മാനസികോല്ലാസത്തിനായി മറ്റെല്ലാ അനുവദനീയ ലീവുകൾക്കുമുപരി, 10 ദിവസത്തെയെങ്കിലും അവധിയും ഉല്ലാസ യാത്രാ ചെലവും സർക്കാർ നല്കണം. ഈ ആനു കൂല്യം സ്വകാര്യമേഖലയിലും നല്കുന്നതിന് ഉത്തേജനം നല്കണം.
- രക്ഷിതാക്കളുടെ അഭാവത്തിൽ/ രക്ഷിതാക്കൾക്ക് സംരക്ഷിക്കാൻ ബുദ്ധിമുട്ടു ള്ളപ്പോൾ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെ താമസിപ്പിക്കുന്നതിന് സ്പെഷ്യൽ സ്കൂളുകളുമായോ, പുനരധിവാസ സ്ഥാപനങ്ങളുമായോ ബന്ധ പ്പെട്ട് സ്വകാര്യ- സർക്കാർ പങ്കാളിത്തത്തോടെ "റെസ്പൈറ്റ് ഹോംസ് " ആരംഭിക്കണം.
- ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് മ്യൂസിയം, മൃഗശാല മറ്റുവി നോദ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ സന്ദർശനം സൗജന്യമാക്കണം.
- ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ ആനുകൂല്യങ്ങളും അവകാശ ങ്ങളും ലഭ്യമാകുന്നവെന്ന് ഉറപ്പുവരുത്തുന്നതിന് ഒരു നിയമപരമായ പ്രത്യേക നിരീക്ഷണ സംവിധാനം ഉായിരിക്കണം.
- മറ്റു വികലാംഗ വിഭാഗങ്ങളിൽ നിന്നും വ്യത്യസ്ഥമായി ബുദ്ധിപരമായ വെല്ലു വിളി നേരിടുന്നവരുടെ ചികിത്സാ ചെലവ്, മരുന്ന്, പരിശീലനത്തിനുള്ള ചെല വ്, പരാശ്രയത്വം ഇവപരിഗണിച്ച് പെൻഷൻ ഗണ്യമായി വർദ്ധിപ്പിക്കണം.
- നിയമജ്ഞർ, കോടതി ഉദ്യോഗസ്ഥർ, റവന്യൂ ഉദ്യാഗസ്ഥർ, പോലീസ്, ആർ.ടി. ഒ, ഡ്രൈവർ, കക്ടർ തുടങ്ങിയ പൊതുജനവുമായി നിരന്തരം ബന്ധപ്പെടുന്ന

എല്ലാ ഉദ്യോഗസ്ഥർക്കും മാനസികമായ വെല്ലുവിളികൾ നേരിടുന്നവരെ പറ്റി യുള്ള ബോധവൽക്കരണവും പ്രത്യേക പരിശീലനവും നൽകേതാണ്.

- ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുമായി ബന്ധപ്പെട്ട കേസ്സുകൾ സൗജന്യമായി വാദിക്കുന്നതിന് ഹൈക്കോടതിയിലും, ജില്ലാ കോട തിയിലും ഒരു ഗവൺമെന്റ് പ്ലീഡറുടെ സേവനം ലഭ്യമാക്കേതാണ്.
- ഹോം കെയർ ആവശ്യമായ തീവ്ര വിഭാഗത്തിൽപ്പെടുന്ന ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ രക്ഷകർത്താക്കളെ തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടികൾക്ക് നൽകുന്ന പരിചരണം തൊഴിലായി പരിഗണിച്ച് വേതനം നല്കണം.
- ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ സവിശേഷത പരിഗണിച്ച് അവരു മായി ബന്ധപ്പെട്ട കേസ്സുകൾ പെട്ടെന്ന് തീർപ്പാക്കുന്നതിന് ഫാസ്റ്റ് ട്രാക്ക് സംവി ധാനം ഉാവണം.
- ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ ആരോഗ്യ, ചികിത്സാ, പരിശീ ലനാവശ്യങ്ങൾക്കായി താലൂക്ക് തലം മുതലെങ്കിലും മൾട്ടി ഡിസിപ്ലിനറി ടീമിന്റെ സേവനം ലഭ്യമാക്കേതാണ്.
- ചികിത്സാ രംഗത്തെ ചൂഷണങ്ങളിൽ നിന്നും ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരെയും, അവരുടെ രക്ഷകർത്താക്കളെയും സംരക്ഷിക്കുന്നതിന് നിയമപരിരക്ഷനൽകണം.
- ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുള്ള കുടുംബങ്ങളെ ബി.പി.എൽ വിഭാ ഗത്തിൽ ഉൾപ്പെടുത്തണം.
- ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന പ്രായപൂർത്തിയായ ആൺകുട്ടികളുടെ യും, പെൺകുട്ടികളുടെയും അവകാശങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി കളും മുൻക രുതലുകളും സ്വീകരിക്കേതാണ്.
- രക്ഷകർത്താക്കളുടെ കാലശേഷം ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെ സംര ക്ഷിക്കുന്നതിന് ഓരോ ജില്ലയിലും ആജീവനാന്ത പുനരധിവാസ കേന്ദ്ര ങ്ങൾ തുട ങ്ങേതാണ്.
- സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ചിഡ്, സ്പെഷ്യൽ സ്കൂളുകൾ,ഐ.ഇ. ഡി.എസ്.എസ്, എസ്.എസ്.എ, കുടുംബശ്രീ, സാക്ഷരതാ മിഷൻ തുടങ്ങിയ ഏജൻസികളെ ശാസ്ത്രീയമായി ഉപയോഗപ്പെ

ടുത്തി ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നരുടെ ഒരു സർവ്വേ നടത്തി സ്ഥിതി വിവരകണക്ക് ഉാക്കേതാണ്.

- തീവ്ര ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നരുടെ കുടുംബത്തെ ആശ്വാസകിരണം പദ്ധതിയിൽ വരുമാന പരിധി പരിഗണിക്കാതെ ഉൾപ്പെടുത്തി എല്ലാവർക്കും സഹായം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തണം.
- വൈകല്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ വേഗത്തിലും ശരിയായും നിർണ്ണയിച്ചു നൽകുന്നതിന് ഉള്ള സംവിധാനം ഉായിരിക്കണം.
- നിയമപരമായ രക്ഷാകർതൃസംവിധാനം നിലവിൽ വരുത്തുകയും അത് ദുരുപയോഗം ചെയ്യപ്പെടാതിരിക്കാൻ ശക്തമായ നിയമ സംരക്ഷണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും വേണം.
- ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കും സഹായിക്കും ബസ്യാത്രാ സഹായം നൽകുന്നതിന്റെ ദൂരപരിധി 40 കിലോമീറ്റർ എന്നുള്ളത് ദൂരപരിധി ഒഴിവാക്കി നൽകണം.
- വിദ്യാഭ്യാസം, ചികിത്സാ, തൊഴിൽ, ബുദ്ധിപരമായ വെല്ലുവിളികൾ ഉള്ളവർക്കു നേരെ നടത്തുന്ന കുറ്റകൃത്യങ്ങൾ തുടങ്ങിയ ആവലാതികൾക്ക് പരിഹാരം കാണുന്നതിനായി പ്രത്യേക നിയമസംവിധാനവും, പ്രത്യേക കോടതിയും ഉാവണം.
- ബുദ്ധിപരമായ വെല്ലുവിളി അനുഭവിക്കുന്ന വ്യക്തികളുടെ കുടുംബത്തിന് വൈദ്യുതി, വെള്ളം, ഫോൺ ഇവ പൂർണ്ണമായും സൗജന്യമാക്കണം.

* * *

**കേസ് സ്റ്റഡി**

മലപ്പുറത്തെ മുഹമ്മദാലിയേയും കുടുംബത്തേയും സന്ദർശിക്കുമ്പോൾ, മനസ്സ് വല്ലാതെ പിടയും. തിരിച്ച് വീട്ടിൽ വന്നിറങ്ങി മാസങ്ങൾ കഴിഞ്ഞാലും നമ്മുടെ ഉറക്കത്തേയും ഉണർവ്വിനേയും, കുട്ടികളുടേയും അമ്മയുടേയും നിഷ്കളങ്ക മുഖങ്ങൾ പിൻതുടർന്നുകൊിരിക്കും. മനുഷ്യൻ എന്ന നിലയിൽ നമ്മൾ എത്രമാത്രം നിസ്സഹായരാണെന്ന ചിന്ത നമ്മെ ദുർബ്ബലരാക്കും. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന ആറ് കുട്ടികളുള്ള കുടുംബം!

പതിറ്റാുകൾക്കുമുൻപ് തമിഴ്നാട്ടിൽനിന്നും കുടിയേറിയതാണ് മുഹമ്മദാലി. അധ്വാനിച്ചു കുടുംബം പുലർത്താമെന്ന ആത്മവിശ്വാസമാണ് വിവാഹംചെയ്തു മലപ്പുറത്തുതന്നെ താമസിക്കാൻ ഇദ്ദേഹത്തിന് ധൈര്യം നല്കിയത്. മണൽതൊഴിലാളിയായിരുന്നു, മുഹമ്മദാലി. എന്നാൽ ജീവിതത്തിന് സൗഭാഗ്യം പകരേ പലരും ദുരിത ചിത്രങ്ങളായി മുന്നിൽ നിറഞ്ഞപ്പോൾ, ഈ മനുഷ്യൻ നിസഹായനായി മാറിയിരിക്കുന്നു.

മൂത്ത മകന് 23 വയസ്സ്. ഇരട്ടകളായ ഇളയ കുട്ടികൾക്ക് 12 വയസ്സും. പെൺകുട്ടി സാധാരണ സ്കൂളിലാണ് പഠിക്കുന്നത്. എന്നാൽ പരീക്ഷയ്ക്ക് മാത്രം ചെന്നാൽ മതി യെന്ന നിർദ്ദേശം നല്കിയിരിക്കുകയാണ് സ്കൂളുകാർ. സാധാരണ കുട്ടികളോടൊപ്പം ഇരുത്തി പഠിപ്പിച്ചതുകൊ് പ്രയോജനമില്ല. ഇളയ രുപേർ അല്പം അകലെയുള്ള സ്പെഷ്യൽ സ്കൂളുകളിൽ പഠിക്കുന്നു. മൂത്തമകൻ രാവിലെ മുതൽ നാട്ടിൽ ചുറ്റിത്തിരി ഞ്ഞുനടക്കുന്നു. ഭാര്യ മാനസിക രോഗിയായതോടെ ഏഴുപേരുടെ കാര്യങ്ങൾ നോക്കേ അവസ്ഥയിലാണ് മുഹമ്മദാലി. ഇത്രയും പ്രശ്നങ്ങൾ ഉള്ള വീട്ടിൽനിന്നും പുറത്തു പോയി ജോലിനോക്കുകയെന്നത് അസാധ്യം.

ര് മക്കൾക്ക് പെൻഷനായി ചെറിയൊരു തുക കിട്ടുന്നതാണ് ഈ കുടുംബത്തിന് പേരിനുള്ള സഹായം. ചില മത സംഘടനകളുടെയും സുമനസ്സുകളായ വ്യക്തികളു ടെയും ചെറിയ ചെറിയ സഹായങ്ങളാണ് ഇവരുടെ ജീവിതത്തെ മുന്നോട്ട് ചലിപ്പിക്കുന്ന ത്. പണിതീരാത്ത കൊച്ചുവീട്ടിൽ തികച്ചും വൃത്തിഹീനമായ സാഹചര്യത്തിൽ ദിനങ്ങൾ തള്ളിനീക്കുന്ന ഈ മക്കളും മാതാപിതാക്കളും കേരളത്തിന്റെ മനസ്സാക്ഷിക്കുമുന്നിൽ ചോദ്യചിഹ്നമാകുകയാണ്. ✱ *കടപ്പാട് - ദീപിക ദിനപത്രം.*

## അദ്ധ്യായം-10

# പുനരധിവാസ ഗ്രാമം (Rehabilitation Village)

സാമൂഹ്യ സുരക്ഷിതത്വവുമായി ബന്ധപ്പെട്ട് ബുദ്ധിപരമായ വെല്ലുവിളികൾ നേരിടു ന്നവരുടെ, അത്യാവശ്യമായും നടപ്പാക്കേ മറ്റൊരു പ്രധാനപ്പെട്ട ചുമതല, രക്ഷിതാക്കളുടെ കാലശേഷം, ബുദ്ധിപരമായ വെല്ലുവിളികളുള്ളവരുടെ പുനരധിവാസമെന്നതാണ്. കേരള ത്തിലെ, ഇത്തരം കുട്ടികളുള്ള എല്ലാ കുടുബങ്ങളിലെയും മുഴുവൻ കുടുംബാംഗങ്ങളേയും പ്രത്യേകിച്ച് രക്ഷിതാക്കളെ ഗൗരവമായി അലട്ടിക്കൊിരിക്കുന്ന ഒരു പ്രശ്നമാണിത്. ഒന്നില ധികം, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ, ഒരേ വീട്ടിലുങ്കിൽ അല്ലെങ്കിൽ കുഞ്ഞുങ്ങളെല്ലാവരും തന്നെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരായുള്ള കുടുബ ങ്ങളിലുള്ള രക്ഷിതാക്കൾ വല്ലാത്തൊരു അനിശ്ചിതാവസ്ഥയിലും അന്ധകാരത്തിലുമാണ്. എത്രയോ, കുടുംബങ്ങളിൽ, രക്ഷിതാക്കളുടെ മരണശേഷം ഈ കുട്ടികൾ കൊടിയ അനാഥ ത്വവും അരക്ഷിതത്വവും സഹിച്ച് കഴിഞ്ഞുവരുന്നു്. അതുകൊുതന്നെ 18 വയസ്സിനുശേഷ മുള്ള ബുദ്ധിപരമായ വെല്ലുവിളികൾ പ്രത്യേകിച്ച്, തീവ്രവും തീക്ഷ്ണവുമായ അവസ്ഥയു ള്ളരെ, ആജീവനാന്തം ഏറ്റെടുത്ത്, പുനരധിവാസത്തിന് സഹായിക്കേതു്. അതിനായി കമ്മീഷൻ മുന്നോട്ടുവെയ്ക്കുന്ന നിർദ്ദേശം, എല്ലാ ജില്ലകളിലുമെങ്കിലും ഓരോ പുനരധി

വാസ വില്ലേജുകൾ തുടങ്ങുകയെന്നതാണ്. സാമൂഹ്യനീതി വകുപ്പിന്റെ നിയന്ത്രണത്തിൽ ഇത്തരമൊരു സംരംഭം തുടങ്ങുന്നതാവും ഉചിതം. സ്ഥല വിസ്തൃതിയുള്ള ഈ പുനരധിവാസ വില്ലേജിൽ, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് താമസത്തിനുള്ള കോട്ടേജുകളും, അവർക്ക് ജോലിചെയ്യാൻ കഴിയുന്നവിധത്തിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുമുണ്ടാകണം.

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പ്രായമായ രക്ഷിതാക്കൾ തങ്ങളുടെ സുദീർഘവും ദുരന്തപൂർണ്ണവുമായ മനഃസംഘർഷ ജീവിതത്തിനൊടുവിൽ മാനസികവും ശാരീരികവുമായ ദുർബലാവസ്ഥയിലാണ് കുവരുന്നത്. യാതൊരുവിധ ശുഭപ്രതീക്ഷയും ജീവിതത്തിൽ വെച്ചുപുലർത്താനാവാതെ നിരാശയിലും നിരാവലംബതയിലും ജീവിച്ച് അനാഥത്വത്തിലെത്തിയവരും ആത്മഹത്യചെയ്തവരുമായ എത്രയോ കുടുംബങ്ങൾ നമ്മുടെ കൺമുന്നിലൂടെ കടന്നുപോയി. റീഹാബിലിറ്റേഷൻ വില്ലേജ് രൂപീകരണം എന്ന നടപടി രക്ഷിതാക്കൾക്ക് ഒരത്താണിയാവുന്നതൊടൊപ്പം, അവരുടെ സേവനങ്ങളും റീഹാബിലിറ്റേഷൻ വില്ലേജിൽ ഫലപ്രദമായി ഉപയുക്തമാക്കുന്ന തരത്തിൽ സംവിധാനം ചെയ്യാം.

സർക്കാർ സ്വകാര്യ പങ്കാളിത്തത്തോടെ (Public-Priate- Participation) തുടങ്ങുന്ന സംരംഭമായിരിക്കും കൂടുതൽ ഗുണപരമായിരിക്കുക. വ്യവസായ വകുപ്പിന്റേയും സഹായം ഉറപ്പുവരുത്തേതു്. ഈ വില്ലേജുകളിൽ ചെറുകിട വ്യവസായങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള സജ്ജീകരണങ്ങൾ - വ്യവസായ പാർക്ക്, മറ്റ് പശ്ചാത്തല സൗകര്യങ്ങൾ തുടങ്ങിയവ ഒരുക്കുകയും, നിശ്ചിത ശതമാനം, തൊഴിലുകൾ, ഈ വില്ലേജിലെ അന്തേവാസികൾക്ക് നൽകുകയെന്ന കരാറോടെ വ്യവസായികൾക്ക് സുഗമമായി വ്യവസായം നടത്താനുള്ള വിവിധ ആനുകൂല്യങ്ങളും പ്രഖ്യാപിക്കുകയാണെങ്കിൽ, ഇത്തരം വില്ലേജുകളെ ക്രിയാത്മകമായി മുന്നോട്ടുകൊുപോകാനാകും. ചെറുകിട വ്യവസായങ്ങൾക്കൊപ്പം, കൃഷി, കന്നുകാലിവളർത്തൽ, ഹാന്റിക്രാഫ്റ്റ് എന്നിവയ്ക്കെല്ലാം പ്രത്യേക ആനുകൂല്യത്തോടെ കർഷകർക്കും വ്യവസായികൾക്കും സ്ഥലം ലീസിനു നല്കുകയും അതോടൊപ്പം, ഈ വില്ലേജിലെ അന്തേവാസികൾക്ക് പരമാവധി അവസരം നൽകി, കൃഷിയും വ്യവസായവുമൊക്കെ ലാഭകരമായി നടത്തുന്നതിനുള്ള സാഹചര്യം നൽകുകയുമാണെങ്കിൽ, ഈ സംരംഭം വിജയകരമായി മുന്നോട്ട് കൊുപോകാനാകും. സാമൂഹ്യനീതി വകുപ്പും വ്യവസായ വകുപ്പും സ്വകാര്യസംരംഭകരുമൊക്കെ, ഒട്ടൊരു സാമൂഹ്യ പ്രതിബദ്ധതയോടെ, ഈ വിഷയം ഏറ്റെടുക്കുകയാണെങ്കിൽ, റീഹാബിലിറ്റേഷൻ വില്ലേജ് എന്ന സംവിധാനം,

തങ്ങൾക്കുശേഷം കുട്ടികൾക്ക് സംഭവിക്കുന്ന അരക്ഷിതത്വത്തിന്റെ അശാന്തി അവസാനിപ്പിച്ച് സ്വസ്ഥരായി ജീവിക്കാനുള്ള അവസരം രക്ഷാകർത്താക്കൾക്ക് പ്രദാനം ചെയ്യും.




1999 ലെ നാഷണൽ ട്രസ്റ്റ് ആക്ട്, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, ബഹുവൈകല്യം എന്നീ വിഭാഗങ്ങളുടെ സാമൂഹ്യ സുരക്ഷിതത്വം ഉറപ്പുനല്കുന്ന നിയമ നടപടിയാണ്. നാഷണൽ ട്രസ്റ്റ് ആക്ടിൽ, രക്ഷിതാക്കളുടെ മരണശേഷം കുട്ടികളുടെ പരിചരണം ഉറപ്പുനല്കുന്നതിന് ഒരു പ്രധാന വകുപ്പ്. രക്ഷാകർതൃത്വം(Guardianship) എന്ന ശീർഷകത്തിലുള്ള ഈ വകുപ്പ്, കുട്ടികളുടെ ഭാവിയെ സംബന്ധിച്ച് രക്ഷിതാക്കൾക്ക് നല്കുന്ന ഒരുറപ്പാണ്. പക്ഷേ, ഇത് കേരളത്തിൽ ഫലപ്രദമായി നടപ്പാക്കിവരുന്നില്ല. ഈ ആക്ടിൽ കൊടുത്തിരിക്കുന്ന രക്ഷാകർതൃത്വമെന്ന വകുപ്പന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട്, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, ബഹുവൈകല്യം, ശൈശവ മനോരോഗം, പഠനപ്രശ്നങ്ങൾ എന്നീ മസ്തിഷ്ക സംബന്ധമായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികളുടെ

സംരക്ഷണം രക്ഷിതാക്കളുടെ മരണശേഷം, ഏറ്റെടുക്കാൻ സർക്കാർ മുന്നോട്ടുവരണം. ജില്ല കളിൽ റീഹാബിലിറ്റേഷൻവില്ലേജുകൾ സ്ഥാപിച്ച്, അവരുടെ സംരക്ഷണം ഉറപ്പുവരുത്താവു ന്നതാണ്. അതിനായിമാത്രം നിശ്ചിത സംഖ്യ ഒരു കോർപ്പസ് ഫായി സർക്കാർ മാറ്റി വയ്ക്കേതാണ്. ദേശീയതലത്തിൽ 500 കോടിരൂപയാണ്, ഇതിനായി നാഷണൽ ട്രസ്റ്റ് ആക്ട് പ്രകാരം മാറ്റിവെച്ചത്. ആ സംഖ്യ പക്ഷെ വളരെ നാമമാത്രമാണ്.

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ സമൂഹ്യ സുരക്ഷയുമായി ബന്ധ പ്പെട്ട് അവർക്കെതിരെ നടക്കുന്ന വ്യാപകമായ ചൂഷണസാഹചര്യം ഇല്ലാതാക്കാൻ സർക്കാർ അതീവ ജാഗ്രത പുലർത്തേതു്. മസ്തിഷ്കത്തിനാണ് ക്ഷതം എന്നുള്ളതുകൊുതന്നെ, കാര്യങ്ങൾ വിവേചിച്ചറിയാനോ, ശാരീരികവും മാനസികവുമായ ചൂഷണത്തെ സംബന്ധിച്ച് മനസ്സിലാക്കാനോ, ഇത്തരം വ്യക്തികൾക്ക് ഒരിക്കലും കഴിഞ്ഞെന്നുവരില്ല. സവിശേഷമായ, മാനസിക, ശാരീരിക അവസ്ഥകൾ കുട്ടികളിലുള്ളതുകൊുതന്നെ, ഇവരെ എല്ലാവിധത്തിലും ചൂഷണം ചെയ്യാനുള്ള അധിക പ്രവണതയും സമൂഹത്തിലുായേക്കാം. അതോടൊപ്പംത ന്നെ, പ്രതികരിക്കില്ലെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങളും അവകാശങ്ങളു മൊക്കെ നിർദ്ദാക്ഷിണ്യം നിഷേധിക്കാനുള്ള പ്രവണതയും ഉാകാം. ഈ സാഹചര്യം സമൂഹ ത്തിലെ മറ്റെല്ലാ വിഭാഗങ്ങളിൽ നിന്നും വ്യത്യസ്തമായി വളരെയേറെ ശ്രദ്ധയും സൂക്ഷ്മ തയും ജാഗ്രതയും പരിഗണനയും ഈ കുട്ടികളുമായി ബന്ധപ്പെട്ട അവകാശ-നിയമ വിഷ യങ്ങളിൽ ബോധപൂർവ്വം പുലർത്തേിയിരിക്കുന്നു എന്ന് നമ്മോടാവശ്യപ്പെടുന്നു.

ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്, ആൺകുട്ടികളായാലും പെൺകുട്ടികളാ യാലും ലൈംഗികമായ ചൂഷണത്തിനുള്ള ശ്രമത്തിന് ഇരയാകുന്നു എന്നത്. ഇന്ന് ലൈംഗി കാക്രമണക്കേസുകളിലെ പൊതുനിയമങ്ങളൊക്കെ കൂടുതൽ കർക്കശമായതുകൊ്, സാമൂ ഹ്യമനസ്സ്, തെളിവുകൾനശിപ്പിക്കാൻ എളുപ്പമുള്ള, തെളിവുകൾ ഫലപ്രദമായി ബോധിപ്പി ക്കാൻ കഴിയാത്ത വിഭാഗങ്ങളായ ബുദ്ധിപരമായ വെല്ലുവിളി നേരുടുന്നവരുടെ നേർക്ക് തിരഞ്ഞിട്ടുന്ന് വേണം അനുമാനിക്കാൻ. ഈ അടുത്ത കാലത്തായി, ഇത്തരത്തിലുള്ള ലൈംഗിക അതിക്രമങ്ങളുടെ തോത് പൂർവ്വാധികം വർദ്ധിച്ചിട്ടുന്ന് നിയമവൃത്തങ്ങൾ സൂചി പ്പിക്കുന്നു. ഈ അവസ്ഥ കർക്കശമായി നേരിടേതു്. അതോടൊപ്പം, നിലവിലുള്ള, നിയമപ രമായി അർഹതപ്പെട്ട ആനുകൂല്യങ്ങൾ നിഷേധിക്കുന്ന സാഹചര്യങ്ങളും ഉാകുന്നു. ഇത്തരം പ്രശ്നങ്ങളെ അതീവ ഗൗരവമായി പരിഗണിക്കുകയും നിയമപരമായി പരമാവധി ശിക്ഷ കുറ്റക്കാർക്ക് ലഭ്യമാകുന്നവിധം നിയമംതന്നെ ഉാക്കുകയോ വേണം.

കമ്മീഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ശ്രീ. വി. ആർ കൃഷ്ണയ്യർ ഉൾപ്പെട്ട പ്രമുഖ നിയമജ്ഞരും അഭിഭാഷകരും പങ്കെടുത്ത ശില്പശാലയിൽ ഉരിത്തിരിഞ്ഞുവന്ന നിർദ്ദേശം, ഇവരുടെ സവിശേഷ സാഹചര്യം പരിഗണിച്ച്, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ കുടുംബ-സാമൂഹ്യ ജീവിതം സുരക്ഷിതമാക്കാൻ പ്രത്യേക നിയമം ആവിഷ്കരിച്ച് നടപ്പാക്കുന്നത് ഉചിതമായിരിക്കുമെന്നാണ്. നിലവിലുള്ള എല്ലാ നിയമങ്ങളും ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെ സംബന്ധിച്ച്, ഏറെ പ്രയോജനകരമായി അനുഭവപ്പെടുന്നില്ല. അതുകൊുതന്നെ, നിലവിലുള്ള എല്ലാ നിയമങ്ങളുടെയും സാരാംശം ഉൾക്കൊ്, നിയമ സംരക്ഷണത്തിന്റെ സാന്നിദ്ധ്യം ഇവരുടെ ജീവിതത്തിൽ, പ്രയാസങ്ങൾ അകറ്റുന്നവിധം പ്രവർത്തനക്ഷമമാകുന്നതിന് ഉതകുന്ന ഒരു പുതിയ നിയമം തന്നെ ആവിഷ്ക്കരിക്കേതു്.

അതോടൊപ്പം, നിലവിൽ അർഹമായ പല ആനുകൂല്യങ്ങലും വിവിധ കാരണങ്ങളാൽ നിഷേധിക്കപ്പെടുന്ന സാഹചര്യമു്. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ ന്യായമായ അവകാശങ്ങൾ നിരസിക്കുന്നത് അവരെ സംബന്ധിച്ച് തിരിച്ചറിയാൻ പോലും കഴിയില്ല. രക്ഷിതാക്കളും ഏതാല്ലൊകാര്യത്തിലും മനംമടുത്ത സാഹചര്യത്തിൽ ആനുകൂല്യങ്ങൾക്കായി, ഇത്തരം സങ്കീർണ്ണ അവസ്ഥയുള്ള കുഞ്ഞുങ്ങളെ വീട്ടിൽ തനിച്ചാക്കി, അല്ലെങ്കിൽ ജോലിയുപേക്ഷിച്ച്, ഓഫീസുകൾ കയറി ഇറങ്ങാനുള്ള മാനസികാവസ്ഥയിലുമായിരിക്കില്ല. ഫലത്തിൽ, അർഹതപ്പെട്ട ആനുകൂല്യം ഇവർക്ക് ലഭ്യമാകാതെവരും. അതുകൊുതന്നെ, അർഹതപ്പെട്ട ആനുകൂല്യങ്ങൾ മനഃപ്പൂർവ്വം കാരണമില്ലാതെ നിഷേധിക്കപ്പെടുന്ന സാഹചര്യം ഇല്ലാതാക്കാൻ, പ്രത്യേകം രൂപകല്പനചെയ്ത നിയമ സംവിധാനത്തിൽ, നിഷേധിക്കപ്പെടുന്നതിന് കാരണക്കാരായവരിൽനിന്നു പിഴചുമത്താൻ കൃത്യമായ വകുപ്പുകൾ ഉാകേതാണ്.

1950 കളിൽ അമേരിക്കൻ സാമൂഹിക വ്യവസ്ഥയിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്ത ഗൗരവമായ ഒരു വിഷയമായിരുന്നു ബുദ്ധിമാന്ദ്യമുള്ളവരുടെ വിദ്യാഭ്യാസവും പുനരധിവാസവും. ഇന്ന് ഇന്ത്യയിൽ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ അനുഭവിയ്ക്കുന്ന ഒരനിശ്ചിതത്വ അവസ്ഥയ്ക്ക് സമാനമായിരുന്നു, 60 വർഷങ്ങൾക്ക് മുമ്പ് അമേരിക്കയിലുായിരുന്നത്. ഏറ്റവും നിസ്സഹായവരായ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ ഏറ്റവും സമ്പന്നവും ആധുനികവുമായ അമേരിക്കൻ സമൂഹത്തിൽ നേരിടുന്ന കടുത്ത അവഗണന, ആ സമൂഹത്തെ ആഴത്തിൽ വേദനിപ്പിച്ചു. അതിനുശേഷം പ്രസിഡന്റ്

ജോൺ.എഫ്.കെനഡിയുടെ കാലഘട്ടത്തോടെ, അറുപതുകളിൽ ബുദ്ധിമാന്ദ്യം എന്ന അവസ്ഥ അനുഭവിക്കുന്നവർക്ക് ഏറ്റവും ഉന്നതമായ സാമൂഹ്യപരിഗണന ലഭ്യമാകുന്ന തര ത്തിൽ നിയമസാമ്പത്തിക സംവിധാനങ്ങളെപ്പോലും അമേരിക്കൻ സർക്കാർ ഉടച്ചുവാർത്തു. മറ്റ് ലോകരാജ്യങ്ങൾ പോലും ബുദ്ധിമാന്ദ്യമെന്ന പ്രശ്നത്തെ സംബന്ധിച്ച്, അതിന്റെ മനുഷ്യ ത്വപരമായ പ്രസക്തിയെ ആദ്യമായി തിരിച്ചറിയുന്നതിന് ഇടയാക്കിയ സാഹചര്യമതാണ്. അമേരിക്കയിലെ ബുദ്ധിമാന്ദ്യമുള്ളവരുടെ അന്നത്തെ അവസ്ഥയ്ക്ക് പരിഹാരം കാണാൻ ഭരണകൂടത്തെ യുദ്ധകാലാടിസ്ഥാനത്തിൽ ചലിപ്പിക്കുവാൻ അമേരിക്കൻ പ്രസിഡന്റ് ചെയർമാനും മറ്റെല്ലാ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളുമായാണ്, ബുദ്ധിമാന്ദ്യ പ്രശ്നവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് അമേരിക്കയിൽ നേതൃത്വം നൽകിയത്. ഈ പ്രശ്നത്തിന്റെ ഗൗരവം ഉൾക്കൊ് അമേരിക്ക സ്വീകരിച്ച ഈ സുപ്രധാന നടപടി ലോകം മുഴുവൻ ചർച്ച ചെയ്തു. ലോകത്ത്, ഇന്ന് ഏറ്റവും ഉന്നതമായ മാനവിക പരിഗണന ബുദ്ധിമാന്ദ്യമുള്ളവർക്ക് ലഭ്യമാകുന്ന രാജ്യം അമേരിക്കയാണ്.

60 വർഷം മുമ്പുള്ള അമേരിക്കൻ സാഹചര്യമാണ് ഇന്ന് കേരളത്തിൽ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ അവസ്ഥ. അതുകൊുതന്നെ, ഈ ശോചനീയവസ്ഥ പരിഗണി ക്കാൻ, ഇവരുടെ പ്രശ്നപരിഹാരത്തിന് ഉദ്യോഗസ്ഥരുൾപ്പെടെയുള്ള സമൂഹത്തെ സജീവ മായി ചലിപ്പിക്കാൻ, അമേരിക്കൻ പ്രസിഡന്റ് സമിതിക്ക് സമാനമായി, കേരളത്തിൽ ഇവരുടെ പുരനധിവാസപ്രവർത്തനങ്ങൾ ജാഗ്രതയോടെയും സൂക്ഷ്മതയോടെയും നിർവ്വഹി ക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ ഒരു മുഖ്യമന്ത്രി സമിതി (Chief Minister Committee) ഉാക്കു കയും, വിദ്യാഭ്യാസ വകുപ്പു മന്ത്രി, സാമൂഹിക നീതി വകുപ്പ് മന്ത്രി, ആരോഗ്യ വകുപ്പ് മന്ത്രി, പഞ്ചായത്ത് വകുപ്പ് മന്ത്രി, തൊഴിൽ വകുപ്പ് മന്ത്രി എന്നിവർ അംഗങ്ങളായും സെക്രട്ടറി മാരും അതതു വകുപ്പു ഡയറക്ടർമാരുമൊക്കെ നടത്തിപ്പുക്കാരുമായി ഈ സമിതി ഉടൻ രൂപീകരിച്ച്, നിലവിൽ ബുദ്ധിപരമായ വെല്ലുവിളികളെ നേരിടുന്നവരെ നിസ്സഹായതയുടെ അഗാധമായ അസ്വസ്ഥതകൾ പേറുന്ന ഈ വലിയ വിശേഷ ജനവിഭാഗത്തെ, സമൂഹ ത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

* * *

<u>കേസ് സ്റ്റഡി</u>

കോഴിക്കോട് ജില്ലയിലെ ഒരു കോടതിയിൽ, ബഹുമാനപ്പെട്ട ജഡ്ജിയുടെ മുമ്പാകെ സജീവമായ വാദം തുടരുകയാണ്. വാദി, 16 വയസ്സുള്ള ബുദ്ധിമാന്ദ്യം ബാധിച്ച പെൺകുട്ടി. പ്രതി അയൽക്കാരനായ 63 വയസ്സുകാരൻ. കേസ് ലൈംഗിക പീഡനം. കഴിഞ്ഞ മൂന്ന് വർഷമായി തുടർന്ന വാദ പ്രതിവാദ പ്രക്രിയകളും നിയമ നടപടി ക്രമങ്ങളും ഇനിയും അവസാനിച്ചിട്ടില്ല. ബുദ്ധിമാന്ദ്യമുള്ള പെൺകുട്ടിയുടെ സംസാരവും പ്രതികരണവുമൊന്നും നിയമജ്ഞനും അഭിഭാഷകനുമൊന്നും മനസ്സിലാകുന്നില്ല. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്ക് വേിയുള്ള സ്പെഷ്യൽ സ്കൂളിലെ അധ്യാപികയെ, പെൺകുട്ടിയുടെ വാക്കുകളും ആംഗ്യങ്ങളും സംസാരങ്ങളുമൊക്കെ വ്യാഖ്യാനിക്കാൻ വിളിച്ചിട്ടു്. പ്രതിയുടെ നിരപരാധിത്വം തെളിയിക്കാൻ അഭിഭാഷകൻ എല്ലാവിധ തന്ത്രങ്ങളും മെനയുന്നു. അദ്ദേഹത്തിന് ഒറ്റ ലക്ഷ്യമേയുള്ളൂ - തന്റെ കക്ഷിയെ കുറ്റവിമുക്തമാക്കുക. ദരിദ്രയായ പെൺകുട്ടിക്കുവേി സർക്കാർ അഭിഭാഷകനാണ് ഹാജരാകുന്നത്. അശ്ളീലച്ചുവയുള്ള, പ്രതിയുടെ അഭിഭാഷകന്റെ ചോദ്യംചെയ്യലിൽ, വിദഗ്ദ്ധ അധ്യാപികപോലും ചൂളിപ്പോകുന്നു. കുറ്റ കൃത്യം ചെയ്ത പ്രതിയെ വളരെ കൃത്യമായി കോടതിയിൽ തിരിച്ചറിഞ്ഞ പെൺകുട്ടി, ആംഗ്യത്തിലൂടെയു ഭാവഹാവാദികളിലൂടെയുമെല്ലാം താനനുഭവിച്ച പീഢനം വിവരിക്കുന്നത്, വിദഗ്ദ്ധ അധ്യപിക കോടതിക്ക് വിശദികരിച്ചു കൊടുക്കുന്നു. 'വക്കീൽ' പ്രയോഗങ്ങളുടെ കുൽസിത തന്ത്രങ്ങളൊക്കെ, പെൺകുട്ടിയുടെ മനസ്സറിയാത്ത, അവളുടെ അവസ്ഥ തിരിച്ചറിയാൻ കഴിയാത്ത കോടതി മുറിയിൽ പരിഹാസ്യമായ ആസ്വാദനവുമായി മാറുന്നു. വ്യാഖ്യാനിക്കാൻ വന്ന അധ്യാപികയ്ക്ക്പോലും മാനഹാനിയും മാനസിക പീഢനവുമായി മാറി കോടതി മുറിയിലെ രംഗങ്ങൾ.

മൂന്നുവർഷംമുമ്പ് നടന്ന ലൈംഗിക പീഢന അനുഭവമാണ്. ബുദ്ധിമാന്ദ്യമുള്ള പെൺകുട്ടി കോടതിമുറിയിൽ വിശദീകിക്കേത് എന്നതുപോലും സാമാന്യയുക്തിക്ക് നിരക്കുന്നതല്ല. അന്നന്നത്തെകാര്യം പോലും ഓർത്തെടുത്ത് പറയാൻ പ്രയാസപ്പെടുന്ന ബുദ്ധിമാന്ദ്യം ബാധിച്ച വ്യക്തിയാണ്, നിയമ സംവിധാനത്തിനുമുന്നിൽ, തികച്ചും അപരിചിതമായ ആളുകളും അന്തരീക്ഷവുമുള്ളിടത്ത്, മറുഭാഗം, അഭിഭാഷകന്റെ ഇംഗിതത്തിനനുസരിച്ച് കൃത്യമായി സംസാരിക്കേത്!

ഇന്ന് പൊതുവേ, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന പെൺകുട്ടികളോടും ആൺകുട്ടികളോടുമുള്ള ലൈംഗിക അതിക്രമം മുമ്പത്തെക്കാൾ ഏറെ വർദ്ധിച്ചരിക്കുന്നു. വാദി, ബുദ്ധിപരമായ പിന്നോക്കാവസ്ഥയുള്ളവരാണെങ്കിൽ കുറ്റവാളികളെ സംബന്ധിച്ച് രക്ഷപ്പെടാൻ നിയമത്തിന്റെ പഴുതുകൾ ധാരാളമു്. നിയമനടപടി ക്രമങ്ങളിൽ പോലും വാദിയെ അസ്ഥപ്രജ്ഞയാക്കുന്ന, കേസുകൾ നിരന്തരമായി നീട്ടിക്കൊുപോകാൻ പറ്റുന്ന ഒട്ടേറേ സാധ്യതകൾ ഒളിഞ്ഞുരിപ്പുന്നെ് നിയമജ്ഞർതന്നെ ചൂിക്കാട്ടുന്നു.

ലൈംഗികാതിക്രമങ്ങൾ ഉൾപ്പടെ, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരെ മാത്രമായി ബാധിക്കുന്ന ഒട്ടേറെ സവിശേഷമായ നിയമ പ്രശ്നങ്ങൾ അടിയന്തിരമായി

⟹

കേരള സമൂഹത്തിൽ പരിഹാരം കാണേതായുട്. കമ്മീഷൻ പ്രവർത്തനവുമായി ബന്ധപ്പെട്ട് ജസ്റ്റിസ് വി. ആർ കൃഷ്ണയ്യരുടെ ആശീർവ്വാദത്തോടെ ജസ്റ്റിസ് കെ. സുകുമാരൻ, ജസ്റ്റിസ് ഷംസുദ്ദീൻ, ജസ്റ്റിസ് രാമചന്ദ്രൻ, കേരളത്തിലെ പ്രമുഖ അഭിഭാഷകർ എന്നിവരെ ഉൾപ്പെടുത്തി നടത്തിയ നിയമ സംബന്ധമായ ഒരു ശില്പശാലയിൽനിന്നും ഉരുത്തിരിഞ്ഞുവന്ന പ്രധാന നിർദ്ദേശം, അവകാശ നിയമങ്ങൾ നിലവിലുങ്കെിലും അവയൊന്നും ഇപ്പോൾ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് ലഭ്യമാവാത്ത ഇന്നത്തെ സാഹചര്യത്തെ ഒരു പ്രത്യേക നയമനടപടിയിലൂടെ മിറകടക്കണമെന്നാണ്. കാരണം, സ്വന്തം ആവശ്യങ്ങളെയും അവകാശങ്ങളെയും സംബന്ധച്ച് ധാരണയില്ലായ്മ, ഇത്രയും കാലമായി, നീതി നിഷേധത്തിന് വിധേയമായി ജീവിക്കേിവന്ന അവസ്ഥ, പുനരധിവാസത്തിന് സാമൂഹ്യമായ പശ്ചാത്തല സൗകര്യങ്ങളുടെയും വിദഗ്ദ്ധരുടെയും അഭാവം നിലനില്ക്കുന്ന സാഹചര്യം എന്നിവ പരിഗണിച്ച് ബുദ്ധിമാന്ദ്യമുള്ളവരുടെ പ്രശ്നങ്ങൾ സവിശേഷമായിത്തന്നെ നിയമപരമായി അഭിസംബോധന ചെയ്യേതാണ്. സാമൂഹ്യമായി ഏറ്റവും നിസ്സാഹായരായ ബുദ്ധിപരമായ വെല്ലവിളികൾ നേരിടുന്നവർക്ക് നീതിയും അവകാശവും നിഷേധിക്കുന്നവർക്ക് പിഴചുമത്താവുന്ന കുറ്റമാവുന്നവിധം നിയമങ്ങൾ പരിഷ്കരിച്ചവതരിപ്പിക്കേത് കേരള സമൂഹത്തെ സംബന്ധിച്ച് എത്രയും വേഗം നടപ്പാക്കേ ഒരു നീതിയുക്ത നടപടിയാണ്. *

## അദ്ധ്യായം 11

# നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എംപ്ളോയ്മെന്റ് ആന്റ് ട്രെയിനിംഗ്
# (National Institute of Employment and Training)

വിവിധ തരത്തിലുള്ള ശാരീരികവും ബുദ്ധിപരവുമായ വെല്ലുവിളികൾ നേരിടുന്ന സമൂഹങ്ങളെ സംബന്ധിച്ച് എളുപ്പം പരിഹരിക്കാനാവാത്ത പ്രശ്നമേഖലകളാണ് തൊഴിൽ പരിശീലനവും തൊഴിലും. മുഖ്യധാരാ സമൂഹത്തോടൊപ്പം തോളോട് തോൾ ചേർന്ന് ജീവിക്കാനും, പുനരധിവാസമെന്ന ലക്ഷ്യം സഫലീകരിക്കാനും ഏറ്റവും അനിവാര്യമായ ര് സുപ്രധാന ഘട്ടങ്ങളായാണ് ഈ ര് മേഖലകളെയും ആധുനിക ലോകം പരിഗണിച്ചുവരുന്നത്. തൊഴിൽ പരിശീലനവും തൊഴിലും കേവലം സാമ്പത്തിക സ്വാശ്രയത്വത്തിൽ ഊന്നിനില്ക്കുന്ന വിഷയങ്ങൾ മാത്രമല്ല. മാനവികമായ അന്തസ്സ്, ആത്മാഭിമാനം, ആരുടെ മുന്നിലും വിധേയപ്പെടാതിരിക്കുക തുടങ്ങിയ വൈയക്തിക-വൈകാരിക വിഷയങ്ങളൊക്കെ, മനുഷ്യാവകാശത്തിന്റെയും തുല്യ അവസരങ്ങളുടേയും സാകല്യതാ ജീവിതത്തിന്റെയും (Inclusive Life) ലക്ഷണങ്ങളാണ്. അതുകൊുതന്നെ, തൊഴിൽ എന്ന സംജ്ഞയിൽ ഉള്ളടങ്ങിയിരിക്കുന്നത്, കേവലം സാമ്പത്തിക പരിപ്രേക്ഷ്യം മാത്രമല്ല.

സഹതാപത്തിന്റെയും കാരുണ്യത്തിന്റെയുമെല്ലാം ഭാഷാപ്രയോഗങ്ങൾ, ഇന്ന് വികലാംഗ പുനരധിവാസ പ്രക്രിയയുടെ ശാസ്ത്രീയ സമീപനങ്ങളിലില്ല. തുല്യ അവസരം, തുല്യനീതി, തുല്യ പങ്കാളിത്തം, തുല്യ അവകാശം- ഇതിൽ കുറഞ്ഞൊന്നും ആധുനിക സമൂഹത്തിന്, ശാരീരികവും ബുദ്ധിപരവുമായി പിന്നോക്കം നില്ക്കുന്നവരോട് വാഗ്ദാനം ചെയ്യാനില്ല. ശാസ്ത്രീയ സാമൂഹ്യ നിർമ്മാണ പ്രക്രിയയിൽ ഇന്ന് മുഴങ്ങിക്കേൾക്കുന്ന ശബ്ദം സാകല്യാധിഷ്ഠിത പുനരധിവാസം (Inclusive Based Rehabilitation) എന്നതാണ്. ഏതായാലും കേരള സമൂഹത്തിന്, ശാരീരികമായും ബുദ്ധിപരമായും പിന്നോക്കം നില്ക്കുന്ന ജനവിഭാഗങ്ങളോട്, സൈദ്ധാന്തികമായ ഈ പ്രതലത്തിൽനിന്നേ ഇനിയങ്ങോട്ട് സംവദിക്കാനാവൂ.

തൊഴിൽ എന്നത് വ്യക്തിയെ സംബന്ധിച്ച് ഒട്ടേറെ സ്വാതന്ത്ര്യങ്ങൾ വാഗ്ദാനം ചെയ്യുന്നു്. സാമ്പത്തിക സ്വാതന്ത്ര്യം അതിലൊന്നുമാത്രമാണ്. സാമ്പത്തിക സ്വാത

ന്ത്ര്യത്തെപ്പോലെതന്നെ പ്രധാനമാണ്, തൊഴിലിലൂടെ വ്യക്തി അനുഭവിക്കുന്ന ആവിഷ്ക്കാര സ്വാതന്ത്ര്യം അഥവാ സർഗ്ഗാത്മക സ്വാതന്ത്ര്യം. വൈയക്തികമായ അന്തസ്സ്, അഭിമാനം എന്നിവ ഇവയെല്ലാമായി കൂടിച്ചേർന്നുകുടക്കുന്നു്.

അംഗപരിമിതരായ വ്യക്തികളുടെ തൊഴിൽ നൈപുണിയെ സംബന്ധിച്ച് സമൂഹം വെച്ചുപുലർത്തുന്ന ഏറെ മുൻവിധികളു്. മുൻവിധികളൊന്നും ക്രിയാത്മകമായി ജീവിതത്തിന് ഒരു സംഭാവനയും നല്കുന്നില്ലെന്ന് മാത്രമല്ല, ഒട്ടേറെ ദോഷങ്ങൾ വരുത്തിവെയ്ക്കുകയും ചെയ്യുന്നു്. നമ്മുടെ സഹജീവികളായ, വെല്ലുവിളി നേരിടുന്ന എല്ലാ വിഭാഗം ജനങ്ങളും ഏറിയോ കുറഞ്ഞോ, തൊഴിൽപരമായ വിഷയത്തിൽ,സാമൂഹ്യമായ ഈ മുൻവിധിയുടെ ഇരകളാണ്. മനോഭാവ തടസ്സങ്ങൾ (Attitudinal Barriers) ആണ്, ശാരീരികമായ പരിമിതികളാലുള്ള വേദനയേക്കാൾ ഏറെ അസഹനീയമെന്ന്, അനുഭവസ്ഥരായ പലരും ചൂ ിക്കാട്ടിയിട്ടു്.

മനുഷ്യൻ ഇന്ന് അനുഭവിക്കുന്ന എല്ലാ പരിമിതികളെയും അതിജീവിക്കുവാനുള്ള പ്രാപ്തി സാങ്കേതികവിദ്യ വാഗ്ദാനം ചെയ്യുന്നു്. തൊഴിൽ പരിശീലന മേഖലയിലും തൊഴിലിലുമൊക്കെ അനുഭവിച്ചുകൊിരിക്കുന്ന പ്രയാസങ്ങൾ ലഘൂകരിക്കാൻ സാഹായകരമാകുന്ന സഹായ സംവിധാനങ്ങൾ വികസിച്ചുകൊിരിക്കുന്നു. അന്ധതയനുഭവിക്കുന്ന വ്യക്തിക്ക് ഇന്ന് പേനയെടുത്ത് എഴുതാതെ, കമ്പ്യൂട്ടർ സോഫ്റ്റുവെയറുകളുടെ സഹായത്താൽ, ശബ്ദമുപയോഗിച്ച് കത്തുകളയയ്ക്കാൻ കഴിയുന്നു, ലേഖന മെഴുതാൻ പറ്റുന്നു. ശബ്ദവീചികളുടെ സഹായത്തോടെ, മുന്നിലുളള തടസ്സങ്ങൾ തിരിച്ചറിയാൻ കഴിയുന്നു. അനവധിയാണ്, സാങ്കേതികവിദ്യ മുന്നിൽ തുറന്നുവെയ്ക്കുന്ന അവസരങ്ങൾ.

നിലവിൽ ലഭ്യമായ സാങ്കേതിക വിദ്യാഭ്യാസമുപയോഗിച്ചാൽ, ഇന്ന് തൊഴിൽ രഹിതരായിക്കഴിയുന്ന വലിയൊരു വിഭാഗം അംഗപരിമിതർക്കും ജോലി നൽകാൻ നമുക്ക് കഴിയും. ഭാവനാ പൂർണ്ണമായ ആസൂത്രണവും, ശാസ്ത്രീയമായ സമീപനവും സമന്വയിപ്പിച്ചാൽ ഈ മേഖലയിൽ അത്ഭുതങ്ങൾ സംഭവിക്കും. പക്ഷേ, ഇന്നും, നമ്മുടെ മുന്നിലൂടെ അഭ്യസ്ത വിദ്യനായ അന്ധത ബാധിച്ച വ്യക്തി, തൊഴിൽ കത്തൊനാവാതെ, തൊഴിലിടങ്ങളിലെ ഒട്ടേറെ തടസ്സങ്ങൾ അതിജീവിക്കാനാവാതെ, സാമ്പത്തിക സഹായം അഭ്യർത്ഥിച്ചുകൊ് ജീവിതം തള്ളിനീക്കുന്നു്.

ബധിരരായ, അഭ്യസ്തവിദ്യരുടെ കാര്യവും അത്രശുഭകരമല്ല. സൂക്ഷ്മാവലോകനം നടത്തിയാൽ ബോധ്യമാകുക, ഒരുപക്ഷേ ഏറ്റവും ഗുരുതരമായ തൊഴിൽ പ്രശ്നമനുഭവിക്കുന്ന വിഭാഗം ബധിരരായ വ്യക്തികളാണ് എന്നാണ്.

ബോധത്തിന്റെ കാര്യത്തിലും വിവേചന ശേഷിയുടെ കാര്യത്തിലുമൊന്നും പ്രശ്നങ്ങളില്ലാത്ത അന്ധരുടെയും ബധിരരുടെയും തൊഴിലവസരങ്ങളുടെ സ്ഥിതി ഇതാണെങ്കിൽ, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ കാര്യം സ്വാഭാവികമായും കൂടുതൽ ശോചനീയമാവും. അതുതന്നെയാണ് നിലവിലെ യാഥാർത്ഥ്യവും. യഥാർത്ഥത്തിൽ, ബുദ്ധിപരമായി വെല്ലുവിളി നേരിടുന്നവരിൽ 80 ശതമാനം വ്യക്തികൾക്കും കൈകാലുകളുടെ പ്രവർത്തനങ്ങൾക്കൊന്നും യാതൊരു ന്യൂനതയുമില്ല. ആവർത്തന സ്വഭാവമുള്ളതും അപകട സാധ്യത ഇല്ലാത്തതുമായ തൊഴിലുകളിൽ പ്രവേശിക്കുന്നതിന് ഇവർക്ക് തടസ്സമൊന്നുമില്ല. സങ്കീർണ്ണമായ സാങ്കേതികത ഒരുപക്ഷേ, ഇവർക്ക് തൊഴിൽ ചെയ്യുന്നതിന് തടസ്സമായി മാറിയേക്കാം. എന്നിരുന്നാലും, തൊഴിലിനോടുള്ള പ്രതിപത്തി, ആത്മാർത്ഥത, സുസ്ഥിരത എന്നിവയിലെല്ലാം ഇവർ സാധാരണക്കാരിൽനിന്ന് ഒരുപടി ഉയരെയാണെന്നതാണ് അനുഭവം.

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്ക് ചെയ്യാനാവുന്ന ഒട്ടനവധി ജോലികൾ പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി നമ്മുടെ ചുറ്റുമുണ്ട്. ചെറിയ സാങ്കേതിക ഇടപെടലുകൾ നടത്തുകയാണെങ്കിൽ, ചെയ്യാവുന്ന ജോലികളുടെ എണ്ണം ഇനിയും വർദ്ധിപ്പിക്കാവുന്നതുമാണ്. ഏതായാലും, തൊഴിൽപരമായ പുനരധിവാസ സാധ്യതകൾ വർദ്ധിച്ചുവരുന്നു് എന്നുതന്നെയാണ് വസ്തുത.

വരാനിരിക്കുന്ന വികലാംഗനിയമത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ആകർഷണം, ബുദ്ധിപരമായ വെല്ലുവിളിനേരിടുന്നവർക്ക് കൂടി, തൊഴിൽ സംവരണം ഉറപ്പാക്കാൻ പോകുന്നു എന്നതാണ്. ആദ്യമായാണ്, ബുദ്ധിപരമായ വെല്ലുവിളകൾ നേരിടുന്ന, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, ബഹുവൈകല്യം, മാനസിക രോഗം എന്നിവ ബാധിച്ചവർക്ക് ഇങ്ങനെ ഒരു അവസരം ലഭിക്കുന്നത്. പക്ഷേ ഈ അവസരത്തെ, ക്രിയാത്മകമായി പ്രയോജനപ്പെടുത്താനുള്ള പ്രാപ്തി, ഈ വിഭാഗം ഇനിയും ആർജ്ജിക്കേതായിട്ടാണുള്ളത്. ബോധപൂർവ്വവും ആസൂത്രിതവുമായ ശ്രമത്തിലൂടെ, ഈയൊരു അസുലഭ അവസരത്തെ നമുക്ക് ഫലപ്രദമായി പ്രയോജനപ്പെടുത്താവുന്നതെയുള്ളൂ. ഈ ഒരു പശ്ചാത്തലം, നമ്മെ, ഓർമ്മിപ്പിക്കുന്നത്, കേരള സമൂഹത്തിൽ, വികലാംഗരായ എല്ലാവരെയും പരി

ഗണിച്ചുകൊ്, അവരുടെ തൊഴിൽ സാധ്യതകളുടെ വികസനം, സാങ്കേതിക ഇടപെടപെടലു കളിലൂടെയുള്ള തൊഴിലവസരങ്ങളുടെ വർദ്ധന, എന്നീ വിഷയങ്ങളിലധിഷ്ഠിതമായി, ഒരു ഗവേഷണ സ്ഥാപനം, എത്രയും വേഗം ആരംഭിക്കണമെന്നാണ്. വികലാംഗരുടെ തൊഴി ലിനും തൊഴിൽ പരിശീലനത്തിനും മാത്രമായി ഒരു ഗവേഷണാധിഷ്ഠിത ദേശീയ സ്ഥാപനം. ഈ ഒരു സ്ഥാപനത്തിലൂടെ, വികലാംഗരായ വ്യക്തികൾ ഇന്ന് അഭിമുഖീകരിക്കുന്ന തൊഴിൽപരമായ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാനാവുന്ന സാഹചര്യം ഉാകണം.

ആർജ്ജിച്ചുനേടിയതോ അല്ലെങ്കിൽ സ്വാഭാവികമായതോ ആയ വികലാംഗരുടെ പ്രാഗൽഭ്യവും തൊഴിലിടത്തിലെ ആവശ്യകതയും തമ്മിലുള്ള ചെറിയ ഒരു വിടവായി രിക്കും പലപ്പോഴും തൊഴിലിടത്തിൽ നിലനില്ക്കുന്നത്. ഇത്തരമൊരു തടസ്സം ചെറിയൊരു പരിശീലനത്തിലൂടെ മാറ്റിയെടുക്കാവുന്നതുമാണ്. പക്ഷേ ആ ചെറിയൊരു പരിശീലന സാധ്യത ലഭ്യമല്ലാത്തതിന്റെ പേരിൽ എന്നെന്നേക്കുമായി തൊഴിൽ ചെയ്യാനാവാത്ത അവ സ്ഥ, വികലാംഗരെ സംബന്ധിച്ച് ഇന്ന് പൊതുവായു്. ഇതിന് പരിഹാരമായി, ആധുനിക തൊഴിൽ രംഗങ്ങളെക്കുറിച്ചൊക്കെ, ധാരണ പകരാനും, ഇത്തരം ജോലികൾ ചെയ്യാനുമുള്ള പ്രഗൽഭ്യമുാക്കാനും സാധാരണ ചെയ്തുവരുന്ന ഫിനിഷിംഗ് സ്കൂൾ സംവിധാനം കേരള ത്തിന് പുറത്ത് പലസ്ഥലങ്ങിലും വിജയകരമായി നടത്തിവരുന്നു്. ഒരു നാഷണൽ ഇൻസ്റ്റി റ്റ്യൂട്ട് മൊത്തം വികലാഗരുടെ തൊഴിലും തൊഴിൽ പരിശീലനവുമെന്ന വിഷയത്തിൽ മാത്ര മൂന്നി, കേരളത്തിൽ സ്ഥാപിക്കുകയാണെങ്കിൽ, അതിന്റെ ഗുണഫലം വലിയൊരു വിഭാഗം ജനങ്ങളുടെ ജിവിതത്തെ ഫലപ്രദമായി മാറ്റിമറിക്കുന്നതിന് സഹായിക്കും.

കേന്ദ്ര തൊഴിൽ വകുപ്പ് മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ, വികലാംഗ വിഭാഗ ങ്ങൾക്കുള്ള വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ (VTC) ഇന്ത്യയിൽ പ്രവർത്തിക്കുന്നു്. കേരളത്തിലെ തൊഴിൽ വകുപ്പ് ഇത്തരത്തിലൊരു നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നത് എന്തുകൊും അനുകരണീയമായ ഒരു പുരോഗമന നടപടിയാവും എന്ന കാര്യത്തിൽ സംശ യമില്ല.

***

## കേസ് സ്റ്റഡി

രതീഷ് – ബഹുവൈകല്യമുള്ള കുട്ടി– ഹെമീപ്ലീജിക്ക് സെറിബ്രൽ പാൾസി ആയ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന വ്യക്തിയാണ്. ജന്മനാൽ വൈകല്യം സംഭ വിച്ച ഈ കുഞ്ഞ് കുടുംബത്തിനും സമൂഹത്തിനും മുൻപിൽ ഒരു തീരാ വേദനയാ യിരുന്നു. അച്ഛന്റെയും, അമ്മയുടെയും മൂത്ത പുത്രനായ, കുടുബത്തിന്റെ താങ്ങും

തണലുമാകേ കുഞ്ഞിന്റെ ദയനീയ അവസ്ഥ രക്ഷകർത്താക്കളെ മറ്റുള്ളവരിൽ നിന്നും ഒറ്റപ്പെടുത്തിയ ജീവിത സാഹചര്യത്തിലേക്കാണ് നയിച്ചത്. ഈ രക്ഷ കർത്താക്കൾക്ക് പിന്നീട് ജനിച്ച രു കുട്ടികളും (ഒരാണും, ഒരു പെണ്ണും) സാധാരണ യായ കുഞ്ഞുങ്ങളാണ്. പരസഹായമില്ലാതെ യാതൊരുകാര്യവും ചെയ്യാൻ കഴിവി ല്ലാതിരുന്ന രതീഷിന്റെ ജീവിതം ഓർത്ത് രക്ഷാകർത്താക്കൾ

⟹

⟹ എന്നും വിലപിക്കുമായിരുന്നു. 7 വയസ്സുവരെ ഒരേ കിടപ്പിലായിരുന്ന കുഞ്ഞിനു വേി തങ്ങളുടെ സമ്പാദ്യം മുഴുവൻ ചെലവഴിച്ച് ചികിത്സിച്ചു. 7 വയസ്സ് കഴിഞ്ഞ പ്പോഴാണ് കുട്ടിയിൽ മാറ്റം വന്നു തുടങ്ങിയത്. ജനറൽ സ്കൂൾ നഴ്സറിയിൽ കുട്ടിയെ ചേർത്തു എങ്കിലും മറ്റ് കുട്ടികളുടെ പരിഹാസവും ഉപദ്രവവും കാരണം സ്കൂളിൽ പോകാൻ കഴിയാതെ വരികയും പിന്നീട് 1991 ൽ തിരുവനന്തപുരത്ത് ഒരു സ്പെഷ്യൽ സ്കൂളിൽ ചേർക്കുകയും ചെയ്തു. ദിവസവും രാവിലെ കുട്ടിയെ സ്കൂളിൽ കൊുവിടുകയും വൈകുന്നേരം തിരികെ വീട്ടിൽ കൊുപോകുകയും ചെയ്യുന്നത് മറ്റുള്ളവർ പരിഹാസമായി കാണുകയും പെരുമാറുകയും പതിവായിരു ന്നു. എല്ലാം സഹിച്ചും തരണം ചെയ്തും കുട്ടിയെ സ്കൂളിൽ കൊുപോകുകയും അദ്ധ്യാപകരുടെ നിർദ്ദേശമനുസരിച്ചുള്ള പരിശീലനം നൽകുകയും ചെയ്തതുകൊ് കുട്ടിയിൽ സാരമായ മാറ്റങ്ങൾ വന്നു തുടങ്ങി. സ്കൂളിൽ സ്ഥിരമായി കുട്ടിയ്ക്ക് ഫിസിയോതെറാപ്പിയും, സ്പീച്ച് തെറാപ്പിയും, സ്പെഷ്യൽ എഡ്യുക്കേഷനും നൽകിയതിന്റെ ഫലമായി രതീഷിന് നടക്കുവാനും, നന്നായി സംസാരിക്കുവാനും, അത്യാവശ്യം വേ മലയാളം, കണക്ക്, എന്നിവ പഠിക്കാനും കഴിഞ്ഞു. ഹെമിപ്ലീ ജിക് സെറിബ്രൽ പാൾസി ഉള്ള കുട്ടിയായതിനാൽ എഴുതാൻ പ്രയാസമാണ്. അക്ഷരം വ്യക്തമാകില്ല. എങ്കിൽ കൂടി രതീഷ് എല്ലാ കാര്യങ്ങളും നന്നായി പറയു വാനും എഴുതുവാനും പഠിച്ചു. സ്കൂളിൽ തൊഴിൽ പരിശീലനം നേടിയ രതീഷിന് പ്രിൻസിപ്പാളും മററുജീവനക്കാരും ചേർന്ന് ആക്കുളത്തുള്ള "നിഷി"ൽ ഗാർഡനായി ഒരു ജോലി ശരിയാക്കി കൊടുത്തു. ദിവസവും രതീഷിന് തനിയെ പോയി വരാൻ സാധിക്കുമോ എന്ന് രക്ഷകർത്താക്കൾക്കും അദ്ധ്യാപകർക്കും നല്ല സംശയമുായിരുന്നെങ്കിലും രതീഷിന്റെയും രക്ഷകർത്താവിന്റയും ആത്മധൈര്യം കൊ് രതീഷിന് തന്റെ ഉദ്യമം വിജയത്തിലെത്തിക്കാൻ സാധിച്ചു. നിർഭാഗ്യമെന്നുപ റയട്ടെ, ഈ ജോലി ലഭിച്ചു എന്നറിഞ്ഞപ്പോഴാണ് രതീഷിന്റെ പിതാവിന്റെ ആക സ്മികമായുള്ള മരണം സംഭവിച്ചതും. കുടുംബനാഥന്റെ വേർപാടിനാൽ വരു മാനം നിലയ്ക്കുകയും അനാഥമാകുകയും ചെയ്ത അവസ്ഥയിൽ രതീഷിന് സ്കൂൾ അധികൃതർ തരപ്പെടുത്തിയ ജോലിയ്ക്ക് വിടണമെന്ന് തന്നെ അമ്മയും ബന്ധുക്കളും തീരുമാനമെടുത്തു.

തന്റെ മൂത്ത മകനായ രതീഷിനെ കൊ് കുടുംബത്തിന്റെ ചുമതല നിറവേറ്റാൻ കഴിയുമെന്ന് ആ അമ്മ ഒരുക്കലും ചിന്തിച്ചില്ല. എന്നാൽ ആർക്കും വിശ്വാസിക്കാൻ കഴിയാത്ത വിധം രതീഷ് ആ കുടുംബത്തിന്റെ താങ്ങും, തണലുമായി മാറിക്കഴി ഞ്ഞു. 'നിഷ്' അധികാരികൾ രതീഷിന്റെ ജോലിയോടുള്ള ആത്മാർത്ഥതയും, ഉത്ത രവാദിത്വവും മനസ്സിലാക്കി ഗാർഡൻ + പ്യൂൺ ആയി ജോലിയിൽ പുനർനിയ മനം നടത്തി. 'നിഷ്' അധികാരികളുടെ അഭിപ്രായത്തിൽ സാധാരണ പൗരനെ ക്കാളും വൃത്തിയോടും, വെടിപ്പോടും, ഉത്തരവാദിത്വത്തോടും ആണ് രതീഷ് ജോലി ചെയ്യുന്നത് എന്നാണ്. രതീഷിന്റെ കൂടി ശ്രമഫലമായി കുഞ്ഞുപെങ്ങളുടെ വിവാഹം നടത്തിക്കാൻ കഴിഞ്ഞു. വിവാഹത്തിന് വേി രതീഷ്
താൻ ജോലി ചെയ്ത് സ്വരൂപിച്ച തുകയും, പലിശയ്ക്കെടുത്തപണവുമാണ് ഉപ യോഗിച്ചത്. അതുമാത്രമല്ല പലിശയ്ക്കെടുത്ത പണത്തിന് പലിശയടയ്ക്കാൻ ഇപ്പോഴും എല്ലാ മാസവും മുടങ്ങാതെ 2000 രൂപ വീതം രതീഷ് അമ്മയെ ഏൽപ്പി ക്കാറു്. കൂടാതെ താമസിക്കുന്ന വീടിന്റെ വാടകയ്ക്കും ദിവസചെലവിനുമായി ഒരു വിഹിതം നൽകുകയും ബാക്കി തുക രതീഷിന്റെ ദിവസേനയുള്ള യാത്രാ

ചെലവിനുമായാണ് ഉപയോഗിക്കുന്നത്. യാതൊരു സ്വാഭാവ ദൂഷ്യവും ഇല്ലാത്ത രതീഷിനെക്കുറിച്ച് 'നിഷ്'അധികാരികൾക്കും സ്പെഷ്യൽ സ്കൂൾ ജീവനക്കാർക്കും, രതീഷിന്റെ ബന്ധുക്കൾക്കും, നാട്ടുകാർക്കും നല്ല മതിപ്പാണ്. രതീഷിനെ വികലാംഗനായ കുട്ടിയായും, നാടിനും, വീടിനും യാതൊരു പ്രയോജനവുമില്ലാത്തവനാണെന്നും കരുതിയിരുന്നവർക്ക് രതീഷിന്റെ മാറ്റം ഒരിക്കലും വിശ്വസനീയമല്ലാത്ത

വിധം വളർന്നിരിക്കുന്നു. ശരിയാം വിധം പ്രത്യക വിദ്യാഭ്യാസവും, തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും നൽകിയാൽ ബുദ്ധി വൈകല്യം സംഭവിച്ച കുട്ടികളെയും നാടിനും, വീടിനും പ്രയോജനപ്രദമാകും വിധം മാറ്റിയെടുക്കാൻ സാധിക്കുമെന്ന് രതീഷിന്റെ ജീവിതം നമ്മെ പഠിപ്പിയ്ക്കുന്നു.

## അദ്ധ്യായം–12
## എൻഡോസൾഫാൻ ബാധിതമേഖലയും, ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരും
## (ജിറീഔഹുവമി അളളലരലേറ ആൃലമ മിറ കിലേഹഹലരൗേമഹഹ്യ ഇവമഹഹലിഴലറ)

എൻഡോസൾഫാൻ കീടനാശിനി ബാധിത പ്രദേശത്ത് ഉൾപ്പെടുന്ന കാസർകോഡ് ജില്ലയിൽ കമ്മീഷൻ ഒരു പ്രത്യേക സിറ്റിംഗ് നടത്തുകയുായി. എൻഡോസൾഫാൻ ബാധിത മേഖലയായി പ്രഖ്യാപിച്ച പതിനൊന്ന് പഞ്ചായത്തുക ളിൽ നിന്നും, സമീപപ്രദേശങ്ങളിൽ നിന്നും എല്ലാം വലിയൊരു വിഭാഗം ജനങ്ങൾ സിറ്റിംഗിൽ പങ്കെടുത്ത് വിവിധ തരത്തിലുള്ള രേഖകൾ സമർപ്പിച്ചു. മൊഗ്രാൽ പ ുത്തൂർ പഞ്ചായത്തുകളിൽ മാത്രമായി ഒരു സിറ്റിംഗും ഉായിരുന്നു. ഇവിടുത്തെ പ്രശ്ന ബാധിത ജനങ്ങളുമായി സാമൂഹ്യ – രാഷ്ട്രീയ, സാംസ്കാരിക പ്രവർത്തകരു മായെല്ലാം വിപുലമായ തോതിലുള്ള ചർച്ചകൾ നടത്താനും വിവരങ്ങൾ ആരായാനും സാധിച്ചു. ര് ദിവസത്തെ പ്രത്യേക പരിപാടികളാണ് കമ്മീഷൻ പ്രവർത്തന ങ്ങൾക്കായി കാസർകോഡ് സംഘടിപ്പിച്ചിരുന്നത്. അസാധാരണമായ വിധത്തിൽ എൻഡോസൾഫാൻ ബാധിതരുടെ പ്രശ്നങ്ങൾ സജീവമായി ഏറ്റെടുത്ത്, വളരെ ഗൗരവത്തോടെയാണ് സാമൂഹ്യ– രാഷ്ട്രീയ, സാംസ്കാരിക ഉദ്യോഗസ്ഥ വിഭാഗ ങ്ങൾ ഈ വിഷയത്തിൽ ഉൾപ്പെട്ടുവരുന്നത്.

കാസർകോഡ് ജില്ലയിൽ പൊതുവെ അസാധാരണമായ വിധത്തിൽ ബുദ്ധിപര മായ വെല്ലുവിളികൾ നേരിടുന്നവരുൾപ്പെടെയുള്ള വികലാംഗരുടെ സാന്നിധ്യമുന്നെു തന്നെയാണ് വിലയിരുത്തൽ. ഈ സാഹചര്യത്തിന് ഒരു പ്രധാന കാരണം എൻഡോ സൾഫാൻ കീടനാശിനിയുടെ വിവേചനരഹിതമായ ഉപയോഗമാണെന്നും പഠനങ്ങൾ തെളിയിക്കുന്നു്. കാസർകോഡ് ജില്ലയിലുള്ള പ്ലാന്റേഷൻ കോർപ്പറേഷന്റെ കശുവി

ത്തോട്ടത്തിലാണ് ആകാശത്തുനിന്നും ഹെലികോപ്റ്റർ ഉപയോഗിച്ച് എൻഡോ സൾഫാൻ എന്ന കീടനാശിനി പ്രയോഗമുായത്. കാസർകോഡ് ജില്ലയിലെ വ്യാപക മായ നിരക്കിലുള്ള വികലാംഗരുടെ സവിശേഷ സാന്നിധ്യത്തിന് നിദാനമായി, മറ്റൊരു കാരണവും പ്രത്യക്ഷത്തിൽ ചൂികാണിക്കാനില്ല.

കാസർകോഡ് ജില്ല, കേരളത്തിലെ പൊതുസാമൂഹ്യ വ്യവസ്ഥയിൽ നിന്നും വ്യത്യ സ്ഥമായി ഒട്ടേറെ പിന്നോക്കാവസ്ഥ അനുഭവിക്കുന്ന ഒരു ജില്ലയാണ്. കേരളത്തിന്റെ ഭരണസിരാ കേന്ദ്രത്തിൽ നിന്ന് ഏറെ അകന്നു നിൽക്കുന്ന ഈ ജില്ല ഒരു പക്ഷേ ഇ ന്ത്യയിൽ തന്നെ ഏറെ ഭാഷാ വൈവധ്യമുള്ള ജനങ്ങൾ ഒന്നിച്ചു താമസിക്കുന്ന പ്രദേശം കൂടിയാണ്. വിവിധ ഭാഷകൾ സംസാരിക്കുന്ന വ്യത്യസ്ഥ ജനവിഭാഗങ്ങൾ , ജാതി – മത, സംസ്കാര വൈജാത്യങ്ങളൊക്കെത്തന്നെ, മറ്റൊരു വിധത്തിൽ സാമൂഹ്യ വിനിമയത്തിന് തടസ്സങ്ങളുമുാക്കുന്നു. പൊതുജനാരോഗ്യ പ്രവർത്തക രൊക്കെ സമ്മതിക്കുന്ന ഒരു കാര്യം ഭാഷാ വൈവിധ്യങ്ങൾ ആരോഗ്യ ബോധവൽക്ക രണങ്ങൾക്കുപോലും പ്രയാസങ്ങൾ ഉാക്കിയിട്ടുന്നൊണ്. പൊതുവെ ബുദ്ധിപരവും ശാരീരികവും മായ വൈകല്യാവസ്ഥയെ സംബന്ധിച്ചുള്ള അവബോധം പ്രയേണ കുറവുള്ള ഒരു ജനതയാണ് കാസർകോട്ടെ ഉൾഗ്രാമങ്ങളിൽ ഉള്ളത്.

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ പ്രശ്നങ്ങൾ നേരത്തെ ക ത്താനുതകുന്ന തരത്തിലുള്ള പശ്ചാത്ത സൗകര്യങ്ങൾ ഏറെ കുറഞ്ഞ പ്രദേശം. ഇപ്പോഴും ഉൾഗ്രമങ്ങളിലൊക്കെ സംസ്ഥാനത്തിന്റെ മറ്റ് ഭാഗങ്ങളെക്കാൾ കൂടുത ലായി അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമൊക്കെ, മസ്തിഷ്ക വെല്ലുവിളികൾ നേരിടുന്നവരുടെ ശരിയായ പുനരധിവാസ പ്രവർത്തനങ്ങൾക്ക് തടസ്സമെന്നോണം സമൂഹത്തിൽ നിലനിൽക്കുന്നു്. അടിസ്ഥാനപരമായ ബോധവൽക്കരണത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്തുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഗ്രാമീണതല ത്തിൽ പ്രവർത്തിച്ചുവരുന്ന ആരോഗ്യപ്രവർത്തകർക്കും, ഐ. സി. ഡി. എസ്, കുടും ബശ്രീ തലത്തിലുമൊക്കെ, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരെ സംബന്ധി ച്ചുള്ള പുരധിവാസ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള ശാസ്ത്രീയമായ അറിവ് പ കർന്നുകൊടുക്കുന്നത്, ഏറെ ഫലപ്രദമാകും.

ബുദ്ധിപരമായ വെല്ലിവിളികളുള്ളവർക്ക് വേി ബഡ്സ് സ്കൂളുകളിലൂടെയും, സ്വകാര്യ സ്പെഷ്യൽ സ്കൂളുകളിലൂടെയും പൊതുവിദ്യാഭ്യാസത്തിലെ എസ്.എ സ്.എ, ഐ. ഇ. ഡി സ്കീമിലൂടെയുമെല്ലാം, സവിശേഷ വിദ്യാഭ്യാസം പകർന്നു

നൽകാനുള്ള ശ്രമം നടക്കുന്നുങ്കെിലും, അവയെല്ലാം, വിവിധ കാരണങ്ങളാൽ, കാര്യ ക്ഷമമായ രീതിയിലല്ല നടന്നുവരുന്നത്. എങ്കിൽപ്പോലും അത്തരം ഉദ്യമങ്ങൾ അഭിന ന്ദിക്കപ്പെടേതു്.

കാസർകോഡ് ജില്ലയിൽ നിന്നും കിട്ടിയ രേഖകളിൽ കൂടുതലായും സൂചിപ്പിച്ചിരി ക്കുന്ന പ്രധാന ആവശ്യങ്ങൾ, എൻഡോസൾഫാൻ സഹായപദ്ധതിയിൽ, കൂടുതൽ കുടുംബങ്ങളെ ഉൾപ്പെടുത്തുക, നിലവിൽ എൻഡോസൾഫാൻ സഹായലിസ്റ്റിൽ വരാതിരിക്കുന്നവരെ പഞ്ചായത്ത് അതിർത്തിയുടെ സാങ്കേതിക കാരണങ്ങൾ പ റഞ്ഞ്, സഹായം നൽകാതിരിക്കുന്നത് തടയുക, സമ്പൂർണ്ണ പുനരധിവാസ പാക്കേജ് ജില്ലയ്ക്ക് മുഴുവൻ ബാധകമാകുന്ന തരത്തിൽ ആസൂത്രണം ചെയ്യുക. മനുഷ്യാവ കാശ കമ്മീഷൻ എൻഡോസൾഫാൻ ബാധിതർക്ക് നൽകണമെന്നു പറഞ്ഞ 5 ലക്ഷം രൂപ പെട്ടെന്ന് നൽകുക, സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച വിഹിതം ഉടൻ നൽകു ക. ചികിത്സാ – പരിശീലന സഹായങ്ങൾ കൂടുതൽ പേർക്ക് ലഭ്യമാകുന്ന സാഹ ചര്യം സൃഷ്ടിക്കുക. നിലവിലുള്ള ചികിത്സാ – പരിശീലന പദ്ധതികൾ കൂടുതൽ ഫലപ്രദമായി നടപ്പാക്കുക തുടങ്ങിയവയാണ്.

കാസർകോഡ് ജില്ലയിൽ, എൻഡോസൾഫാൻ മേഖലയായ 11 പഞ്ചായത്തുകളെ മാത്രമായി ആനുകൂല്യം നൽകുന്നതിന് പരിഗണിക്കുന്നതിന്റെ യുക്തി, കേവലം സാങ്കേതികം മാത്രമാണെന്ന്, മനസ്സിലാക്കാവുന്നതേയുള്ളു. പക്ഷേ എൻഡോ സൾഫാൻ പ്രശ്നത്തിന് ഗൗരവമായ വിവിധ മാനങ്ങളു്. ഇതൊരു അടിച്ചേൽപ്പിക്ക പ്പെട്ട ദുരന്തമാണ് എന്നതാണ് പ്രധാനപ്പെട്ട കാര്യം. നിസ്സഹായരായ ദരിദ്രജനവിഭാഗ ങ്ങളുടെ ജീവിതത്തിൽ, കൂടുതൽ ലാഭം പ്രതീക്ഷിച്ച്, വിവേചനരഹിതമായി ആകാശ ത്തുനിന്നും കീടനാശിനി തളിക്കുന്നതിലെ മനുഷത്വവിരുദ്ധമായ നടപടിയ്ക്ക് ഒരു ന്യായീകരണവും ആർക്കും നൽകാനാവില്ല. അതുകൊ് തന്നെ, ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥരുടെ തൽപര്യപ്രകാരം ഇത്തരത്തിലുള്ള ഭരണകൂട ദുരന്തം അടിച്ചേൽപ്പി ച്ചതിന് പരിഹാരം നൽകാൻ സർക്കാർ ബാധ്യസ്ഥരാണ്. പക്ഷെ ഈ കെടുതി ഏതെ ങ്കിലും സാമ്പത്തിക സഹായം നൽകി സമാശ്വസിപ്പിക്കാവുന്ന ഒന്നല്ല എന്നതാണ് യാഥാർത്ഥ്യം. നിലനിൽക്കുന്ന ദുരന്തങ്ങളുടെ ഭീകര മുഖം, വിശദീകരിക്കാൻ പോലും കഴിയാത്തത്ര ഭീതിജനകമാണ്. പക്ഷേ, ജനിതക ദുരന്തമായി അതെത്ര തല മുറയിലേക്ക്, പകർന്നുനൽകും എന്നത് ചിന്തിക്കാനാവുന്നതിനുമപ്പുറത്തെ, പ്രവചി ക്കാനാവാത്ത വിധത്തിലുള്ള പൊള്ളുന്ന വസ്തുതയാണ്. അതുകൊ് തന്നെ, കുടും

ബങ്ങളെ ആശ്വസിപ്പിക്കാൻ നൽകുന്ന, സാമ്പത്തിക സഹായത്തോടൊപ്പം എല്ലാവിധ ചികിത്സകളും പുനരധിവാസ പ്രവർത്തനങ്ങളും സൗജന്യമായി നൽകുന്നുവെന്ന് ഉറപ്പുവരുത്തേതു്. ചികിത്സയും, പുനരധിവാസ പ്രവർത്തനങ്ങളും ഒന്നിച്ചു മുന്നോട്ടുകൊുപോകാനുള്ള പശ്ചാത്തലസൗകര്യങ്ങൾ താമസിയാതെ നടപ്പാക്കേതാണ്.

ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നരെ സംബന്ധിച്ച് നേരത്തെ കത്തെലും, നേരത്തെയുള്ള വിദഗ്ദ്ധ ഇടപെടലും വളരെ സുപ്രധാനമായ വിഷയങ്ങളാണ്. ഇതിന് സഹായകരമാകുന്ന തരത്തിലുള്ള സംവിധാനമാണ്, കാസർകോട്ട് അടുത്ത വർഷം പ്രവർത്തനം ആരംഭിക്കാനിരിക്കുന്ന സി.എച്ച്. മുഹമ്മദ് കോയ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ചിഡിന്റെ മേഖലാ കേന്ദ്രം. ഈ മേഖലാ കേന്ദ്രത്തിൽ, ഈ റിപ്പോർട്ടിന്റെ ഭാഗമായി നൽകുന്ന ശുപാർശയിൽ, ഏതൊക്കെ വിധത്തിലുള്ള സൗകര്യങ്ങളാണ് വേതെന്ന് വിശദീകരിക്കുന്നു്. ഏതായാലും മസ്തിഷ്ക്ക വെല്ലുവിളികൾ നേരിടുന്ന ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, ബഹുവൈകല്യം, ശൈശവ മനോരോഗം, പഠനവൈകല്യം തുടങ്ങിയ പ്രശ്നങ്ങൾ അനുഭവിക്കുന്നവരുടെ പുനരധിവാസത്തിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങളും തൊഴിൽ പരമായ പുനരധിവാസത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്ന കേന്ദ്രവുമായി ഇത്തരം മേഖലാ കേന്ദ്രങ്ങൾ രൂപപ്പെടുത്തണമെന്നത്, പ്രധാന ശുപാർശയാണ്, ഈ മേഖലാ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളിലൂടെ, ഉത്തരകേരളത്തിൽ, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് നിലനില്ക്കു അപര്യാപ്തതകൾ പരിഹരിക്കാൻ കഴിയും. അതോടൊപ്പം തന്നെ,മേഖലാ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ, എല്ലാവിധ ആധുനിക ശാസ്ത്ര സാങ്കേതികതയുടെയും പിന്തുണയോടെ, വലിയൊരു വിഭാഗം വരുന്ന വെല്ലുവിളികൾ നേരിടുന്നവരുടെ പൊതുസമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തി, രാഷ്ട്ര പുനർനിർമ്മാണത്തിൽ സംഭാവനകൾ നൽകാൻ കഴിയുന്ന പൗരന്മാരായി വികസിപ്പിക്കാൻ കഴിയും.

മൊഗ്രാൽ പുത്തൂർ പഞ്ചായത്തിൽ വെച്ച് നടന്ന കമ്മീഷൻ സിറ്റിംഗിൽ ഒട്ടേറെ വിവിധ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നവർ പങ്കെടുക്കുകയുായി. പൊതുവെ എൻഡോസൾഫാൻ ബാധിത പഞ്ചായത്തുകളിലെന്നപോലെ, വെല്ലുവിളികൾ അഭിമുഖീകരിക്കുന്നവരുടെ സാന്ദ്രത ഇവിടെയും വളരെ കൂടുതലാണ്. വിഷലിപ്തമായ കീടനാശിനി പ്രയോഗങ്ങളുടെ ഇരകൾ തന്നെയാണ് ഈ പഞ്ചായത്തിലെ വിവിധ തരത്തിലുള്ള രോഗങ്ങളും, വൈകല്യങ്ങളും നേരിടുന്ന ജനങ്ങളും. സാങ്കേ

തികമായ ഭൗമിക അതിർത്തിയിൽ പരിമിതപ്പെടുന്ന ഒരു പ്രശ്നമാണ് കാസർകോഡ് ജില്ലയിലെ എൻഡോസൾഫാൻ പ്രശ്നമെന്ന് വിലയിരുത്താൻ കഴിയില്ല. അല്ലെങ്കിലും, പാരിസ്ഥിതികമായ മറ്റ് ഒട്ടേറെ പ്രതികൂല സാഹചര്യങ്ങൾ നിലനിൽക്കുന്ന സമൂഹത്തിൽ, ഏത് വിധത്തിലാണ്, മസ്തിഷ്കകോശങ്ങളെ ഓരോ പ്രശ്നങ്ങളും ബാധിക്കുന്നതെന്ന് തീർപ്പ് കല്പ്പിക്കാനുള്ള അറിവ് ശാസ്ത്രലോകം ആർജ്ജിച്ചിട്ടുമില്ല. അതുകൊ് തന്നെ ഭൗമാതിർത്തിയുടെ ഏതെങ്കിലും സാങ്കേതിക ശാഠ്യങ്ങൾ കൊ് , ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സാമൂഹ്യ – സാമ്പത്തിക പിന്തുണ പരിമിതപ്പെടുത്താതിരിക്കാനും, ഈ രംഗത്ത്, വിവേചനപരമായ സമീപനങ്ങൾ ഉാവാതിരിയ്ക്കാനും ഉള്ള ജാഗ്രതയും ഉത്തരവാദിത്വപ്പെട്ടവർക്ക് ഉാവേതാണ് . പിന്നോക്കം നിൽക്കുന്ന കാസർകോഡ് ജില്ലയെ മൊത്തത്തിൽ പരിഗണിച്ചുകൊ്, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന ഓരോ വ്യക്തികൾക്കും പ്രഖ്യാപിച്ചിരിക്കുന്ന സാമ്പത്തിക സഹായം ഉറപ്പുനൽകുന്നതോടൊപ്പം, ഓരോരുത്തരെയും സാമൂഹ്യമായി പുനരധിവസിപ്പിക്കുന്നതിന് പശ്ചാത്തല സൗകര്യങ്ങളും ഉറപ്പുനൽകേതാണ്.

## എൻഡോസൾഫാൻ ബാധിത മേഖലയും ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരും –ശുപാർശകൾ

- എൻഡോസൾഫാൻ പ്രദേശം ഉൾപ്പെടുന്ന കാസർകോട് ജില്ലയിൽ സി.എച്ച്.മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മേഖലാ കേന്ദ്രം എത്രയും പെട്ടെന്ന് ആരംഭിക്കുക.
- എൻഡോസൾഫാൻ ബാധിത പ്രദേശങ്ങളിലെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കുവേി തൊഴിലധിഷ്ഠിത കോഴ്സുകളും, സംരക്ഷിത തൊഴിലിടങ്ങളും ആരംഭിക്കുകയും തൊഴിലവസരങ്ങൾ കത്തുന്നതിന് പ്രത്യേക സംവിധാനം ഉാക്കുകയും ചെയ്യണം.
- എന്റോസൾഫാൻ ബാധിത മേഖലയിഗർഭിണികളാകാൻ പോകുന്ന എല്ലാ സ്ത്രീകൾക്കും ജനിതക കൗൺസിലിംഗ് നിർബന്ധമാക്കണം.
- എന്റോസൾഫാൻ ബാധിത മേഖലയിൽ ജനിക്കുന്ന എല്ലാ ശിശുക്കളെയും ബുദ്ധിവൈകല്യവും മറ്റ് പ്രശ്നങ്ങളും തിരിച്ചറിയുന്നതിനുള്ള എല്ലാ തരം ടെസ്റ്റുകൾക്കും വിധേയമാക്കുക.

- തീവ്ര ബുദ്ധി വൈകല്യം അനുഭവിക്കുന്നവർക്കുവേി ശാസ്ത്രീയമായ രീതി യീൽ ഹോം ബൗ പ്രോംഗ്രാം നടപ്പിലാക്കണം.
- എൻഡോസൾഫാൻ പ്രദേശത്ത് സാമ്പത്തിക സഹായത്തോടൊപ്പം തുടങ്ങി മറ്റു തരത്തിലുള്ള സഹായങ്ങളും ലഭ്യമാക്കണം. (സഹായ ഉപകരണങ്ങൾ, ചികിത്സ, മരുന്നുകൾ വൈദ്യസഹായം തുടങ്ങിയവ)
- എൻഡോസൾഫാൻ ബാധിത പ്രദേശത്തെ ദേശീയ ദുരന്ത മേഖലയായി പരിഗ ണിച്ച് ബുദ്ധി പരമായി വെല്ലുവിളി നേരിടുന്നവർക്ക് എല്ലാ സഹായങ്ങളും അനുവദിക്കുക.
- എൻഡോസൾഫാൻ പ്രദേശങ്ങളിൽ തുടർച്ചയായ ബോധവൽക്കരണ പരിപാ ടികൾ സംഘടിപ്പിക്കണം.
- എൻഡോസൾഫാൻ ബാധിത മേഖലയിൽ സാമ്പത്തിക സഹായങ്ങൾ നൽകു ബോൾ അത് ശരിയായി ഉപയോഗപ്പെടുത്താൻ കഴിയുന്നുവെന്ന് ഉറപ്പുവരുത്തണം.

***

## അദ്ധ്യായം-13

# ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസം - ആധുനിക ലോകാനുഭവങ്ങളും ഇന്ത്യനവസ്ഥയും

# (Rehabilitation of Persons with Intellectual Challenges – Modern Global Experiences and Indian Context)

കേരളത്തിലെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസത്തെ സംബന്ധിച്ചുള്ള പഠനത്തിന്റെ ഭാഗമായി, ലോകത്തിലെ വിവിധ രാജ്യങ്ങളിൽ ഈ മേഖലയിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ കമ്മീഷൻ അന്വേഷിക്കുകയുായി. അതോടൊപ്പം തന്നെ, ഇന്ത്യയിൽ മറ്റു സംസ്ഥാനങ്ങളിലെ അവസ്ഥയും പരിശോധനയ്ക്ക് വിധേയമാക്കി. ഇന്ത്യയിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന വിദഗ്ദ്ധരായ വ്യക്തികൾ റിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹായകരമായ കറെ നിർദ്ദേശങ്ങൾ നല്കി സഹായിച്ചു. ലോകത്താകെ, വെല്ലുവിളികൾ നേരിടുന്നവരുടെ ശാസ്ത്രീയ പുനരധിവാസ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശ രേഖയായി ഇന്ന് വർത്തിക്കുന്നത്, വികലാംഗരുടെ അവകാശങ്ങളെ സംബന്ധിച്ചുള്ള ഐക്യരാഷ്ട്ര സഭയുടെ രേഖയാണ് (UNCRPD). ആധുനിക ജീവിതത്തിന്റെ പശ്ചാത്തലത്തിൽ വെല്ലുവിളികൾ നേരിടുന്ന വ്യക്തിയുടേയും കുടുംബത്തിന്റെയും പ്രശ്നങ്ങൾ സൂക്ഷ്മമായി പരിശോധിച്ചാണ് ഐക്യരാഷ്ട്രസഭ ഇത്തരമൊരു അവകാശരേഖ പുറപ്പെടുവിച്ചിരിക്കുന്നത്. ഐക്യരാഷ്ട്രസഭയുടെ വികലാംഗ അവകാശ രേഖ അക്ഷരാർത്ഥത്തിൽ നടപ്പിൽ വരുത്താൻ ഇന്ത്യയും ഇന്ന് ബാധ്യസ്ഥമാണ്.

വികലാംഗരുടെ അവകാശങ്ങളെ സംബന്ധിച്ചുള്ള ഐക്യരാഷ്ട്രസഭാരേഖയുടെ ചുവടുപിടിച്ചാണ്, ഇനിയും പാർലമെന്റ് പാസ്സാക്കാനിരിക്കുന്ന 'വികലാഗനിയമം 2012' ന്റെ ഡ്രാഫ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. ഈ നിയമത്തിന്റെ ഡ്രാഫ്റ്റിൽ, ബുദ്ധിപരമായ വെല്ലുവി

ളികൾ നേരിടുന്നവരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട ഏറെക്കുറെ എല്ലാ വിഷയങ്ങളും പരിഗണനയ്ക്ക് വന്നിട്ടു്.

ഐക്യരാഷ്ട്ര സഭയുടെതന്നെ മുൻപ്രഖ്യാപനങ്ങളായ 'ബിവാകോ മില്ലേനിയം ഫ്രേംവർക്ക്", 'സൽമാൻക പ്രഖ്യാപനം' തുടങ്ങിയവയിൽ പരാമർശിക്കപ്പെട്ട പരിമിതികളെ പോലും അതിജീവിച്ചുകൊള്ള കൂടുതൽ സമഗ്രമായ ഒരു പ്രഖ്യാപനമെന്നനിലയ്ക്കാണ്, ലോക രാഷ്ട്രങ്ങൾ യു.എൻ.സി.ആർ.പി.ഡി.യെ പരിഗണിച്ചുവരുന്നത്. ആധുനികവൽക്കരിക്കപ്പെട്ട ഒരു സമൂഹത്തെ സംബന്ധിച്ച്, വികലാംഗ സമൂഹത്തിന്റെ അവകാശങ്ങൾ എത്രയുംപെട്ടെന്നുതന്നെ അനുവദിച്ചുകൊടുത്ത്, സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് അവരെ കൂടി കണ്ണിചേർക്കുക എന്നത്, അവകാശാധിഷ്ഠിത ഭരണഘടനാ ബാധ്യതയായാണ് കരുതുന്നത്. വികലാംഗ വിഭാഗങ്ങളിൽതന്നെ പ്രത്യേക ശ്രദ്ധയും പരിഗണനയും ആവശ്യമുള്ള വിഭാഗമെന്ന നിലയ്ക്ക്, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ പരിരക്ഷയെന്നത്, പരമപ്രധാന വിഷയമായി ലോകരാജ്യങ്ങളെല്ലാം പരിഗണിച്ചുവരുന്നു്.

കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി, വിവിധരാജ്യങ്ങളിലെ ഈ മേഖലയിലുള്ള അനുഭവങ്ങളെക്കുറിച്ചുള്ള ആരായലിന് മറുപടിയായി, മലേഷ്യ, സൗത്ത് കോറിയ, ജപ്പാൻ, യു.എസ്. എ., ഇംഗ്ള്, ജർമ്മനി എന്നീരാജ്യങ്ങളിൽ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പുനരധിവാസ പ്രവർത്തനങ്ങൾ വിശദീകരിച്ചുകൊള്ള മറുപടികൾ ലഭ്യമായി. ഇക്കാര്യത്തിൽ എല്ലാ രാജ്യങ്ങളും പിന്തുടർന്നുവരുന്നത്, ഐക്യരാഷ്ട്രസഭയുടെ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള പുനരധിവാസ നടപടിക്രമങ്ങളാണ്. എല്ലാ രാജ്യങ്ങളിലും വികലാംഗ വിഭാഗങ്ങളിൽതന്നെ, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ പ്രശ്നങ്ങൾക്ക് ഏറെ പ്രാധാന്യം നൽകുന്നു്. അമേരിക്കൻ ഐക്യനാടുകളിൽ, ബുദ്ധിപരമായ വെല്ലുവിളികളുടെ വിദ്യാഭ്യാസ- പുനരധിവാസ പ്രവർത്തനങ്ങളിൽ പുരോഗമനപരമായ ഒട്ടേറെ മാതൃകകൾ കാണാനാകും. നേരത്തെ കണ്ടെത്തി നേരത്തെയുള്ള വിദഗ്ദ്ധ ഇടപെടലുകൾ നിഷ്കർഷയോടെ നടത്തുന്ന തരത്തിൽ 'പബ്ളിക്ക്' ലോ കർക്കശമായി നടപ്പാക്കുന്നു്. പൂർണ്ണമായും സൗജന്യമായാണ് എല്ലാ അവകാശങ്ങളും വെല്ലുവിളി നേരിടുന്നവർക്ക് പ്രത്യേകിച്ചും ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് ഉറപ്പുവരുത്തിയിരിക്കുന്നത്. സവിശേഷ വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ (Special Education Centres) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരെ സൗജന്യമായാണ് പരിശീലിപ്പിക്കുന്നത്. രക്ഷിതാക്കളുടെ പൂർണ്ണമായ പങ്കാളിത്തം പരിശീലന പ്രവർത്തനങ്ങളിൽ നിഷ്കർഷിക്കുന്നു്. അതോടൊപ്പം

തന്നെ, സമ്പൂർണ്ണമായ രേഖകൾ ഓരോ പരിശീലന പരിപാടിക്കും നിർബ്ബന്ധവുമാണ്. പഠനപരമായ പരിശോധന, പാഠ്യക്രമം തയ്യാറാക്കൽ, വ്യക്ത്യാധിഷ്ഠിത പരിശീലന പദ്ധതി തയ്യാറക്കൽ എന്നീ മേഖലകളെല്ലാം ഉത്തരവാദപ്പെട്ടവർ നിയമപരമായി ചെയ്യേ ബാധ്യത യായാണ് സർക്കാർ പരിഗണിക്കുന്നത്. യു.എസ് ൽ ഇരുപത്തൊന്ന് വയസ്സിന് ശേഷം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരെ തൊഴിൽപരമായി പുനരധിവസിപ്പിക്കുന്ന തിന് വിപുലമായ നിയമ പിന്തുണ നിലവിലു്. മൃതു-മിത വെല്ലുവിളികൾ നേരിടുന്നവരെ, അവർക്ക് ചെയ്യാവുന്ന ജോലികൾ സമീപ പ്രദേശങ്ങളിൽ ലഭ്യമാണെങ്കിൽ, ഇത്തരം വ്യക്തി കൾക്ക് ജോലി നൽകുന്നതിന് മുൻഗണന നൽകണമെന്ന് 'പബ്ലിക് ലോ ആക്ട്' അനുശാ സിക്കുന്നു. തീവ്ര-തീക്ഷ്ണ ബുദ്ധിമാന്ദ്യമുള്ളവരെ റീഹാബിലിറ്റേഷൻ കേന്ദ്രങ്ങളിൽ പൂർണ്ണ മായും സൗജന്യമായി താമസിപ്പിച്ച് ആവശ്യമായ സേവനങ്ങൾ ഉറപ്പുവരുത്തണമെന്നത് നിയമപരമായ നിബന്ധനയാണ്.

മലേഷ്യ, സൗത്ത്കൊറിയ, ജപ്പാൻ, എന്നീ രാജ്യങ്ങളിലെ ബുദ്ധിപരമായ വെല്ലുവിളി കൾ നേരിടുന്നവർക്കുള്ള സേവനം ഏറെ മെച്ചപ്പെട്ടതാണ്. പ്രശ്നം നേരത്തെ കത്തെി, വിദ ഗ്ദ്ധരുടെ ഇടപെടൽ ഉറപ്പുവരുത്തുന്നതിന്, ഈ രാജ്യങ്ങൾ കാണിക്കുന്ന കണിശത സവി ശേഷ ശ്രദ്ധയാകർഷിക്കുന്നു. ഏതെങ്കിലും തരത്തിലുള്ള വൈകല്യം നേരിടുന്നവരെ പരിച രിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്ന കാര്യത്തിൽ ആരോഗ്യവകുപ്പ് കാണിക്കുന്ന ഉത്തരവാദിത്വം അസാധരണമാണ്. രക്ഷിതാക്കളെ സംബന്ധിച്ച്, ഇത്തരം കുട്ടികൾ, സ്വന്ത മായി ഒരു ബാധ്യതയായി അനുഭവപ്പെടാതിരിക്കാനുളള സൂക്ഷ്മതയും ശ്രദ്ധയും ഈ രാജ്യങ്ങൾ വലിയ ഉത്തരവാദിത്വമായി പരിഗണിക്കുന്നു. അമേരിക്കൻ ഐക്യനാടുകളിലും മലേഷ്യ, സൗത്ത് കൊറിയ, ജപ്പാൻ എന്നീ രാജ്യങ്ങളും വെല്ലുവിളികൾ നേരിടുന്നവർക്കു വേ ി പ്രവർത്തിക്കുന്ന പരിശീലകർക്കും അധ്യാപകർക്കും നല്ല നിലയിലുള്ള സാമൂഹ്യപരിഗ ണന നൽകാൻ, ബത്തശ്രദ്ധരാണ്. ഇന്ത്യയിൽനിന്നുള്ള ഒട്ടേറെ വിദഗ്ദ്ധർ ഉയർന്ന ശമ്പ ളവും മറ്റ് ആനുകൂല്യങ്ങളും പ്രതീക്ഷിച്ച് ഈ രാജ്യങ്ങളിലേക്ക് ജോലിതേടി പോയിക്കോിരി ക്കുന്നു.

ഇംഗ്ളിലെ സാഹചര്യം കുറേക്കൂടി മെച്ചപ്പെട്ടതാണ്. സാമൂഹ്യമായ എല്ലാ സുരക്ഷി തത്വവും വെല്ലുവിളി നേരിടുന്നവർക്കും അവരുടെ കുടുംബങ്ങൾക്കും നല്കാൻ, അതീവ ജാഗ്രത പുലർത്തുന്നു ഈ രാജ്യം. ഇത്തരം വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പ്രത്യേകി ച്ച്, ബുദ്ധിപരമായി വെല്ലുവിളിനേരിടുന്നവരെ, അവരുടെ കൂടുതൽ ദുരിതപൂർണ്ണമായ

അവസ്ഥയെ പരിഗണിച്ച്, അവരുടെ രാഷ്ട്ര സ്വത്തായാണ്, പരിഗണിക്കുന്നത്. മാതാപിതാക്കളാരുംതന്നെ, ഇത്തരം ഒരു കുഞ്ഞുപിറന്നു എന്നതുകൊ്, ഭൗതികമായ എന്തെങ്കിലും പരിമിതികൾ അഭിമുഖീകരിക്കരുത് എന്ന നിഷ്കർഷയ്ക്ക് യു.കെ. കൂടുതൽ ഊന്നൽ നൽകുന്നു്. രക്ഷിതാക്കളുടെ കർമ്മശേഷിയിൽ, ഇത്തരമൊരു കുഞ്ഞിന്റെ ജനനം കൊ് ഏതെങ്കിലും വിധത്തിൽ കുറവുസംഭവിക്കരുതെന്ന കണിസത, സ്റ്റേറ്റ് വെച്ചുപുലർത്തുകയും കുഞ്ഞുങ്ങൾക്കാവശ്യമായ എല്ലാവിധ ആരോഗ്യ വിദ്യാഭ്യാസ സൗകര്യങ്ങളും സർക്കാർ ഉറപ്പുനൽകുകയും ചെയ്യുന്നു. സാമൂഹ്യ സുരക്ഷിതത്വത്തിന്റെ കാര്യത്തിലും മാതൃകാപരമായ സമീപനമാണ് പോതുവെ എല്ലാ രാജ്യങ്ങളും പാലിച്ചുപോരുന്നത്. ഒരു സാധാരണ കുഞ്ഞിന്റെ രക്ഷിതാവിലുപരി എന്തെങ്കിലും പ്രയാസങ്ങൾ നേരിടുന്നുവോ എന്ന അന്വേഷണത്തിന് ഇംഗ്ളിലെ ദമ്പതികളുടെ മറുപടി, രാജ്യത്ത് ഞങ്ങളുടെ കുഞ്ഞ് പൂർണ്ണ സുരക്ഷിതയാണ് എന്നും, ഒരു വിധത്തിലുള്ള സാമൂഹ്യവും സാമ്പത്തികവുമായ സമ്മർദ്ദങ്ങൾ അനുഭവപ്പെട്ടിട്ടില്ലെന്നും, ഒരു സ്പെഷ്യൽ കുഞ്ഞിന്റെ രക്ഷിതാവ് എന്ന നിലയിൽ സാമൂഹ്യമായി അധിക പരിഗണനയും ബഹുമതിയും ലഭ്യമാകുന്നു എന്നുമാണ് പറഞ്ഞത്. ഇത്തരം കുഞ്ഞുങ്ങളുടെ ജനനം കൊുാകുന്ന, മാനസിക സംഘർഷങ്ങളനുഭവിക്കുന്നവരെ, സാമൂഹ്യ സുരക്ഷിതത്വം ഉറപ്പുനല്കുന്നതിലൂടെ, എങ്ങനെ സംതൃപ്തമായ ജീവിതത്തിലേക്ക് ഉയർത്താം എന്നതിന്റെ ഉദാത്ത മാതൃകകളാണ്, പല വിദേശരാജ്യങ്ങളിലെയും അനുഭവം പകർന്നു നൽകുന്നത്.

ഇന്ത്യയിൽ മറ്റ് സംസ്ഥാനങ്ങളെ സംബന്ധിച്ച്, മഹാരാഷ്ട്ര, ആസ്സാം, ചില വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ, ഡൽഹി, ഗോവ, എന്നിവിടങ്ങളിലൊക്കെ, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസത്തിനായി നല്ല നിലയിൽ ബഡ്ജറ്റ് വിഹിതം അനുവദിക്കുന്നു്. മറ്റ് വികലാംഗ വിഭാഗങ്ങളായ അന്ധർ, ബധിരർ, ചലന വൈകല്യമുള്ളവർ തുടങ്ങിയവർക്ക് ലഭ്യമാകുന്ന സേവനങ്ങളൊക്കെ, വിദ്യാഭ്യാസത്തിനും പുനരധിവാസത്തിനും ഉൾപ്പടെ, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കും ലഭ്യമാകുന്നു്. മഹാരാഷ്ട്രയിലും ആസ്സാമിലുമൊക്കെ, സ്പെഷ്യൽ സ്കൂൾ ജീവനക്കാർക്ക് നല്ല നിലയിലുള്ള സേവന-വേതന വ്യവസ്ഥയാണുള്ളത്. കേരളത്തിൽ, ബുദ്ധിമാന്ദ്യം സംഭവിച്ചവരുടെ സ്പെഷ്യൽ സ്കൂളുകൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിച്ചുവരുന്നത്. സ്പെഷ്യൽ സ്കൂളുകൾക്കുള്ള രജിസ്ട്രേഷൻ നൽകുന്നത്, പൊതുവിദ്യാഭ്യാസ വകുപ്പാണ്. വർഷംതോറും കേന്ദ്ര സാമൂഹ്യനീതി മന്ത്രാലയത്തിൽനിന്നും 54 സ്കൂളു

കൾക്ക് ഗ്രന്റ് ലഭ്യമാകുന്നു. 275 സർക്കാർ അംഗീകൃത സ്പെഷ്യൽ സ്കൂളുകളിൽ കേന്ദ്ര ഗ്രാന്റ് ലഭ്യമാകുന്ന 54 സ്കൂളുകൾ ഒഴിച്ച് ബാക്കിവരുന്ന സ്പെഷ്യൽ സ്കൂളുകൾക്കെല്ലാം കൂടി വാർഷിക ഗ്രാന്റുതുകയായ 10 കോടി രൂപ കുട്ടികളുടേയും ജീവനക്കാരുടേയും അംഗസംഖ്യ അനുസരിച്ച് വീതിച്ചുനല്കുന്നു.

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്പെഷ്യൽ സ്കൂളുകളിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ഒരു സംവിധാനവും ഇന്ന് നിലവിലില്ല. ഒരു ഏകീകൃത പാഠ്യപദ്ധതിയോ അംഗീകൃത പാഠ്യ ക്രമമോ ലഭ്യമല്ല. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള 'സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ ആന്റ് റീസേർച്ച്' (SCERT) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്പെഷ്യൽ സ്കൂളുകൾക്കുവേി ഒരു പാഠ്യപദ്ധതി ആവിഷ്കരിക്കാനുള്ള ശ്രമത്തിലാണ്.

ഒരു ഏകീകൃത പാഠ്യപദ്ധതിയും പാഠ്യക്രമവും നിലവിൽ വരികയും, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ സ്പെഷ്യൽ സ്കൂളുകളിലെ അക്കാദമികവും ഭരണപരവുമായ പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന, സ്വയംഭരണ സ്ഥാപനമായ സംസ്ഥാനതല ഉന്നത കേന്ദ്രത്തിന്റെ മാർഗ്ഗനിർദ്ദേശത്തോടെ ആകുകയും ചെയ്യുമ്പോൾ, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് കേരളത്തിൽ ഒരു ചിട്ടയും അടുക്കുമുാക്കുവാൻ കഴിയും. പ്രശ്നമനുഭവിക്കുന്ന എല്ലാവർക്കും സമീപിക്കാവുന്ന രീതിയിലും പ്രശ്നങ്ങൾ നേരിടുന്നവരിലേക്ക് എത്താവുന്ന വിധത്തിലുമാണ് ഉദ്ദേശിക്കപ്പെടുന്ന സംസ്ഥാനതല ഉന്നതകേന്ദ്രത്തിന്റെ സംവിധാനം.

സംസ്ഥാനതല ഉന്നത കേന്ദ്രത്തിന്റെ നാല് മേഖലാ കേന്ദ്രങ്ങളുമായും സോഫ്റ്റ് വെയർ മുഖേന, അക്കാദമിക പ്രവർത്തനങ്ങളും ഭരണപരമായ പ്രവർത്തനങ്ങളും ഒരു ഇന്റർനെറ്റ് സഹായത്തോടെ ബന്ധിപ്പിച്ച്, സംസ്ഥാന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും ക്രോഡീകരിക്കാനും അതോടൊപ്പം സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടിലെ വിദഗ്ദ്ധരുടെ സഹായത്തോടെ, സ്പെഷ്യൽ സ്കൂളുകൾക്കും രക്ഷിതാക്കൾക്കും അധ്യാപകർക്കുമെല്ലാം മാർഗ്ഗനിർദ്ദേശങ്ങൾ നല്കാനും കഴിയും. വളരെ സുതാര്യവും, ആർക്കും പരിശോധിക്കാവുന്ന വിധത്തിലും ഓരോ കുട്ടിയുടെയും അക്കാദമിക നിലവാരവും അധ്യാപന നിലവാരവുമൊക്കെ ഏതൊരാൾക്കും ലഭ്യമാകുന്ന വിധത്തിലും സംവിധാനംചെയ്യാൻ കഴിയും. അത്തരമൊരു സുതാര്യ സംവിധാനം സ്വന്തമായ ആവശ്യങ്ങളെക്കുറിച്ചും അവകാശങ്ങളെക്കു

റിച്ചും ധാരണയില്ലാത്ത ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരെ സംബന്ധിച്ച് അനിവാര്യമാണ്.

# കേരളത്തിലെ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ പ്രശ്നങ്ങൾ പഠിയ്ക്കുന്ന എം.കെ.ജയരാജ് കമ്മീഷൻ ശുപാർശകൾ

1. ബുദ്ധിപരമായ വെല്ലുവിളിയെന്ന ഗുരുതരമായ മസ്തിഷ്കപ്രശ്നമുള്ള കുട്ടികളുടെ ജനനം തടയുന്നതിന് പ്രാഥമിക, ദ്വിതീയ, ത്രിതീയ പ്രതിരോധ മാർഗ്ഗങ്ങൾ (ജ്യൃശാമ്യ്യ, ടലരീിറമ്യ്യ മിറ ഠലൃശേമ്യ്യ ജ്യൃല്ലിശേ്ല ങലമൌൃലെ) ശക്തമായും കാര്യക്ഷമമായും നടപ്പാക്കണം.
2. ഗർഭിണികളായവർക്ക് ആദ്യഘട്ടം മുതൽ കൃത്യമായി രോഗപ്രതിരോധ കുത്തിവെയ്പ്പുകൾ നൽകുന്നു എന്ന് ഉറപ്പുവരുത്താൻ ആശാ വർക്കേഴ്സ്, ജ്യോതിസ്, പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ മിഡ് വൈഫുമാർ എന്നിവരുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കണം.
3. ജന്മനായുള്ള വൈകല്യങ്ങൾ തിരിച്ചറിഞ്ഞ് വിദഗ്ദ്ധ ഇടപെടലുകൾക്ക് പ്രത്യേകസംവിധാനം ഏർപ്പെടുത്തണം. ഇവർക്കായി പ്രത്യേക ക്ലിനിക്കുകൾ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ മുതൽ തുടങ്ങേതാണ്.
4. ഗർഭധാരണത്തിനുമുമ്പായി അമ്മമാർക്ക് ജനിതക കൗൺസിലിംഗ് നൽകുന്നതിന് പ്രാഥമിക ആരോഗ്യകേന്ദ്രം മുതൽ തന്നെ സംവിധാനം ഉായിരിക്കണം.
5. കൗമാരപ്രായത്തിലുള്ള ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും വൈകല്യമുള്ള കുഞ്ഞുങ്ങളുാവാനുള്ള സാധ്യതകളെ പ്രതിരോധിക്കുന്നതിനുള്ള വിവാഹപൂർവ്വ കൗൺസിലിംഗ്, സ്കൂൾ, കോളേജ് തലത്തിൽ തന്നെ നൽകുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ നിലവിലുള്ള ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തണം.
6. ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, ബഹുവൈകല്യം, ശൈശവ മനോരോഗം, പഠന വൈകല്യങ്ങൾ എന്നീ മസ്തിഷ്ക്ക പ്രശ്നങ്ങൾ ക്രമാതീതമായി വർദ്ധിച്ചുവരുന്ന കേരളീയ സാഹചര്യം ശാസ്ത്രീയമായി പരിശോധിക്കുന്നതിന് സഹായകരമായ ഗവേഷണകേന്ദ്രം കേരളത്തിൽ സ്ഥാപിക്കണം.
7. ബുദ്ധിപരമായ വെല്ലുവിളിയുടെ സാന്ദ്രത നിർണ്ണയിക്കുമ്പോൾ നിലവിലുള്ള പ്രാമാണിക പരിശോധനാ മാർഗ്ഗങ്ങൾ ( ടമ്േമിറമൃറശലെറ അലൈൈലിേ ങലവേീറ) കൂടി കണക്കിലെടുത്ത് നിർണ്ണയരീതി എങ്ങനെ ലഘൂകരിക്കാമെന്ന് മേഖലയിലെ വിഷയവുമായി ബന്ധപ്പെട്ട വിദഗ്ദ്ധരുമായി അലോചിച്ച്, ശാസ്ത്രീയവും എന്നാൽ സങ്കീർണ്ണത കുറഞ്ഞതുമായ മാർഗ്ഗത്തിലൂടെ

എത്രയും വേഗം വെല്ലുവിളികൾ നേരിടുന്ന എല്ലാവർക്കും വികലാംഗ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതിനുള്ള അവസരം അടിയന്തിരമായി ഉാക്കണം.

8. ബുദ്ധിമാന്ദ്യം, സെറിബ്രൽ പാൾസി, ഓട്ടിസം, ബഹുവൈകല്യം എന്നീ അവസ്ഥകൾ പൂർണ്ണമായും പരിഹരിക്കുന്നതായി ശാസ്ത്രീയമായി തെളിയിച്ചിട്ടില്ലാത്തതിനാൽ, ഈ വിഭാഗത്തിന് പ്രശ്നം നിർണ്ണയിച്ച് ആജീവനാന്ത വികലാംഗ സർട്ടിഫിക്കറ്റ് നൽകണം.

9. ഈ പഠന റിപ്പോർട്ടിൽ ശുപാർശചെയ്തിരിക്കുന്ന ബുദ്ധിപരമായ വെല്ലുവിളികളുമായി ബന്ധപ്പെട്ട സംസ്ഥാനതല ഉന്നത കേന്ദ്രത്തിന്റെ മാർഗ്ഗനിർദ്ദേശത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഏർളി ഇന്റെർവെൻ സെന്ററുകൾ തുടങ്ങേതാണ്.

10. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ പെരുമാറ്റ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താലൂക്ക് തലത്തിൽ റീഹാബിലിറ്റേഷൻ/ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം ഉറപ്പാക്കണം.

11. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ ദൈനംദിന കഴിവുകൾക്കും പ്രാഥമിക കൃത്യങ്ങൾക്കുമുള്ള പരിശീലനം എത്രയും നേരത്തെ ആരംഭിക്കണം. വീടുകളിൽ വെച്ച് പരിശീലനം നടത്തുന്നതിനുള്ള പരിശീലന പാക്കേജുകൾ ഡിജിറ്റൽ സാങ്കേതികത, ഇന്റെർനെറ്റ്, എന്നിവയിലൂടെ വീടുകളിലെ കംപ്യൂട്ടർ, ടി.വി വഴി ലഭ്യമാക്കണം. ഇതിനുള്ള സംവിധാനം സംസ്ഥാന ഉന്നതതല കേന്ദ്രം പ്രധാനകേന്ദ്രമാക്കി സി.ഡിറ്റ്, സിഡാക്ക് ഐ.ടി.മിഷൻ ഇവയുടെ സഹായത്തോടെ നടപ്പാക്കണം.

12. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് രോഗപ്രതിരോധ മാനസികാരോഗ്യമരുന്നുകൾ സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

13. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് ഫിസിയോതെറാപ്പി, ഓക്കുപേഷണൽ തെറാപ്പി, സ്പീച്ച് തെറാപ്പി എന്നിവയ്ക്കുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

14. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് നേരത്തെയുള്ള വിദഗ്ദ്ധ ഇടപെടലിനോടൊപ്പം ആവശ്യമായ സഹായ ഉപകരണങ്ങളും ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഉായിരിക്കണം.

15. കേരളത്തിലെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന (ബുദ്ധിവൈകല്യം, ഓട്ടിസം, സെറിബ്രൽ പാൾസി, ബഹുവൈകല്യം, ശൈശവ മനോരോഗം) ഇവരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും മാർഗ്ഗനിർദ്ദേശ

ങ്ങൾ നൽകുന്നതിനും സംസ്ഥാനതല ഉന്നത കേന്ദ്രം എത്രയും പെട്ടെന്ന് സ്ഥാപിക്കണം.

16. സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും നിരീക്ഷിക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും സംസ്ഥാനതല ഉന്നതകേന്ദ്രത്തിന്റെ നേതൃത്വത്തിൽ നിരന്തര പരിശോധനകൾ നടത്തേതാണ്.
17. സ്പെഷ്യൽ സ്കൂളുകളിലും, പൊതുവിദ്യാലയങ്ങളിലും പഠിച്ചുകൊിരിക്കുന്ന കുട്ടികൾക്കുവേി ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ സ്പീച്ച് തെറാപ്പി, ഓക്കുപേഷണൽ തെറാപ്പി, ഫിസിയോതെറാപ്പി, ബിഹേവിയർ തെറാപ്പി ഇവ നൽകണം.
18. സമൂഹത്തിന് വിലപ്പെട്ട സേവനം നൽകുന്ന ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള സ്പെഷ്യൽ സ്കൂൾ ജീവനക്കാർക്ക് മറ്റു സമാന സ്പെഷ്യൽ സ്കൂൾ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ അടിയന്തിരമായി നൽകണം. മാന്യമായ വേതനം ലഭിക്കാതിരിക്കുന്നത്, വിദ്യാഭ്യാസ പ്രവർത്തനം ഗുണപരവും ഫലപ്രദവുമായ ഒരു പ്രക്രിയ അല്ലാതാക്കുകയും ആത്യന്തികമായി അത് കുട്ടികളുടെ അടിസ്ഥാന അവകാശ ലംഘനവും ജീവനക്കാരുടെ നീതി നിഷേധവുമായി പരിണമിക്കുകയും ചെയ്യും.
19. വികലാംഗ നിയമം 1995 (ജണഉ അരേ 1995) അനുശാസിക്കുന്ന തരത്തിലുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നവർക്കുമാത്രമെ പി.ഡബ്ല്യൂ.ഡി രജിസ്ട്രേഷൻ നൽകാവൂ.
20. പര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങളുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ എയിഡഡ് പദവി നൽകണം.
21. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ഒരേകീകൃത പാഠ്യപദ്ധതിയും, പഠനരീതിയും നടപ്പാക്കണം.
22. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ സ്കൂളുകളിൽ അദ്ധ്യാപക-അദ്ധ്യാപകേതര വിദ്യാർത്ഥി അനുപാതം വൈകല്യത്തിന്റെ തീവ്രതയനുസരിച്ച് നിർവചിക്കുകയും അതിനനുസരണമായി ജീവനക്കാരുടെ എണ്ണം നിശ്ചയിക്കുകയും വേണം.
23. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള സ്കൂളുകൾ തമ്മിലുള്ള ദൂരപരിധി എല്ലാതരം കുട്ടികൾക്കും ഫലപ്രദമായ സേവനം ലഭിക്കുന്ന വിധത്തിൽ പാലിക്കേതാണ്

24. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ സ്കൂളുകളിൽ അവരുടെ സമഗ്രവികസനത്തിന് ആവശ്യമായ പഠനോപകരണങ്ങളും തെറാപ്യൂട്ടിക് സഹായ ഉപകരണങ്ങളും ഉന്നെ് ഉറപ്പാക്കണം..
25. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ വിദ്യാഭ്യാസത്തിന്റെ പുരോഗതിയുടെ ഓരോഘട്ടത്തിലും രക്ഷിതാക്കൾക്ക് നിരീക്ഷിക്കാവുന്ന തരത്തിലും ആവശ്യമാണെങ്കിൽ ഇടപെടൽ നടത്താവുന്ന വിധത്തിലും വിദ്യാഭ്യാസ സമ്പ്രദായം സുതാര്യമായിരിക്കണം.
26. ബുദ്ധിപരമായ വെല്ലുവിളികൾ ഉൾപ്പെടെ എല്ലാ വികലാംഗ വിഭാഗങ്ങളുടെയും വിദ്യാഭ്യാസത്തെ ഒരധ്യായമായി ഉൾപ്പെടുത്തി കേരള വിദ്യാഭ്യാസ ചട്ടം പരിഷ്ക്കരിക്കണം. .
27. ബഡ്സ് സ്കൂളുകളിലും സ്പെഷ്യൽ സ്കൂളുകളിലും പൊതുവിദ്യാലയങ്ങളിലും നിലവിലുള്ള ജീവനക്കാർക്ക് ആവശ്യമായ യോഗ്യത ഇല്ലെങ്കിൽ യോഗ്യത ആർജ്ജിക്കാനുള്ള സമയപരിധി നൽകി മറ്റു സമാന സ്പെഷ്യൽ സ്കൂൾ (അന്ധ–ബധിര) ജീവനക്കാർക്ക് ലഭ്യമാകുന്ന സേവന വേതന വ്യവസ്ഥകൾ ഉറപ്പാക്കണം.
28. ആയമാർക്കും, സ്പെഷ്യൽ സ്കൂൾ ജീവനക്കാർക്കും കുട്ടികളെക്കുറിച്ച് അടിസ്ഥാന ധാരണ ഉാകുന്ന രീതിയിൽ അംഗീകൃത പാഠ്യപദ്ധതിയോടുകൂടിയ ഹ്രസ്വകാല പരിശീലനം നൽകണം.
29. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കൂളുകളിൽ സർക്കാർ അംഗീകരിക്കുന്ന കൃത്യമായ മാർഗ്ഗരേഖയോടുകൂടിയ അദ്ധ്യാപക, രക്ഷകർതൃ സംഘടന നിശ്ചയമായും ഉായിരിക്കേതാണ്.
30. പ്രത്യേക വിദ്യാഭ്യാസമായാലും സംയോജിതവിദ്യാഭ്യാസമായാലും, ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ വ്യക്തിഗത പരിശീലനത്തിന് (ഐ.ഇ.പി) പ്രാധാന്യം നൽകണം. ഫലപ്രദമായ വിദ്യാഭ്യാസത്തിന്, ഐ.ഇ.പി. എന്നത് ഓരോ കുട്ടിയുടേയും അടിസ്ഥാന വിദ്യാഭ്യാസ അവകാശരേഖയായി പരിഗണിക്കണം.
31. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കൂളുകൾ ഏത് സംവിധാനത്തിന്റെ ഉടമസ്ഥതയിലായാലും വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് വിദ്യാഭ്യാസ വകുപ്പായിരിക്കണം.
32. സവിശേഷ വിദ്യാഭ്യാസത്തിലും, സംയോജിത വിദ്യാഭ്യാസത്തിലും ഉൾപ്പെടാത്ത ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് അനൗപചാരിക സവിശേഷ വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഉറപ്പുവരുത്തണം.

33. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള അനൗപചാരിക സവിശേഷ വിദ്യാഭ്യാസത്തിന് നാഷണൽ ഓപ്പൺ സ്കൂൾ മാതൃകയിൽ പ്രത്യേക പാഠ്യപദ്ധതിയും, പരീക്ഷയും, സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സംവിധാനവും ഉായിരിക്കണം.
34. സെറിബ്രൽ പാൾസി ബാധിച്ച കുട്ടികളുടെ ശാരീരിക വൈകല്യങ്ങൾ മറികടക്കാൻ സാധിക്കുന്നരീതിയിലുള്ള അനുരൂപീകരണ സംവിധാനങ്ങൾ സ്കൂളുകളിൽ ഉായിരിക്കണം.
35. സെറിബ്രൽ പാൾസിയുള്ള കുട്ടികൾക്കുവേ തെറാപ്പികൾ ലഭ്യമാക്കുന്നതിന് ഏർളി ഇന്റെർവെൻഷൻ മുതൽ വോക്കേഷണൽ യൂണീറ്റുകൾ വരെയുള്ള സംവിധാനം ഉായിരിക്കണം.
36. സെറിബ്രൽ പാൾസിയുള്ള കുട്ടികൾക്കുവേ സഹായ ഉപകരണങ്ങളും ശസ്ത്രക്രിയകളും സൗജന്യമായി ലഭ്യമാക്കണം.
37. ബഹുവൈകല്യമുള്ള കുട്ടികൾക്ക് അവരുടെ വൈകല്യത്തിന്റെ വ്യാപ്തി അനുസരിച്ച് പാഠ്യപദ്ധതിയും, പഠനരീതികളും (ഉദാഹരണമായി ബഹുതല ഇന്ദ്രീയ സമീപനം അഥവാ മൾട്ടിസെൻസറി അപ്രോച്ച്) നടപ്പാക്കണം.
38. തീവ്ര ബഹുവൈകല്യമുള്ള കുട്ടികൾക്ക് ഗൃഹാധിഷ്ഠിത (ഹോംബൗ) പ്രോഗ്രാം കൂടുതൽ ശക്തമായി നടപ്പാക്കേതാണ്. തെറാപ്പിസ്റ്റിന്റെ സേവനം കൂടി ലഭ്യമാക്കുന്ന വിധത്തിലായിരിക്കണം ഇത് ആസൂത്രണം ചെയ്യേത്.
39. സെറിബ്രൽ പാൾസി, ബുദ്ധിവൈകല്യം, ബഹുവൈകല്യം ഇവ ഉള്ളവർക്ക് പരിഹാര ശസ്ത്രക്രിയയും (കറക്ടീവ് സർജറിയും) സഹായഉപകരണങ്ങളും സൗജന്യമാക്കണം.
40. ബഹുവൈകല്യമുള്ള കുട്ടികളുടെ ഇന്ദ്രിയ പ്രചോദനത്തിനായി ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുകയും പരിശീലനത്തിന് തെറാപ്പിസ്റ്റുകളുടെ സേവനം ലഭ്യമാക്കുകയും വേണം.
41. തീവ്ര ബഹുവൈകല്യമുള്ള കുട്ടികൾക്ക്, ഉദാഹരണമായി ബധിരാന്ധതയുള്ള കുട്ടികൾക്ക് മാത്രമായി പശ്ചാത്തല സൗകര്യങ്ങളോടുകൂടി വിദ്യാഭ്യാസ–പരിചരണ കേന്ദ്രങ്ങൾ സർക്കാർ തുടങ്ങുകയോ അല്ലെങ്കിൽ സ്വകാര്യ മേഖലയ്ക്ക് ആരംഭിയ്ക്കുന്നതിനുള്ള സമ്പൂർണ്ണസഹായം ഉറപ്പുവരുത്തുകയോ ചെയ്യണം.
42. പഠനവൈകല്യമുള്ള കുട്ടികൾക്ക് അവരുടെ വൈകല്യത്തിന് അനുസരിച്ചുള്ള അനുരൂപീകരണങ്ങൾ പാഠ്യപദ്ധതിയിലും, പാഠപുസ്തകത്തിലും നിർബന്ധമാക്കണം.
43. പാഠ്യപദ്ധതി അനുരൂപീകരണത്തിൽ ഉൾപ്പെടുത്താൻ കഴിയാത്തത്ര തീവ്രമായ പഠനവൈകല്യമുള്ള കുട്ടികൾക്ക് അവരുടെ പരീക്ഷയുടെ വിഷയങ്ങൾ നിശ്ച

യിക്കുന്നതിൽ ഉദാരമായ സമീപനം ഉാവണം (ഉദാ: കണക്കിനുപകരം കമ്പ്യൂട്ടർ അല്ലെങ്കിൽ തൊഴിലധിഷ്ഠിത വിഷയങ്ങൾ)

44. പഠനവൈകല്യമുള്ള കുട്ടികളെ കൃത്യമായും ശാസ്ത്രീയമായും വിലയിരുത്തി അവരുടെ പഠനവൈകല്യത്തിന്റെ രീതിയും, സ്വഭാവവും കത്തെുന്നതിന് ശാസ്ത്രീയ സംവിധാനം സ്കൂളുകളിൽ ഉായിരിക്കണം.
45. പഠനവൈകല്യമുൾപ്പെടെ കുട്ടികൾ നേരിടുന്ന വെല്ലുവിളികളെ സംബന്ധിച്ച് പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് ധാരണ ലഭിക്കുന്നതിനായി ടി ടി സി, ബി.എഡ്, എം. എഡ് പാഠ്യപദ്ധതിയിൽ ഒരു പേപ്പറായി ഈ വിഷയം ഉൾപ്പെടുത്തണം.
46. പഠനവൈകല്യമുള്ളവരുടെ പുനരധിവാസത്തിന് പ്രത്യേക സംവിധാനം ഉായിരിക്കണം. പഠനവൈകല്യമുള്ളവർക്ക് ഐ.ടിഐ, പോളിടെക്നിക്ക്, എൻജിനിയറിംഗ് കോളേജുകൾ, ഫൈനാട്സ് കോളേജുകൾ, കൈത്തൊഴിൽ പരിശീലന കോഴ്സുകൾ തുടങ്ങിയവയിൽ നിശ്ചിത ശതമാനം സംവരണം ഉറപ്പുവരുത്തണം.
47. പഠനവൈകല്യമുള്ളവർക്ക് അഭിരുചിക്കനുസരിച്ചുള്ള തൊഴിൽ സംവരണം ഉറപ്പുവരുത്തണം.
48. പഠന വൈകല്യമുള്ള കുട്ടികൾക്ക് പരീക്ഷ എഴുതുന്നതിന്, അവരുടെ പരിമിതികൾ പരിഗണിച്ചുകൊ് പ്രാഗത്ഭ്യം തെളിയിക്കുന്നതിന് സ്ക്രൈബ് ഉൾപ്പെടെയുള്ള സഹായങ്ങൾ ലഭ്യമാവുന്നെന്ന് ഉറപ്പുവരുത്തണം. ഈ സംവിധാനം അവർ ഹാജരാക്കുന്ന എല്ലാ യോഗ്യതാ പരീക്ഷകൾക്കും ബാധകമാക്കണം.
49. ഏർളി ഇന്റെർവെൻഷൻ യൂണിറ്റുകളിൽ ഓട്ടിസം നിർണ്ണയിക്കുന്നതിനുള്ള സംവിധാനം ഉായിരിക്കണം.
50. സവിശേഷ വിദ്യാലയങ്ങളിലും, പൊതുവിദ്യാലയങ്ങളിലും പഠിക്കുന്ന ഓട്ടിസമുള്ള കുട്ടികൾക്ക് ഓട്ടിസത്തിൽ പ്രത്യേക പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കണം.
51. പൊതുവിദ്യാലയങ്ങളിലും, സവിശേഷ വിദ്യാലയങ്ങളിലും പഠിക്കുന്ന ഓട്ടിസമുള്ള കുട്ടികൾക്കായി പ്രത്യേകം റിസോഴ്സ് റും സംവിധാനം ഉായിരിക്കേതാണ്
52. ശൈശവ മനോരോഗം തിരിച്ചറിയുന്നതിന് താലൂക്കാശുപത്രി തലത്തിലെങ്കിലും സൈക്യാട്രിക്ക് സേവനം ഉായിരിക്കണം
53. ശൈശവ മനോരോഗത്തെക്കുറിച്ച് ധാരണ ഉാകുന്നതിനായി നിലവിലുള്ള സ്കൂൾ കൗൺസിലേഴ്സിന് പരിശീലനം നൽകുകയും കൗൺസിലർമാർ നിലവിലില്ലാത്ത സ്ഥലങ്ങളിൽ അവരെ നിയമിക്കുകയും വേണം.

54. ശൈശവ മനോരോഗമുള്ള കുട്ടികളെ തിരിച്ചറിയുന്നതിനും അവരെ നിരീക്ഷിക്കുന്നതിനും പരിചരിക്കുന്നതിനുമായി സൈക്യാട്രീ വാർഡിനോടുചേർന്ന് താലൂക്ക് ആശുപത്രി തലം മുതൽ ഒരു ക്ലിനിക്ക് ഉായിരിക്കണം.
55. ശൈശവമനോരോഗമുള്ള കുട്ടികളെ മുഖ്യധാരാ വിദ്യാഭ്യാസ രീതിയോടൊപ്പം കൊുപോകുന്നതിനും സ്കൂളുകളിൽ അദ്ധ്യാപകർക്ക് സവിശേഷ പരിശീലനം നൽകണം.
56. ശൈശവമനോരോഗമുള്ള കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനായി അനുയോജ്യമായ തൊഴിലുകളിൽ മുൻഗണന ഉറപ്പാക്കണം.
57. ശൈശവമനോരോഗമുള്ള കുട്ടികൾക്ക് സൗജന്യമായ ചികിത്സയും, മരുന്നും ലഭ്യമാക്കണം.
58. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ കലാഭിരുചി വളർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ജില്ലാതലം മുതൽ നിലവിൽ പൊതുവിദ്യാലയങ്ങളിൽ ചെയ്യുന്നതുപോലെ കലോത്സവം സംഘടിപ്പിക്കണം.
59. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ കലോത്സവം സാധാരണ കുട്ടികളുടെ കലോത്സവം പോലെ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങളും മാനദണ്ഡങ്ങളും നിശ്ചയിച്ച് അടുക്കും ചിട്ടയോടും കൂടി നടത്തണം.
60. കലോത്സവ വിജയികൾക്ക് സാധാരണ സ്കൂളുകളിൽ നൽകുന്ന അതേ സമ്മാനതുക നൽകണം. ഒരു തരത്തിലുള്ള വിവേചനവും ഉാവാൻ പാടില്ല.
61. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ കഴിവുകൾ വളർത്തുന്നതിന് സാധാരണ സ്കൂളുകളിൽ സംഘടിപ്പിക്കുന്നതുപോലുള്ള കായികമേളകൾ സംഘടിപ്പിക്കണം.
62. നാഷണൽ ഇന്റർ നാഷണൽ മത്സരങ്ങളിൽ പങ്കെടുത്ത് വിജയിക്കുന്നവർക്ക് മറ്റുകായികതാരങ്ങൾക്കു ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും പരിഗണനയും നൽകണം.
63. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കായി ഗവൺമെന്റിന്റെ നേതൃത്വത്തിലും സാമ്പത്തിക സഹായത്തിലും വർക്ക് എക്സ്പീരിയൻസ് മേളകൾ സംഘടിപ്പിക്കണം.
64. ആധുനിക സോഫ്റ്റ് വെയർ ഉൾപ്പെടെയുള്ള സാങ്കേതിക വിദ്യ ഉപയോഗിച്ച് ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ പഠനസംവിധാനം കൂടുതൽ ആകർഷകമാക്കണം.
65. കലാകായിക വിനോദ ഉപാധികളിലൂടെ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ ശേഷിവികസിപ്പിക്കുന്നതിന് സഹായകമായ പാഠ്യക്രമം രൂപപ്പെടുത്തണം.

66. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്ക് വിനോദ സൗകര്യങ്ങൾ ഉറപ്പാക്കാൻ അമ്യൂസ്മെന്റ് പാർക്കുകളിലും വാട്ടർ തീം പാർക്കുകളിലും ഒരു സഹായിയോടൊപ്പം സൗജന്യ പ്രവേശനം നല്കാൻ സ്ഥാപന ഉടമകൾക്ക് നിർദ്ദേശം നല്കണം. ഇങ്ങനെ സൗജന്യ പ്രവേശനം നല്കുന്നവർക്ക് നികുതിയിളവ് അനുവദിയ്ക്കാവുന്നതാണ്.
67. ജില്ലാ ആസ്ഥാനങ്ങളിലും താലൂക്ക് ആസ്ഥാനങ്ങളിലും പഞ്ചായത്ത് കേന്ദ്രങ്ങളിലുമൊക്കെ, ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കും അവരുടെ കുടുംബാംഗങ്ങൾക്കുംവിനോദോപാധിയ്ക്ക് സഹായിക്കുന്ന കേന്ദ്രങ്ങൾ തുടങ്ങാൻ ത്രിതല പഞ്ചായത്തുകൾക്ക് നിർദ്ദേശം നല്കണം.
68. കലാ–കായിക–വിനോദ കേന്ദ്രങ്ങളിൽ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്ക് സൗജന്യ നിരക്കിലുള്ള പ്രവേശനത്തിനും മുൻഗണനാടിസ്ഥാനത്തിൽ പ്രവേശന ടിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള അവസരമുാകണം.
69. പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പാഠ്യപദ്ധതി അനുരൂപീകരണം വ്യവസ്ഥാപിതമായും, ശാസ്ത്രീയ മാർഗ്ഗനിർദ്ദേശങ്ങളോടെയും നടപ്പാക്കണം.
70. പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ അവകാശങ്ങളെയും പ്രശ്നങ്ങളെയും കുറിച്ച് ബോധവൽക്കരണം നൽകേതാണ്. ഇത്തരം ബോധവൽക്കരണം നൽകുന്നതിനുള്ള ചുമതല റിസോഴ്സ് അദ്ധ്യാപകരെയും, പ്രഥമാദ്ധ്യാപകരെയും ഏൽപ്പിക്കണം.
71. പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്ക് വൊക്കേഷണൽ ഹയർസെക്കറി തലത്തിൽ തൊഴിൽ പരിശീലന സൗകര്യങ്ങൾ ഉായിരിക്കണം.
72. ബുദ്ധിപരമായ വെല്ലിവിളികൾ നേരിടുന്ന കുട്ടികളുടെ പഠനപുരോഗതിയ്ക്കായി കുട്ടികൾക്ക് അനുയോജ്യമായ പശ്ചാത്തല സൗകര്യം നിഷ്കർഷിക്കുകയും, കുട്ടിയുടെ വിദ്യാഭ്യാസ പ്രക്രിയ സുഗമമായി നടത്തുന്നതിനു സഹായകമായ വിദ്യാർത്ഥി– അദ്ധ്യാപക അനുപാതം ഉാവുകയും വേണം.
73. കുട്ടികളുടെ ആവശ്യവും കഴിവും അറിഞ്ഞ് പരിശീലിപ്പിക്കാൻ കഴിയുന്ന വിധത്തിലുള്ള അനുരൂപീകരണങ്ങൾ പാഠപുസ്തകത്തിൽ ഉായിരിക്കണം.
74. സംയോജിത വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുന്ന കുട്ടികൾക്ക് സ്പീച്ച് തെറാപ്പി,ഒക്കുപേഷണൽ തെറാപ്പി, ഫിസിയോതെറാപ്പി, ബിഹേവിയർ തെറാപ്പി ഇവ നൽകുന്നതിനുള്ള സൗകര്യം ഓരോ സ്കൂളിലും ഉായിരിക്കണം.

75. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നത് അതുമായി ബന്ധപ്പെട്ട പരിശീലനം നേടിയവരായിരിക്കണം എന്ന് ഉറപ്പുവരുത്തണം.
76. 'ഡയറ്റ്' പോലുള്ള പ്രധാന ട്രെയിനിംഗ് സെന്ററുകളിൽ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ മേഖലയിൽ വൈദഗ്ദ്ധ്യമുള്ള ആളുകളെ ഉപയോഗിച്ച് പരിശീലന പരിപാടികൾ സംഘടിപ്പിക്കണം.
77. റിസോഴ്സ് അദ്ധ്യാപകരുടെ സേവനം കുട്ടിക്കുവേി അങ്ങേയറ്റം ഉപയോഗപ്പെടുത്താൻ കഴിയുന്നവിധത്തിൽ അവരുടെ ജോലി ക്രമീകരിക്കണം.
78. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ നിലവിലുള്ള കഴിവിന്റെ പ്രാഥമികനിർണ്ണയവും പരിശീലനത്തോടൊപ്പം തുടർമൂല്യനിർണ്ണയവും നിർബന്ധമാക്കണം.
79. റിസോഴ്സ് അദ്ധ്യാപകരുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിദഗ്ദ്ധമായ തുടർപരിശോധനകൾ നടത്തണം.
80. സംയോജിത വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന റിസോഴ്സ് അദ്ധ്യാപകർക്ക് പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപകർക്കു ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കണം. (ഓരേ സ്ഥാപനത്തിൽ കൂടുതൽ പ്രവർത്തനം നടത്തുന്നവരോട് സാമ്പത്തിക വിവേചനം പാടില്ല)
81. പൊതുവിദ്യാഭ്യാസത്തിനും സവിശേഷ വിദ്യാഭ്യാസത്തിനും വേി ചിലവഴിക്കുന്ന പണവും, വിദ്യാർത്ഥികൾക്കുലഭിക്കുന്ന ഫലപ്രാപ്തിയും തമ്മിൽ താരതമ്യ പഠനങ്ങൾ നിരന്തരം നടത്തേതാണ്.
82. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവുടെ മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ദ്ധർക്ക് ആർ.സി.ഐ രജിസ്ട്രേഷൻ നിർബന്ധമായും ഉായിരിക്കണം.
83. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെ പഠിപ്പിക്കുന്നതിനുള്ള അദ്ധ്യാപക പരിശീലന കോഴ്സുകൾ നടത്തുന്ന എല്ലാ സ്ഥാപനങ്ങളിലും ആർ.സി.ഐ നിഷ്കർഷിക്കുന്ന അടിസ്ഥാന സൗകര്യങ്ങളും ഫാക്കൽറ്റിയും ഉായിരിക്കണം.
84. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നകുട്ടികളെ പരിശീലിപ്പിക്കുന്നതിനുള്ള അദ്ധ്യാപക പരിശീലകേന്ദ്രങ്ങളിലെ അദ്ധ്യാപകർക്ക് സാധാരണ ഇത്തരം അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളിലെ അദ്ധ്യാപകർക്ക് നൽകുന്ന ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകണം.

85. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെ പരിശീലിപ്പിക്കുന്നതിനുള്ള അദ്ധ്യാപകരുടെ പരിശീലന കോഴ്സുകൾ സർക്കാർ മേഖലയിൽ കൂടുതൽ ആരംഭിക്കണം.
86. അദ്ധ്യാപക പരിശീലന കോഴ്സുകളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്ന തിനായി എല്ലാ അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളെയും സംസ്ഥാന തല ഉന്ന തകേന്ദ്രത്തിന്റെ കീഴിൽ കൊുവരണം.
87. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെ പരിശീലിപ്പിക്കുന്നതിനുള്ള അദ്ധ്യാപക പരിശീലന കോഴ്സുകൾക്ക് ട്രാൻസ്പോർട്ട് കൺസഷൻ അനുവ ദിക്കണം.
88. കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികൾ ബുദ്ധിപരമായ വെല്ലുവിളിയുമായി ബന്ധപ്പെട്ട കോഴ്സുകൾ ആരംഭിക്കേതാണ്. ഇതിലൂടെ ഈ മേഖയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുമായി സജീവമായ അക്കാദമിക ബന്ധം സ്ഥാപിക്കുകയും കേരളത്തിൽ ഇത്തരം വിഷയങ്ങളുമായി ബന്ധപ്പെട്ട അക്കാ ദമിക അന്തരീക്ഷം ഉാക്കേതുമാണ്.
89. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെ പഠിപ്പിക്കുന്നതിനുള്ള അദ്ധ്യാപക പരിശീ ലന കോഴ്സുകൾക്ക്, ടി.ടി.സി കോഴ്സുകൾക്കുസമാന മായ കലോത്സവങ്ങളും, സ്പോർട്ട്സ് മീറ്റും ഗവൺമെന്റ് തലത്തിൽ സംഘടി പ്പിക്കണം.
90. വിദൂര പഠനത്തിലൂടെ മാത്രം യോഗ്യത നേടിയ നിലവിൽ പ്രവർത്തിച്ചുകൊിരി ക്കുന്ന അദ്ധ്യാപകർ സംസ്ഥാന തല ഉന്നത കേന്ദ്രം നടത്തുന്ന 6 മാസത്തെ പ്രായോഗിക പരിശീലന കോഴ്സിൽ നിർബന്ധമായും പങ്കെടുത്ത് സർട്ടിഫി ക്കറ്റ് നേടിയിരിക്കണം.
91. ആറുമാസത്തെ പ്രായോഗിക പരിശീലന കോഴ്സിന്റെ പാഠ്യപദ്ധതിയും സില ബസ്സും സംസ്ഥാന തല ഉന്നത കേന്ദ്രം തയ്യാറാക്കി പരിശീലനം നൽകേതാണ്.
92. അദ്ധ്യാപകേതര ജീവനക്കാർ കുട്ടികളെക്കുറിച്ചും ഈ മേഖലയെക്കുറിച്ചും അവബോധം ഉാകുന്ന രീതിയിലുള്ള ഒരു ഹ്രസ്വകാല കോഴ്സ് (1 മാസത്തെ) പൂർത്തിയാക്കേതാണ്.
93. എല്ലാ യൂണിവേഴ്സിറ്റികളിലും ബുദ്ധിപരമായ വെല്ലുവിളിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കോഴ്സുകൾ നടത്തുകയും ഗവേഷണ പഠനങ്ങൾ പ്രോത്സാ ഹിപ്പിക്കേതുമാണ്.
94. കേരളത്തിൽ റിഹാബിലിറ്റേഷൻ കൗൺസിലിന്റെ അംഗീകാരമുള്ള പുനരധി വാസ കോഴ്സുകൾ (പ്രത്യേകിച്ച് ഓട്ടിസം, സെറിബ്രൽ പാൾസി, ബഹുവൈ

കല്യം, പഠനവൈകല്യം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട) സർക്കാർ തലത്തിൽ ആരംഭിയ്ക്കണം.

95. കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ ഒക്കുപേഷണൽ തെറാപ്പി, സ്പീച്ച് തെറാപ്പി എന്നിവയുടെ ഡിഗ്രി, പിജി, കോഴ്സുകൾ ഉടൻ തുടങ്ങണം.

96. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെ പരിശീലിപ്പിക്കുന്ന അദ്ധ്യാപകർക്ക് നൂതനമായ അറിവ് സ്വാംശീകരിക്കുന്നതിനായി തുടർച്ചയായ പരിശീലന പരിപാടികൾ നിർബന്ധമാക്കണം.

97. സി എച്ച് മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് നെ സംസ്ഥാനതല ഉന്നത കേന്ദ്രമാക്കി മാറ്റുന്നതിനുള്ള നടപടി ഏറ്റവും അടിയന്തിരമായി നടത്തണം.

98. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ബുദ്ധിമാന്ദ്യമേഖലയിൽ ഒതുങ്ങുന്നതിനുപകരം ഓട്ടിസം, സെറിബ്രൽ പാൾസി, ബഹുവൈകല്യം, ശൈശവമനോരോഗം, പഠന വൈകല്യം തുടങ്ങിയ എല്ലാ വിഭാഗങ്ങളെയും ഒരു കുടക്കീഴിൽ കൊുവരണം.

99. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിലവിലുള്ള പ്രവർത്തനങ്ങളെ സമഗ്രമായി പുനഃസംഘടിപ്പിക്കണം.

100. സി എച്ച് മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ്ലിൽ ഇപ്പോൾ ദിവസവേതനത്തിലും കരാർ അടിസ്ഥാനത്തിലും പ്രവർത്തിക്കുന്ന ജീവനക്കാർ മാത്രമേയുള്ളൂ. സ്ഥാപനത്തിന്റെ സുസ്ഥിരവും, സുസജ്ജവുമായ പ്രവർത്തനത്തിനായി മുഴുവൻ ജീവനക്കാരെയും സ്ഥിരപ്പെടുത്തുകയും പൂർണ്ണ ആനുകൂല്യങ്ങൾ നൽകുകയും ചെയ്യണം.

101. കേരളത്തിലെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പ്രത്യേക വിദ്യാലയങ്ങളുടെ ഭരണപരവും അക്കാദമികവുമായ പ്രവർത്തനങ്ങളെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധിപ്പിക്കണം.

102. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ അക്കാദമികമായ വിഭവ വിനിമയ ശേഷി സംസ്ഥാനതലത്തിലും ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന ഓരോ വ്യക്തിക്കും സഹായം ലഭ്യമാക്കുന്ന വിധത്തിൽ ശക്തിപ്പെടുത്തണം.

103. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടിനെ സംസ്ഥാനതല ഉന്നത കേന്ദ്രമാക്കുന്നതിനുള്ള സാമ്പത്തിക സഹായം സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ നിന്നോ പ്രത്യേക കേന്ദ്ര ഗ്രാന്റായോ ലഭ്യമാക്കണം.

104. സി.എച്ച്. മുഹമ്മദ്കോയ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചാലഞ്ച്ഡിനെ ഒരു മികവിന്റെ കേന്ദ്രമായി (ഇലിഹൃേല ീള ലഃരലഹഹലിരല) വികസിപ്പിയ്ക്കണം.

105. സി.എച്ച്.മുഹമ്മദ്കോയ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, തെറാപ്പ്യൂട്ടിക്സ്, ബഹുവൈകല്യം, പഠനവൈകല്യം എന്നീ വിഷയങ്ങളിൽ ഡിഗ്രി, പിജികോഴ്സുകൾ തുടങ്ങി ഒരു ഡീംഡ് യൂണിവേഴ്സിറ്റി സ്റ്റാറ്റസിലേയ്ക്ക് ഉയർത്തണം
106. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് തൊഴിൽ പരിശീലനത്തിനാവശ്യമായ സ്റ്റൈപന്റ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ നൽകേതാണ്.
107. പ്രത്യേക വിദ്യാലയങ്ങളിലെ വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും കാലോചിതമായി പരിഷ്ക്കരിക്കുന്നതിനും സംസ്ഥാനതല ഉന്നതകേന്ദ്രത്തിന്റെ വൊക്കേഷണൽ ട്രയിനിംഗ് വിഭാഗവുമായി ബന്ധപ്പെടുത്തിയുള്ള നിരീക്ഷണ സംവിധാനം ഉായിരിക്കണം.
108. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് ആവർത്തന സ്വഭാവമുള്ളതും അപകടരഹിതവുമായ ജോലികളിലായിരിക്കണം പരിശീലനം നൽകേത്.
109. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് പരിശീലനം നേടാവുന്ന തൊഴിലുകൾ കേരളത്തിൽ സർവ്വേ നടത്തി കത്തെണം..
110. സർവ്വേ നടത്തി കത്തിെയ തൊഴിലുകളുടെ ഒരു ജോബ് ഡേറ്റാ ഉാക്കുകയും അവ ലളിതമായും കാര്യക്ഷമമായും നടത്തുന്നതിനുള്ള ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുകയും വേണം.
111. വെല്ലുവിളി നേരിടുന്നവരുടെ ശാസ്ത്രീയമായ തൊഴിൽ പരിശീലനത്തിനും അവ ലളിതവും കാര്യക്ഷമവു മാക്കി നടപ്പാക്കുന്നതിനുമുള്ള ഗവേഷണങ്ങൾ നടത്തുന്നതിനും എത്രയും പെട്ടെന്ന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വൊക്കേഷണൽ ട്രയിനിംഗ് ആന്റ് എംപ്ലോയിമെന്റ് കേരളത്തിൽ സ്ഥാപിക്കണം.
112. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് നിയമനം ലഭ്യമാക്കുന്നതിനായി സ്വകാര്യ വ്യവസായ ഉടമകൾ, പൊതുമേഖലാ സ്ഥാപനാധികാരികൾ എന്നിവരുടെ സംയുക്ത സഹകരണത്തോടെ സ്പെഷ്യൽ എംപ്ലോയിമെന്റ് എക്സ്ചേയ്ഞ്ച് സംവിധാനം ആരംഭിക്കുന്നതിന് സർക്കാർ പ്രോത്സാഹനം നല്കണം.
113. തൊഴിൽ പരിശീലന കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് അവരുടെ യോഗ്യതയുടെയും പരിചയത്തിന്റെയും അടിസ്ഥാനത്തിൽ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കേതാണ്.
114. തൊഴിൽ പരിശീലന കേന്ദ്രങ്ങളിലെ പ്രവർത്തനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഉാക്കണം.

115. 18 വയസിനുശേഷം തൊഴിൽ പരിശീലനത്തിന് ഊന്നൽ കൊടുത്തുകൊ് അടിയന്തിരമായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കണം. സൗകര്യമുള്ള സ്പെഷ്യൽ സ്കൂളുകളിൽ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കണം. നിലവിൽ ഒഴിഞ്ഞുകിടക്കുന്ന പൊതു വിദ്യാലയ കെട്ടിടങ്ങൾ ഈ ആവശ്യത്തിലേക്ക് ഉപയോഗിക്കാവുന്നതാണ്.

116. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കായി സർക്കാർ തലത്തിൽ സംരക്ഷിത തൊഴിലിടങ്ങൾ (ടവലഹഘ്ലേൃലറ ണീൃസവെീു) ആരംഭിക്കണം.
117. തൊഴിൽ പരിശീലനം ലഭിച്ച ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് അനുയോജ്യമായ തൊഴിൽ സംരംഭങ്ങൾ സർക്കാർ മേഖലയിൽ ആരംഭിക്കേതാണ്, സ്വകാര്യമേഖലയിൽ ആരംഭിക്കുന്നതിനുവേ പ്രചോദനം സർക്കാർ നൽകണം.
118. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കായി സർക്കാർ ജോലികളിൽ സംവരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
119. സ്പെഷ്യൽ എംപ്ലോയിസിനെ നിയമിക്കുന്ന സ്വകാര്യ തൊഴിലുടമകൾക്കും സംരംഭകർക്കും നികുതി ആനുകൂല്യങ്ങൾ അനുവദിച്ചു നൽകണം.
120. ഗവണ്മെന്റ് ആഫീസുകളിൽ ഉപയോഗിക്കുന്ന സ്റ്റേഷനറി സാധനങ്ങളിൽ നിശ്ചിത ശതമാനം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ നിർമ്മിക്കുന്നവയക്ക് മുൻഗണന നൽകുന്നതിന് ആഫീസുകൾക്ക് നിർദ്ദേശം നൽകുന്ന ഉത്തരവിറക്കണം.
121. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്ക് ജോലി ഉറപ്പാക്കുന്നതിന് രക്ഷിതാക്കൾക്ക് ഉദാര നിരക്കിൽ സ്വയം തൊഴിൽ വായ്പകൾ അനുവദിയ്ക്കണം.
122. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ ഉാക്കുന്ന ഉല്പന്നങ്ങൾക്ക് വിപണി കത്തൊൻ സബ്സിഡി സംവിധാനം ഏർപ്പെടുത്തണം. ഇവരുാക്കുന്ന ഉല്പന്നങ്ങൾ വ്യവസായ വകുപ്പിന്റെ സഹായത്തോടെ വില്പന നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

123. 18 വയസ്സുകഴിഞ്ഞ തീവ്ര ബുദ്ധി വൈകല്യമുള്ളവരെ ശാസ്ത്രീയമായ രീതി
യിൽ

സംരക്ഷിക്കുന്നതിനായി പരിപാലന കേന്ദ്രങ്ങൾ അടിയന്തിരമായി ആരംഭിക്കണം. 124. കേന്ദ്ര സർക്കാരിന്റെ പരിഗണനയിലിരിക്കുന്ന വികലാംഗ അവകാശ ബില്ല്–2012

പാർലമെന്റിൽ പാസാക്കിയെടുക്കാൻ കേരള സർക്കാർ കേരളത്തിൽ നിന്നുള്ള

പാർലമെന്റ് അംഗങ്ങളിലൂടെ ശക്തമായ സമ്മർദ്ദം കേന്ദ്രസർക്കാരിൽ ചെലുത്തണം.

125 സ്പെഷ്യൽ സ്കൂളുകളിലും പൊതുവിദ്യാലങ്ങളിലും പഠിക്കുന്ന ബുദ്ധിപരമായ

വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സമീകൃത പോഷകാഹാരം ലഭിക്കുന്നുവെന്ന്

ഉറപ്പുവരുത്തണം.

126. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെ പരിചരിക്കുന്നതിന് സർക്കാർ, സ്വകാര്യ ആശുപത്രികളിൽ പ്രത്യേക പരിഗണനയും, മുൻഗണനയും ((ക്യൂ ഒഴിവാക്കുക, ഏറെ നേരം കാത്തുനിൽക്കുന്നത് ഒഴിവാക്കുക, പെരുമാറ്റ പ്രശ്നങ്ങൾ മനസ്സിലാക്കി (ഹൈപ്പർ ആക്ടിവിറ്റി പോലുള്ളവ) പെരുമാറുക)) നൽകുന്നതിന് പ്രത്യക സർക്കാർ ഉത്തരവ് ഇറക്കണം.
127. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ പ്രശ്നങ്ങളെക്കുറിച്ച് സമൂഹത്തിൽ ബോധവൽക്കരണം നൽകുന്നതിനായി സ്കൂൾ പാഠ്യപദ്ധതിയിൽ (പ്ലസ് ടു ക്ലാസ്സ് വരെ) ഇത്തരം കുട്ടികളെ സംബന്ധിച്ചുള്ള വിഷയങ്ങൾ ഉൾപ്പെടുത്തണം.
128. കേന്ദ്ര നിയമങ്ങളായ പേഴ്സൺ വിത്ത് ഡിസിബിലിറ്റീസ് ആക്ട് 1995, നാഷണൽ ട്രസ്റ്റ് ആക്ട് 1999, യു.എൻ. സി. ആർ, പി.ഡി 2008 ഇവയിലെ നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് സംസ്ഥാന തലത്തിൽ സഹായകരമായ ചട്ടങ്ങൾ ഉാവുകയും (അവകാശങ്ങൾ ലഭിച്ചില്ലെങ്കിൽ നിയമനടപടി സ്വീകരിക്കാൻ കഴിയുന്ന വിധത്തിൽ) ശക്തമായി നടപ്പാക്കുകയും വേണം.
129. കേരളത്തിലെ അദ്ധ്യാപക പരിശീലന പാഠ്യപദ്ധതി, പ്രീ പ്രൈമറി ടീച്ചേഴ്സിന്റെ പാഠ്യപദ്ധതി, നേഴ്സിംഗ്, മെഡിക്കൽ, പാരാമെഡിക്കൽ, തെറാപ്പ്യൂട്ടിക്ക്, സോഷ്യൽ വർക്ക് തുടങ്ങിയ പാഠ്യപദ്ധതികൾ ഇവയിൽ ബുദ്ധിപരമായ

വെല്ലുവിളികളെ സംബന്ധിച്ചുള്ള വിവരങ്ങളും പ്രായോഗിക പുനരധിവാസ പ്ര ക്രിയകളുമൊക്കെ നിർബന്ധമായും ഒരു വിഷയമായി ഉൾപ്പെടുത്തേതാണ്.

130. സംസ്ഥാനതല ഉന്നത കേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ അടിയന്തിരമായി 18 വയസ്സുകഴിഞ്ഞവർക്കായി സന്നദ്ധസംഘടനകൾ പൊതുമേഖലാ സ്ഥാപന ങ്ങൾ, ചെറുകിട വ്യവസായ സംവിധാനങ്ങൾ സ്വകാര്യ സംരംഭങ്ങൾ തുടങ്ങി യവരെ ഉൾപ്പെടുത്തിക്കൊുള്ള ഒരു സമഗ്രമായ പുനരധിവാസ ഗ്രാമം ആരംഭി യ്ക്കണം.

131. ബുദ്ധിപരമായ വെല്ലുവിളികളുള്ള പ്രത്യേകിച്ചും തീവ്ര-തീഷ്ണ വെല്ലുവിളിക ളുള്ള കുഞ്ഞുങ്ങളുടെ രക്ഷിതാക്കൾക്ക്, ഉദ്യോഗസ്ഥരാണെങ്കിൽ അവരുടെ ജോലി സമയങ്ങളിൽ ഒരു ദിവസം രാവിലെയോ വൈകുന്നേരമോ 1 മണി ക്കൂർ മുതൽ 2 മണിക്കൂർ വരെ സമയത്തിന്റെ ഇളവ് അനുവദിയ്ക്കാൻ സർക്കാർ ഉത്തരവിറക്കണം.

132. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പെൻഷൻ സ്കോളർഷിപ്പ്, സ്റ്റൈപന്റ് മറ്റാനുകൂല്യങ്ങൾ എന്നിവ അനുവദിക്കുന്നതിന് രക്ഷിതാക്കളുടെ വരുമാന പരിധി പരിഗണിക്കരുത്.

133. നിർധനർ/ രോഗികൾ/ പ്രായാധിക്യം വന്നവർ/ മാനസിക രോഗമുള്ളവർ/ വിധവകൾ/ വിഭാര്യർ – ഇത്തരക്കാരുടെ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനുമായി പഞ്ചായത്ത് തല സമിതി/ സംവിധാനം ഉാവണം.

134. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ അവകാശങ്ങളെക്കുറിച്ചും അവരെ ചൂഷണത്തിൽ നിന്നും സംരക്ഷിക്കേതിന്റെ ആവശ്യകതയെക്കുറിച്ചും, ടിവി, പത്രം, ഇന്റർനെറ്റ് തുടങ്ങിയ മാധ്യമങ്ങളിലൂടെ ബോധവൽക്കരണം നൽകണം.

135. ബുദ്ധിപരമായ വെല്ലുവിളികളെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം ഉാക്കുന്നതിന് സഹായകമായ ചെറുപരസ്യങ്ങൾ ദൃശ്യമാധ്യമങ്ങ ളിൽ/റേഡിയോകളിൽ നിർബന്ധമായും സംപ്രേക്ഷണം ചെയ്യുന്നതിന് നിയ മനിർമ്മാണത്തിൽ വ്യവസ്ഥ ചെയ്യണം.

136. ഉദ്യോഗസ്ഥരായ രക്ഷിതാക്കൾക്ക്, പ്രത്യേകിച്ച് തീവ്ര-തീഷ്ണ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് ലീവനുവദിയ്ക്കുന്നതിന് ഉദാര സമീപനം സ്വീകരിയ്ക്കുന്നതോടൊപ്പം, ശമ്പളത്തോടൊപ്പം കുട്ടികളുടെ ഭീമ മായ ചികിത്സാചെലവ്, വിദ്യാഭ്യാസ ചെലവ്, യാത്രാ ചെലവ് എന്നിവയും അനുവദിച്ചു നല്കണം.

137. തീവ്ര-തീഷ്ണ വിഭാഗത്തിൽപ്പെട്ട ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ ഉദ്യോഗസ്ഥരായ രക്ഷിതാക്കൾക്ക് മാനസികോല്ലാസത്തിനായി മറ്റെല്ലാ അനുവദനീയ ലീവുകൾക്കുമുപരി, 10 ദിവസത്തെയെങ്കിലും അവധിയും ഉല്ലാസയാത്രാ ചെലവും സർക്കാർ നല്കണം. ഈ ആനുകൂല്യം സ്വകാര്യമേഖലയിലും നല്കുന്നതിന് ഉത്തേജനം നല്കണം.

138. രക്ഷിതാക്കളുടെ അഭാവത്തിൽ/ രക്ഷിതാക്കൾക്ക് സംരക്ഷിക്കാൻ ബുദ്ധിമുട്ടുള്ളപ്പോൾ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെ താമസിപ്പിക്കുന്നതിന് സ്പെഷ്യൽ സ്കൂളുകളുമായോ, പുനരധിവാസ സ്ഥാപനങ്ങളുമായോ ബന്ധപ്പെട്ട് സ്വകാര്യ- സർക്കാർ പങ്കാളിത്തത്തോടെ റെസ്പൈറ്റ് ഹോംസ് ആരംഭിക്കണം.

139. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് മ്യൂസിയം, മൃഗശാല മറ്റുവിനോദ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ സന്ദർശനം സൗജന്യമാക്കണം.

140. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ ആനുകൂല്യങ്ങളും അവകാശങ്ങളും ലഭ്യമാകുന്നവെന്ന് ഉറപ്പുവരുത്തുന്നതിന് ഒരു നിയമപരമായ പ്രത്യേക നിരീക്ഷണ സംവിധാനം ഉായിരിക്കണം.

141. മറ്റു വികലാംഗ വിഭാഗങ്ങളിൽ നിന്നും വ്യത്യസ്ഥമായി ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ ചികിത്സാ ചിലവ്, മരുന്ന്, പരിശീലനത്തിനുള്ള ചിലവ്, പരാശ്രയത്വം ഇവ പരിഗണിച്ച് പെൻഷൻ ഗണ്യമായി വർദ്ധിപ്പിക്കണം.

142. നിയമജ്ഞർ, കോടതി ഉദ്യോഗസ്ഥർ, റവന്യൂ ഉദ്യാഗസ്ഥർ, പോലീസ്, ആർ.ടി.ഒ, ഡ്രൈവർ, കക്ടർ തുടങ്ങിയ പൊതുജനവുമായി നിരന്തരം ബന്ധപ്പെടുന്ന എല്ലാ ഉദ്യോഗസ്ഥർക്കും മാനസികമായ വെല്ലുവിളികൾ നേരിടുന്നവരെ പറ്റിയുള്ള ബോധവൽക്കരണവും പ്രത്യേക പരിശീലനവും നൽകേതാണ്.

143. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുമായി ബന്ധപ്പെട്ട കേസ്സുകൾ സൗജന്യമായി വാദിക്കുന്നതിന് ഹൈക്കോടതിയിലും, ജില്ലാ കോടതിയിലും ഒരു ഗവൺമെന്റ് പ്ലീഡറുടെ സേവനം ലഭ്യമാക്കേതാണ്.

144. ഹോം കെയർ ആവശ്യമായ തീവ്ര വിഭാഗത്തിൽപ്പെടുന്ന ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ രക്ഷകർത്താക്കളെ തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടികൾക്ക് നല്കുന്ന പരിചരണം തൊഴിലായി പരിഗണിച്ച് വേതനം നല്കണം.

145. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ സവിശേഷത പരിഗണിച്ച് അവരുമായി ബന്ധപ്പെട്ട കേസ്സുകൾ പെട്ടെന്ന് തീർപ്പാക്കുന്നതിന് ഫാസ്റ്റ് ട്രാക്ക് സംവിധാനം ഉാവണം.

146. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ ആരോഗ്യ, ചികിത്സാ, പരിശീലനാവശ്യങ്ങൾക്കായി താലൂക്ക് തലം മുതലെങ്കിലും മൾട്ടി ഡിസിപ്ലിനറി ടീമിന്റെ സേവനം ലഭ്യമാക്കേതാണ്.
147. ചികിത്സാ രംഗത്തെ ചൂഷണങ്ങളിൽ നിന്നും ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരെയും, അവരുടെ രക്ഷകർത്താക്കളെയും സംരക്ഷിക്കുന്നതിന് നിയമപരിരക്ഷനൽകണം.
148. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുള്ള കുടുംബങ്ങളെ ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുത്തണം.
149. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന പ്രായപൂർത്തിയായ ആൺകുട്ടികളുടെയും, പെൺകുട്ടികളുടെയും അവകാശങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും മുൻകരുതലുകളും സ്വീകരിക്കേതാണ്.
150. രക്ഷകർത്താക്കളുടെ കാലശേഷം ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെ സംരക്ഷിക്കുന്നതിന് ഓരോ ജില്ലയിലും ആജീവനാന്ത പുനരധിവാസ കേന്ദ്രങ്ങൾ തുടങ്ങേതാണ്.
151. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെയും ആവശ്യങ്ങളും അവകാശങ്ങളും ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് അമേരിക്കയിൽ "പ്രസിഡന്റ് സമിതി" സംവിധാനം രൂപീകരിച്ചപ്പോലെ കേരളത്തിലെ മുഖ്യമന്ത്രി ചെയർമാനും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ അംഗങ്ങളുമായി ഒരു "ചീഫ് മിനിസ്റ്റർ സമിതി" രൂപീകരിച്ച് നിരന്തര നിരീക്ഷണത്തിലൂടെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ സവിശേഷ പിന്നോക്കാവസ്ഥ പരിഹരിയ്ക്കണം.
152. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കാവശ്യമായ വൈദ്യപരിശോധന, മരുന്ന്, ചികിത്സ തുടങ്ങിയ എല്ലാ സേവനങ്ങളും സൗജന്യമായി ലഭ്യമാക്കണം.
153. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ചിഡ്, സ്പെഷ്യൽ സ്കൂളുകൾ,ഐ.ഇ.ഡി.എസ്.എസ്, എസ്.എസ്.എ, കുടുംബശ്രീ, സാക്ഷരതാ മിഷൻ തുടങ്ങിയ ഏജൻസികളെ ശാസ്ത്രീയമായി ഉപയോഗപ്പെടുത്തി ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നരുടെ ഒരു സർവ്വേ നടത്തി സ്ഥിതി വിവരകണക്ക് ഉാക്കേതാണ്.
154. തീവ്ര ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നരുടെ കുടുംബത്തെ ആശ്വാസകിരണം പദ്ധതിയിൽ വരുമാന പരിധി പരിഗണിക്കാതെ ഉൾപ്പെടുത്തി എല്ലാവർക്കും സഹായം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തണം.

155. വൈകല്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ വേഗത്തിലും ശരിയായും നിർണ്ണയിച്ചു നൽകുന്നതിന് ഉള്ള സംവിധാനം ഉായിരിക്കണം.

156. നിയമപരമായ രക്ഷാകർതൃ സംവിധാനം നിലവിൽ വരുത്തുകയും അത് ദുരുപയോഗം ചെയ്യപ്പെടാതിരിക്കാൻ ശക്തമായ നിയമ സംരക്ഷണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും വേണം.

157. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കും സഹായിക്കും ബസ്യാത്രാ സഹായം നൽകുന്നതിന്റെ ദൂരപരിധി 40 കിലോമീറ്റർ എന്നുള്ളത് ദൂരപരിധി ഒഴിവാക്കി നൽകണം.

158. വിദ്യാഭ്യാസം, ചികിത്സാ, തൊഴിൽ, ബുദ്ധിപരമായ വെല്ലുവിളികൾ ഉള്ള വർക്കുനേരെ നടത്തുന്ന കുറ്റകൃത്യങ്ങൾ തുടങ്ങിയ ആവലാതികൾക്ക് പരിഹാരം കാണുന്നതിനായി പ്രത്യേക നിയമസംവിധാനവും, പ്രത്യേക കോടതിയും ഉാവണം.

159. ബുദ്ധിപരമായ വെല്ലുവിളി അനുഭവിക്കുന്ന വ്യക്തികളുടെ കുടുംബത്തിന് വൈദ്യുതി, വെള്ളം, ഫോൺ ഇവ പൂർണ്ണമായും സൗജന്യമാക്കണം.

160. എൻഡോസൾഫാൻ പ്രദേശം ഉൾപ്പെടുന്ന കാസർകോട് ജില്ലയിൽ സി.എച്ച്.മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മേഖലാ കേന്ദ്രം എത്രയും പെട്ടെന്ന് ആരംഭിക്കണം..

161. എൻഡോസൾഫാൻ പ്രദേശങ്ങളിലെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കുവേി തൊഴിലധിഷ്ഠിത കോഴ്സുകളും, സംരക്ഷിത തൊഴിലിടങ്ങളും ആരംഭിക്കുകയും തൊഴിലവസരങ്ങൾ കത്തുന്നതിന് പ്രത്യേക സംവിധാനം ഉാക്കുകയും ചെയ്യണം.

162. എന്റോസൾഫാൻ ബാധിത മേഖലയിൽ ഗർഭിണികളാകാൻ പോകുന്ന എല്ലാ സ്ത്രീകൾക്കും ജനിതക കൗൺസിലിംഗ് നിർബന്ധമാക്കണം.

163. എന്റോസൾഫാൻ ബാധിത മേഖലയിൽ ജനിക്കുന്ന എല്ലാ ശിശുക്കളെയും ബുദ്ധിവൈകല്യവും മറ്റ് പ്രശ്നങ്ങളും തിരിച്ചറിയുന്നതിനുള്ള എല്ലാ തരം ടെസ്റ്റുകൾക്കും വിധേയമാക്കുക.

164. തീവ്ര ബുദ്ധി വൈകല്യം അനുഭവിക്കുന്നവർക്കുവേി ശാസ്ത്രീയമായ രീതിയിൽ ഹോം ബഴ് പ്രോംഗ്രാം നടപ്പിലാക്കണം.

165. എൻഡോസൾഫാൻ പ്രദേശത്ത് സാമ്പത്തിക സഹായത്തോടൊപ്പം തുടങ്ങി മറ്റു തര ത്തിലുള്ള സഹായങ്ങളും ലഭ്യമാക്കണം. (സഹായ ഉപകരണങ്ങൾ, ചികിത്സ, മരുന്നുകൾ വൈദ്യസഹായം തുടങ്ങിയവ)

166. എൻഡോസൾഫാൻ ബാധിത പ്രദേശത്തെ ദേശീയ ദുരന്ത മേഖലയായി പരിഗണിച്ച് ബുദ്ധിപരമായി വെല്ലുവിളി നേരിടുന്നവർക്ക് എല്ലാ സഹായങ്ങളും അനുവദിക്കണം.
167. എൻഡോസൾഫാൻ പ്രദേശങ്ങളിൽ തുടർച്ചയായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം.
168. സാമ്പത്തിക സഹായങ്ങൾ ന ൽകുമ്പോൾ അത് ശരിയായി ഉപയോഗപ്പെടുത്താൻ കഴിയുന്നുവെന്നും ഉറപ്പുവരുത്തണം.

# അനുബന്ധം

1. ഫോട്ടോസും പത്രവാർത്തകളും- പേജ് 170-242

2. രേഖകൾ സമർപ്പിച്ചവരുടെ പേരും മേൽവിലാസവും -241-343